# സിനഡ് 2021 – 2023

## ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി:
## കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം



**വിവർത്തനം : ഡോ. ജേക്കബ് പ്രസാദ്**

ഒരുക്കരേഖ
(Preparatory
Document)
കൈപ്പുസ്തകം
*Vademecum*
("Handbook")

TO SERVE IN TRUTH AND LOVE


കേരള കത്തോലിക്കാസഭയുടെ
ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

# സിനഡ് 2021 – 2023
## ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം

**ഒരുക്കരേഖ**
**(Preparatory Document)**
കൈപ്പുസ്തകം
(*Vademecum*, **"Handbook"**)

**മെത്രാന്മാരുടെ സിനഡ്**

**വിവർത്തനം : ഡോ. ജേക്കബ് പ്രസാദ്**


കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി. പ്രസിദ്ധീകരണം

Malayalam version

**സിനഡ് 2021 – 2023**

**ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി:**

**കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം**

**ഒരുക്കരേഖ**

**(Preparatory Document)**

കൈപ്പുസ്തകം

**(*Vademecum*, "Handbook")**


**EDITOR & TRANSLATOR**: **Dr. Jacob Prasad**

**Published by** : The Director, Pastoral Orientation Centre,
The Secretariat, Kerala Catholic Bishops' Council,
Kochi 25, Kerala, India
Phone: +914842 805722, 2805815
Fax: +91484 2806214
E-mail: pocpublications@gmail.com
Website: www.kcbc.in

**Copyright to** : The Publisher

**Published on** : 07.12.2021

**Design and Layout** : Ambily Jose

**Printed at** : Don Bosco Printers, Ernakulam

**Copies** : 5000

**Price** : ₹100

**ISBN** : 978-93-83423-59-0



@ Pastoral Orientation Centre
All rights reserved. No part of this publication may be reproduced, stored in a retrieval system, or transmitted, in any form or by any means, electronic, mechanical, photocopying, recording or otherwise, without the prior written permission of the publisher.

# ഒരുക്കരേഖ

## ഉള്ളടക്കം


ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി:
കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം 6
I. ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണം 9
II. ഘടനാപരമായിത്തന്നെ സിനഡാത്മകമായ സഭ 12
III. വിശുദ്ധ ലിഖിതങ്ങൾ ശ്രദ്ധിക്കുമ്പോൾ: 18
യേശു, ജനക്കൂട്ടം, അപ്പസ്തോലന്മാർ 19
മാനസാന്തരത്തിന്റെ ദ്വിതല ചലനാത്മകത:
പത്രോസും/കൊർണേലിയൂസും (അപ്പ 10) 22
IV. സിനഡാത്മകത പ്രവൃത്തിപഥത്തിൽ:
ദൈവജനവുമായി കൂടിയാലോചന നടത്താനുള്ള
മാർഗങ്ങൾ 24
അടിസ്ഥാനപരമായ ചോദ്യം 25
കണ്ടെത്തേണ്ട പ്രമേയപരമായ പത്ത് മൂലബിന്ദുക്കൾ 28
ആലോചനയ്ക്കായി നല്കാനുള്ളത് 32


ചുരുക്കെഴുത്തുകൾ

ITC INTERNATIONAL THEOLOGICAL COMMISSION
DV VATICAN COUNCIL II, Dogm. Const. Dei Verbum (18 November 1965)
EC FRANCIS, Ap. Const. Episcopalis communio (15 September 2018)
EG FRANCIS, Ap. Exhort. Evangelii gaudium (24 November 2013)
FT FRANCIS, Enc. Lett. Fratelli tutti (3 October 2020)
GS VATICAN COUNCIL II, Past. Const. Gaudium et spes (7 December 1965)
LG VATICAN COUNCIL II, Dogm. Const. Lumen gentium (21 November 1964)
LS FRANCIS, Enc. Lett. Laudato si’ (24 May 2015)
UR VATICAN COUNCIL II, Decree Unitatis redintegratio (21 November 1964)

# പ്രസാധകക്കുറിപ്പ്

ഇതിനോടകം ലോകശ്രദ്ധയാകർഷിച്ച ഒന്നാണ് ഫ്രാൻസിസ് പാപ്പായുടെ 2023-ലെ മെത്രാന്മാരുടെ സിനഡിനെക്കുറിച്ചുള്ള പ്രഖ്യാപനം. 2021 ഒക്ടോബർ മുതൽ 2023 ഒക്ടോബർ വരെ നീണ്ടു നില്കുന്ന, വിവിധ തലങ്ങളിലുള്ള ചർച്ചകളിലൂടെ കടന്ന് റോമിലെ മെത്രാന്മാരുടെ സമ്മേളനത്തിൽ പൂർണമാകുന്നതാണ് ഈ സൂനഹദോസ്. സഭയിൽ വലിയ ഉണർവുണ്ടാക്കാൻ പര്യാപ്തമാകുംവിധം "ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിത ദൗത്യം" എന്ന അടിസ്ഥാനത്തിലാണ് ഇത് ഒരുക്കപ്പെട്ടിട്ടുള്ളത്. ഈ മഹാസമ്മേളനത്തിന് ഒരുക്കമായി ഒരു ഒരുക്കരേഖ (Preparatory Document)യും ഒരു കൈപ്പുസ്തകവും (*Vademecum* - "Handbook") ലോകമെമ്പാടുമുള്ള സഭാതനയർക്കായി വത്തിക്കാൻ കാര്യാലയത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ലോകത്തിലെ തെരഞ്ഞെടുക്കപ്പെട്ട മെത്രാന്മാരുടെ സമ്മേളനത്തിൽ മാത്രം നടക്കുന്ന ഒന്നായി സിനഡാത്മക സഭയ്ക്കുവേണ്ടിയുള്ള ചർച്ച അവസാനിക്കാതിരിക്കാനുള്ള ഫ്രാൻസിസ് പാപ്പായുടെ ആഗ്രഹമാണ് ഇപ്രകാരമുള്ള ഒരുക്കരേഖയും കൈപ്പുസ്തകവും തയ്യാറാക്കി നല്കാൻ കാരണമായത്.

കേരളസഭയിൽ വിവിധ രൂപതകളിൽ ഈ രേഖകളെ അടിസ്ഥാനമാക്കിയുള്ള ചർച്ചകൾ തുടങ്ങിയിട്ടുണ്ടെന്നുള്ളത് കേരളസഭ ഈ സിനഡിനു നല്കുന്ന പ്രാധാന്യത്തെ തെളിയിക്കുന്നു. കൂടുതൽ പേരിലേക്ക് ഇത് എത്തുന്നതിനും സഭ ഒരു കൂട്ടായ്മയാണെന്നുള്ള വസ്തുത കൂടുതൽ വെളിപ്പെടുന്നതിനും, ഓരോ അംഗത്തിനും തന്റേതായ അഭിപ്രായം പ്രകടിപ്പിക്കാൻ സഭയിൽ അവസരം ലഭിക്കുന്നുണ്ടെന്ന് തിരിച്ചറിയുന്നതിനും ഇതുപകരിക്കും. മലയാളത്തിലേക്ക് ഇതു പരിഭാഷപ്പെടുത്തി പ്രസിദ്ധം ചെയ്യുവാൻ കഴിയുന്നത് വലിയ അനുഗ്രഹമായി കാണുന്നു. ഇതിന്റെ വിവർത്തനം പ്രധാനമായും

നിർവഹിച്ചിരിക്കുന്നത് പിഒസി പ്രസിദ്ധീകരണങ്ങളുടെ ജനറൽ എഡിറ്ററായ റവ. ഡോ. ജേക്കബ് പ്രസാദ് അച്ചനാണ്. കൈപ്പുസ്തകത്തിന്റെ വിവർത്തനത്തിന് ആലുവ പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ആദരണീയരായ അധ്യാപകർ – ഡോ. അഗസ്റ്റിൻ ചേനാട്ട്, ഡോ. ക്ലമന്റ് വള്ളുവശ്ശേരി, ഡോ. ഡേവിഡ് നാനാട്ട്, ഡോ. ഗ്രിഗറി ആർ. ബി., ഡോ. ജോസ് ഓലിയപ്പുറത്ത്, ഡോ. ജോസഫ് ജോയി അറക്കൽ, ഡോ. ജോസഫ് സുഗൺ ലിയോൺ, ഡോ. ലൂക്ക് തടത്തിൽ, ഡോ. മാർട്ടിൻ കല്ലുങ്കൽ, ഡോ. പോൾ കൊമ്പൻ, ഫാ. ജോസഫ് ബെന്നി കരിങ്ങാട്ട്, ഫാ. പയസ് ആറാട്ടുകുളം, ഫാ. രാജേഷ് പൊള്ളയിൽ, ഫാ. തോമസ് വട്ടമല, ഡോ. സിന്റോ ചിറ്റിലപ്പിള്ളി എന്നിവർ നിർലോഭം സഹകരിച്ചിട്ടുണ്ട്. കൂടാതെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബഹുമാന്യനായ പ്രസിഡന്റ് ഡോ. സുജൻ അമൃതം, പ്രസിദ്ധീകരണ വിഭാഗത്തിൽ സേവനം ചെയ്യുന്ന ഡോ. ജിജോ നെല്ലിക്കതടത്തിൽ, ഡോ. രാജു പ്ലാത്തോട്ടം, ബ്രദർ നിഫിൻ ഇടവഴിക്കൽ, ശ്രീമതി സിനി ബെന്നി എന്നിവരും പങ്കുചേർന്നിട്ടുണ്ട്. എല്ലാവർക്കും ഹൃദയപൂർവം നന്ദി പ്രകാശിപ്പിക്കുന്നു.

ഇതിന്റെ ടൈപ്പിങ്ങ് നിർവഹിച്ച ശ്രീമതി അമ്മണി ഫ്രാൻസിസ്, സി. സോളി ചാക്കോ DCPB, സി. ബിയാട്രീസ് കാർമൽ ASC, സി. ഡയലറ്റ് ഡികുഞ്ഞ SMdc, ലേഔട്ട് നിർവഹിച്ച ശ്രീമതി അമ്പിളി ജോസ്, മുദ്രണം ഭംഗിയായി നിർവഹിച്ച ഡോൺബോസ്കോ പ്രിന്റേഴ്സ് എന്നിവരോടും ഇതിന്റെ പ്രസിദ്ധീകരണത്തിൽ കടപ്പെട്ടിരിക്കുന്നു.

7 ഡിസംബർ 2021
പാലാരിവട്ടം, കൊച്ചി.

**ഫാ. ജേക്കബ് ജി. പാലയ്ക്കാപ്പിള്ളി**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗികവക്താവ്, കെ.സി.ബി.സി./
ഡയറക്ടർ, പി.ഒ.സി.

# ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം

1. സിനഡ് എന്ന വിധമാണ് ദൈവത്തിന്റെ സഭ വിളിച്ചുചേർക്കപ്പെട്ടിരിക്കുന്നത്. “ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം” എന്നു പേരുള്ള സിനഡിന്റെ പാത 2021 ഒക്ടോബർ 9-ഉം 10-ഉം ദിനങ്ങളിൽ റോമിൽ ആഘോഷപൂർവം ആരംഭിക്കുന്നതാണ്. തുടർന്ന് അത് ഓരോ രൂപതയിലും ഒക്ടോബർ 17-ാംതീയതി തുടങ്ങുകയും ചെയ്യും. അതിന്റെ ഒരു അടിസ്ഥാനപരമായ ഘട്ടം ആയിരിക്കും ഒക്ടോബർ 2023(1)ലെ മെത്രാന്മാരുടെ സിനഡിന്റെ പതിനാറാമത് സാധാരണ പൊതുസഭാ സമ്മേളനം. അതെതുടർന്ന് അതിന്റെ നടപ്പാക്കലിന്റെ ഭാഗം വ്യക്തിഗത സഭകളുടേത് (രൂപതകളുടേത്) ആയിരിക്കും (*EC*, ഖ. 19-21 കാണുക).

സഭയുടെ ജീവിതത്തിനും ദൗത്യത്തിനും നിർണായകമായ പങ്കുള്ള ഒരു വിഷയത്തെകുറിച്ച് പരിചിന്തനം ചെയ്യാനാണ് ഈ വിളിച്ചുകൂട്ടൽ വഴിയായി ഫ്രാൻസിസ് പാപ്പാ സഭ മുഴുവനെയും ക്ഷണിക്കുന്നത്. “മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽനിന്നു ദൈവം പ്രതീക്ഷിക്കുന്നത് നിശ്ചയമായും സിനഡാത്മകതയുടെ ഈ പാതയാണ്.’’(2) രണ്ടാം വത്തിക്കാൻ കൗൺസിൽ നിർദ്ദേശിച്ച “പരിഷ്കരണത്തിന്റെ” ("renewal") ആഭിമുഖ്യം പിന്തുടരുന്ന സഭയ്ക്ക് ഈ പാത ഒരേസമയം സിദ്ധിയും സാധനയും ആണ്: ഒരുമിച്ച് സഞ്ചരിച്ചുകൊണ്ടും ഇതുവരെ പിന്നിട്ട യാത്രയെകുറിച്ച് ഒരുമിച്ച് വിചിന്തനം ചെയ്തുകൊണ്ടും ഏതൊക്കെ പ്രക്രിയകളാണ് സഭയെ കൂട്ടായ്മയിൽ ജീവിക്കാനും, പങ്കാളിത്തം സാധ്യമാക്കാനും, സ്വയം ദൗത്യത്തിനായി തുറവ് കാട്ടാനും തയ്യാറാക്കുന്നതെന്ന് സഭ തന്റെ അനുഭവത്തിലൂടെ പഠിക്കാൻ ഇടയാകും. നമ്മുടെ “ഒരുമിച്ചുള്ള സഞ്ചാരം” ആണ് യഥാർത്ഥത്തിൽ സഭ ഒരു തീർത്ഥാടക സമൂഹവും ദൈവത്തിന്റെ മിഷനറി ജനവും ആണെന്നുള്ള സഭയുടെ ലക്ഷണം ഫലപ്രദമാംവിധം നടപ്പാക്കുകയും വെളിപ്പെടുത്തുകയും ചെയ്യുന്നത്.

2. ഒരു അടിസ്ഥാന ചോദ്യം നമ്മെ പ്രചോദിപ്പിക്കുകയും നയിക്കുകയും ചെയ്യുന്നു: എങ്ങനെയാണ് പല തലങ്ങളിൽ (പ്രാദേശിക തലത്തിൽ തുടങ്ങി ആഗോളതലം വരെ) നടക്കുന്ന ഈ "ഒരുമിച്ചുള്ള സഞ്ചാരം" വഴി തന്നെ ഭരമേല്പിച്ചിരിക്കുന്ന സുവിശേഷം പ്രഘോഷിക്കുക എന്ന ദൗത്യം സഭ സാധ്യമാക്കുന്നത്? ഒരു സിനഡാത്മക സഭയിലേക്കു വളരാൻ ഏതൊക്കെ നടപടികൾ എടുക്കാനാണ് ആത്മാവ് നമ്മെ ക്ഷണിക്കുന്നത്?

ഒരുമിച്ച് ചേർന്ന് ഈ ചോദ്യം ഉന്നയിക്കുന്നത് പരിശുദ്ധാത്മാവിനെ ശ്രവിക്കുന്നതും ആത്മാവ് വഴിമധ്യേ ഒരുക്കുന്ന ആശ്ചര്യകരമായവയ്ക്ക് തുറവോടെ ഇരിക്കുന്നതും നിർബന്ധിതമാകുന്നു. അവിടന്നു കാറ്റുപോലെ "അതിനിഷ്ടമുള്ളിടത്തേക്കു വീശുന്നു; അതിന്റെ ശബ്ദം നീ കേൾക്കുന്നു. എന്നാൽ, അത് എവിടെനിന്നു വരുന്നെന്നോ എവിടേക്കു പോകുന്നെന്നോ നീ അറിയുന്നില്ല" (യോഹ 3:8). അങ്ങനെ ഒരു ചലനാത്മകത ത്വരിതപ്പെടുന്നു. അത് സിനഡാത്മകമായ മാനസാന്തരത്തിന്റെ ഫലങ്ങൾ കൊയ്ത് തുടങ്ങാൻ നമ്മെ അനുവദിക്കുന്നു; അത് ഉത്തരോത്തരം പക്വമായിക്കൊണ്ടിരിക്കും. സഭാത്മകമായ ജീവിതത്തിന്റെ ഗുണമേന്മ, സുവിശേഷവൽക്കരണദൗത്യം എന്നീ ലക്ഷ്യങ്ങളെ സംബന്ധിച്ചിടത്തോളം ഏറെ പ്രാധാന്യമുള്ളവയാണിവ. ഇവ രണ്ടിലും ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വഴി നമ്മൾ എല്ലാവരും പങ്കാളികളാണല്ലോ. ആകയാൽ ഇവിടെ നമ്മൾ സഭയുടെ രൂപവും ശൈലിയും ഘടനയും വിരചിതമാക്കുന്ന സിനഡാത്മകതയുടെ പ്രധാന ലക്ഷ്യങ്ങൾ ചൂണ്ടിക്കാണിക്കുന്നു:

- ചരിത്രത്തിലൂടെ സഭയുടെ യാത്രയെ ആത്മാവ് എങ്ങനെയാണ് നയിച്ചതെന്നു അനുസ്മരിച്ചുകൊണ്ട്, നമ്മൾ എല്ലാവരും ഒരുമിച്ച് ദൈവസ്നേഹത്തിന്റെ സാക്ഷികളാകാൻ ഇന്ന് നമ്മെ എങ്ങനെ ക്ഷണിക്കുന്നു എന്നത്;

- ദൈവജനത്തെ പടുത്തുയർത്തുന്നതിൽ തങ്ങളുടെ ഭാഗം നല്കുന്നതിനായി എല്ലാവർക്കും സ്വയം ആവിഷ്ക്കരിക്കാനും കേൾക്കപ്പെടാനും വിധം പങ്കാളിത്വസ്വഭാവവും എല്ലാവരെയും ഉൾക്കൊള്ളുന്നതുമായ ഒരു സഭാത്മക പ്രക്രിയ ഓരോരുത്തർക്കും ഉതകുന്ന ജീവിതശൈലി നല്കുക എന്നത് - ഏറെ പ്രത്യേകിച്ച് പല കാരണങ്ങളാൽ പാർശ്വങ്ങളിൽ ആയിരിക്കുന്നവർക്ക്;

- സമൂഹത്തിന്റെ നന്മയ്ക്കും മനുഷ്യകുടുംബത്തിന്റെ മുഴുവന്റെയും ഐശ്വര്യത്തിനുമായി ആത്മാവ് ചൊരിയുന്ന ദാനങ്ങളുടെയും സിദ്ധി

കളുടെയും ബഹുല്യവും വൈവിധ്യവും തിരിച്ചറിയുകയും അവയെ അംഗീകരിക്കുകയും ചെയ്യുക എന്നത്;

- സുവിശേഷം പ്രഘോഷിക്കുക എന്ന ഉത്തരവാദിത്വത്തിനും ലോകത്തെ കൂടുതൽ സുന്ദരവും വാസയോഗ്യവും ആക്കുക എന്നതിലുള്ള ശ്രമങ്ങളിലും പങ്കാളിത്ത സ്വഭാവമുള്ള മാർഗങ്ങൾ കണ്ടെത്തുക എന്നത്;

- സഭയിൽ എങ്ങനെയാണ് ഉത്തരവാദിത്വവും അധികാരവും ജീവിക്കപ്പെടുന്നതെന്നു പരിശോധിക്കുക, ഏതൊക്കെ ഘടനകളിലൂടെയാണ് അവ കൈകാര്യം ചെയ്യപ്പെടുന്നതെന്നു പരിശോധിക്കുക, എങ്ങനെ സുവിശേഷത്തിലധിഷ്ഠിതമല്ലാത്ത വഴിതെറ്റിയ പ്രവർത്തനശൈലിയും മുറവിളികളും വെളിച്ചത്തുകൊണ്ടുവരുകയും അവയെ പരിവർത്തനപ്പെടുത്തുകയും ചെയ്യുക എന്നത്;

- സാമൂഹ്യസംവാദത്തിന്റെയും (dialogue), മുറിവുണക്കലിന്റെയും, അനുരഞ്ജനത്തിന്റെയും, ഉൾപ്പെടുത്തലിന്റെയും, പങ്കാളിത്തത്തിന്റെയും, ജനാധിപത്യത്തിന്റെ പുനർനിർമാണത്തിന്റെയും, സാഹോദര്യത്തിന്റെയും, സാമൂഹ്യസൗഹൃദത്തിന്റെയും പാതയിൽ ക്രൈസ്തവസമൂഹത്തെ വിശ്വാസയോഗ്യവും വിശ്വസ്തതയുള്ളതുമായ പങ്കാളിയാക്കി കണക്കിൽപ്പെടുത്തുക എന്നത്;

- ക്രൈസ്തവ സമൂഹങ്ങൾക്കിടയിലും ഇതര സമൂഹങ്ങൾക്കിടയിലും സാമൂഹ്യകൂട്ടായ്മകൾക്കിടയിലും ബന്ധങ്ങൾ പുനർസ്ഥാപിക്കുക എന്നത്, ഉദാ. ഇതരസഭാ സമൂഹങ്ങളിലെ വിശ്വാസികളും ഇതരമത വിശ്വാസികളും, സാമൂഹ്യ സംഘടനകളും, ജനകീയ പ്രസ്ഥാനങ്ങളും തമ്മിൽ;

- സമീപകാല സിനഡാത്മക അനുഭവങ്ങൾ വഴിയുണ്ടായ ഫലങ്ങളെ, ആഗോള, ഭൂഖണ്ഡ, രാഷ്ട്ര പ്രാദേശികതലങ്ങളിൽ ആസ്വദിക്കാനും അവ സ്വന്തമാക്കാനും ശ്രമിക്കുക എന്നത്.

3. ഈ ഒരുക്കരേഖ സിനഡാത്മക സഞ്ചാരത്തിനു സഹായകമാകാൻ വേണ്ടിയാണു തയ്യാറാക്കിയിരിക്കുന്നത്. ഏറെ പ്രത്യേകിച്ച് പ്രദേശിക സഭകളിലെ (രൂപതകളിലെ) ദൈവജനത്തെ ശ്രവിക്കുന്നതും അവരോടു കൂടിയാലോചന നടത്തുന്നതുമായ ആദ്യഘട്ടത്തിലെ (ഒക്ടോബർ 2021 – ഏപ്രിൽ 2022) ഉപകരണമായിട്ടാണ് ഇതിനെ വിഭാവനം ചെയ്തിരിക്കുന്നത്. അങ്ങനെ ഈ സഞ്ചാരത്തിൽ പങ്കുചേരുന്ന എല്ലാവരുടെയും ആശയങ്ങൾ,

ഊർജ്ജം, സർഗാത്മകത എന്നിവ തട്ടിയുണർത്താമെന്നും അവരുടെ ഉദ്യമ ങ്ങളുടെ ഫലങ്ങൾ എളുപ്പം പങ്കുവയ്ക്കപ്പെടാമെന്നും പ്രത്യാശിക്കുന്നു.

ഈ ലക്ഷ്യത്തോടെ ഇത് (1) സമകാലിക സാഹചര്യത്തിന്റെ പ്രധാന പ്പെട്ട സവിശേഷതകൾ സൂചിപ്പിച്ചുകൊണ്ടു തുടങ്ങുന്നു; (2) സിനഡാത്മ കത ശരിയായി മനസ്സിലാക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനുമാ യുള്ള അടിസ്ഥാനപരമായ ദൈവശാസ്ത്രസൂചനകൾ സംയോജന സംബ ന്ധിയായി ചിത്രീകരിക്കുന്നു; (3) പാതയിലുടനീളം ധ്യാനിക്കാനും പ്രാർ ത്ഥനാപൂർവം ചിന്തിക്കാനും ബൈബിളധിഷ്ഠിതമായ ചിന്തകൾ നൽ കുന്നു; (4) സിനഡാത്മകത ജീവിച്ചതിന്റെ അനുഭവങ്ങളെ പുനർവായന നടത്തുന്നതിനുവേണ്ട ചില കാഴ്ച്ചപ്പാടുകൾ ചൂണ്ടികാണിക്കുന്നു; (5) പ്രാർ ത്ഥനയിലും പങ്കുവയ്ക്കലിലും ഈ പുനർവായനയുടെ പ്രവൃത്തി എങ്ങ നെ പ്രകാശിതമാക്കാം എന്നതിനുള്ള ചില വഴികൾ നിർദ്ദേശിക്കുന്നു. ഈ പ്രവർത്തനത്തിന്റെ കൃത്യമായ നടത്തിപ്പിനായി ഈ ഒരുക്കരേഖയോടൊപ്പം ഒരു രീതിശാസ്ത്രപരമായ ഒരു കൈപ്പുസ്തകം കൂടെ ചേർക്കുന്നു; (അത് ഇതിനായുള്ള വെബ് സൈറ്റിൽ ഉണ്ടായിരിക്കുകയും ചെയ്യും). ഈ ഒരുക്കരേഖയെ പിന്താങ്ങിക്കൊണ്ട് സിനഡാത്മകതയെന്ന വിഷയത്തെ ആഴപ്പെടുത്തുന്നതിനുള്ള ചില ഉപകരണങ്ങൾ ഈ വെബ് സൈറ്റ് നൽകുന്നതാണ്.[3] അതിൽ ഇവിടെ താഴെ പലവട്ടം സൂചിപ്പിക്കപ്പെടുന്ന രണ്ടു രേഖകളെ എടുത്തുപറയട്ടെ: 2015 ഒക്ടോബർ 17-ാം തീയതി, മെത്രാന്മാരുടെ സിനഡിന്റെ സ്ഥാപനത്തിന്റെ 50-ാം വാർഷികാനുസ്മരണ ആഘോഷത്തിൽ ഫ്രാൻസിസ് പാപ്പാ നൽകിയ പ്രഭാഷണം; അന്താരാഷ്ട്ര ദൈവശാസ്ത്ര കമ്മീഷൻ തയ്യാറാക്കി 2018-ൽ പ്രസിദ്ധീകരിച്ച, “സിനഡാത്മകത, സഭയുടെ ജീവിതത്തിലും ദൗത്യത്തിലും” എന്ന പ്രമാണരേഖ.

## I. ഒരുമിച്ച് സഞ്ചരിക്കാനുള്ള ക്ഷണം

4. തമസ്ക്കരിക്കാനാവാത്തവിധം സമൂഹത്തിൽ നടക്കുന്ന ഐതിഹാസി കമായ മാററങ്ങളുടെയും സഭയുടെ ജീവിതത്തിൽത്തന്നെയുള്ള നിർണാ യകമായ സ്ഥിതിഭേദത്തിന്റെയും പശ്ചാത്തലത്തിലാണ് ഈ സിനഡാത്മക സഞ്ചാരം ഉരുത്തിരിയുന്നത്. പശ്ചാത്തലത്തിന്റെ ഈ സങ്കീർണതയുടെ ഉള്ളിൽ നിന്നുകൊണ്ടാണ്, അതിന്റെ പിരിമുറുക്കങ്ങളിലും വൈരുദ്ധ്യങ്ങ ളിലും നിന്നുകൊണ്ടാണ്, കാലത്തിന്റെ സൂചനകൾ പരിശോധിക്കാനും അവ സുവിശേഷത്തിന്റെ വെളിച്ചത്തിൽ വ്യാഖ്യാനിക്കുവാനും നാം വിളി ക്കപ്പെട്ടിരിക്കുന്നത് (*EG*, ഖ. 4). സിനഡിന്റെ വിഷയവുമായി ഏറെ ബന്ധ

പ്പെട്ട ആഗോള പശ്ചാത്തതലത്തിന്റെ ചില അംശങ്ങളും ഇവിടെ പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്; എന്നാൽ പ്രസ്തുത ചിത്രം പ്രദേശികതലത്തിൽ സമ്പുഷ്ട്ടമാക്കപ്പെടുകയും പൂർണമാക്കപ്പെടുകയും വേണം.

5. ആഗോള ദുരന്തമായ കോവിഡ്-19 പോലുള്ള മഹാമാരി "നമ്മൾ ഒറ്റ ഭൂഗോള സമൂഹമാണെന്നുള്ള ബോധത്തെ താത്കാലികമായി പുതുക്കി. എല്ലാവരും ഒരേ തോണിയിലാണ്. ഇവിടെ ഒരു വ്യക്തിയുടെ പ്രശ്നങ്ങൾ എല്ലാവരുടെയും പ്രശ്നങ്ങളാണ്. ആരും ഒറ്റക്ക് രക്ഷിക്കപ്പെടുന്നില്ല എന്നു നമ്മൾ ഒരിക്കൽ കൂടി തിരിച്ചറിഞ്ഞു; നമുക്കു ഒരുമിച്ചു മാത്രമേ രക്ഷിക്കപ്പെടാനാവൂ" (*FT*, ഖ. 32). അതേസമയം, ഈ മഹാമാരി ഇതുവരെ ഉണ്ടായിരുന്ന അസമത്വങ്ങളും അനീതിയും സ്ഫോടനാത്മകമാംവിധം വർദ്ധിപ്പിക്കാനിടയാക്കിയിട്ടുണ്ട്. ബ്രഹത്‌വൽക്കരണത്തിന്റെയും ചിന്നഭിന്നമാക്കപ്പെടലിന്റെയും പ്രക്രിയമൂലം മനുഷ്യരാശി വർദ്ധിതമായി പിടിച്ചുലയ്ക്കപ്പെടുന്നതായി തോന്നുന്നു; ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലും കുടിയേറ്റക്കാർ നേരിടുന്ന പരിതാപകരമായ സാഹചര്യം ഏക മനുഷ്യകുടുംബത്തെ വിഭജിക്കുന്ന വേലിതടസ്സങ്ങൾ ഇനിയും എത്രമാത്രം ഉയരമുള്ളതും ശക്തവുമാണെന്നു വ്യക്തമാക്കുന്നു. "അങ്ങേക്കു സ്തുതി," "എല്ലാവരും സഹോദരർ," എന്നീ ചാക്രിക ലേഖനങ്ങൾ മനുഷ്യരാശിയിലൂടെ ഓടുന്ന തിന്മയുടെ രേഖകളുടെ വ്യാപ്തി വരച്ചുകാട്ടുന്നു; ദരിദ്രരുടെയും ഭൂമിയുടെയും രോദനം കേട്ടുതുടങ്ങാനും അതേസമയം ആത്മാവ് തുടർന്നും നമ്മുടെ കാലത്തുപോലും വിതച്ചുകൊണ്ടിരിക്കുന്ന പ്രത്യാശയുടെയും ഭാവിയുടെയും വിത്തുകൾ തിരിച്ചറിയാനും ഈ ലേഖനങ്ങളിലുള്ള അപഗ്രഥനങ്ങളിലേക്കു നമുക്കു തിരിയാവുന്നതാണ്: "സ്രഷ്ടാവ് നമ്മെ ഉപേക്ഷിക്കുന്നില്ല; അവിടന്ന് തന്റെ സ്നേഹപൂർവകമായ പദ്ധതി പരിത്യജിക്കുകയോ നമ്മെ സൃഷ്ടിച്ചതിൽ പരിതപിക്കുകയോ ചെയ്യുന്നില്ല. നമ്മുടെ പൊതു ഭവനത്തെ പടുത്തുയർത്തുന്നതിനു ഒന്നിച്ചു പ്രവർത്തിക്കുന്നതിനുള്ള കഴിവ് മനുഷ്യരാശിക്കു ഇനിയും ഉണ്ട്" (*LS*, ഖ. 13).

6. വ്യത്യസ്തകൾ ഉണ്ടെങ്കിൽപോലും, ഈ സാഹചര്യം മുഴുവൻ മനുഷ്യകുടുംബത്തെയും ഒന്നിപ്പിക്കുന്നു. മാത്രമല്ല, തെറ്റായ പല നിശ്ചിതത്വങ്ങളുടെയും മുഖംമൂടി മാറ്റിയിട്ടുള്ള രോദനത്തിന്റെയും സഹനത്തിന്റെയും അനുഭവങ്ങളെ പുനർവായിച്ചെടുക്കാനും, സ്രഷ്ടാവിലും അവിടത്തെ സൃഷ്ടിയിലും ഉള്ള നന്മയിൽ പ്രത്യാശയും വിശ്വാസവും വളർത്താനും വ്യക്തികളെയും സമൂഹങ്ങളെയും അനുയാത്ര ചെയ്യാനുമുള്ള സഭയുടെ കഴിവിനെ വെല്ലുവിളിക്കുന്നതുമാണ് ഈ സാഹചര്യം. സഭയുടെ തന്നെയും

അവളുടെ വിശ്വാസരാഹിത്യത്തെയും അവളുടെ ഉള്ളിൽത്തന്നെയുള്ള അഴിമതിയെയും മറച്ചുവയ്ക്കാനുമാവില്ല. ഏറെ പ്രത്യേകിച്ച്, "വലിയൊരുകൂട്ടം പൗരോഹിത്യ ശുശ്രൂഷയിലായിരുന്നവരും സമർപ്പിതരും നടത്തിയ ലൈംഗിക ചൂഷണവും, അധികാര ദുർവിനിയോഗവും അധാർമിക മനസ്സാക്ഷിയും വഴിയായി"[(4)] പ്രായപൂർത്തി എത്താത്തവരിലും എളുപ്പത്തിൽ കീഴ്പ്പെടുത്താൻ സാധ്യത ഉള്ളവരായവരിലും വരുത്തിവച്ച സഹനത്തിന്റെ അനുഭവം നമുക്കു വിസ്മരിക്കാനാവില്ല. "തങ്ങളുടെ ശരീരത്തിലും ആത്മാവിലും മുറിവേൽപ്പിക്കപ്പെട്ടവരായ നമ്മുടെ സഹോദരന്മാരുടെയും സഹോദരിമാരുടെയും വേദന ഏറ്റെടുക്കാൻ ദൈവജനമെന്ന വിധത്തിൽ"[(5)] നമ്മൾ നിരന്തരം വെല്ലുവിളിക്കപ്പെടുന്നു. പീഡിതരായവരുടെ മുറവിളി ശരിയായ രീതിയിൽ കേൾക്കാൻ സഭയ്ക്ക് ഏറെനാൾ കഴിയാതെ പോയിട്ടുണ്ട്. ഉണക്കാൻ പ്രയാസമേറിയ ആഴത്തിലുള്ള മുറിവുകളാണവ; അവയ്ക്കുവേണ്ടിയുള്ള മാപ്പപേക്ഷ ഒരിക്കലും പൂർണമാവില്ല. "ഒരുമിച്ചുള്ള സഞ്ചാരത്തിൽ" മുമ്പോട്ടുള്ള ഗമനത്തിൽ അവ നിർണായകമാംവിധം വിലങ്ങുതടിയായി നിലകൊള്ളുന്നു. സഭയുടെ ചരിത്രത്തിൽനിന്നു ഏതാണ്ട് അവകാശമായി സഭയ്ക്കു ലഭിച്ച വൈദിക മേൽക്കോയ്മയാൽ നിറഞ്ഞവരുടെ സംസ്കാരത്തിന്റെ ഭാരത്തോടും അതിൽത്തന്നെ ഒട്ടിച്ചേർന്നിരിക്കുന്ന ചൂഷണത്തിന്റെ വിവിധങ്ങളായ തലങ്ങളിലുള്ള (അധികാരം, സാമ്പത്തികം, മനസ്സാക്ഷി, ലൈംഗികത) അധികാര വിനിയോഗത്തോടും സഭ ഇടപെടേണ്ടിയിരിക്കുന്നു. "ദൈവജനത്തിലെ എല്ലാ അംഗങ്ങളുടെയും സജീവ പങ്കാളിത്തം ഇല്ലാത്തവിധമുള്ള സഭയിലെ നമ്മുടെ പ്രവൃത്തികളുടെ പരിവർത്തനത്തെക്കുറിച്ചു"[(6)] നമുക്കു ചിന്തിക്കാനാവില്ല: നമുക്കൊരുമിച്ച് കർത്താവിനോട് "മാനസാന്തരത്തിന്റെ കൃപയ്ക്കും ആന്തരിക അഭിഷേകത്തിനുമായി പ്രാർത്ഥിക്കാം. ചൂഷണത്തിന്റെ ഈ തിന്മകളുടെ മുമ്പിൽ പശ്ചാത്താപവും അവയെ ധൈര്യപൂർവം ചെറുത്തുനില്ക്കാനുള്ള പ്രതിജ്ഞാബദ്ധതയും നമുക്കാവശ്യമാണ്."[(7)]

7. നമ്മുടെ അവിശ്വസ്തതകൾക്കുപരി, ആത്മാവ് ചരിത്രത്തിൽ തന്റെ പ്രവർത്തനം തുടരുകയും ജീവദായകശക്തി പ്രകടിപ്പിക്കുകയും ചെയ്യുന്നു. മാനവ കുടുംബവും ദൈവജനവും ചുമക്കുന്ന എല്ലാത്തരം സഹനങ്ങളിലും തുറക്കപ്പെടുന്ന ഉഴവുചാലുകളിലുമാണ് കൃത്യമായി വിശ്വാസത്തിന്റെ പുതിയ ഭാഷകളും പുതിയ വഴികളും പുഷ്ടിപ്പെടുന്നത്: അതു വഴിയായി സംഭവങ്ങളെ ദൈവശാസ്ത്രപരമായ കാഴ്ചപ്പാടിലൂടെ വ്യാഖ്യാനിക്കാൻ മാത്രമല്ല, പ്രത്യുത പരീക്ഷണങ്ങളിൽ ക്രിസ്തീയവും സഭാത്മകവുമായ പാതയെ പുനഃസ്ഥാപിക്കുന്നതിനുള്ള കാരണങ്ങൾ കണ്ടെത്താനും സാധി

ക്കുന്നു. ഇത് വലിയ പ്രത്യാശയ്ക്കു നിദാനമാണ്. അല്പാല്പമായുള്ള ഘടനാപര യോഗങ്ങളും ദൈവജനത്തോടുള്ള ആലോചനാ പ്രക്രിയയും വഴി കുറച്ചുസഭകൾ ഇക്കാര്യം ഇപ്പോൾത്തന്നെ തുടങ്ങിയിട്ടുണ്ട്. എവിടെ അവയ്ക്കു ഒരു സിനഡാത്മകശൈലി നല്കപ്പെട്ടുവോ അവിടെ സഭാത്മകബോധം തഴച്ചുവളരുകയും എല്ലാവരുടെയും പങ്കാളിത്തം സഭാത്മക ജീവിതത്തിനു പുത്തൻ ഉണർവ് നല്കുകയും ചെയ്തിട്ടുണ്ട്. സഭയിൽ മുഖ്യ കഥാപാത്രങ്ങളാകാനുള്ള യുവജനങ്ങളുടെ ആഗ്രഹവും, സ്ത്രീകളെ കൂടുതൽ അംഗീകരിക്കാനും അവർക്കു സഭാദൗത്യത്തിൽ കൂടുതൽ പങ്കാളിത്തം ലഭ്യമാക്കാനുള്ള അഭ്യർത്ഥനയും, 2018 ലെയും 2019 ലെയും സിനഡൽ അസംബ്ലികളിൽ ചൂണ്ടികാണിക്കപ്പെട്ടതുപോലെ, സ്ഥിരീകരിക്കപ്പെടുന്നു. ഈ അടുത്തകാലത്ത് അല്മായ മതാധ്യാപകരുടെ ശുശ്രൂഷയുടെ (lay ministry of catechist) സ്ഥാപനവും വായനാശുശ്രൂഷകരും (Lectors) അൾത്താര ശുശ്രൂഷകരും (Acolytes) ആകാനുള്ള സാധ്യത സ്ത്രീകൾക്കും തുറന്നു കൊടുത്തതും ഒക്കെ ഈ ദിശയിലുള്ള കാൽവയ്പുകളാണ്.

8. ലോകത്തിലെ വ്യത്യസ്തഭാഗങ്ങളിൽ വ്യത്യസ്ത സാഹചര്യങ്ങളിൽ ജീവിക്കുന്ന ക്രൈസ്തവസമൂഹങ്ങളെ നമുക്ക് ഗൗനിക്കാതിരിക്കാനാവില്ല. ചില രാഷ്ട്രങ്ങളിൽ ജനത്തിന്റെ മുഖ്യഭാഗവും സഭയാണ്; അങ്ങനെ സഭ അവിടെ ആ സമൂഹത്തിനു മുഴുവനുമുള്ള സാംസ്കാരിക കേന്ദ്രബിന്ദുവും ആയിരിക്കുന്നു. അതേസമയം, മറ്റു ചില രാജ്യങ്ങളിൽ കത്തോലിക്കർ ഒരു ന്യൂനപക്ഷമാണ്. ഇത്തരത്തിലുള്ള ചില രാജ്യങ്ങളിൽ കത്തോലിക്കർ, മറ്റു ക്രൈസ്തവരോടൊപ്പം, പല തരത്തിലുള്ള മതപീഡനം അനുഭവിക്കുന്നു. ചിലപ്പോൾ അതു വളരെ രൂക്ഷമാകുകയും, അപൂർവമല്ലാത്തവിധം രക്ത സാക്ഷിത്വത്തിൽവരെ എത്തുകയും ചെയ്യുന്നു. ഒരുവശത്ത് ഒരു മതനിരപേക്ഷ മനോഭാവം മതത്തെ പൊതുമണ്ഡലത്തിൽ നിന്നു നിഷ്കാസനം ചെയ്യാൻ വെമ്പുമ്പോൾ, മറുവശത്ത് മതമൗലികവാദം, മറ്റുള്ളവരുടെ സ്വാതന്ത്ര്യത്തെ മാനിക്കാതെ, അസഹിഷ്ണുതയുടെ ഭാവങ്ങളും അക്രമവും ഊട്ടിഉറപ്പിക്കുകയും ചെയ്യുന്നു; ഇക്കാര്യം ക്രൈസ്തവസമൂഹത്തിൽ പോലും അതിന്റെ സമൂഹവുമായുള്ള ബന്ധത്തിലും പ്രതിഫലിക്കുന്നു. അപൂർവമല്ലാത്തവിധം ക്രിസ്ത്യാനികളും അതേതരം നിലപാടുകൾ സ്വീകരിക്കുകയും വിഭജനങ്ങളും എതിർപ്പുകളും ഉയർത്തിക്കൊണ്ടുവരുകയും ചെയ്യുന്നു; സഭയ്ക്കുള്ളിൽപോലും അത് അവർ പ്രോത്സാഹിപ്പിക്കുന്നു. അതുപോലെതന്നെ ഗോത്രം, വർണ്ണം, ജാതി അല്ലെങ്കിൽ മറ്റേതെങ്കിലും സാമൂഹ്യക്രമീകരണം, സാംസ്കാരികവും ഘടനാപരവുമായ അക്രമം എന്നിവ വഴിയോ സഭയിലും, സമൂഹവുമായി അതിനുള്ള ബന്ധത്തിലും

ഉണ്ടാകുന്ന പ്രതിധ്വനികളെ പ്രാധാന്യത്തോടെ പരിഗണിക്കേണ്ടത് ഒരാവശ്യമാണ്; സാംസ്കാരികവും ഘടനാപരവുമായ ആക്രമണം സമൂഹത്തിലുള്ളതാണല്ലോ. "ഒരുമിച്ചുള്ള സഞ്ചാരം" എന്ന പ്രയോഗത്തിന്റെ അർഥതലത്തിലും അത് കൃത്യമായി നടപ്പിലാക്കാനുള്ള സാധ്യതകളിലും ഈ സാഹചര്യങ്ങൾക്ക് ആഴത്തിലുള്ള സമ്മർദ്ദമാണ് ചെലുത്താനുള്ളത്.

9. ആത്മാവിന്റെ പ്രവർത്തനം വഴിയും വചനം ശ്രവിച്ചും സ്വയം നവീകരിക്കാൻ വിളിക്കപ്പെട്ട സഭയെ സംബന്ധിച്ചിടത്തോളം ഈ പശ്ചാത്തലത്തിൽ സിനഡാത്മകത എന്നു പറയുന്നത് അവർ സഞ്ചരിക്കേണ്ട പ്രധാന പാതയാണ്. തനിക്കു ലഭിച്ചിരിക്കുന്ന ദൗത്യം സൂക്ഷിച്ചുകൊണ്ട്, സഭയ്ക്കും അതിന്റെ സ്ഥാപനങ്ങൾക്കും ഒരു പുതിയഭാവി ഉണ്ടാകും എന്നതു വിഭാവനം ചെയ്യുക എന്നത് ഓരോ വ്യക്തിക്കും പങ്കാളിയാകാനും സഹകരിക്കാനും സാധിക്കുംവിധമുള്ള ശ്രവിക്കുന്നതിന്റേതും സംവദിക്കുന്നതിന്റേതും സാമൂഹ്യമായ ഒരു വിവേചിച്ചറിയലിന്റേതുമായ ഒരു പ്രക്രിയ തുടങ്ങുന്നതിന്റെ മുഖ്യമായ ഒരു തീരുമാനം എടുക്കുന്നതിനെ ആശ്രയിച്ചിരിക്കും. അതേസമയം, "ഒരുമിച്ച് സഞ്ചരിക്കുക" എന്ന തീരുമാനം മാനവകുടുംബത്തിനുവേണ്ടിയുള്ള ഒരു പ്രവചനപരമായ അടയാളമാണ്; സകലരുടെയും നന്മയ്ക്കു ഉപകരിക്കുന്ന തരത്തിലുള്ള ഒരു പാരസ്പര്യഭാവമുള്ള ഒരു പദ്ധതി മാനവകുടുംബത്തിനു ആവശ്യമുണ്ട്. താൻ പ്രഘോഷിക്കുന്നതിനോട് വിശ്വസ്തത പുലർത്തുന്ന, കൂട്ടായ്മയ്ക്കും, സാഹോദര്യത്തിനും, പങ്കാളിത്തത്തിനും തയ്യാറാകുന്ന, കീഴ്ഘടകങ്ങളിലേക്ക് എത്തിനില്ക്കുന്നതുമായ ഒരു സഭയ്ക്ക് ദരിദ്രരുടെയും എളിയവരുടെയും ചാരെ നില്ക്കാനും അവർക്ക് അവളുടെ സ്വരം നല്കാനും സാധിക്കും. "ഒരുമിച്ച് സഞ്ചരിക്കാൻ വേണ്ട" യഥാർത്ഥമായ ഒരു സിനഡാത്മക മനഃസ്ഥിതിയിലേക്കു എത്തിച്ചേരാൻ ആത്മാവിനാൽ അഭ്യസിപ്പിക്കപ്പെടാൻ നാം സന്നദ്ധരാകണം. അത് ധൈര്യപൂർവവും ഹൃദയസ്വാതന്ത്ര്യത്തോടെയും അനിവാര്യമായ മാനസാന്തരപ്രക്രിയയിലേക്കു പ്രവേശിക്കുന്നതിനു തുല്യമാണ്. കാരണം, "സഭ ഒരു മാനുഷീകസ്ഥാപനം എന്ന നിലയ്ക്ക് നിരന്തരമായ നവീകരണം ആവശ്യമുള്ള ഒന്നാണ്" (*UR*, ഖ. 6; *EG* ഖ. 26 കാണുക).

## II ഘടനാപരമായിത്തന്നെ സിനഡാത്മകമായ സഭ

10. "മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത് തീർച്ചയായും സിനഡാത്മകതയുടെ പാതയാണ്. കർത്താവ് നമ്മോട് ആവശ്യപ്പെടുന്ന കാര്യം യഥാർത്ഥത്തിൽ 'സിനഡ്' എന്ന വാക്കിൽത്തന്നെയുണ്ട്."(8) അത് "സഭയുടെ പാരമ്പര്യത്തിലുള്ള പുരാതനവും ധന്യവുമായ

ഒരു പദമാണ്; വെളിപാടിന്റെ ആഴമാർന്ന വിഷയങ്ങളിൽ നിന്നാണ് അതിന്റെ അർത്ഥം അതിനു ലഭ്യമാകുന്നത്."[9] "വഴിയും സത്യവും ജീവനും" (യോഹ 14:6) ആയി സ്വയം ആവിഷ്കരിക്കുന്നത് കർത്താവായ യേശു തന്നെയാണ്; അവിടത്തെ അനുയായികളായ ക്രിസ്ത്യാനികൾ ആദ്യം വിളിക്കപ്പെട്ടത് 'മാർഗത്തിന്റെ അനുയായികൾ' എന്നാണ് (അപ്പ 9:2; 19:9–23; 22:4; 24:14–22 കാണുക)."[10] ഈ കാഴ്ചപ്പാടിൽ സിനഡാത്മകത എന്നത് സഭാപരമായ യോഗങ്ങളുടെ ആചരണത്തിനും മെത്രാന്മാരുടെ അസംബ്ലികൾക്കും ഉപരിയാണ്; അത് സഭയുടെ ഉള്ളിലെ ഭരണനടത്തിപ്പിന്റെ ഒരു കേവലരൂപവുമല്ല; "ദൈവജനമായ സഭയുടെ പ്രത്യേക ജീവിതരീതിയും പ്രവർത്തനശൈലിയുമാണത്; ഒരു കൂട്ടായ്മ എന്ന നിലയിൽ അവളുടെ അംഗങ്ങൾ ഒരുമിച്ച് സഞ്ചരിക്കുകയും, അസംബ്ലിയായി ഒരുമിച്ചു കൂടുകയും, അവളുടെ സുവിശേഷവൽക്കരണ ദൗത്യത്തിൽ സജീവമായി പങ്കുചേരുകയും ചെയ്യുന്നതിനെ അത് വെളിപ്പെടുത്തുകയും അക്കാര്യത്തിനു രൂപഭാവം നല്കുകയും ചെയ്യുന്നു."[11] സിനഡിന്റെ ശീർഷകം നിർദ്ദേശിക്കുന്ന സിനഡാത്മക സഭയുടെ അച്ചുതണ്ടുകൾ അങ്ങനെ ഒരുമിച്ച് ചേർക്കപ്പെടുന്നു: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം. ഈ കാഴ്ചപ്പാടിനു ആധാരമായി നില്ക്കുന്ന ചില അടിസ്ഥാന ദൈവശാസ്ത്രവശങ്ങളെ നാം ഈ അധ്യായത്തിൽ ഹ്രസ്വമായി ചിത്രീകരിക്കാം.

11. "പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും ഐക്യത്തിൽ ഒന്നായിരിക്കുന്ന ജനം"[12] എന്ന നിലയിൽ "ഒരുമിച്ച് സഞ്ചരിക്കുന്ന," അതായത് സിനഡാത്മകമായി പ്രവർത്തിക്കുന്നത് സഭയിലെ സാധാരണ രീതി ആയിരുന്നതിൽ, ഒന്നായിട്ടാണ് സഭ ആദ്യ സഹസ്രാബ്ദത്തിൽ മനസ്സിലാക്കപ്പെട്ടത്. സഭാഗാത്രത്തിൽ വിഭജനങ്ങൾ ഉണ്ടാക്കിയവർക്കെതിരേ സഭാപിതാക്കന്മാർ ഉയർത്തിക്കാട്ടിയത് ലോകം മുഴുവൻ ചിതറിക്കിടന്ന സഭകളുടെ കൂട്ടായ്മ ആണ്. വിശുദ്ധ അഗസ്റ്റിൻ അതിനെ "*concordissima fidei conspiratio,*"[13] (most harmonious union of faith = വിശ്വാസത്തിന്റെ എത്രയും ആഴമുള്ള ഐക്യം), അതായത് ജ്ഞാനസ്നാനം സ്വീകരിച്ചവരുടെ വിശ്വാസത്തിലെ പൊരുത്തം എന്നാണ് വിശേഷിപ്പിക്കുന്നത്. സഭയുടെ ജീവിതത്തിന്റെ എല്ലാ തലങ്ങളെയും- പ്രാദേശികതലം, പ്രവിശ്യതലം, സാർവത്രികതലം - സ്പർശിച്ച സിനഡാത്മക പ്രവർത്തനശൈലിയുടെ വിശാലവികാസത്തിന്റെ വേരുകൾ ഇവിടെയാണ്; അത് അതിന്റെ പരമോന്നതഭാവം സിദ്ധിച്ചത് സാർവത്രിക സൂനഹദോസുകളിലാണ്. അങ്ങനെ സഭയുടെ ജീവിതത്തിൽ എല്ലാവരുടെയും പങ്കാളിത്തമെന്ന തത്ത്വത്താൽ പ്രേരിതമാകുന്ന ഈ സഭാത്മക പശ്ചാത്തലത്തിൽ "സഭയെന്നതും സിനഡെന്നതും

പര്യായങ്ങളാണ്"[14] എന്നു പറയാൻ വിശുദ്ധ ജോൺ ക്രിസോസ്തോമിനു സാധിച്ചു. ഹയരാർക്കിപരമായുള്ള പ്രവർത്തനം ഏറെ ശക്തിയോടെ സഭ ഊന്നിപ്പറഞ്ഞ രണ്ടാം സഹസ്രാബ്ദത്തിൽപോലും ഈ തരത്തിലുള്ള മുന്നോട്ടുപോക്ക് നിലച്ചില്ല: സാർവത്രിക സൂനഹദോസുകളോടൊപ്പം രൂപതാതലത്തിലും പ്രവിശ്യതലത്തിലുമുള്ള സൂനഹദോസുകൾ നടന്നപ്പോൾതന്നെ വിശ്വാസസത്യങ്ങളുടെ പ്രഖ്യാപനം നടത്തേണ്ടിവന്നപ്പോൾ സഭ മുഴുവന്റെയും വിശ്വാസം അറിയുവാനായി പാപ്പാമാർ മെത്രാന്മാരുടെ അഭിപ്രായം തേടുകയുണ്ടായി. അതുവഴി പാപ്പാമാർ ദൈവജനം മുഴുവന്റെയും വിശ്വാസബോധത്തെ (*sensus fidei*) ആധാരമായി സ്വീകരിക്കുകയായിരുന്നു; "വിശ്വസിക്കേണ്ട കാര്യത്തിൽ" അവർക്കു (ജനത്തിനു) 'അപ്രമാദിത്വം" ഉണ്ടല്ലോ (*EG*, ഖ.119).

12. രണ്ടാം വത്തിക്കാൻ കൗൺസിൽ ഈ ചലനാത്മക പാരമ്പര്യത്തിലാണ് നിലയുറപ്പിച്ചിട്ടുള്ളത്. അത് ഇപ്രകാരം ഊന്നിപ്പറയുന്നു. "എന്നാൽ മനുഷ്യരെ പരസ്പരബന്ധമില്ലാത്ത വ്യക്തികളാക്കി വിശുദ്ധികരിക്കാനും രക്ഷിക്കാനുമല്ല ദൈവം നിശ്ചയിച്ചത്. സത്യത്തിൽ അവർ തന്നെ അറിയുകയും വിശുദ്ധിയിൽ തന്നെ ശുശ്രൂഷിക്കുകയും ചെയ്യാൻവേണ്ടി അവരെ ഒരു ജനപദമാക്കാൻ അവിടന്ന് തിരുമനസ്സായി" (*LG*, ഖ. 9) ദൈവജനത്തിലെ അംഗങ്ങളെല്ലാം ജ്ഞാനസ്നാനംവഴി ഒന്നായിരിക്കുന്നവരാണ്. "ക്രിസ്തുവിന്റെ അഭീഷ്ടാനുസരണം ചിലരെ മറ്റുള്ളവർക്കുവേണ്ടി ഉപദേഷ്ടാക്കളായും ദിവ്യരഹസ്യങ്ങളുടെ വിതരണക്കാരായും അജപാലകരായും നിയമിച്ചിരിക്കുന്നു. എങ്കിലും എല്ലാവരും തുല്യമാഹാത്മ്യമുള്ളവരാണ്. ക്രിസ്തുവിന്റെ ശരീരത്തെ കരുപിടിപ്പിക്കുക എന്ന ചുമതലയിലും എല്ലാ വിശ്വാസികളും സമന്മരാണ്" (*LG*, ഖ. 32). ആകയാൽ ക്രിസ്തുവിന്റെ പുരോഹിത, പ്രവാചക, രാജകീയ ദൗത്യങ്ങളിൽ പങ്കുചേരുന്ന ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും, "തങ്ങളുടെ വിവിധവും ക്രമീകൃതവുമായ കൃപകളുടെ സമ്പന്നത, തങ്ങളുടെ ദൈവവിളികൾ, തങ്ങളുടെ ശുശ്രൂഷകൾ എന്നിവ നിറവേറ്റികൊണ്ട്,"[15] വ്യക്തികളെന്ന നിലയിലും ദൈവജനം ഒന്നടങ്കം എന്ന നിലയിലും സുവിശേഷവത്ക്കരണത്തിന്റെ സജീവ പ്രണേതാക്കളായി മാറുന്നു.

13. ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച പരിശുദ്ധാത്മാവിന്റെ അഭിഷേകം ഉള്ളതിനാൽ ദൈവജനത്തിനു ഒന്നടങ്കം തെറ്റുപറ്റുവാൻ സാധിക്കുകയില്ല എന്ന് കൗൺസിൽ വ്യക്തമാക്കി: "പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ട് വിശ്വാസികളുടെ സമൂഹത്തിന് ഒന്നാകെ

വിശ്വാസത്തിൽ തെറ്റുപറ്റുകയില്ല. 'മെത്രാൻ മുതൽ അല്മായ വിശ്വാസികളിൽ അവസാനത്തെ ആൾ വരെ', വിശ്വാസവും സന്മാർഗവും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ അഭിപ്രായയൈക്യം പ്രകടിപ്പിക്കുമ്പോഴാണ് ദൈവജനമെന്ന നിലയ്ക്ക്, വിശ്വാസത്തിന്റെ അതിസ്വഭാവികമായ അർത്ഥത്തിൽ തങ്ങളുടെ പ്രത്യേക വരം അവർ പ്രകാശിപ്പിക്കുന്നത്" (*LG*, ഖ.12). ആത്മാവാണ് വിശ്വാസികളെ "പൂർണ സത്യത്തിലേക്കു" (യോഹ 16:13) നയിക്കുന്നത്. ആത്മാവിന്റെ പ്രവർത്തനത്താൽ "അപ്പസ്തോലൻമാരിൽ നിന്നു വരുന്ന ഈ പാരമ്പര്യം സഭയിൽ വികസിതമാകുന്നു." അങ്ങനെ ദൈവജനം, "കൈമാറ്റപ്പെട്ട യാഥാർത്ഥ്യങ്ങളും വചനങ്ങളും ഗ്രഹിക്കുന്നതിൽ" വളരാൻ ഇടയാകുന്നു. "ഇത് സംഭവിക്കുന്നത് വിശ്വാസികൾ അനുഭവിക്കുന്ന ആത്മീയ യാഥാർഥ്യങ്ങളെ അവർ ആഴത്തിൽ മനസ്സിലാക്കി, അക്കാര്യങ്ങൾ തങ്ങളുടെ ഹൃദയങ്ങളിൽ സംഗ്രഹിച്ച് (ലൂക്കാ 2:19-51 കാണുക) ധ്യാനിക്കുകയും പഠിക്കുകയും ചെയ്യുമ്പോഴാണ്. മാത്രമല്ല, മെത്രാൻ സ്ഥാനത്തിന്റെ പിൻതുടർച്ചാവകാശംവഴി സത്യത്തിന്റെ സുനിശ്ചിതമായ ദാനം ലഭിച്ചവരുടെ പ്രഘോഷണംവഴിയും ഈ വളർച്ച സംഭവിക്കുന്നു" (*DV*, ഖ. 8). യഥാർത്ഥത്തിൽ, തങ്ങളുടെ ഇടയൻമാരാൽ വിളിച്ചുചേർക്കപ്പെട്ട ഈ ജനം, സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന ദൈവവചനത്തിന്റെ വിശുദ്ധ നിക്ഷേപത്തോട് ചേർന്നു നിൽക്കുന്നവരാണ്; അവർ അപ്പസ്തോലൻമാരുടെ പ്രബോധനത്തിലും, സഹോദര കൂട്ടായ്മയിലും, അപ്പം മുറിക്കലിലും പ്രാർത്ഥനയിലും നിരന്തരം നിലകൊള്ളുന്നവരാണ്. "അങ്ങനെ വിശ്വാസ പൈതൃകം പ്രാവർത്തികമാക്കുന്നതിലും പ്രഖ്യാപിക്കുന്നതിലും മെത്രാന്മാരും വിശ്വാസികളും തമ്മിൽ പൊതുവായ ഒരേ ഒരു ധാരണയാണ് നിലനിൽക്കുന്നത്" (*DV*, ഖ. 10).

14. "സഭ മുഴുവന്റെയും വിശ്വാസത്തിന്റെ വിശ്വസ്വനീയരായ കാവൽക്കാരും, വ്യാഖ്യാതക്കളും സാക്ഷികളും"(16) ആയി ദൈവം നിയോഗിച്ച ഇടയന്മാർ തങ്ങളെ ഭരമേൽപ്പിച്ചിട്ടുള്ള അജഗണത്തെ ശ്രവിക്കുന്നതിൽ ഭയപ്പെടരുത്. ദൈവജനവുമായി ആലോചിക്കുക എന്നു പറഞ്ഞാൽ ഭൂരിപക്ഷത്തിന്റെ അടിസ്ഥാനത്തിലുള്ള ജനാധിപത്യ സംവിധാനം സഭയ്ക്കുള്ളിൽ അവലംബിക്കുക എന്ന അർത്ഥമില്ല. എന്തെന്നാൽ ഓരോ സിനഡാത്മക പ്രക്രിയയുടെയും പങ്കാളിത്തഭാവത്തിന്റെ അടിസ്ഥാനമെന്നു പറയുന്നത് എല്ലാവരും പങ്കുചേരുന്ന സുവിശേഷവത്ക്കരണം എന്ന പൊതുവായ ദൗത്യത്തിനായുള്ള താത്പര്യമാണ്; അത് പരസ്പര വിരുദ്ധമായ താത്പര്യങ്ങൾ പ്രതിനിധീകരിക്കപ്പെടുന്ന വേദിയല്ല. മറ്റുവാക്കുകളിൽ, "ഹയരാർക്കിപരമായി രൂപീകൃതമായിരിക്കുന്ന ഒരു സമൂഹത്തിന്റെ

മധ്യേ"[17] മാത്രം നടക്കാൻ സാധിക്കുന്ന ഒരു സഭാത്മക പ്രക്രിയ ആണിത്. ദൈവജനത്തിന്റെ വിശ്വാസ ബോധത്തിന്റെയും (*sensus fidei*) ഇടയന്മാരുടെ പ്രബോധന ചുമതലയുടെയും (magisterial function) ഫലദായകമായ കൂട്ടു കെട്ടിലാണ് ഒരേ വിശ്വാസത്തിലുള്ള സഭ മുഴുവന്റെയും സമ്പൂർണമായ ധാരണ സാക്ഷാത്കൃതമാകുന്നത്. തങ്ങളിൽ ഒതുങ്ങി നിന്നുകൊണ്ടു മാത്രമല്ല, മറിച്ച് "ക്രിസ്തുവിന്റെ പ്രവാചക ദൗത്യത്തിൽ പങ്കുചേരുന്ന ദൈവജനത്തെ കൂടെ" ((*LG*, ഖ. 12) ശ്രവിച്ചുകൊണ്ട്, ആത്മാവ് സഭയോട് എന്താണ് പറയുന്നതെന്ന് തിരിച്ചറിയുവാനായി മെത്രാൻമാർ വിളിക്കപ്പെടുന്ന ഓരോ സിനഡ് പ്രക്രിയയും സഭയെ വളർത്തുന്ന, "ഒരുമിച്ച് സഞ്ചരിക്കുക" എന്ന ഭാവത്തിന്റെ പ്രകാശനമാണ്. സമൂഹത്തിൽ പ്രധാനപ്പെട്ട സ്ഥാനം വഹിക്കാത്തവരിലൂടെ (ആ പ്രത്യേക സാഹചര്യത്തിൽ ഏറ്റവും ഇളയ ആളിലൂടെ) "വിവേകപൂർവം തിരഞ്ഞെടുക്കേണ്ട വഴി ഏതെന്ന് കർത്താവ് പലപ്പോഴും വെളിപ്പെടുത്തി തരുന്നത്" ശ്രദ്ധിക്കണമെന്ന് വിശുദ്ധ ബെനഡിക്റ്റ് നിർദ്ദേശിച്ചിട്ടുണ്ട്; അതിനാൽ മെത്രാന്മാർ എല്ലാവരിലേക്കും ഇറങ്ങി ചെല്ലണം: അങ്ങനെ പൗലോസ് അപ്പസ്തോലൻ തന്റെ സമൂഹങ്ങളോട് ശുപാർശ ചെയ്തിട്ടുള്ള കാര്യം സിനഡിന്റെ ക്രമീകൃതമായ ഉരിത്തിരിയിൽ സാധ്യമാകും: "ആത്മാവിനെ നിങ്ങൾ കെടുത്തിക്കളയരുത്." പ്രവചനങ്ങൾ നിന്ദിക്കരുത്. എല്ലാം പരിശോധിച്ചു നോക്കുവിൻ നല്ലവ മുറുകെ പിടിക്കുവിൻ (1 തെസ്സ 5:19 - 21).

15. നാം സഞ്ചരിക്കാനായി വിളിക്കപ്പെട്ടിരിക്കുന്ന ഈ യാത്രയുടെ അർഥം എല്ലാറ്റിനും ഉപരിയായി ഒരു സിനഡൽ സഭയുടെ ഭാവവും രൂപവും കണ്ടെത്താൻ വേണ്ടിയുള്ളതാണ്. "അതിൽ ഓരോരുത്തർക്കും ചിലതൊക്കെ പഠിക്കാനുണ്ട്. വിശ്വാസികളായ ജനവും മെത്രാൻസംഘവും റോമിലെ മെത്രാനും, എല്ലാവരും പരസ്പരം ശ്രവിക്കുകയും സത്യത്തിന്റെ ആത്മാവിനെ (യോഹ 14:17), അവിടന്ന് എന്താണ് സഭകളോട് പറയുന്നത് (വെളി 2:7) എന്ന് അറിയാൻവേണ്ടി, ശ്രവിക്കുകയും ചെയ്യുന്നു."[19] സഭയുടെ ഐക്യത്തിന്റെ ആധാരവും അടിസ്ഥാനവുമായ റോമിലെ മെത്രാൻ എല്ലാ മെത്രാന്മാരെയും എല്ലാ പ്രാദേശിക സഭകളെയും ആത്മവിശ്വാസത്തോടെയും ധൈര്യത്തോടെയും സിനഡാത്മകതയുടെ പാതയിലേക്കു പ്രവേശിക്കാൻ ആഹ്വാനം ചെയ്യുന്നു; പ്രാദേശികസഭകളിലും പ്രാദേശിക സഭകളിൽ നിന്നുമാണല്ലോ ഏകവും അനന്യവുമായ കത്തോലിക്കാസഭ രൂപീകൃതമായിരിക്കുന്നത് ((*LG*, ഖ. 23 കാണുക). ഈ "ഒരുമിച്ചുള്ള സഞ്ചാരത്തിൽ," വിവിധങ്ങളായ ദാനങ്ങളും, കൃപകളും, ശുശ്രൂഷകളും പ്രേഷിതദൗത്യത്തിനായി ഐക്യത്തിലേക്കു ഒന്നിച്ചുകൊണ്ടുവരുന്നതിനായുള്ള

കൂട്ടായ്മ എങ്ങനെ കണ്ടെത്താം എന്നതിൽ നമ്മെ സഹായിക്കണമെന്ന് ആത്മാവിനോട് നാം അഭ്യർത്ഥിക്കുന്നു: ഒരു സിനഡാത്മക സഭ എന്നാൽ "മുന്നോട്ടു ഗമിക്കുന്ന" ഒരു സഭയാണ്, ഒരു മിഷനറി സഭയെന്നത് "വാതിലുകൾ തുറന്ന സഭയാണ്" (*EG*, ഖ. 46). ഏക ജ്ഞാനസ്നാനത്താൽ നമ്മൾ ഒന്നാക്കപ്പെട്ടിരിക്കുന്ന ഇതര സഭകളോടും ക്രൈസ്തവ സമൂഹങ്ങളോടുള്ള ബന്ധങ്ങളെ ആഴത്തിലാക്കാനുള്ള ഒരു ക്ഷണം ഇതിൽ ഉൾച്ചേർത്തിരിക്കുന്നു. അപ്പോൾ "ഒരുമിച്ചു സഞ്ചരിക്കുക" എന്ന കാഴ്ചപ്പാട് കൂടുതൽ വിശാലമാകുന്നു; അത് മനുഷ്യരാശിയെ മുഴുവൻ പുൽകുന്നു; അതിന്റെ "സന്തോഷങ്ങളിലും പ്രതീക്ഷകളിലും സങ്കടങ്ങളിലും ഉൽക്കണ്ഠകളിലും നാം പങ്കുചേരുന്നു" (*GS*, ഖ. 1). എല്ലാവരുടെയും നന്മയെ ലക്ഷ്യംവയ്ക്കുന്ന, എല്ലാവരും പങ്കുചേരുന്ന, ഒരു പദ്ധതി നിർദേശിക്കാൻ കെല്പില്ലാത്ത രാഷ്ട്രങ്ങളുടെ സമൂഹത്തിനു മുമ്പിൽ ഒരു സിനഡാത്മക സഭയെന്നത് എല്ലാറ്റിനും ഉപരി ഒരു പ്രവാചകപരമായ അടയാളമാണ്: സിനഡാത്മക സഭ അഭ്യസിക്കുക എന്നത് സഭ "സാർവത്രിക രക്ഷയുടെ കൂദാശയാണ്" (*LG*, ഖ. 48) എന്നതിന്റെ വളരെ സ്പഷ്ടമായ അടയാളമാണ്, അതായത്, "ദൈവവുമായുള്ള ഉറ്റ ഐക്യത്തിന്റെയും മനുഷ്യവർഗം മുഴുവന്റെ യോജിപ്പിന്റെയും അടയാളവും ഉപകരണവും" (*LG*, ഖ.1).

## III. വിശുദ്ധ ലിഖിതങ്ങൾ ശ്രദ്ധിക്കുമ്പോൾ

16. യേശുവിന്റെ ദൗത്യത്തിൽ പ്രവർത്തിച്ചതും അപ്പസ്തോലന്മാർക്കും ദൈവവചനം ശ്രവിക്കുകയും അതു പ്രാവർത്തികമാക്കുകയും ചെയ്യുന്ന ശിഷ്യരുടെ തലമുറകൾക്കും വാഗ്ദാനം ചെയ്യപ്പെട്ടിരുന്നതുമായ അതേ ദൈവാത്മാവുതന്നെയാണ് സഭകളുടെ ഈ "ഒരുമിച്ചുള്ള സഞ്ചാരത്തെ" ഉജ്ജ്വലിപ്പിക്കുകയും ചൈതന്യവത്താക്കുകയും ചെയ്യുന്നത്. കർത്താവ് വാഗ്ദാനം ചെയ്തിരിക്കുന്നതുപോലെ ആത്മാവ് യേശുവിന്റെ സുവിശേഷത്തിന്റെ തുടർച്ചാഭാവത്തിന്റെ സ്ഥിരീകരണം മാത്രമല്ല ചെയ്യുന്നത്, മറിച്ച് അവിടത്തെ വെളിപാടിന്റെ തികച്ചും നവമായ ആഴങ്ങളിലേക്കു വെളിച്ചം വീശുകയും സഭയുടെ പ്രയാണത്തിൽ അതിനെ നിലനിറുത്താൻവേണ്ട തീരുമാനങ്ങൾ എടുക്കാനുള്ള പ്രേരണ നല്കുകയും ചെയ്യും (യോഹ 14: 25-26; 15:26-27; 16:12-15 കാണുക). ആകയാൽ, ഒരു സിനഡാത്മക സഭ കെട്ടിപ്പടുത്താനുള്ള നമ്മുടെ പ്രയാണത്തിൽ വിശുദ്ധ ലിഖിതത്തിൽ നിന്നുള്ള രണ്ടു "പ്രതിബിംബങ്ങളാൽ" നാം പ്രചോദിതരാകുന്നത് അനുയോജ്യമാണ്. സുവിശേഷവൽക്കരണ പ്രയാണത്തിൽ അതിനെ നിരന്തരം അനുധാവനം ചെയ്യുന്ന "സമൂഹരംഗ സംവിധാനം" ("community

scene") എന്ന രൂപമാണ് ഒന്നാമത്തേതായി ഇതിൽ തെളിഞ്ഞുവരുന്നത്. വിശ്വാസം പങ്കുവയ്ക്കുന്നതിൽ ന്യായമല്ലാത്ത പരിധികൾ നിർണയിക്കുന്നതിൽ ഉണ്ടായ അപകടം പത്രോസും ആദിമസമൂഹവും തിരിച്ചറിഞ്ഞ വിധം അവർക്കുണ്ടായ ആത്മാവിന്റെ അനുഭവമാണ് രണ്ടാമത്തേത്. വെളിപാടിന്റെ ഈ രണ്ടു പ്രത്യേകതകളുടെ ധ്യാനത്തിൽനിന്ന്, കർത്താവിനെ പിന്തുടരുകയും ആത്മാവിനെ അനുസരിക്കുകയും ചെയ്തുകൊണ്ടുള്ള, ഒരുമിച്ചുള്ള സഞ്ചാരത്തിലെ സിനഡാത്മക അനുഭവത്തിനു നിർണായകമായ പ്രചോദനം ലഭിക്കാൻ സാധിക്കും.

## യേശു, ജനക്കൂട്ടം, അപ്പസ്തോലന്മാർ

17. യേശു ദൈവരാജ്യം പ്രസംഗിച്ചുകൊണ്ട് സ്വയം വെളിപ്പെടുത്തുന്ന വേളയിൽ, സുവിശേഷങ്ങളിൽ ഉടനീളം നിരന്തരമായി അതിന്റെ അടിസ്ഥാന ഘടനയായി തികച്ചും മൗലികമാംവിധം തെളിഞ്ഞുവരുന്ന ഒരു രംഗസജ്ജീകരണം ഉണ്ട്. ഇതിൽ അവശ്യം മൂന്ന് അഭിനേതാക്കൾ (ചിലപ്പോൾ ഒരാൾ കൂടെ) ഉണ്ട്. യേശുവാണ് ഒന്നാമത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ കഥാപാത്രം; അവിടന്നു മുൻകൈ എടുത്ത് "പക്ഷഭേദമില്ലാതെ" (അപ്പ 10:34 കാണുക) ദൈവരാജ്യത്തിന്റെ വരവിനെ സംബന്ധിച്ച വചനങ്ങളും അടയാളങ്ങളും വിതയ്ക്കുന്നു. ദൈവത്തിൽനിന്നു "അകന്നു നില്കുന്നവരെയും" സമൂഹം "തിരസ്ക്കരിച്ചവരെയും" സംബന്ധിച്ച് (സുവിശേഷത്തിന്റെ ഭാഷയിൽ, "പാപികളും ദരിദ്രരും") യേശു പലവിധത്തിൽ പ്രത്യേകം ശ്രദ്ധ കാട്ടുന്നു. ദൈവപിതാവിന്റെ നാമത്തിലും പരിശുദ്ധാത്മാവിന്റെ ശക്തയിലും തന്റെ വചനങ്ങളും പ്രവർത്തനങ്ങളും വഴിയായി യേശു തിന്മയിൽ നിന്നുള്ള മോചനവും പ്രത്യാശയിലേക്കുള്ള പരിവർത്തനവും ദാനം ചെയ്യുന്നു. കർത്താവിന്റെ വിളിയിലും അത് അവർ സ്വീകരിച്ചുകൊണ്ടു നല്കുന്ന പ്രത്യുത്തരങ്ങളിലും വ്യത്യസ്തതകൾ ഉണ്ടെങ്കിലും എല്ലാറ്റിലും ഉള്ള പൊതു പ്രത്യേകത വിശ്വാസം എന്നത് ജനത്തിന്റെ ഒരു മൂല്യമായി എപ്പോഴും ഉരുത്തിരിയുന്നു എന്നതാണ്: അവരുടെ യാചന കേൾക്കപ്പെടുന്നു; അവരുടെ ബുദ്ധിമുട്ടിൽ സഹായിക്കപ്പെടുന്നു; അവരുടെ ലഭ്യതാഭാവം വിലമതിക്കപ്പെടുന്നു; അവരുടെ ഔന്നിത്യം ദൈവികകടാക്ഷത്താൽ ഉറപ്പാക്കപ്പെടുകയും അവർ സമൂഹത്തിന്റെ അംഗീകാരത്തിലേക്ക് തിരിച്ചെത്തുകയും ചെയ്യുന്നു.

18. അതീവ വിശാലമായ ശ്രോതാക്കളുടെ വൃന്ദത്തോടുള്ള യേശുവിന്റെ നിരന്തരമായ തുറവ് ഒഴിവാക്കിക്കൊണ്ട് സുവിശേഷവൽക്കരണത്തിന്റെ പ്രവൃത്തിയും രക്ഷയുടെ സന്ദേശവും മനസ്സിലാക്കാൻ സാധിക്കുകയില്ല.

പ്രസ്തുത ശ്രോതാക്കളെ സുവിശേഷങ്ങൾ *ജനക്കൂട്ടം* എന്നാണ് വിളിക്കുന്നത്, അതായത്, വഴിയിൽ യേശുവിന്റെ പിന്നാലെ പോകുന്ന എല്ലാവരും; ചിലപ്പോഴെങ്കിലും അവർ അവിടത്തെ പിന്തുടർന്നത് ഒരു അടയാളം അഥവാ രക്ഷയുടെ ഒരു വചനം ലഭ്യമാകും എന്ന പ്രതീക്ഷയിലാണ്; അവരാണ് വെളിപാടിന്റെ അരംഗത്ത് എത്തുന്ന രണ്ടാമത്തെ കഥാപാത്രം. സദ്വാർത്തയുടെ പ്രഘോഷണം അഭിസംബോധന ചെയ്യപ്പെടുന്നത് പ്രബുദ്ധരായവർക്കോ തെരഞ്ഞെടുക്കപ്പെട്ട കുറച്ചുപേർക്കു മാത്രമോ അല്ല. യേശുവിന്റെ സംവാദകർ സാധാരണക്കാരായ "മനുഷ്യരാണ്," അതായത്, മാനുഷികസ്ഥിതിയിൽ ആയിരിക്കുന്ന "ഓരോ ആളും." അവരെ യേശു ദൈവത്തിന്റെ ദാനവും രക്ഷയിലേക്കുള്ള വിളിയുംതമ്മിൽ നേരിട്ട് ബന്ധപ്പെടുത്തുന്നു. അതിനു സാക്ഷികളായ ചിലരെ ചിലപ്പോൾ അതു അദ്ഭുതപ്പെടുത്തുകയും ഞെട്ടിപ്പിക്കുകയും ചെയ്യുന്നു. ജനക്കൂട്ടത്തിൽ നിന്നുള്ള എല്ലാവരെയും യേശു സംവാദകരായി സ്വീകരിക്കുന്നു; കാനാൻകാരി സ്ത്രീയുടെ വികാരാധീനമായ എതിർന്യായങ്ങളെ യേശു കേൾക്കാൻ തയ്യാറാകുന്നു (മത്താ 15:21-28 കാണുക); അവിടന്നു കൊണ്ടുവന്ന അനുഗ്രഹങ്ങളിൽനിന്നു അകറ്റി നിറുത്തപ്പെടാൻ അവൾ തയ്യാറാകുന്നില്ല. സാമൂഹ്യമായും മതപരമായും അനുരഞ്ജിതയായ ഒരു അവസ്ഥയിൽ അല്ലാതിരുന്നിട്ടും സമറിയാക്കാരി സ്ത്രീയുമായി സംവദിക്കുവാൻ യേശു സമ്മതം മൂളുന്നു (യോഹ 4:1-42 കാണുക); ഔദ്യോഗികമതം കൃപയുടെ പുറത്തു നിറുത്തിയിരുന്ന ജന്മനാ അന്ധനായ മനുഷ്യനെ സ്വതന്ത്രവും കൃതജ്ഞതാനിർഭരവുമായ വിശ്വാസത്തിലേക്കു യേശു ക്ഷണിക്കുന്നു (യോഹ 9 കാണുക).

19. ശിഷ്യത്വത്തിൽ വിശ്വസ്തരായിരിക്കുന്നതിന്റെ അനുഭവം പേറിക്കൊണ്ട് ചിലർ യേശുവിനെ വളരെ പ്രകടമായി അനുഗമിക്കുന്നു; മറ്റുള്ളവർ തങ്ങളുടെ സാധാരണ ജീവിതത്തിലേക്കു തിരികെ പോകാൻ വിളിക്കപ്പെടുന്നു; എന്നാൽ എല്ലാവരും തങ്ങളെ രക്ഷിച്ച വിശ്വാസത്തിന്റെ ശക്തിയുടെ സാക്ഷ്യം നല്കുന്നു (മത്താ 15:28 കാണുക). യേശുവിനെ അനുഗമിച്ചവരിൽ താൻ ആദ്യംതന്നെ വിളിച്ച അപ്പസ്തോലന്മാരുടെ ചിത്രം വ്യക്തമായും പ്രധാനപ്പെട്ടതായി നില്ക്കുന്നു. വെളിപാടിനോടും, സമാഗമമായ ദൈവരാജ്യത്തോടും ഉള്ള ജനത്തിന്റെ ബന്ധത്തിൽ അധികാരപൂർവം മാധ്യസ്ഥ്യം വഹിക്കാനുള്ള ചുമതല നല്കപ്പെട്ടവരായിരുന്നു അവർ. ഈ മൂന്നാമത്തെ കഥാപാത്രത്തിന്റെ രംഗപ്രവേശം ഒരു രോഗശാന്തിയുടേയോ ഒരു മാനസാന്തരത്തിന്റെ അടിസ്ഥാനത്തിലോ അല്ല, മറിച്ച് അത് യേശുവിന്റെ വിളിയുമായി ചേർന്നുപോകുന്നതുകൊണ്ടാണ്. അപ്പസ്തോലന്മാരുടെ തെരഞ്ഞെ

ടുപ്പ് അനന്യമായ സ്ഥാനത്തിന്റെ അധികാരമോ പ്രത്യേകാനുകൂല്യമോ അല്ല സൂചിപ്പിക്കുന്നത്; അത് എല്ലാവരെയും ഉൾക്കൊള്ളുന്ന അനുഗ്രഹത്തിന്റെയും കൂട്ടായ്മയുടെയും കൃപാവരമാണ്. ഉത്ഥിതനായ നാഥന്റെ സമ്മാനമായ ആത്മാവുവഴി തങ്ങൾതന്നെ യേശുവിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുന്നതിനെതിരേ അവർ നിലകൊള്ളണം; യേശുവിനെ കണ്ടെത്തുന്നതിൽ അവിടത്തെ സാന്നിദ്ധ്യത്തിന്റെ മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നവരാകരുത് അവർ; അവർ യേശുവിനെ കണ്ടുമുട്ടുന്നത് എളുപ്പമുള്ളതാക്കണം.

20. **യേശു, വിവിധ തരത്തിലുള്ള ജനക്കൂട്ടം, അപ്പസ്തോലന്മാർ**: താൻ എന്തായിരിക്കുന്നുവോ അത് വർദ്ധിതമായി ആയിത്തീരുന്നതിനുവേണ്ടി സഭ നിരന്തരം ധ്യാനിക്കേണ്ടതും ആഴത്തിൽ കണ്ടെത്തേണ്ടതുമായ പ്രതിബിംബവും രഹസ്യവും ഇതാണ്. ഈ മൂന്നു അഭിനേതാക്കളിൽ ഒരാൾക്കും രംഗം വിടാനാവില്ല. യേശുവിന്റെ സാന്നിധ്യമില്ലെങ്കിൽ മറ്റാരെങ്കിലും അവിടത്തെ സ്ഥാനം ഏറ്റെടുക്കും. അപ്പോൾ സഭ അപ്പസ്തോലന്മാരും ജനക്കൂട്ടവും തമ്മിലുള്ള ഒരു കരാർ ആയി പരിണമിക്കും; അങ്ങനെ ഒരു രാഷ്ട്രീയക്കളിയുടെ ഉപജാപമായി അതിന്റെ സംവാദം അവസാനിക്കും. യേശു അധികാരപ്പെടുത്തിയവരും ആത്മാവിനാൽ പ്രബോധിതരും ആയ അപ്പസ്തോലന്മാരെകൂടാതെ സുവിശേഷാത്മക സത്യവുമായുള്ള ബന്ധം വിച്ഛേദിക്കപ്പെടുന്നു; ജനക്കൂട്ടമാകട്ടെ, യേശുവിനെ അത് സ്വീകരിക്കുകയോ തിരസ്ക്കരിക്കുകയോ ചെയ്താലും, അവിടത്തെ സംബന്ധിച്ച ഒരു കാല്പനിക കഥയുടെയോ പ്രത്യയശാസ്ത്രത്തിന്റെയോ മാത്രം മുന്നിൽ നില്ക്കുന്നവരായി അവശേഷിക്കും. ജനക്കൂട്ടത്തെകൂടാതെ അപ്പസ്തോലന്മാരുടെ യേശുവുമായുള്ള ബന്ധം സ്വന്തവ്യക്തിത്വത്തിലേക്കു തിരിഞ്ഞിരിക്കുന്ന രൂപത്തിലുള്ള മതശാഖ (sect) ആയി അധഃപതിക്കും; ഓരോ ആളിനെയും വ്യക്തിപരമായി അഭിസംബോധന ചെയ്തുകൊണ്ട്, തന്റെ രക്ഷ പ്രദാനം ചെയ്യുന്ന ദൈവത്തിന്റെ നേരിട്ടുള്ള സ്വയം വെളിപ്പെടുത്തലിന്റേതായ സുവിശേഷവൽക്കരണംതന്നെയും പ്രകാശം നഷ്ടപ്പെട്ടതായി മാറും.

21. ഇനിയുള്ളത് അധികമായി വരുന്ന അഭിനേതാവാണ്, അതായത് എതിരാളി. അവൻ മറ്റു മൂന്നു കൂട്ടരും തമ്മിലുള്ള പൈശാചികമായ വേർപെടുത്തൽ അരംഗത്തേക്കു കൊണ്ടുവരുന്നു. കുരിശിന്റെ അസ്വസ്ഥജനകമായ കാഴ്ചയുടെമുമ്പിൽ വിട്ടകലുന്ന ശിഷ്യരും, ഭാവം മാറുന്ന ജനക്കൂട്ടവും ഉണ്ട്. വിഭജനങ്ങളുണ്ടാക്കുന്ന വഞ്ചനാപരത - അങ്ങനെ പൊതുവായ പാതയെ തടസ്സപ്പെടുത്തുന്ന - പലവിധത്തിൽ സ്വയം അവതീർണമാക്കുന്നു: മതാത്മകമായുള്ള കാർക്കശ്യത്തിന്റെ രൂപങ്ങളിൽ, യേശു

വിന്റേതിൽ നിന്നു ഉപരിയായി നില്ക്കുന്ന ധാർമിക അനുശാസനം, അരൂപികളെ വിവേചിച്ചറിയുന്നതിനുംമുകളിൽ ഫലപ്രദമായി നിലകൊള്ളുന്നു എന്നു അവകാശപ്പെടുന്ന ലോകത്തിന്റേതായ രാഷ്ട്രീയ വിജ്ഞാനത്തിന്റെ വശീകരണം എന്നിവ. നാലാം അഭിനേതാവിന്റെ വഞ്ചനകളിൽ നിന്നും രക്ഷപ്പെടാൻ തുടർച്ചയായുള്ള മാനസാന്തരം ആവശ്യമാണ്. ശതാധിപൻ കൊർണേലിയൂസിനെ സംബന്ധിക്കുന്ന സംഭവം (അപ്പ 10 കാണുക) ഇക്കാര്യത്തിൽ സൂചനാത്മകമാണ്. ആ സംഭവമാണ് ജറുസലേം കൗൺസിലിനു മുന്നോടിയായി നില്ക്കുന്നത് (അപ്പ 15 കാണുക). ഒരു സിനഡാത്മക സഭയുടെ നിർണായകമായ ഉദാഹരണരൂപമാണത്.

## മാനസാന്തരത്തിന്റെ ദ്വിതല ചലനാത്മകത: പത്രോസും/കൊർണേലിയൂസും (അപ്പ 10)

22. കൊർണേലിയൂസിന്റെ മാനസാന്തരത്തിന്റെ കഥയാണ് ആദ്യമായി പറയുന്നത്; അയാൾക്ക് ഒരുതരം മംഗലവാർത്തപോലും ലഭിക്കുന്നു. കൊർണേലിയൂസ് വിജാതിയനാണ്; അധിനിവേശ സേനയിലെ മിക്കവാറും ഒരു ശതാധിപൻ (താഴെക്കിടയിലുള്ള ഒരു ഓഫീസർ); അക്രമവും അധിക്ഷേപവും അയാളുടെ ജോലിയുടെ ഭാഗമാണ്; എന്നുവരികിലും അയാൾ പ്രാർത്ഥനയും ദാനധർമ്മവും നടത്തിവന്നിരുന്നു; അതായത്, അയാൾ ദൈവവുമായുള്ള ഒരു ബന്ധം നിലനിറുത്തിപ്പോരുകയും തന്റെ അയൽക്കാരനെക്കുറിച്ച് കരുതലോടെ പെരുമാറുകയും ചെയ്തുവന്നു. അയാളുടെ ഭവനത്തിലാണ് അപ്രതീക്ഷിതമായി ദൈവദൂതൻ പ്രവേശിക്കുന്നത്. ദൂതൻ അയാളെ പേര് ചൊല്ലി വിളിക്കുകയും തന്റെ ഭൃത്യരെ പത്രോസിനെ വിളിക്കാനായി (വിളിയുടെ ക്രിയാപദം) ജാഫായിലേക്ക് അയയ്ക്കാൻ (ദൗത്യത്തിന്റെ ക്രിയാപദം) നിർദ്ദേശിക്കുകയും ചെയ്യുന്നു. തുടർന്ന് കഥ പത്രോസിന്റെതന്നെ മാനസാന്തരത്തിന്റേതായി മാറുന്നു. ആ ദിവസംതന്നെ പത്രോസിനു ഒരു ദർശനമുണ്ടാകുന്നു. അതിൽ ഒരു അശരീരി ശബ്ദം പത്രോസിനോട് അശുദ്ധമായിരുന്ന ചില മൃഗങ്ങളെ കൊന്നുതിന്നാൻ കല്പിക്കുന്നു. എന്നാൽ പത്രോസിന്റെ തീരുമാനം ഉറച്ചതാണ്: “ഒരിക്കലുമില്ല, കർത്താവേ” (അപ്പ 10:14). കർത്താവാണ് തന്നോട് സംസാരിക്കുന്നതെന്നു പത്രോസ് മനസ്സിലാക്കുന്നു; എന്നാൽ അങ്ങനെ ചെയ്യുന്നതിനെ പത്രോസ് ശക്തമായി എതിർക്കുന്നു, കാരണം ആ കല്പന നിയമപ്രമാണത്തിന്റെ ചട്ടങ്ങളെ ലംഘിക്കുന്നതായിരുന്നു; അവ കാത്തുപാലിക്കുക എന്നത് തന്റെ അലംഘനീയമായ മതാത്മക സ്വത്വബോധത്തിന്റെ ഭാഗമായിരുന്നു; തങ്ങളുടെ തെരഞ്ഞെടുപ്പിനെ അന്യജനതകളിൽനിന്നും തങ്ങളെ വ്യത്യസ്തരും അവരെ ഒഴി

വാക്കി നിറുത്തുന്നതിന്റെയും ഭാഗമാണെന്നു മനസ്സിലാക്കിയതിന്റെ പ്രകടനമായിരുന്നു അപ്രകാരമുള്ള പ്രവൃത്തി.

23 അപ്പസ്തോലൻ തീർത്തും അസ്വസ്ഥനായിത്തീരുന്നു. തനിക്ക് സംഭവിച്ച കാര്യത്തിന്റെ അർത്ഥത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുമ്പോഴാണ് കൊർണേലിയൂസ് അയച്ച ആളുകൾ എത്തിച്ചേരുന്നത്. അയാൾ അയച്ച ദൂതരാണ് അവരെന്ന് ആത്മാവ് അപ്പസ്തോലനു മനസ്സിലാക്കികൊടുക്കുന്നു. തോട്ടത്തിൽവച്ച് യേശു പറഞ്ഞ വാക്കുകളെ അനുസ്മരിക്കുംവിധം പത്രോസ് അവരോടു സംസാരിക്കുന്നു, “നിങ്ങൾ അന്വേഷിക്കുന്ന ആൾ ഞാൻ തന്നെ” (അപ്പ 10:21). ഇത് യഥാർത്ഥവും ശരിയായിട്ടുള്ളതുമായ മാനസാന്തരമാണ്, അതായത്, തന്റെ സ്വന്തം സാംസ്കാരികവും മതാത്മകവുമായ ഭാവങ്ങളെ ഉപേക്ഷിച്ച് ദുഃഖകരവും അതേസമയം അതീവ ഫലദായകവുമായ ഒന്നിലേക്കുള്ള ഒരു കടന്നുപോകൽ: താൻ എക്കാലവും നിഷിദ്ധമായി കരുതിയിരുന്ന ഭക്ഷണം വിജാതിയരുമായിട്ടിരുന്നു കഴിക്കാൻ പത്രോസ് തയ്യാറാകുന്നു. തനിക്ക് ദൈവവും മറ്റു മനുഷ്യരുമായി ജീവനും കൂട്ടായ്മയും നേടിത്തരുന്ന ഒന്നാണെന്നു തിരിച്ചറിഞ്ഞതിന്റെ ഭാഗമായിരുന്നു അത്. തന്റെ ദർശനത്തിന്റെ അർഥം ജനങ്ങളുമായി കണ്ടുമുട്ടുന്നതിന്റേതും, അവരോടൊപ്പം സഞ്ചരിക്കുന്നതിന്റേതും, അവരുടെ ഭവനങ്ങളിൽ പ്രവേശിക്കുന്നതിന്റേയും ഒക്കെയാണെന്നു പത്രോസ് മനസ്സിലാക്കുന്നു: ഒരു മനുഷ്യവ്യക്തിയും ദൈവത്തിന്റെ നയനങ്ങളിൽ അയോഗ്യനല്ല; തെരഞ്ഞെടുപ്പു വഴിയായി വന്നുചേർന്ന വ്യത്യാസം ചിലരെ ഒഴിവാക്കുന്ന തരമുള്ള പ്രഥമ പരിഗണനയല്ല ഉദ്ദേശിക്കുന്നത്; പ്രത്യുത അത് ശുശ്രൂഷയും സാർവത്രികമായ വിശാലതയുടെ സാക്ഷ്യവുമാണെന്നു പത്രോസ് ഗ്രഹിക്കുന്നു.

24 മറ്റാളുകളെയും തങ്ങളുടെ മാനസാന്തരത്തിന്റെ സഞ്ചാരത്തിൽ കൊർണേലിയൂസും പത്രോസും ഉൾചേർക്കുന്നു; അവരെയും തങ്ങളുടെ പാതയിൽ സഹകാരികളാക്കുന്നു. ആ അപ്പസ്തോലിക പ്രവൃത്തി സമൂഹ സൃഷ്ടി നടത്തുകയും, തടസ്സങ്ങൾ തച്ചുടയ്ക്കുകയും, കണ്ടുമുട്ടലുകൾ പ്രോത്സാഹിപ്പിക്കുകയും ചെയ്യുകവഴി ദൈവഹിതം നിറവേറ്റാൻ ഇടവരുത്തുന്നു. ഈ രണ്ടു കഥാപാത്രങ്ങൾ തമ്മിലുള്ള കണ്ടുമുട്ടലിൽ വചനം ഒരു കേന്ദ്രീകൃത ദൗത്യം നിർവഹിക്കുന്നുണ്ട്. കൊർണേലിയൂസ് തന്റെ അനുഭവം വിവരിച്ചു തുടങ്ങുന്നു. പത്രോസ് അയാളെ ശ്രവിച്ചശേഷം സംസാരിക്കുന്നു. തനിക്ക് സംഭവിച്ചതെന്താണെന്നും കർത്താവിന്റെ സാമിപ്യത്തിനു സാക്ഷ്യം നൽകുകയും ചെയ്യുന്നു. മനുഷ്യരാശിയെ

ക്ലേശിപ്പിക്കുകയും മനുഷ്യരെ തിന്മയുടെ ബന്ധിതരാക്കുകയും ചെയ്തിരിക്കുന്ന അവസ്ഥയിൽ നിന്നു വ്യക്തികളെ മോചിപ്പിക്കുന്നതിനായി കർത്താവ് എങ്ങനെ അവരെ കണ്ടുമുട്ടാനായി പോകുന്നു എന്നതിനെ ക്കുറിച്ച് പത്രോസ് സംസാരിക്കുന്നു (അപ്പ 10:38 കാണുക). ഇവ്വിധമുള്ള വചനംതന്നെയാണ് പത്രോസ് പിന്നീട് ജറുസലേമിൽ അവലംബിക്കു ന്നതും. അവിടെവച്ച് പരിച്ഛേദിതർ പത്രോസിനെ വിമർശിക്കുകയുണ്ടായി. പാരമ്പര്യ നിയമങ്ങളെ ലംഘിച്ചു എന്നാണ് അവർ പത്രോസിനെക്കുറിച്ച് പറഞ്ഞത്. ആത്മവർഷത്തെ അവഗണിച്ചുകൊണ്ട് പാരമ്പര്യ നിയമങ്ങളി ലായിരുന്നു അവരുടെ ഊന്നൽ. അവർ പറഞ്ഞു: "അപരിച്ഛേദിതരുടെ അടുക്കൽ നീ പോകുകയും അവരോടൊപ്പം ഭക്ഷണം കഴിക്കുകയും ചെയ്തു" (അപ്പ 11:3). ഏറ്റുമുട്ടലിന്റെ ആ നേരത്ത് പത്രോസ് തനിക്കുണ്ടായ അനുഭവവും, തന്റെ അപ്പോഴത്തെ ഞെട്ടലും അത് ഗ്രഹിക്കാനുണ്ടായ ബുദ്ധിമുട്ടും, അതിനോടുണ്ടായ എതിർപ്പും എല്ലാം വിവരിച്ചു. അത് തന്നോട് സംസാരിച്ചവരുടെ ആദ്യ എതിർപ്പും ദുഃശാഠ്യവും എല്ലാം മാറാനുംതന്നെ കേൾക്കാനും തനിക്ക് സംഭവിച്ചത് സ്വീകരിക്കാനും സഹായകമായി. ജെറുസലേമിലെ "കൗൺസിലിൽ" നടന്നതുപോലെ വിശുദ്ധ ലിഖിതങ്ങൾ അർത്ഥം കണ്ടെത്താനായി സഹായിക്കും; അത് ആത്മാവിനെ ഒന്നുചേർന്ന് ശ്രവിക്കുന്നതു വഴിയായുള്ള ഒരു വിവേചിച്ചറിയൽ പ്രക്രിയയിലൂടെയാണ് നടക്കുന്നത്.

## IV സിനഡാത്മകത പ്രവൃത്തിപദത്തിൽ: ദൈവജനവുമായി കൂടിയാലോചന നടത്താനുള്ള മാർഗങ്ങൾ

25. വചനത്താൽ പ്രകാശിതവും പാരമ്പര്യത്തിൽ അധിഷ്ഠിതവുമായ രീതിയിൽ സിനഡിന്റെ മാർഗം ദൈവജനത്തിന്റെ സാധാരണ ജീവിതത്തിൽ രൂഢമൂലമായതാണ്. യഥാർത്ഥത്തിൽ അതിന്റെ പ്രത്യേകതതന്നെ അതിന്റെ അനിതരസാധാരണമായ വിഭവ സമ്പത്താണ്: അതിന്റെ ലക്ഷ്യമാകുന്ന സിനഡാത്മകത അതിന്റെ മാർഗംകൂടിയാണ്. മറ്റു വാക്കുകളിൽ, ഇത് ഒരു തരം നിർമാണ വേദിയോ അല്ലെങ്കിൽ പ്രാരംഭ അനുഭവമോ ആണ്. അതാ യത്, ഇത് ക്രൈസ്തവ സമൂഹത്തിൽ കൊണ്ടുവരുന്ന വർദ്ധമാനമാകുന്ന സിനഡാത്മക മാനസാന്തരത്തിന്റേതായ ചലനാത്മകതയുടെ ഫലങ്ങൾ ഉടൻതന്നെ കൊയ്തെടുത്തു തുടങ്ങാനുള്ള സാധ്യത സംജാതമാക്കുന്നു. മറുവശത്ത്, വ്യത്യസ്തതലങ്ങളിലും, തീവ്രതയുടെ വ്യത്യസ്ത അളവിലും ഉണ്ടായിട്ടുള്ള സിനഡാത്മകതയുടെ അനുഭവങ്ങളിലേക്കു മാത്രമല്ല

ഇതിനു വിരൽചൂണ്ടാനാകുന്നത്: ഏതുദിശയിലാണ് തുടർന്നു നീങ്ങേണ്ട തെന്ന വിവേചിച്ചറിയലിന്റെ അംശങ്ങൾ അപ്രകാരമുള്ളവയുടെ കരുത്തും നേട്ടങ്ങളും നൽകുന്നതോടൊപ്പം അവയുടെ പരിമിതികളും പ്രതിബന്ധ ങ്ങളും ചൂണ്ടിക്കാണിക്കുന്നു. ഇവിടെ ഇപ്പോഴത്തെ സിനഡാത്മക സഞ്ചാ രം തുടങ്ങിവച്ച അനുഭങ്ങളെകുറിച്ചാണ് പരാമർശിക്കുന്നതെങ്കിലും, സിന ഡാത്മകത എന്ന സംജ്ഞ അറിയുകയോ പ്രയോഗത്തിൽ ഇല്ലാതിരിക്കയോ ചെയ്യാതെതന്നെ, നാം സാധാരണ ജീവിതത്തിൽ, ഇപ്പോൾത്തന്നെ നടത്തി ക്കൊണ്ടിരിക്കുന്ന "ഒരുമിച്ചുള്ള സഞ്ചാരത്തിൽ" അനുഭവിച്ചുകൊണ്ടിരിക്കു ന്നതിനെക്കുറിച്ചും പരാമർശിക്കുന്നതാണ്.

## അടിസ്ഥാനപരമായ ചോദ്യം

26 ആരംഭത്തിൽ സൂചിപ്പിച്ചതുപോലെ, ദൈവജനവുമായി കൂടിയാലോ ചന നടത്തുന്നതിൽ നമ്മെ നയിക്കുന്ന അടിസ്ഥാന ചോദ്യമിതാണ്:

*ഒരു സിനഡാത്മക സഭ, സുവിശേഷപ്രഘോഷണത്തിൽ, "ഒരുമിച്ചു സഞ്ചരിക്കുന്നു:"* ഇന്ന് നിങ്ങളുടെ പ്രാദേശികസഭയിൽ എങ്ങനെയാണ് ഈ "ഒരുമിച്ചുള്ള സഞ്ചാരം" നടക്കുന്നത്? നമ്മുടെ "ഒരുമിച്ചുള്ള സഞ്ചാരത്തിൽ" മുന്നേറാൻ ഏതു കാൽവയ്പ്പുകൾ നടത്താനാണ് ആത്മാവ് നമ്മെ ക്ഷണി ക്കുന്നത്?

ഈ ചോദ്യത്തോട് പ്രതികരിക്കാൻ താഴെപ്പറയുന്നവിധം ചെയ്യുക:

a) നിങ്ങളുടെ പ്രദേശികസഭയിൽ ഉണ്ടായിട്ടുള്ള ഏതൊക്കെ അനുഭവങ്ങ ളാണ് ഈ അടിസ്ഥാനചോദ്യം നിങ്ങളുടെ മനസ്സിലേക്കു കൊണ്ടുവരു ന്നതെന്ന് സ്വയം ചോദിക്കുവിൻ;

b) പ്രസ്തുത അനുഭവങ്ങൾ കൂടുതൽ ആഴത്തിൽ പുനർവായിക്കുവിൻ: എത്രമാത്രം സന്തോഷമാണ് അവ നിങ്ങളുടെ മനസ്സിൽ ഉയർത്തി യത്? അവ ഏതുതരം പ്രതിബന്ധങ്ങളും പ്രതിസന്ധികളും ആണ് നേരിട്ടത്? ഏതൊക്കെ മുറിവുകളാണ് അവ വെളിച്ചത്തുകൊണ്ടുവന്നത്? ഏതൊക്കെ ഉൾക്കാഴ്ചകളാണ് അവ പുറത്തുകൊണ്ടുവന്നത്?

c) പങ്കുവയ്ക്കാനുള്ള ഫലങ്ങൾ ശേഖരിക്കുവിൻ: ഈ അനുഭവങ്ങളിൽ എവിടെയാണ് ആത്മാവിന്റെ സ്വരം പ്രതിധ്വനിക്കുന്നത്? സ്ഥിരീകരി ക്കേണ്ട ഘടകങ്ങൾ ഏതെല്ലാം? വ്യത്യാസപ്പെടുത്താനുള്ള ഘടകങ്ങൾ, എടുക്കേണ്ട നടപടികൾ? എവിടെയൊക്കെയാണ് പൊതുസമ്മതം

ഉള്ളത്? നമ്മുടെ പ്രാദേശിക സഭക്ക് ഏതൊക്കെ പാതകളാണ് തുറന്നു വരുന്നത്?

## സിനഡാത്മകതയെക്കുറിച്ചുള്ള വ്യത്യസ്ത ആശയ തലങ്ങൾ

27. അടിസ്ഥാന ചോദ്യത്താൽ പ്രചോദിതമാകുന്ന പ്രാർത്ഥനയിലും വിചിന്തനത്തിലും പങ്കുവയ്ക്കലിലും സിനഡാത്മകത എന്നത് "സഭയുടെ ഘടനാപരമായ ഭാവം"[20] ആണെന്നു സ്പഷ്ടമാക്കപ്പെടുന്ന മൂന്നു തലങ്ങൾ മനസ്സിൽ സൂക്ഷിക്കുന്നത് ഉചിതമായിരിക്കും:

- സഭ സാധാരണ ഗതിയിൽ ജീവിക്കുകയും പ്രവർത്തിക്കുയും ചെയ്യുന്ന ശൈലിയിലുള്ള തലം: ഈ ശൈലിയാണ് സഭ ഒരുമിച്ച് സഞ്ചരിക്കുന്ന ദൈവജനമാണെന്നും സുവിശേഷം പ്രഘോഷിക്കുന്നതിനായി പരിശുദ്ധാത്മാവിന്റെ ശക്തിയാൽ കർത്താവായ യേശുവിൽ വിളിക്കപ്പെട്ട് ഒരു സമൂഹമായി ചേരുന്ന സ്വഭാവമുള്ളതാണെന്നുമുള്ള കാര്യം വെളിപ്പെടുത്തുന്നത്. "വചനം ശ്രവിക്കുകയും, ദിവ്യബലി അർപ്പിക്കുകയും, ദൈവജനം അതിന്റെ കൂട്ടായ്മയുടെ സാഹോദര്യവും, അതിന്റെ ജീവിതത്തിലും ദൗത്യത്തിലും കൂട്ടുത്തരവാദിത്വവും പങ്കാളിത്തവും, എല്ലാത്തലങ്ങളിലും വ്യത്യസ്ത ശുശ്രൂഷകളും കർത്തവ്യങ്ങളും വേർതിരിച്ച് നടത്തുകയും ചെയ്യുന്ന ഒരു സമൂഹത്തിലൂടെയാണ്"[21] ഈ ശൈലി സാക്ഷാത്കരിക്കപ്പെടുന്നത്.
- സഭാത്മക ചട്ടകൂടുകളുടെയും പ്രക്രിയകളുടെയും തലം: ഇത് ദൈവശാസ്ത്രപരവും കാനോനികവുമായ കാഴ്ച്ചപ്പാടിൽ നിർണയിക്കപ്പെട്ടതാണ്; ഇതിലൂടെയാണ് സ്ഥാപനപരമാംവിധം പ്രാദേശികവും, മേഖലാപരവും സാർവത്രികവുമായ തലങ്ങളിൽ സഭയുടെ സിനഡാത്മക സ്വഭാവം പ്രകാശിതമാകുന്നത്.
- സിനഡാത്മക പ്രക്രിയകളുടെയും സംഭവങ്ങളുടെയും തലത്തിൽ: ഇവിടെയാണ് അർഹതയുള്ള അധികാരിയാൽ സഭാപരമായ നിയമങ്ങൾ നിഷ്കർഷിച്ചിട്ടുള്ള പ്രത്യേക നടപടിക്രമങ്ങൾവഴി സഭ വിളിച്ചുചേർക്കപ്പെടുന്നത്.

യുക്തിസഹമായ കാഴ്ച്ചപ്പാടിൽ വ്യത്യസ്തങ്ങളാണെങ്കിലും, ഈ മൂന്നു തലങ്ങളും ഒന്നു മറ്റൊന്നിനോട് ബന്ധിതമായിരിക്കുന്നു; അവ ഉചിതമാം വിധം ഒരുമിച്ച്ചേർത്ത് വയ്ക്കപ്പെടുകയും വേണം. അല്ലെങ്കിൽ ഒരു എതിർ സാക്ഷ്യമാണ് നൽകപ്പെടുന്നത്; അങ്ങനെ സഭയുടെ വിശ്വാസ്യതയ്ക്ക് കോട്ടം വരുകയും ചെയ്യുന്നു. യഥാർത്ഥത്തിൽ, ചട്ടക്കൂടുകളിലും പ്രക്രിയ

കളിലും സിനഡാത്മക ശൈലി പ്രതിനിധാനം ചെയ്യപ്പെട്ടിട്ടില്ലെങ്കിൽ നിയോഗങ്ങളുടെയും ആഗ്രഹങ്ങളുടെയും തലത്തിൽനിന്ന് അത് അനായാസം വാഗ്പാടവ ശൈലിയിലേക്കു അധ:പതിക്കും; മാത്രമല്ല, പ്രക്രിയകളും സംഭവങ്ങളും യോജ്യമായ ശൈലിയിൽ ജീവസുറ്റതാക്കപ്പെട്ടില്ലെങ്കിൽ അവ പൊള്ളയായ ആചാരങ്ങളായി ഭവിക്കും.

28 കൂടാതെ, പുനർവായനാ അനുഭവങ്ങളിൽ ഒരു കാര്യം മനസ്സിൽ സൂക്ഷിക്കേണ്ടതായുണ്ട്: "ഒരുമിച്ചുള്ള സഞ്ചാരം" പരസ്പരം ശക്തമായി ബന്ധിതമായിരിക്കുന്ന രണ്ടു വ്യത്യസ്ത കാഴ്ച്ചപ്പാടുകളാൽ മനസ്സിലാക്കപ്പെടാവുന്നതാണ് എന്നത്. ആദ്യ കാഴ്ച്ചപ്പാട് പ്രാദേശിക സഭകളുടെ (രൂപതകളുടെ) ഉള്ളിൽത്തന്നെയുള്ള ജീവിതത്തിലേക്ക് നോക്കുന്നതാണ്. രൂപതകളുടെ രൂപീകൃത ഘടകങ്ങൾ തമ്മിലുള്ള ബന്ധത്തെയും (പ്രഥമവും പ്രധാനവുമായി വിശ്വാസികളും ഇടയൻമാരും തമ്മിലുള്ള ബന്ധം - അത് കാനോനികമായ നിയമ സംവിധാനങ്ങൾ വിഭാവന ചെയ്തിട്ടുള്ള പങ്കാളിത്ത സ്വഭാവമുള്ള സ്ഥാപനങ്ങൾ വഴി, രൂപതാസിനഡ് ഉൾപ്പെടുന്നതുപോലും) അവ വിഭജിതമായിരിക്കുന്ന സമൂഹങ്ങൾ (പ്രത്യേകിച്ച് ഇടവകകൾ) തമ്മിലുള്ള ബന്ധത്തെയും അവലോകനം ചെയ്യുന്നതാണിത്. അതിനുശേഷം അത് മെത്രാന്മാരും റോമിലെ മെത്രാനും തമ്മിലുള്ള ബന്ധം നോക്കിക്കാണുന്നു; അത് സിനഡാത്മകതയുടെ വിവിധ ഇടനില ചട്ടകൂടുകളിലൂടെയുമാണ് (അതായത്, പാത്രിയാർക്കൽ, ശ്രേഷ്ഠ മെത്രാപ്പോലിത്തൻ സഭകളുടെ സിനഡുകൾ, വ്യക്തിഗത സഭകളുടെ ഹയരാർക്കുകളുടെ കൗൺസിലുകൾ, ഹയരാർക്കുകളുടെ അസംബ്ളികൾ, മെത്രാൻസമിതികൾ-അവയുടെ രാഷ്ട്രതല, അന്താരാഷ്ട്രതല, ഭൂഖണ്ഡതല രൂപങ്ങൾ, എന്നിവയിലൂടെ). തുടർന്ന്, ഈ കാഴ്ചപ്പാട് ഓരോ പ്രാദേശിക സഭയും (രൂപതയും) അതിന്റെതന്നെ വിവിധ ഭാവങ്ങളായവയുടെ സംഭാവനകൾ എങ്ങനെ സമന്വയിപ്പിക്കുന്നു എന്നു പരിശോധിക്കുന്നു, അതായത്, ആശ്രമ ജീവിതം, സന്യാസ ജീവിതം, സമർപ്പിത ജീവിതം എന്നിവ നയിക്കുന്നവരുടെ, അല്മായ സംഘടനകളുടെ, ഇതര പ്രസ്ഥാനങ്ങളുടെ (വിദ്യാലയങ്ങൾ, ആശുപ ത്രികൾ, യൂണിവേഴ്സിറ്റികൾ, ഫൗണ്ടേഷനുകൾ ഉപവിയുടെയും സഹായ ത്തിന്റേതുമായ സംഘടനകൾ എന്നിവ) തുടങ്ങിയവയുടെ സംഭാവനകളെ വീക്ഷിക്കുന്നു. അവസാനമായി, ഈ കാഴ്ച്ചപ്പാട്, നമ്മോടൊപ്പം ഒരേ ജ്ഞാനസ്നാനത്തിന്റെ ദാനം പങ്കിടുന്ന ക്രൈസ്തവ സഭകളിലെ സഹോദരീസഹോദരൻമാരുമായുള്ള ബന്ധവും പൊതുവായുള്ള സംരംഭങ്ങളും അവലോകനം ചെയ്യുന്നു.

29. ദൈവജനം എപ്രകാരം മുഴുവൻ മാനവകുടുംബവുമായി ഒരുമിച്ചു സഞ്ചരിക്കുന്നു എന്നതാണ് രണ്ടാമത്തെ കാഴ്ച്ചപ്പാട് പരിഗണിക്കുന്നത്.

അങ്ങനെ നമ്മിൽനിന്നും വിശ്വാസത്തിൽ വിദൂരത്തായിരിക്കുന്ന ഇതര മതവിശ്വാസികളുമായുള്ള ബന്ധങ്ങളുടെ സ്ഥിതി, സംവാദം, സാധ്യമാകുന്ന പൊതുസംരംഭങ്ങൾ എന്നിവ സംബന്ധിച്ചായിരിക്കും നമ്മുടെ അപഗ്രഥനം. ഇത് പ്രത്യേക സാമൂഹ്യ പരിതോവസ്ഥകളിലായിരിക്കുന്നവരോടും, സംഘടനകളോടും, അവരുടെ സ്ഥാപനങ്ങളോടും കൂടിയും ആവാം (രാഷ്ട്രീയരംഗം, സാംസ്കാരികവേദി, ധനതത്വം, ധനപരിപാലനം, തൊഴിൽ, തൊഴിലാളിസംഘടനകൾ, വാണിജ്യ സംഘടനകൾ, സർക്കാരിതരവും, പൗരന്മാരുടേതുമായ സംഘടനകൾ, ജനകീയ പ്രസ്ഥാ നങ്ങൾ, വിവിധ തരം ന്യൂനപക്ഷങ്ങൾ, ദരിദ്രരും ബഹിഷ്കൃതരുമായവർ എന്നിങ്ങനെ).

## കണ്ടെത്തേണ്ട പ്രമേയപരമായ പത്ത് മൂലബിന്ദുക്കൾ

30. അനുഭവങ്ങളെ പ്രകാശിതമാക്കാൻ സഹായിക്കാനും ആലോചനയ്ക്കു വർദ്ധിതമായവിധം സംഭാവന ചെയ്യാനുമായി "ജീവിക്കപ്പെട്ട സിനഡാത്മകത"യുടെ വ്യത്യസ്തമുഖങ്ങളെ വ്യക്തമാക്കുന്ന പ്രമേയപരമായ പത്ത് മൂലബിന്ദുക്കൾ താഴെ ചേർക്കുന്നു:

അവ സമയാസമയം വ്യത്യസ്തങ്ങളായ പ്രാദേശിക സാഹചര്യങ്ങളനുസരിച്ച്, അനുരൂപപ്പെടുത്തുകയും സമന്വയിക്കപ്പെടുകയും വിശദീകരിക്കപ്പെടുകയും ലളിതമാക്കപ്പെടുകയും ആഴപ്പെടുത്തപ്പെടുകയും ചെയ്യേണ്ടതാണ്; ഇതിൽ പങ്കെടുക്കാനും ഉത്തരം നൽകാൻ ബുദ്ധിമുട്ടുള്ളവരുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധ വയ്ക്കേണ്ടതുണ്ട്. ഈ **ഒരുക്കരേഖ**യുടെ കൂടെ വരുന്ന **കൈപുസ്തകം** തൽസമ്പന്ധമായ ഉപകരണങ്ങളും, സഞ്ചാരപഥങ്ങളും, നിർദ്ദേശങ്ങളും നല്കുന്നതാണ്. അങ്ങനെ അവ വ്യത്യസ്ത ഗ്രൂപ്പുകളിലെ ചോദ്യങ്ങൾ പ്രാർത്ഥനയുടെയും രൂപീകരണത്തിന്റെയും വിചിന്തനത്തിന്റെയും കൈമാറ്റത്തിന്റെയും നിമിഷങ്ങൾ കൃത്യമായി രൂപീകൃതമാകുന്നത് സാധ്യമാക്കുന്നു.

## I. സഞ്ചാരത്തിലെ സഹകാരികൾ

*സഭയിലും സമൂഹത്തിലും നമ്മൾ തോളോടു തോളുചേർന്ന് ഒരേ പാതയിലാണ്.* നിങ്ങളുടെ പ്രാദേശിക സഭയിൽ, ആരൊക്കെയാണ് "ഒരുമിച്ച് സഞ്ചരിക്കുന്നവർ?" "നമ്മുടെ സഭ" എന്നു പറയുമ്പോൾ ആരൊക്കെയാണ് അതിന്റെ ഭാഗമായിരിക്കുന്നത്? ആരാണ് നമ്മോട് ഒരുമിച്ചു സഞ്ചരിക്കാൻ ആവശ്യപ്പെടുന്നത്? പാതയിലെ സഹയാത്രികർ, സഭയുടെ പരിധികൾക്ക് അപ്പുറമുള്ളവർകൂടി, ആരെല്ലാമാണ്? ഏതൊക്കെ വ്യക്തികൾ അഥവാ

ഗ്രൂപ്പുകൾ ആണ് യഥാർത്ഥത്തിലും അല്ലെങ്കിൽ പ്രകടമായും പർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ളത്?

## II ശ്രവണം

*ശ്രവിക്കുക എന്നതാണ് ആദ്യപടി. പക്ഷേ അത് മുൻവിധികളില്ലാത്ത ഒരു തുറന്ന മനസ്സും ഹൃദയവും ആവശ്യപ്പെടുന്നു.* ആരെയാണ് നമ്മുടെ പ്രാദേശിക സഭ "ശ്രവിക്കേണ്ടത്?" എപ്രകാരമാണ് അത്മായർ, പ്രത്യേകിച്ച് യുവതീയുവാക്കളും സ്ത്രീകളും, ശ്രവിക്കപ്പെടുന്നത്? സമർപ്പിതരായ സ്ത്രീ പുരുഷൻമാരുടെ സംഭാവനകൾ സമന്വയിക്കപ്പെടുന്നുണ്ടോ? ന്യൂനപക്ഷങ്ങളുടെയും നിരാകരിക്കപ്പെട്ടവരുടെയും ഒഴിവാക്കപ്പെട്ടവരുടെയും ശബ്ദം കേൾക്കാനുള്ള ഇടം ഉണ്ടോ? നമ്മുടെ ശ്രവണത്തെ തടസ്സപ്പെടുത്തുന്ന മുൻവിധികളും സ്ഥായിയായ ഭാവങ്ങളും നമ്മൾ മനസ്സിലാക്കുന്നുണ്ടോ? നമ്മൾ വസിക്കുന്ന സാമൂഹ്യ-സാംസ്ക്കാരിക പശ്ചാത്തലത്തെ എങ്ങനെയാണ് നാം ശ്രവിക്കുന്നത്?

## III തുറന്നു സംസാരിക്കുന്നത്

*എല്ലാവരും ധൈര്യത്തോടും തുറവോടും സംസാരിക്കാനായി ക്ഷണിക്കപ്പെടുന്നു. അതായത്, സ്വാതന്ത്ര്യത്തിലും, സത്യത്തിലും, ഉപവിയിലും ഉൾച്ചേർന്നു സംസാരിക്കാൻ* നമ്മുടെ സമൂഹത്തിലും അതിന്റെ അകത്തുള്ള പ്രസ്ഥാനങ്ങളിലും എങ്ങനെയാണ് നാം സ്വതന്ത്രവും ആധികാരികവുമായ ശൈലിയുള്ള, കാപട്യവും അവസരവാദവും ഇല്ലാത്ത, ആശയ വിനിമയം പ്രോത്സാഹിപ്പിക്കുന്നത്? നാം ഭാഗഭാക്കായിരിക്കുന്ന പുറത്തുള്ള സമൂഹവുമായുള്ള ബന്ധത്തിൽ അതെങ്ങനെയാണ് നടമാടുന്നത്? നമുക്ക് പ്രധാനപ്പെട്ടവയായി തോന്നുന്നത് എങ്ങനെ, എപ്പോൾ ആണ് നമുക്ക് പറയുവാൻ കഴിയുന്നത്? സാമൂഹ്യ-സമ്പർക്ക മാധ്യമങ്ങളുമായുള്ള (കത്തോലിക്കാ മാധ്യമങ്ങളോടു മാത്രമല്ല) നമ്മുടെ ബന്ധം എങ്ങനെയാണ് പ്രവർത്തനനിരതമാകുന്നത്? ആരാണ് ക്രൈസ്തവ സമൂഹത്തെ പ്രതിനിധാനം ചെയ്ത് സംസാരിക്കുന്നത്? ആരാണ് അപ്രകാരമുള്ളവരെ തെരഞ്ഞെടുക്കുന്നത്?

## IV ആചരണം

*സാമൂഹ്യമായി ദൈവവചനം കേൾക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്യ്തെങ്കിൽ മാത്രമേ "ഒരു മിച്ചുള്ള സഞ്ചാരം" സാധ്യമാകൂ.* എങ്ങനെയാണ് പ്രാർത്ഥനയും ആരാധനാക്രമത്തിന്റെ അചരണവും നമ്മെ

“ഒരുമിച്ചുള്ള സഞ്ചാര”ത്തിനു പ്രചോദിപ്പിക്കുകയും നേർവഴിക്കു നയിക്കുകയും ചെയ്യുന്നത്? ആരാധനക്രമത്തിലും വിശുദ്ധീകരണ ശുശ്രൂഷയിലും എങ്ങനെയാണ് നാം വിശ്വാസികളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുന്നത്? വായനക്കാരന്റെയും (lector) അൾത്താര ശുശ്രൂഷിയുടെയും (acolyte) ശുശ്രൂഷകൾ നിർവ്വഹിക്കുന്നതിനുള്ള ഇടം എങ്ങനെയാണ് നാം ഒരുക്കുന്നത്?

## V. പ്രേഷിതദൗത്യത്തിലുള്ള കൂട്ടുത്തരവാദിത്വം

*സഭയിലെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിതദൗത്യത്തിന് ഉപകരിക്കുന്നതാണ് സിനഡാത്മകത.* നമ്മൾ എല്ലാവരും പ്രേഷിത ഭാവമുള്ള ശിഷ്യരായിരിക്കയാൽ (missionary disciples), എങ്ങനെയാണ് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും പ്രേഷിതദൗത്യത്തിൽ മുഖ്യ കഥാപാത്രമായി മാറുന്നത്? പൊതുസമൂഹത്തിന്റെ ശുശ്രൂഷയിലായിരിക്കുന്നവരെ ക്രൈസ്തവ സമൂഹം എങ്ങനെയാണ് പിന്താങ്ങുന്നത്? (വിവിധ രീതികളിൽ സമൂഹത്തിന്റെ ശുശ്രൂഷയിൽ ആയിരിക്കുന്നവരെ: സാമൂഹ്യ- രാഷ്ട്രീയ രംഗത്ത്, ശാസ്ത്രീയ ഗവേഷണ അധ്യാപന രംഗത്ത്, സാമൂഹ്യ നീതി ഉറപ്പാക്കുന്ന വേദിയിൽ, മനുഷ്യാവകാശങ്ങൾ സംരക്ഷിക്കുന്നിടത്ത്, നമ്മുടെ പൊതു ഭവനത്തെക്കുറിച്ചുള്ള കരുതലിന്റെ ഇടങ്ങളിൽ). പ്രതിജ്ഞാബദ്ധമായി ഈ വേദികളിൽ അവർ പ്രവർത്തിക്കുമ്പോൾ അത് പ്രേഷിത ദൗത്യത്തോടു ചേർന്നുപോകുന്നതാകാൻ എങ്ങനെയാണ് നിങ്ങൾ അവരെ സഹായിക്കുന്നത്? പ്രേഷിത ബന്ധിതമായ തെരഞ്ഞെടുപ്പുകളിൽ എങ്ങനെയാണ് വിവേചിച്ചറിവ് നടത്തുകയും, അതിൽ ആരാണ് പങ്കാളി ആകുകയും ചെയ്യുന്നത്? ഫലപ്രദമായ ക്രൈസ്തവ സാക്ഷ്യത്തെ മുന്നിൽക്കണ്ടുകൊണ്ട്, പല സഭകളുടെ പൈതൃകംപേറുന്ന, പ്രത്യേകിച്ച് പൗരസ്ത്യ സഭകളുടെ, വിവിധ പാരമ്പര്യങ്ങൾ സിനഡാത്മക ശൈലിയിൽ സമന്വയിക്കപ്പെടുന്നതും അനുരൂപപ്പെടുന്നതും എപ്രകാരമാണ്? വ്യത്യസ്ത വ്യക്തിസഭകൾ ഒരുമിച്ച് അധിവസിക്കുന്ന പ്രദേശങ്ങളിൽ എങ്ങനെയാണ് സഹകരണം പ്രാവർത്തികമാക്കുന്നത്?

## VI. സഭയിലും സമൂഹത്തിലുമുള്ള സംവാദം

*നിശബ്ദതകളെയും സഹനങ്ങളെയും ഉൾച്ചേർക്കുമ്പോൾത്തന്നെ സംവാദം സ്ഥിരോത്സാഹത്തിന്റെ പാതയിലാണ്. അതിനു വ്യക്തികളുടെയും ജനതകളുടെയും അനുഭവങ്ങളെ ശേഖരിക്കാനുള്ള കഴിവുണ്ട്.* നമ്മുടെ പ്രദേശിക

സഭയിലുള്ള സംവാദത്തിന്റെ സ്ഥലങ്ങളും രീതികളും ഏവയാണ്? എങ്ങനെയാണ് കാഴ്ചപ്പാടുകളിലെ വ്യത്യാസങ്ങളും, അഭിപ്രായ വ്യത്യാസങ്ങളും, ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടുന്നത്? അയൽരൂപതകൾ, പ്രദേശത്തുള്ള വിവിധ സന്യാസസമൂഹങ്ങൾ, അത്മായ സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയുമായി എങ്ങനെയാണ് സഹകരണം പ്രോത്സാഹിക്കപ്പെടുന്നത്?

ഇതരമതവിശ്വാസികളും ഒരു മതവിശ്വാസവുമായി ബന്ധമില്ലാത്തവരുമായി നാം നടത്തിയ സംവാദത്തിന്റെയും സഹകരണത്തിന്റെയും ഏതുതരം അനുഭവങ്ങളാണ് നമുക്കുള്ളത്? സമൂഹത്തിലെ ഇതര വിഭാഗങ്ങളുമായി, പ്രത്യേകിച്ച് രാഷ്ട്രീയം, സാമ്പത്തികം, സാംസ്കാരികം എന്നീ മേഖലകളുമായും പൗരസമൂഹം, ദാരിദ്രത്തിൽ കഴിയുന്ന ആളുകൾ എന്നിവരുമായും സഭ എങ്ങനെയാണ് സംവദിക്കുകയും അവരിൽനിന്നു പഠിക്കുകയും ചെയ്യുന്നത്?

## VII. ഇതര ക്രൈസ്തവ സമൂഹങ്ങളുമായുള്ള സംവാദം (Ecumenism)

*ജ്ഞാനസ്നാനംവഴി ഒന്നായിരിക്കുന്ന വ്യത്യസ്ത ക്രൈസ്തവ വിശ്വാസസമൂഹങ്ങളുമായുള്ള സംവാദത്തിനു സിനഡാത്മക സഞ്ചാരത്തിൽ സവിശേഷ സ്ഥാനമാണുള്ളത്*. ഇതര ക്രൈസ്തവ സഭാസമൂഹങ്ങളിലെ സഹോദരീസഹോദരന്മാരുമായി നമ്മുടെ ബന്ധങ്ങൾ എങ്ങനെയാണ്? ഏതൊക്കെ തലങ്ങളെയാണ് അവ ബാധിക്കുന്നത്? ഏന്തൊക്കെ ഫലങ്ങളാണ് "ഒരുമിച്ചുള്ള സഞ്ചാരത്തിലൂടെ" നാം നേടിയത്? എന്തൊക്കെയാണ് പ്രതിബന്ധങ്ങൾ?

## VIII. അധികാരവും പങ്കാളിത്തവും

*പങ്കാളിത്തവും കൂട്ടുത്തരവാദിത്വവുമുള്ളതാണ് ഒരു സിനഡാത്മക സഭ.* എങ്ങനെയാണ് നാം പിന്തുടരേണ്ട ലക്ഷ്യങ്ങൾ കണ്ടെത്തേണ്ടത്? അവ നേടാനുള്ള വഴി ഏതാണ്? ഏതൊക്കെ കാൽവെയ്പ്പുകളാണ് നടത്തേണ്ടത്? നമ്മുടെ പ്രാദേശിക സഭയ്ക്കുള്ളിൽ (രൂപതയ്ക്കുള്ളിൽ) എങ്ങനെയാണ് അധികാരം വിനിയോഗിക്കപ്പെടുന്നത്? സംഘടിത പ്രവർത്തനത്തിന്റെയും കൂട്ടുത്തരവാദിത്വത്തിന്റെയും രീതിയിലുള്ള സമ്പ്രദായങ്ങൾ ഏവ? അത്മായ ശുശ്രൂഷകളും വിശ്വാസികൾ ഉത്തരവാദിത്വം കൈയ്യാളുന്നതും എപ്രകാരമാണ് പ്രോത്സാഹിപ്പിക്കപ്പെടുന്നത്? പ്രാദേശികസഭയുടെ

(രൂപതയുടെ) തലത്തിൽ സിനഡാത്മക സംവിധാനങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? അവ ഒരു ഫലദായകമായ അനുഭവമാണോ?

## IX. വിവേചിച്ചറിയുന്നതും തീരുമാനിക്കുന്നതും

*ആത്മാവിനോടുള്ള പൊതുവായ അനുസരണത്തിൽ നിന്നു ഉരുത്തിരിയുന്ന അഭിപ്രായയൈക്യത്തിന്റെ അടിസ്ഥാനത്തിൽ, വിവേചിച്ചറിവുവഴി തീരുമാനങ്ങൾ കൈക്കൊള്ളുന്നതാണ് ഒരു സിനഡത്മക ശൈലി.* ഏതു വിധത്തിലുള്ള നടപടിക്രമങ്ങളും രീതികളും അവലംബിച്ചാണ് നമ്മൾ ഒരുമിച്ച് വിവേചിച്ചറിയൽ നടത്തുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്യുന്നത്? അവ എങ്ങനെ മെച്ചപ്പെടുത്താനാകും? ഹയരാർക്കിപരമായി രൂപീകൃതമായിരിക്കുന്ന സമൂഹങ്ങളിൽ തീരുമാനം എടുക്കുന്നതിൽ എങ്ങനെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനാകും? ആലോചനാതലവും നിർണായകതലവും തമ്മിലും, തീരുമാനം എടുക്കുന്ന പ്രക്രിയും തീരുമാനം കൈക്കൊള്ളുന്ന വേളയും തമ്മിലും എങ്ങനെ സ്പഷ്ടമായി വേർതിരിക്കാനാകും? എങ്ങനെ, ഏതു ഉപകരണങ്ങളുടെ (സംവിധാനങ്ങളുടെ) ഉപയോഗംവഴി നമ്മുടെ സുതാര്യതയും കണക്കുകാണിക്കലും ഉറപ്പുവരുത്താനാകും?

## X. സിനഡാത്മകതയിൽ നമ്മെത്തന്നെ രൂപീകരിക്കുന്നത്

*മനുഷ്യവ്യക്തിയുടെയും, ക്രിസ്ത്യാനിയുടെയും, കുടുംബങ്ങളുടെയും, സമൂഹങ്ങളുടെയും രൂപികരണത്തിനുള്ള ഒരു വിദ്യാഭ്യാസ തത്വമായി മാറാനാണ് ഒരുമിച്ചുള്ള സഞ്ചാരം എന്നതിന്റെ ആദ്ധ്യാത്മിക ഉദ്ദേശിക്കപ്പെട്ടിരിക്കുന്നത്.* എങ്ങനെയാണ് നാം വ്യക്തികളെ രൂപപ്പെടുത്തുന്നത്, ഏറെ പ്രത്യേകിച്ച് ക്രിസ്തീയ സമൂഹത്തിൽ ഉത്തരവാദിത്വപൂർവമുള്ള കർത്തവ്യങ്ങൾ നിറവേറ്റുന്നവരെ? അവരെ പരസ്പരം കേട്ടും സംവാദത്തിൽ ഏർപ്പെട്ടും, “ഒരുമിച്ച് സഞ്ചരിക്കുവാൻ” കൂടുതൽ പ്രാപ്തരാക്കുന്നത് എങ്ങനെയാണ്? കാര്യങ്ങൾ വിവേചിച്ചറിയാനും അപ്രകാരം അധികാരം പ്രയോഗിക്കാനും എങ്ങനെയാണ് നാം അവരെ രൂപീകരിക്കുന്നത്? നമ്മൾ നിമഗ്നമായിരിക്കുന്ന സംസ്കാരത്തിന്റെ ഗതിവിജ്ഞാനീയത്തെ (dynamics) വായിച്ചെടുക്കാനും അതിന്റെ സ്വാധീനം നമ്മുടെ സഭയുടെ ശൈലിയിൽ എത്രമാത്രം വന്നുഭവിച്ചു എന്നറിയുവാനും സഹായിക്കുന്ന ഉപകരണങ്ങൾ ഏതെല്ലാമാണ്?

## ആലോചനയ്ക്കായി നല്കാനുള്ളത്

31. സിനഡാത്മക സഞ്ചാരത്തിന്റെ ഒന്നാമത്തെ ഘട്ടത്തിന്റെ ലക്ഷ്യം വിശാലമായ ഒരു ആലോചനാപ്രക്രിയ സാധ്യമാക്കുക എന്നതാണ്.


സിനഡാത്മകത ജീവിച്ചതിന്റെ അനുഭവത്തിന്റെ സമ്പന്നത ശേഖരിക്കപ്പെടുന്നതിനാണത്. അത് അതിന്റെ നിർദ്ദിഷ്ട പ്രാദേശിക തലത്തിൽ ഏറ്റവും യുക്തമായ ഉപാധികൾ വഴി, അതിന്റെ വ്യത്യസ്ത ആശയ സമന്വയങ്ങളിലും ഭാവങ്ങളിലും, പ്രാദേശികസഭകളിലെ (രൂപതകളിലെ) അജപാലകരെയും വിശ്വാസികളെയും വിവിധങ്ങളായ എല്ലാ ഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ്. മെത്രാനാൽ ഏകോപിക്കപ്പെടുന്ന ഈ കൂടിയാലോചനാ പ്രക്രിയ എല്ലാവരെയും അഭിസംബോധന ചെയ്തിട്ടുള്ളതാണ്: "വൈദികരെയും, ഡീക്കൻമാരെയും, അവരുടെ സഭകളിലെ അത്മായ വിശ്വാസികളെയും – സമർപ്പിതരായ സ്ത്രീ പുരുഷൻമാർ നൽകുന്ന വിലയേറിയ സംഭാവന അവഗണിക്കാതെതന്നെ" (*EC*, ഖ. 7). പ്രാദേശികസഭകളുടെ (രൂപതകളുടെ) പങ്കാളിത്തസ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് വൈദികസമിതിയുടെയും (presbyteral council) അജപാലനസമിതിയുടെയും (pastoral council) സംഭാവന അഭ്യർത്ഥിക്കുന്നു. ഈ രണ്ടു സ്ഥാപനങ്ങളിൽ നിന്നാണല്ലേ ഒരു സിനഡാത്മക സഭ യഥാർത്ഥമായും രൂപം കൊള്ളാൻ തുടങ്ങുന്നത്.(22) ഇതര സഭാത്മക സ്ഥാപനങ്ങളുടെയും (ecclesial entities) സംഭാവന തുല്യമാംവിധം പ്രധാനപ്പെട്ടതാണ്; അവയ്ക്ക് **ഒരുക്കരേഖ** അയയ്ക്കപ്പെടും. നേരിട്ട് തങ്ങളുടെ പ്രത്യുത്തരങ്ങൾ അയയ്ക്കുന്നവരുടെയും സംഭാവന വിലമതിക്കപ്പെടും. അവസാനമായി, പ്രാദേശിക സഭകൾക്കുള്ളിൽ (രൂപതകൾക്കുള്ളിൽ) ചില ദൗത്യങ്ങളും ഉത്തരവാദിത്യങ്ങളും ഉള്ളവർക്കു ഉപരിയായി ദരിദ്രരുടെയും ഒഴിവാക്കപ്പെട്ടവരുടെയും സ്വരം കേൾക്കുക എന്നത് അടിസ്ഥാനപരമായി പ്രാധാന്യമുള്ളതാണ്.

32. ശ്രവണത്തിന്റെയും വിവേചിച്ചറിയലിന്റെയും പ്രവൃത്തിയുടെ അവസാനം ഒരോ പ്രാദേശിക സഭയും (രൂപതയും) നിർവഹിക്കുന്ന ആശയ സമന്വയരേഖ ആയിരിക്കും സാർവത്രിക സഭയുടെ സഞ്ചാരത്തിലേക്കുള്ള അതിന്റെ സംഭാവന. സഞ്ചാരത്തിന്റെ തുടർന്നുള്ള ഘട്ടങ്ങൾ കൂടുതൽ എളപ്പമാക്കുന്നതിനും സ്ഥായിയാക്കുന്നതിനും പ്രാർത്ഥനയുടെയും വിചിന്തനത്തിന്റെയും ഫലങ്ങൾ അങ്ങേയറ്റം പത്ത് പേജുകളിൽ സംഗ്രഹിക്കുക എന്നത് പ്രധാനപ്പെട്ടതാണ്. ആവശ്യമെങ്കിൽ, പ്രസ്തുത സംഗ്രഹരൂപത്തിന്റെ സാഹചര്യ വ്യാഖ്യാനം നൽകുന്നതിനും, കൂടുതൽ വിവരിക്കുന്നതിനുമായി അതിനു സഹായകമായ സമന്വയഭാവമുള്ള അനുബന്ധങ്ങൾ ചേർക്കാവുന്നതാണ്. ആകയാൽ, ഈ സിനഡിന്റെ ഈ ആലോചനാ പ്രക്രിയയുടെ ലക്ഷ്യം രേഖകൾ (documents) പുറപ്പെടുവിക്കുക എന്നതല്ല എന്നു നാം അനുസ്മരിപ്പിക്കുന്നു, പ്രത്യുത "സ്വപ്നങ്ങൾ നട്ടുപിടിപ്പി

**Notes**

1.

**സിനഡിന്റെ പാതയുടെ വിവിധ ഘട്ടങ്ങൾ ഇപ്രകാരമായിരിക്കും:**
**ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം**
മെത്രാന്മാരുടെ സാധാരണ സിനഡിന്റെ പതിനാറാമത് പൊതുസമ്മേളനം




* 1. Dicasteries Consecrated Life (UISG-USG, Unions & Federations), Associations of the Faithful, Institutions of Higher Education

* 2. Africa (SECAM), Oceania (FCBCO), Asia (FABC), Middle East (CPCO), Europa (CCEE), Latin America (CELAM), North America (USCCB+CCCB).

ക്കാനും പ്രവചനങ്ങളും ദർശനങ്ങളും പുറത്തെടുക്കാനും പ്രത്യാശ തഴച്ചുവളരാൻ അനുവദിക്കാനും വിശ്വാസമർപ്പിക്കുന്നത് പ്രചോദിപ്പിക്കാനും മുറിവുകൾ വച്ചുകെട്ടാനും ബന്ധങ്ങൾ ഒരുമിച്ച് തുന്നിച്ചേർക്കാനും പ്രതീക്ഷയുടെ ഒരു പുലരി ഉണർത്താനും മറ്റൊരുവനിൽനിന്നും പരസ്പരവും പഠിക്കാനും മനസ്സുകളെ ഉദ്ദീപ്തമാക്കുന്ന, ഹൃദയങ്ങളെ ഊഷ്മളമാക്കുന്ന, നമ്മുടെ കരങ്ങൾക്ക് ശക്തി പകരുന്ന, പ്രദീപ്തമായ ഒരു വിഭവസമ്പന്നത സൃഷ്ടിക്കാനും വേണ്ടിയാണിത്."[23]

---

**കുറിപ്പുകൾ**

2 FRANCIS, *Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops* (17 October 2015)
3 Cf. www.synod.va
4 FRANCIS, *Letter to the People of God* (20 August 2018), Introduction.
5 *Ibid*., no. 2.
6 *Ibid*.
7 *Ibid*.
8 FRANCIS, *Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops.*
9 ITC, *Synodality in the Life and Mission of the Church* (2 March 2018), no. 3.
10 *Ibid*.
11 *Ibid*., no. 6.
12 CYPRIAN, *The Lord's Prayer*, 23.
13 AUGUSTIN, *Letter* 194, 31.
14 JOHN CHRYSOSTOM, *Commentary on Psalm* 149.
15 ITC, *Synodality in the Life and Mission of the Church*, no. 6.
16 FRANCIS, *Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops*.
17 ITC, *Synodality in the Life and Mission of the Church*, no. 69.
18 BENEDICT, *Rule*, 3.3.
19 FRANCIS, *Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops*.
20 ITC, *Synodality in the Life and Mission of the Church*, no. 70.
21 *Ibid*.
22 FRANCIS, *Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops*.
23 FRANCIS, *Address at the Opening of the Synod of Bishops on Young People* (3 October 2018).

# ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി:

## കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം

## സിനഡാത്മകതയെക്കുറിച്ചുള്ള
## സിനഡിന്റെ കൈപ്പുസ്തകം
## (*Vademecum* "Handbook")

*പ്രാദേശിക സഭകളിലെ ശ്രവണത്തിനും*
*വിവേചിച്ചറിയലിനും ഉള്ള*
*ഔദ്യോഗിക കൈപ്പുസ്തകം*

# കൈപ്പുസ്തകം
# ഉള്ളടക്കം


1. **ആമുഖം** 41
   1.1 Handbook (*Vademecum*) ("എന്റെ കൂടെ വരുക") ന്റെ ലക്ഷ്യമെന്താണ്?
   1.2 സിനഡാത്മകത എന്നാൽ എന്ത്? ഈ സിനഡിന്റെ പശ്ചാത്തലം 44
   1.3 ഈ സിനഡിന്റെ ലക്ഷ്യം എന്താണ്? സിനഡാത്മക പ്രക്രിയയുടെ ഉദ്ദേശ്യങ്ങൾ 46
   1.4. ഈ സിനഡിന്റെ വിഷയം: ഒരു സിനഡാത്മകസഭയ്ക്കു വേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം 49
   1.5 പ്രാദേശിക തലത്തിലുള്ള അനുഭവം 51
2. **സിനഡാത്മക പ്രക്രിയയുടെ തത്ത്വങ്ങൾ** 55
   2.1 ആർക്കാണ് പങ്കെടുക്കാവുന്നത്? 55
   2.2 യഥാർത്ഥമായും സിനഡാത്മകമായ ഒരു പ്രക്രിയ: ശ്രവണം, വിവേചിച്ചറിയൽ, പങ്കുപറ്റൽ 57
   2.3 സിനഡാത്മക പ്രക്രിയയിൽ ഭാഗഭാക്കാകാൻവേണ്ട മനോഭാവങ്ങൾ 58
   2.4 അപകട സാധ്യതകൾ ഒഴിവാക്കുന്നത് 62
3. **സിനഡിന്റെ പ്രക്രിയ**
   3.1 രൂപതാതലം 67
   3.2 മെത്രാൻസമിതികളുടെയും പൗരസ്ത്യ സഭകളിലെ സിനഡുകളുടെയും കർത്തവ്യം 68
   3.3 ഭൂഖണ്ഡതലം 69
   3.4 മെത്രാന്മാരുടെ സിനഡു സമ്മേളനം 69
   3.5 നടപ്പിലാക്കൽതലം 69

| | | |
|---|---|---|
| **4.** | **സിധനാത്മക പാതയിലൂടെയുള്ള രൂപതകളിലെ സഞ്ചാരം** | 70 |
| 4.1 | രൂപതാഘട്ടത്തിൽ വിഭാവനം ചെയ്യുന്നതിന്റെ സംഗ്രഹം | 70 |
| 4.2 | സിനഡാത്മക പ്രക്രിയയിൽ മെത്രാന്റെ പങ്ക് | 74 |
| 4.3. | സിനഡാത്മക പ്രക്രിയയിൽ വൈദികരുടെയും ഡീക്കന്മാരുടെയും പങ്ക് | 78 |
| 4.4 | ദിശാപാത (Roadmap) (സിനഡിന്റെ രൂപതാതല നടപടികളുടെ മാതൃക) | 80 |
| 4.5 | സിനഡാത്മക അനുഭവത്തിന്റെ അടിസ്ഥാന ഉൾഘടകങ്ങൾ | 85 |
| 5. | **സിനഡാത്മക പ്രക്രിയ സംഘടിപ്പിക്കുന്നതിനുള്ള വിഭവങ്ങൾ (resources)** | 86 |
| 5.1 | രൂപതാ സിനഡാത്മക പ്രക്രിയയുടെ രീതിശാസ്ത്രം | 86 |
| 5.2 | സിനഡാത്മക പ്രക്രിയയുടെ അനൗപചാരികതലം | 87 |
| 5.3 | ചർച്ചയ്ക്കുവേണ്ടിയുള്ള പ്രധാന ചോദ്യം | 88 |
| | നന്ദിയുടെ ഒരുവാക്ക് | 94 |
| | അനുബന്ധം - A | 94 |
| | അനുബന്ധം B | 99 |
| | അനുബന്ധം C | 104 |
| | അനുബന്ധം D | 109-111 |

ചുരുക്കെഴുത്തുകൾ

| | |
|---|---|
| *DV* | VATICAN COUNCIL II, Dogm. Const. Dei Verbum (18 November 1965) |
| *EC* | FRANCIS, Apost. Const. Episcopalis Communio (15 September 2018) |
| *FT* | FRANCIS, Encyclical Letter Fratelli Tutti (3 October 2020) |
| *GS* | VATICAN COUNCIL II, Pastoral Const. Gaudium et Spes (7 December 1965) |
| ITC, *Syn.* | International Theological Commission, Synodality in the life and mission of the Church (2 March 2018) |
| *LG* | VATICAN COUNCIL II, Dogm. Const. Lumen Gentium (21 November 1964) |
| PD | Preparatory Document |
| *RM* | JOHN PAUL II, Encyclical Letter Redemptoris Missio (7 December 1990) |

**സിനഡിനായുള്ള പ്രാർത്ഥന:** Adsumus Sancte Spiritus

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ഓരോ സമ്മേളനവും ആരംഭിച്ചത് Adsumus Sancte Spiritus എന്ന പ്രാർത്ഥനയുമായാണ്. ലത്തീനിലുള്ള പ്രാർത്ഥനയുടെ ആദ്യ വാചകമാണിത്. "പരിശുദ്ധാത്മാവേ അങ്ങയുടെ മുമ്പിൽ ഞങ്ങൾ നിൽക്കുന്നു" എന്നാണിതിനർത്ഥം. ചരിത്രപരമായി നൂറ്റാണ്ടുകളായി കൗൺസിലുകളുടെയും സിനഡുകളുടെയും ഇതര സഭാ സമ്മേളനങ്ങളുടെയും വേളകളിൽ ഉപയോഗിച്ചുവന്ന ഈ പ്രാർത്ഥന സെവില്ലിലെ വിശുദ്ധ ഇസിഡോർ (c. 560 – 4 ഏപ്രിൽ 636) എഴുതിയതാണെന്നു കരുതപ്പെടുന്നു. സിനഡാത്മക പ്രക്രിയയിലേക്കു പ്രവേശിക്കുന്ന ഈ വേളയിൽ, നാം ഒരു സഭാസമൂഹവും കൃപനിറഞ്ഞ ജനവും ആയിരിക്കാൻ പരിശുദ്ധാത്മാവ് നമ്മിൽ പ്രവർത്തിക്കാനായി നമ്മൾ പ്രാർത്ഥിക്കുന്നു. 2021 മുതൽ 2023 വരെയുള്ള നമ്മുടെ സിനഡാത്മക സഞ്ചാരത്തിൽ ഉപയോഗിക്കാൻ ഈ ലളിതരൂപത്തിലുള്ള പതിപ്പ് നൽകപ്പെടുന്നു.[(1)] ഏതു ഗ്രൂപ്പിനും ആരാധനാക്രമ സമ്മേളനത്തിനും ഇതു അനായാസം ഉപയോഗിക്കാവുന്നതാണ്.

**പ്രാർത്ഥന**

പരിശുദ്ധാത്മാവേ,
അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി
അങ്ങേ തിരുമുമ്പിൽ ഞങ്ങൾ നില്ക്കുന്നു.
അങ്ങ്മാത്രം ഞങ്ങളെ നയിക്കാനായ്,
ഞങ്ങളുടെ ഹൃദയങ്ങളിൽ അങ്ങ് ഭവനമൊരുക്കണമേ.
ഞങ്ങൾ നടക്കേണ്ട വഴിയും അത് പിന്തുടരേണ്ട വിധവും
ഞങ്ങളെ പഠിപ്പിക്കണമേ. പാപികളും ദുർബലരുമായ ഞങ്ങൾ ക്രമ
രാഹിത്യം പ്രചരിപ്പിക്കാൻ ഇടയാകാതിരിക്കട്ടെ.
അജ്ഞതമൂലം തെറ്റായ പാത പിന്തുടരാനോ,
പക്ഷപാതം ഞങ്ങളുടെ പ്രവർത്തനങ്ങളെ സ്വാധീനിക്കാനോ,
അങ്ങ് അനുവദിക്കരുതേ. അങ്ങിൽ ഞങ്ങൾ ഐക്യം കണ്ടെത്തട്ടെ.
അങ്ങനെ, നിത്യജീവന്റെ പാതയിൽ ഒരുമിച്ചു സഞ്ചരിക്കാനും
സത്യത്തിന്റെയും ശരിയുടെയും മാർഗത്തിൽനിന്നും
മാറിപ്പോകാതിരിക്കാനും ഞങ്ങൾക്കിടയാകട്ടെ.
എല്ലായിപ്പോഴും എല്ലായിടങ്ങളിലും
പിതാവിനോടും പുത്രനോടുമുള്ള
ഐക്യത്തിൽ എന്നും എന്നേയ്ക്കും
പ്രവർത്തനനിരതനായ അങ്ങയോട്
ഞങ്ങൾ ഇതെല്ലാം അപേക്ഷിക്കുന്നു
ആമേൻ.

# ആമുഖം

## 1. Handbook (*Vademecum*) (എന്റെ കൂടെ വരുക) ന്റെ ലക്ഷ്യമെന്താണ്?

ഈ *Vademecum* ഒരു കൈപുസ്തകമായിട്ടാണ് ഒരുക്കിയിരിക്കുന്നത്. ഇത് സിനഡാത്മക സഞ്ചാരത്തിന്റെ സഹായത്തിനായുള്ള **ഒരുക്കരേഖ** യുടെകൂടെ പോകേണ്ടതാണ്. ഈ രണ്ടു രേഖകളും പരസ്പര പൂരകങ്ങളും ഒരുമിച്ച് വായിക്കേണ്ടവയുമാണ്. പ്രത്യേകിച്ച് രൂപതയിൽ മെത്രാൻ നിയമിച്ചിരിക്കുന്ന ബന്ധപ്പെടാനുള്ള വ്യക്തിയെയോ (വ്യക്തികളെയോ) (contact person/s) ടീമിനെയോ സഹായിക്കാനാണ് ഈ *Vademecum* ഉണ്ടാക്കിയിരിക്കുന്നത്. അവരാണല്ലോ രൂപതയിലെ ദൈവജനത്തെ തയ്യാറാക്കി ഒരുമിച്ചുകൂട്ടി പ്രാദേശിക സഭയിലുള്ളവരുടെ ജീവിതാനുഭവങ്ങൾക്ക് ശബ്ദംപകരാൻ ഇടയാക്കുന്നത്. ലോകത്തെമ്പാടുമുള്ള വിശ്വാസികൾക്കുള്ള ഈ ക്ഷണം മെത്രാന്മാരുടെ സിനഡിന്റെ പതിനാറാമത്തെ ഒരു സാധാരണ പൊതു അസംബ്ലിയുടെ ആദ്യഘട്ടമാണ്. ഈ അസംബ്ലിയുടെ ചിന്താവിഷയം, **ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം** എന്നതാണ്.

ഈ സിനഡിലൂടെ പ്രാദേശികതലത്തിൽ വിശ്വാസികളെ കേൾക്കുകയും അവരുമായി സംവദിക്കുകയും ചെയ്യാനുള്ള അവസരം ഒരുക്കിക്കൊണ്ട് സഭ അടിസ്ഥാനപരമായി സിനഡാത്മക സ്വഭാവമുള്ളതാണെന്ന് വീണ്ടും കണ്ടെത്തുന്നതിനുള്ള ക്ഷണമാണ് ഫ്രാൻസിസ് പാപ്പാ നടത്തുന്നത്. മൂന്നാം സഹസ്രാബ്ദത്തിൽ സഭ ആയിരിക്കാൻ എങ്ങനെയാണു ദൈവം നമ്മെ വിളിക്കുന്നതെന്നത് നാം വിനയപുരസ്സരം ഒരുമിച്ചു പഠിക്കുന്ന ഒരു പ്രക്രിയ ഉൾപ്പെടുന്നതാണ് സഭയുടെ സിനഡാത്മക വേരുകൾ വീണ്ടും കണ്ടെത്തുന്ന ഈ കാര്യം.

ഈ കൈപുസ്തകം ഒരു നിയമ പുസ്തകമല്ല, മറിച്ച് ഓരോ പ്രാദേശിക സഭയുടെയും പരിശ്രമങ്ങൾക്കുള്ള ഒരു മാർഗദർശിയാണ്. സംവാദം നട

ത്താനും മറ്റുള്ളവരെ ശ്രവിക്കാനും പ്രാദേശിക സഭകളിൽ ചുമതലപ്പെടുത്തിയിരിക്കുന്നവർ തങ്ങളുടെ മെത്രാന്റെ മാർഗനിർദ്ദേശങ്ങൾ സ്വീകരിച്ചുകൊണ്ട് ഓരോ പ്രദേശത്തിന്റെയും സാഹചര്യത്തിനും, സംസ്കാരത്തിനും, പ്രശ്നങ്ങൾക്കും, പരിമിതികൾക്കും ചേർന്നരീതിയിൽ എങ്ങനെ സിനഡിന്റെ രൂപതാതല ഘട്ടം നടത്താൻ സാധിക്കുമെന്ന് തിരിച്ചറിയാൻ പ്രോത്സാഹിപ്പിക്കപ്പെടുന്നു. അവർ ഇതിലെ ആശയങ്ങൾ ഉൾകൊള്ളുമ്പോൾത്തന്നെ പ്രാദേശിക സാഹചര്യങ്ങളെ കണക്കിലെടുത്ത് മുമ്പോട്ടു പോകണം. ഇടവകകളും രൂപതകളും ഒരുമിച്ച് പ്രവർത്തിക്കത്തക്കവിധം പുതിയതും ക്രിയാത്മകവുമായ വഴികൾ കണ്ടെത്തി സിനഡാത്മക പ്രക്രിയ ഫലവത്താക്കാൻ അവർ ശ്രമിക്കണം. ഈ സിനഡാത്മക പ്രക്രിയ പ്രാദേശിക അജപാലന ശുശ്രൂഷയോടു മത്സരിക്കുന്ന തരത്തിലുള്ള ഭാരമായി കരുതരുത്. മറിച്ച്, ഇതൊരവസരമായി കണക്കാക്കി ഓരോ പ്രാദേശിക സഭയുടെയും പ്രേഷിത പ്രവർത്തനത്തിന് ഉപകാരപ്രദമായവിധം സിനഡാത്മകവും അജപാലനപരവുമായ മാനസാന്തരത്തിനു ഇടയാക്കണം.

പല പ്രദേശങ്ങളും ഇടവകതലത്തിലും പ്രസ്ഥാനങ്ങളുടെതലത്തിലും രൂപതാതലങ്ങളിലും വിശ്വാസികളുമായി സംഭാഷണത്തിലേർപ്പെടാൻ തുടങ്ങിക്കഴിഞ്ഞു. ലാറ്റിൻ അമേരിക്കയിലെയും കരീബിയനിലെയും എക്ലേസിയൽ അസംബ്ലി, ഓസ്ട്രേലിയായിലെ പ്ലെനറി കൗൺസിൽ, ജർമനിയിലെയും അയർലന്റിലേയും സിനഡൽ യാത്രകൾ എന്നിവ സംവാദങ്ങൾ ആരംഭിച്ചുകഴിഞ്ഞു. രൂപതാ സിനഡുകൾ ലോകത്തിൽ പലയിടത്തും നടന്നുകഴിഞ്ഞു; മറ്റു ചില സ്ഥലങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. സഭയിൽ മുഴുവൻ നടക്കുന്ന സിനഡിനോട് യോജിച്ച് നാടുകളിലും രൂപതകളിലും നടക്കുന്ന സിനഡുകൾ സൃഷ്ടിപരമായി സഹകരിക്കാൻ ക്ഷണിക്കപ്പെടുന്നു. ചില സ്ഥലങ്ങളിൽ ഈ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല; അവിടെ സിനഡാത്മക പ്രക്രിയ പുതിയതാണ്. എല്ലാവരുടെയും പ്രവർത്തനങ്ങൾക്ക് ഉപകാരപ്രദമായ കാര്യങ്ങൾ ഈ കൈപുസ്തകത്തിലൂടെ (*Vademecum*) കിട്ടണമെന്നതാണു ലക്ഷ്യം.

നമ്മുടെ ഒരുമിച്ചുള്ള യാത്രയിൽ അനുരൂപപ്പെടുത്താവുന്ന പല നല്ല സമ്പ്രദായങ്ങൾ ഇതിലുണ്ട്. ഈ കൈപുസ്തകത്തിന് പുറമേ *Vademecum* മറ്റു പല കാര്യങ്ങളും ഉൾക്കൊള്ളുന്നു: a) ആരാധനക്രമപരവും, ബൈബിളുമായി ബന്ധപ്പെട്ട പ്രാർത്ഥനകളുടെ ഓൺലൈൻ സമാഹാരം; b) രീതിശാസ്ത്രപരമായ കൂടുതൽ നിർദേശങ്ങളും ഉപകരണങ്ങളും; c) അടുത്ത

കാലത്ത് നടന്ന സിനഡാത്മക പ്രക്രിയകളുടെ ഉദാഹരണങ്ങൾ; d) സിനഡാത്മക പ്രക്രിയയക്ക് ഉപകാരപ്രദമായ പദപ്രയോഗ സമാഹാരം.

ഈ ശ്രവണപ്രക്രിയ പങ്കുവയ്ക്കലിന്റെയും ശ്രദ്ധയുള്ള തുറവിന്റേതുമായ ഒരു ആധ്യാത്മിക പശ്ചാത്തലത്തിൽ നടക്കുന്നു എന്നത് പ്രധാനപ്പെട്ടതാണ്. ഇക്കാരണത്താൽ സിനഡൽ പ്രക്രിയയുടെ പ്രാദേശിക അനുഭവങ്ങൾ പ്രാർത്ഥനയുടെയും ആരാധനക്രമത്തിന്റെയും ദൈവവചനത്തിന്റെയും അടിസ്ഥാനത്തിൽ ഊന്നിനില്ക്കണം. ഇതുവഴി നമ്മുടെ പരസ്പരമുള്ള ശ്രവണത്തിന്റെ യാത്ര പരിശുദ്ധാത്മാവിന്റെ സ്വരം തിരിച്ചറിയുന്ന, ആധികാരികതയുള്ള അനുഭവമായി മാറും. ആഴമായ വിചിന്തനവും, പരസ്പര വിശ്വാസവും, ഒരേ ദൈവവിശ്വാസവും ഒരേതരം ലക്ഷ്യവും ഉള്ളിടത്തേ യഥാർത്ഥമായ തിരിച്ചറിവുണ്ടാകൂ.

ആഗോളവ്യാപകമായ മഹാമാരി, പ്രാദേശികവും, രാജ്യാന്തരവുമായ കലഹങ്ങൾ, കാലാവസ്ഥ വ്യതിയാനത്തിന്റെ ആഘാതങ്ങൾ, കുടിയേറ്റം, പല തരത്തിലുള്ള നീതിനിഷേധങ്ങൾ, വംശീയ വിദ്വേഷം, അക്രമങ്ങൾ, മതമർദ്ദനം, മനുഷ്യവർഗത്തിലെ വർദ്ധിതമാകുന്ന അസമത്വങ്ങൾ തുടങ്ങിയ പ്രശ്നങ്ങളുടെ ഇടയിലാണ് ഈ സിനഡ് നടക്കുന്നതെന്ന് **ഒരുക്കരേഖ** (Preparatory Document) നമ്മെ ഓർമിപ്പിക്കുന്നു. സഭയിലാകട്ടെ, അനേകം വൈദികരുടെയും സമർപ്പിതരുടെയും ലൈംഗീക അതിക്രമങ്ങളും, അധികാര ദുർവിനിയോഗവും, മനസ്സാക്ഷിയുടെ ദുരുപയോഗവുംമൂലം കുട്ടികളും മറ്റു ബലഹീനപാത്രങ്ങളും അനുഭവിക്കേണ്ടിവന്ന സഹനത്തിന്റെ പ്രശ്നവുമുണ്ട്[2]. ഇങ്ങനെയൊക്കെയാണെങ്കിലും സഭയിലും ലോകത്തിലും വളരെ പ്രധാനപ്പെട്ട ഒരു സമയത്താണ് നാം ആയിരിക്കുന്നത്. കോവിഡ്-19 എന്ന മഹാമാരിമൂലം സമൂഹത്തിൽ ഇപ്പോഴുള്ള അസമത്വം വർദ്ധിക്കാനിടയായിട്ടുണ്ട്. അതേസമയം, ഈ ആഗോള പ്രതിസന്ധി നാമെല്ലാവരും ഒരേ വഞ്ചിയിൽ യാത്ര ചെയ്യുന്നവരാണെന്നു പഠിപ്പിച്ചു; ഒരാളുടെ പ്രശ്നം നമ്മുടെയെല്ലാവരുടെയും പ്രശ്നമാണ് (*FT*, 32). അതിനാൽ കോവിഡ്-19 എന്ന മഹാമാരിയുടെ സാഹചര്യം സിനഡാത്മക പ്രക്രിയയുടെ ഉരുത്തിരിയലിനെ തീർച്ചയായും ബാധിക്കും. പല പ്രാദേശിക സഭകളും മുമ്പോട്ടെങ്ങനെ ഗമിക്കണമെന്ന് ചിന്തിച്ചു നിൽക്കുന്ന ഈ വേളയിൽ ഈ മഹാമാരി വലിയ വെല്ലുവിളി നമ്മുടെ മുമ്പിൽ നിരത്തുന്നുണ്ടെങ്കിലും മാനവചരിത്രത്തിന്റെ ഈ നിർണായകനേരത്ത് സഭയെ പുനരുജ്ജീവിപ്പിക്കാനുള്ള അവസരംകൂടി ലഭിച്ചിരിക്കുകയാണ്.

ഈ സാഹചര്യത്തിൽ, ദൈവം തന്റെ ജനത്തോട് എന്താണ് പറയുന്നതെന്നു കേട്ടുകൊണ്ട് പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ സഭയെ എങ്ങനെ നവീകരിക്കാം എന്നതിന്റെ പാതയാണ് സിനഡാത്മകത പ്രദാനം ചെയ്യുന്നത്. ഈ ഒരുമിച്ചുള്ള സഞ്ചാരം ദൈവജനമെന്ന നിലയിൽ നമ്മെ ഒന്നാക്കി തീർക്കും എന്നതു മാത്രമല്ല മറ്റു ക്രൈസ്തവ വിഭാഗങ്ങളോടും വിശ്വാസപാരമ്പര്യങ്ങളോടും ചേർന്നുകൊണ്ട് മനുഷ്യ കുടുംബത്തെ മുഴുവൻ ആശ്ലേഷിക്കുന്ന പ്രവാചകസാക്ഷികളാകാനുള്ള നമ്മുടെ പ്രേഷിതദൗത്യത്തെ പിന്തുടരാനും നമ്മെ അയയ്ക്കും.

## 1.2 സിനഡാത്മകത എന്നാൽ എന്ത്? ഈ സിനഡിന്റെ പശ്ചാത്തലം

ഫ്രാൻസിസ് പാപ്പാ ഈ സിനഡ് വിളിച്ചുകൂട്ടിക്കൊണ്ട് സഭയുടെ ജീവിതത്തിനും ദൗത്യത്തിനും വളരെ പ്രധാനപെട്ട ഒരു വിഷയം ചിന്തിക്കാൻ ആഹ്വാനം ചെയ്യുന്നു: മൂന്നാം സഹസ്രാബ്ദത്തിലെ സഭയിൽനിന്നും ദൈവം പ്രതീക്ഷിക്കുന്നത് നിശ്ചയമായും ഈ സിനഡാത്മകതയുടെ പാതയാണ്[(3)]. രണ്ടാം വത്തിക്കാൻ കൗൺസിൽ മുന്നോട്ടുവച്ച സഭയുടെ പരിഷ്കരണ പ്രക്രിയയുടെ പശ്ചാത്തലത്തിൽ ഈ ഒരുമിച്ചുള്ള സഞ്ചാരം ഒരു സിദ്ധിയും സാധനയുമാണ്. ഇതുവരെ ഒരുമിച്ചുനടത്തിയ സഞ്ചാരത്തെ വിശകലനം ചെയ്തുകൊണ്ട് സഭയിലെ വ്യത്യസ്തരായ അംഗങ്ങൾക്ക് പരിശുദ്ധാത്മാവിന്റെ സഹായത്താൽ, ഓരോരുത്തരുടെയും അനുഭവത്തിൽനിന്നും കാഴ്ചപ്പാടിൽനിന്നും പലതും പഠിക്കാൻ കഴിയും (PD, 1). ദൈവവചനത്താൽ പ്രകാശിതരായും പ്രാർത്ഥനയിൽ ഒരുമിച്ചുചേർന്നും ദൈവീകഹിതം തിരിച്ചറിയാനുള്ള പ്രക്രിയകൾ കണ്ടെത്താനും നാം പിന്തുടരാനായി ദൈവം നമ്മെ ക്ഷണിക്കുന്ന പാത പിന്തുടരാനും നമുക്കു സാധിക്കും. അതായത്, ആഴമുള്ള കൂട്ടായ്മയും പൂർണമായ പങ്കാളിത്തവും, ഈ ലോകത്തിൽ പ്രേഷിത ദൗത്യം നിർവഹിക്കുന്നതിനുള്ള തുറവും കണ്ടെത്താനും അഭ്യസിക്കാനും. *ദി ഇന്റർനാഷണൽ തിയോളജിക്കൽ കമ്മീഷൻ* സിനഡാത്മകതയെ വിശദീകരിക്കുന്നത് താഴെ പറയുന്ന പ്രകാരമാണ്:

> സഭാപാരമ്പര്യത്തിൽ പുരാതനവും ആദരണീയവും ദൈവിക വെളിപാടിന്റെ ഏറെ ആഴമുള്ള വിഷയങ്ങൾ ഉൾകൊള്ളുന്നതുമായ ഒരു പദമാണ് സിനഡ്. ദൈവജനം ഒന്നായി നടന്നു നീങ്ങുന്ന പാതയെ ഇത് സൂചിപ്പിക്കുന്നു. അതുപോലെതന്നെ വഴിയും സത്യവും ജീവനുമായി (യോഹ 14:6) സ്വയം വെളിപ്പെടുത്തിയ കർത്താവായ യേശുവിനെ ഇതു

സൂചിപ്പിക്കുന്നു. മാത്രമല്ല ആദ്യകാലങ്ങളിൽ യേശുവിനെ അനുഗമിച്ച വരെ മാർഗത്തിൽ ചരിക്കുന്നവർ എന്നാണ് വിളിച്ചിരുന്നത് (അപ്പ 9:2; 19:9-23; 22:4; 24:14-22).

ഒരുമിച്ചു സഞ്ചരിക്കുകയും ഒരു സമ്മേളനം ആയിരിക്കുകയും ചെയ്യുന്ന ദൈവജനമെന്ന നിലയിലുള്ള സഭയുടെ ജീവിതത്തിന്റെയും ദൗത്യത്തി ന്റെയും പ്രത്യേക ശൈലിയാണ് പ്രഥമവും പ്രധാനമായും ആയി സിനഡാത്മകത എന്നു വിശേഷിപ്പിക്കപ്പെടുന്നത്. സുവിശേഷ പ്രഘോഷണത്തിനായി പരിശുദ്ധാത്മാവിന്റെ ശക്തിയിൽ ക്രിസ്തുവി നാൽ വിളിച്ചുചേർക്കപ്പെടുന്ന സമൂഹമാണ് സഭ. ആയതിനാൽ സഭയുടെ സാധാരണ ജീവിതത്തിലും പ്രവൃത്തിയിലും സിനഡാത്മകത പ്രകടമാക്കപ്പെടണം.

ഈ അർത്ഥത്തിൽ ദൈവജനം മുഴുവനെയും ഒരുമിച്ചു മുന്നോട്ടുനീങ്ങാൻ സിനഡാത്മകത പ്രാപ്തമാക്കുന്നു. പരിശുദ്ധാത്മാവിനെയും ദൈവവച നത്തെയും ശ്രവിച്ചുകൊണ്ട് ക്രിസ്തു നമ്മുടെ ഇടയിൽ സംജാതമാക്കുന്ന കൂട്ടായ്മ ഉൾക്കൊണ്ടുകൊണ്ടാണ് നാം സഭയുടെ ദൗത്യത്തിൽ പങ്കുകാ രാകുന്നത്. ആത്യന്തികമായി, സഭ തീർത്ഥാടകയും പ്രേഷിതയുമായ ദൈവ ജനമാണെന്ന സഭയുടെ സ്വഭാവം ഈ ഒരുമിച്ചുള്ള സഞ്ചാരമാണ് വളരെ ഫലപ്രദമായ രീതിയിൽ പ്രകാശിതമാക്കുന്നതും അതിനെ പ്രാവർത്തിക മാക്കുന്നതും (PD, 1).

ജ്ഞാനസ്നാനത്തിലൂടെ ദൈവജനം മുഴുവനും പൊതുവായുള്ള ഒരു മാഹാത്മ്യത്തിലും ദൈവവിളിയിലും പങ്കുകാരാകുന്നു. ജ്ഞാനസ്നാ നത്തിലൂടെ നാം എല്ലാവരും സഭയുടെ ജീവിതത്തിൽ സജീവ പങ്കാളികളാ കാൻ വിളിക്കപ്പെടുന്നു. ഇടവകകൾ, ചെറിയ ക്രിസ്തീയ കൂട്ടായ്മകൾ (small christian communities), അൽമായ പ്രസ്ഥാനങ്ങൾ, സമർപ്പിത സമൂഹങ്ങൾ, ഇതര കൂട്ടായ്മാരൂപങ്ങൾ, സ്ത്രീകൾ, പുരുഷന്മാർ, യുവാക്കൾ, പ്രായമു ള്ളവർ എന്നിവരുടെ പരസ്പരമുള്ള ശ്രവണം വഴി പരിശുദ്ധാത്മാവിന്റെ നിയന്ത്രണങ്ങളെ മനസ്സിലാക്കാൻ നാം ക്ഷണിക്കപ്പെടുന്നു. പരിശുദ്ധാ ത്മാവ് നമ്മുടെ മാനുഷിക യത്നങ്ങളെ നയിക്കുകയും, സഭയ്ക്കു ജീവ നും ശക്തിയും പ്രദാനം ചെയ്തുകൊണ്ട് നമ്മെ ആഴമുള്ള കൂട്ടായ്മയി ലൂടെ ലോകത്തിലെ പ്രേഷിത ദൗത്യത്തിന് സജ്ജരാക്കുന്നു. സഭ ഈ സിനഡാത്മക തീർത്ഥാടനം ആരംഭിച്ചിരിക്കുന്നതിനാൽ, യഥാർത്ഥ ശ്രവ ണത്തിന്റെയും തിരിച്ചറിവിന്റെയും അനുഭവങ്ങളിൽ സ്വയം ഊന്നിനിന്നു കൊണ്ട് ദൈവം നമ്മെ ഏതുതരത്തിലുള്ള സഭയായി മാറാൻ വിളിച്ചുവോ അതായി തീരുന്ന പാതയിൽ നീങ്ങണം.

## 1.3 ഈ സിനഡിന്റെ ലക്ഷ്യം എന്താണ്? സിനഡാത്മക പ്രക്രിയയുടെ ഉദ്ദേശ്യങ്ങൾ.

സിനഡാത്മകത എന്നത് സഭയുടെ സ്വഭാവത്തിന്റെ അവശ്യഭാവമാണെന്നു സഭ തിരിച്ചറിയുന്നു. സഭയുടെ സിനഡാത്മക സ്വഭാവം പ്രകടിപ്പിക്കുന്നത് എക്യ്യൂമേനിക്കൽ കൗൺസിൽ, മെത്രാന്മാരുടെ സിനഡുകൾ, രൂപതാ സിനഡുകൾ, രൂപതാ പാരിഷ് കൗൺസിലുകൾ എന്നിവയിലൂടെയാണ്. ഇപ്പോൾത്തന്നെ സഭയിൽ സിനഡാത്മകത അനുഭവവേദ്യമാകുന്ന പല രൂപങ്ങളുമുണ്ട്. എന്നാൽ ഒരു സിനഡാത്മക സഭ ആയിരിക്കുന്നു എന്നത് നിലവിലുള്ള ഈ സ്ഥാപനങ്ങളിൽ പരിമിതപ്പെടുത്താവുന്നതല്ല. സിനഡാത്മക എന്നത് ഒരു സംഭവമോ ഒരു മുദ്രാവാക്യമോ അല്ല. സിനഡാത്മകത എന്നത് ഒരു ശൈലിയും അവസ്ഥയുമാണ്; അത് വഴിയാണ് സഭ അതിന്റെ പ്രേഷിതദൗത്യം ലോകത്തിൽ നിർവഹിക്കുന്നത്. സഭയുടെ പ്രേഷിതദൗത്യനിർവഹണത്തിനു ദൈവജനം മുഴുവനും ഒരുമിച്ച് യാത്രയിലായിരിക്കണം. അതിൽ ഓരോരുത്തരും അവരവരുടെ ഭാഗം മറ്റുള്ളവരോട് ചേർന്ന് പൂർത്തിയാക്കണം. സിനഡാത്മകമായ സഭ കൂട്ടായ്മയിൽ മുമ്പോട്ട് ഗമിക്കുന്നത് ഒരേ പൊതുദൗത്യവുമായാണ്; അതിൽ എല്ലാ അംഗങ്ങളുടെയും പങ്കാളിത്തം ഉണ്ടായിരിക്കണം. ഈ സിനഡാത്മക പ്രക്രിയയുടെ ഉദ്ദേശ്യം ഒരല്പകാലത്തേക്കോ അല്ലെങ്കിൽ ഒരു പ്രാവശ്യത്തേക്കോ ഒരു സിനഡാത്മക അനുഭവം നല്കാനല്ല, മറിച്ച് ദീർഘകാലത്തേക്ക് ദൈവജനത്തിനു മുഴുവൻ എങ്ങനെ വർദ്ധിതമാംവിധം ഒരു സിനഡാത്മക സഭയായിട്ട് മുന്നോട്ടു പോകാൻ സാധിക്കുമെന്നത് തിരിച്ചറിയുക എന്നതാണ്.

വത്തിക്കാൻ കൗൺസിലിന്റെ പ്രധാന ഫലങ്ങളിലൊന്ന് മെത്രാന്മാരുടെ സിനഡ് സ്ഥാപിക്കാൻ കഴിഞ്ഞു എന്നതാണ്. ഇതുവരെ മെത്രാന്മാരുടെ സിനഡ് പാപ്പായോടൊപ്പവും അദ്ദേഹത്തിന്റെ അധികാരത്തിൻകീഴിലും മെത്രാന്മാരുടെ ഒത്തുചേരൽ മാത്രമായിരുന്നു. എന്നാൽ ഇപ്പോൾ സിനഡാത്മകത എന്നത് മുഴുവൻ ദൈവജനത്തിന്റെയും വഴിയാണെന്ന് സഭ മനസ്സിലാക്കുന്നു. അതിനാൽ സിനഡാത്മക പ്രക്രിയ എന്നത് മെത്രാന്മാരുടെ ഒരു സമ്മേളനം മാത്രമല്ല, മറിച്ച് എല്ലാ വിശ്വാസികളുടെയും ഒരുമിച്ചുള്ള സഞ്ചാരമാണ്. അതിൽ ഓരോ പ്രാദേശിക സഭയ്ക്കും ഒരു അടിസ്ഥാന പങ്കുവഹിക്കാനുണ്ട്. ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും, അതായത്, ഹയരാർക്കിയും അൽമായരും സഭയുടെ രക്ഷാകര പ്രേഷിതദൗത്യ

ത്തിൽ സജീവപങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രത്യേകമായി എടുത്തുപറയുന്നു (*LG*, 32-33). ക്രിസ്തുവിന്റെ ശരീരത്തിലെ അംഗങ്ങളെന്ന നിലയിൽ വിശ്വാസികൾ ജ്ഞാനസ്നാനത്തിലൂടെയും സ്ഥൈര്യലേപനത്തിലൂടെയും പരിശുദ്ധാത്മാവിനെ സ്വീകരിച്ചവരാണ്. അതിനാൽ സഭയെ നവീകരിക്കാനും പടുത്തുയർത്താനുമുള്ള പരിശുദ്ധാത്മാവിന്റെ വിവിധ ദാനങ്ങളും വരങ്ങളുംകൊണ്ട് അവർ അലംകൃതരാണ്. പാപ്പായുടെയും മെത്രാന്മാരുടെയും പഠിപ്പിക്കാനുള്ള അധികാരം വിശ്വാസികളുടെ ബോധത്തോട് (*sensus fidelium*) സംവാദത്തിലാണ്, അതായത് ദൈവജനത്തിന്റെ സജീവ സ്വരത്തോട് (cf. *Sensus Fidei* in the Life of the Church, 74). ദൈവജനത്തിന്റെ സജീവശബ്ദത്തെ അടിസ്ഥാനപ്പെടുത്തിക്കൊണ്ട് (ICT, *Syn.*, 68) ദൈവഹിതത്തിനു ഏറ്റവും ചേർന്നവിധമുള്ള അജപാലനപരമായ തീരുമാനങ്ങൾ എടുക്കാനാണ് സിനഡാത്മകതയുടെ പാത ശ്രമിക്കുന്നത്.

അത്മായരും പുരോഹിതരും സമർപ്പിതരുമായ ദൈവശാസ്ത്രജ്ഞന്മാരുമായി സഹകരിച്ചുള്ള പ്രവർത്തനം ദൈവജനത്തിന്റെ ശബ്ദം വ്യക്തമാക്കുന്നതിനു ഉപകാരപ്രദമായിരിക്കും. ആ ശബ്ദം ജീവിതാനുഭവത്തിന്റെ അടിസ്ഥാനത്തിൽ വിശ്വാസത്തിന്റെ യാഥാർത്ഥ്യം പ്രഖ്യാപിക്കുന്നതായിരിക്കും.

ഈ അടുത്തകാലങ്ങളിൽ നടന്ന സിനഡുകളിൽ നവസുവിശേഷവൽക്കരണം, കുടുംബം, യുവജനങ്ങൾ, ആമസോൺ എന്നിവയെകുറിച്ചാണല്ലോ പഠിച്ചത്; എന്നാൽ ഈ സിനഡ് സിനഡാത്മകതയെ കുറിച്ചുതന്നെയാണ് പഠിക്കുന്നത്. നാം ഇപ്പോൾ ഏർപ്പെടുന്ന സിനഡാത്മക പ്രക്രിയയിൽ നമ്മൾ നയിക്കപ്പെടുന്നത് ഒരു അടിസ്ഥാനപരമായ ചോദ്യത്താലാണ്: *എങ്ങനെയാണ് പല തലങ്ങളിൽ (പ്രാദേശിക തലത്തിൽ തുടങ്ങി ആഗോളതലംവരെ) നടക്കുന്ന ഈ ഒരുമിച്ചുള്ള സഞ്ചാരംവഴി തന്നെ ഭരമേല്പിച്ചിരിക്കുന്ന സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യം സഭ സാധ്യമാക്കുന്നത്? ഒരു സിനഡാത്മക സഭയിലേക്കു വളരാൻ ഏതൊക്കെ നടപടികൾ എടുക്കാനാണ് ആത്മാവ് നമ്മെ ക്ഷണിക്കുന്നത്?* (PD, 2).

ഇതിന്റെ വെളിച്ചത്തിൽ ദൈവജനം മുഴുവനും എന്ന നിലയിൽ, പരിശുദ്ധാത്മാവ് എന്താണ് സഭയോടു പറയുന്നതെന്ന് കേൾക്കുകയാണ് ഈ സിനഡിന്റെ ലക്ഷ്യം. നമ്മൾ ഇത് ചെയ്യുന്നത് വിശുദ്ധ ഗ്രന്ഥത്തിലും സഭയുടെ സജീവ പാരമ്പര്യത്തിലും ഉള്ള ദൈവവചനത്തെ ശ്രവിച്ചുകൊണ്ടാണ്; കൂടാതെ പരസ്പരം ശ്രവിച്ചുകൊണ്ടും, പ്രത്യേകിച്ച് പാർശ്വവൽക്ക

രിക്കപ്പെട്ടവരെ ശ്രവിച്ചുകൊണ്ടും, കാലത്തിന്റെ അടയാളങ്ങൾ വിവേചിച്ചു കൊണ്ടുമാണ്. അതിനാൽ വിവേചിച്ചറിയലിന്റെയും പങ്കാളിത്തത്തിന്റെതും കൂട്ടുത്തരവാദിത്വത്തിന്റെതും ആയി ജീവിച്ച അനുഭവത്തെ പരിപോഷിപ്പി ക്കുക എന്നതാണ് സിനഡാത്മക പ്രക്രിയ മുഴുവന്റെയും ലക്ഷ്യം; അവി ടെയാണല്ലോ ലോകത്തിലെ സഭയുടെ ദൗത്യത്തിനായി വിവിധങ്ങളായ ദാന ങ്ങൾ കോർത്തിണക്കപ്പെടുന്നത്.

അതിനാൽ ഈ സിനഡിന്റെ ലക്ഷ്യം കൂടുതൽ രേഖകൾ ഉണ്ടാക്കുകയല്ല. പ്രത്യുത, സഭ എന്തിനായി വിളിക്കപ്പെട്ടിരിക്കുന്നുവോ അതിനായി സ്വപ്നം കാണാനായി ജനത്തെ പ്രചോദിപ്പിക്കാനും ജനത്തിന്റെ പ്രത്യാശ വളർത്താ നും പരസ്പരവിശ്വാസം വർദ്ധിപ്പിക്കാനും മുറിവുകൾ വച്ചുകെട്ടാനും പുതി യതും ആഴമുള്ളതുമായ ബന്ധങ്ങൾ രൂപപ്പെടുത്താനും അപരനിൽ നിന്നു പഠിക്കാനും പാലങ്ങൾ പണിയാനും മനസ്സുകളെ ഉദ്ദീപ്തമാക്കാനും ഹൃദ യങ്ങളെ ഊഷ്മളമാക്കാനും നമ്മുടെ പൊതുദൗത്യത്തിനുവേണ്ടി നമ്മുടെ കരങ്ങൾക്കു ശക്തിപകരാനുമാണ് (PD, 32). അതിനാൽ ഈ സിനഡാ ത്മക പ്രക്രിയയുടെ ലക്ഷ്യം കുറേയധികം നടപടികൾ ആരംഭിക്കുകയും അവസാനിപ്പിക്കുകയുമല്ല, മറിച്ച് മൂന്നാം സഹസ്രാബ്ദത്തിൽ സഭ എപ്രകാ രമായിരിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നോ അതിനായി കൂട്ടായ്മ യുടെയും പ്രേഷിതദൗത്യത്തിന്റെയും പാതയിൽ യഥാർത്ഥമായി മുന്നേറുക എന്നതാണ്.

ഈ ഒരുമിച്ചുള്ള സഞ്ചാരം നമ്മെ ക്ഷണിക്കുന്നത് നമ്മുടെ മനോഭാവങ്ങ ളെയും നമ്മുടെ സഭയുടെ ഘടനയെയും പരിഷ്ക്കരിക്കാനും, അങ്ങനെ കാലത്തിന്റെ അടയാളങ്ങൾ മനസ്സിലാക്കി ദൈവത്തിന്റെ വിളിക്ക് ഉത്തരം കൊടുക്കാനുമാണ്. ദൈവജനത്തെ മുഴുവൻ ശ്രവിക്കുന്നതുവഴി സഭയ്ക്ക് അജപാലനപരമായ തീരുമാനങ്ങൾ, ദൈവഹിതത്തിനു പരമാവധി ചേർ ന്നവിധം, കൈക്കൊള്ളാൻ ഇടവരുത്തും (ITC, *Syn.*, 68). ദൈവവും മനു ഷ്യനുമായുള്ള സംഭാഷണത്തെ സഹായിക്കുകയും ദൈവരാജ്യത്തിലേക്ക് നടന്നടുക്കുകയും ചെയ്യുക എന്നതാണ് ഈ സിനഡാത്മക പാതയുടെ ആത്യന്തികമായ ലക്ഷ്യം (cf. *LG.* 9; *RM*, 20). അങ്ങനെ, സ്വർഗരാജ്യത്തിന്റെ ശുശ്രൂഷയിൽ കൂടുതൽ ഫലവത്തായി പ്രവർത്തിക്കുന്ന ഒരു സഭയെ യാണ് ഈ സിനഡാത്മക പ്രക്രിയ ഉന്നംവയ്ക്കുന്നത്.

## 1.4 ഈ സിനഡിന്റെ വിഷയം: ഒരു സിനഡാത്മക സഭയ്ക്കു വേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം

മെത്രാന്മാരുടെ സിനഡിന്റെ രൂപീകരണത്തിന്റെ അമ്പതാം വാർഷികാഘോഷചടങ്ങിൽവച്ച് 2015 ഒക്ടോബറിൽ ഫ്രാൻസിസ് പാപ്പാ ഇപ്രകാരം പ്രഖ്യാപിച്ചു: നമ്മൾ ജീവിക്കുന്ന, നമ്മൾ സ്നേഹിക്കാനും ശുശ്രൂഷിക്കാനുമായി വിളിക്കപ്പെട്ടിരിക്കുന്ന ഈ ലോകം, അതിന്റെ വൈരുദ്ധ്യങ്ങൾക്കുള്ളിൽപോലും, സഭ തന്റെ പ്രേഷിതദൗത്യത്തിന്റെ എല്ലാ മേഖലകളിലും സഹകരണം ശക്തിപ്പെടുത്തണമെന്ന് ആവശ്യപ്പെടുന്നു. സഭയുടെ പ്രേഷിതദൗത്യത്തിൽ സഹകരിക്കാനുള്ള ഈ ആഹ്വാനം ദൈവജനം മുഴുവനും വേണ്ടിയുള്ളതാണ്. മുറിവുകളുണക്കാനുള്ള സഭയുടെ പരിശ്രമങ്ങളിൽ സഹകരിക്കാൻ എല്ലാ ദൈവജനത്തെയും നേരിട്ട് ക്ഷണിച്ചുകൊണ്ട് ഫ്രാൻസിസ് പാപ്പാ ഇത് വ്യക്തമാക്കി: നമുക്ക് വളരെ അത്യാവശ്യമുള്ള സഭാത്മകവും സാമൂഹികവുമായ മാറ്റങ്ങളോടു ചേർന്നുനിൽക്കുന്നതായി ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിക്കും തോന്നേണ്ടതായുണ്ട്. കർത്താവ് കാണുന്നതുപോലെ കാര്യങ്ങൾ കാണാൻ കഴിയുന്നതിനുവേണ്ടി വ്യക്തിപരവും സാമൂഹികവുമായ ഒരു മാനസാന്തരം ഈ മാറ്റം ആവശ്യപ്പെടുന്നു. 2021 ഒക്ടോബറിൽ ഓരോ പ്രാദേശിക സഭയിലും ആരംഭിക്കേണ്ടതും 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡ് സമ്മേളനത്തിൽ സമാപിക്കേണ്ടതുമായ മുഴുവൻ ദൈവജനത്തിന്റെയും ഒരു സിനഡാത്മക സഞ്ചാരം 2021 ഏപ്രിലിൽ ഫ്രാൻസിസ് പാപ്പാ തുടങ്ങിവച്ചു.

## സിനഡാത്മക പ്രക്രിയയ്ക്കുവേണ്ടിയുള്ള മുഖ്യസംജ്ഞകൾ

സിനഡിന്റെ വിഷയം “ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം” എന്നതാണ്. കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നീ  മൂന്നു വശങ്ങൾ പരസ്പരം ഗാഢമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു സിനഡാത്മക സഭയുടെ നിർണായകമായ തൂണുകളാണിവ. അവയ്ക്കിടയിൽ സ്ഥാനമഹിമവ്യത്യാസങ്ങളില്ല. മറിച്ച്, അവയോരോന്നും ഇതര ഘടകങ്ങളെ പരിപോഷിപ്പിക്കുകയും അവയിലേക്ക് നയിക്കുകയും ചെയ്യുന്നു. ഇവ മൂന്നിനുമിടയിലുള്ള ചലനാത്മകമായ ഈ ബന്ധം മനസ്സിൽ വെച്ചുകൊണ്ടാണ് ഇവ മൂന്നും സ്പഷ്ടമാക്കപ്പെടേണ്ടത്.

**കൂട്ടായ്മ :** തന്റെ ജനത്തിനു നല്കുന്ന ഉടമ്പടിയിലൂടെ, ഒരേ വിശ്വാസമുള്ള വ്യത്യസ്ത ജനതകളായ നമ്മളെ തന്റെ കൃപാപൂർണമായ ഇച്ഛയാൽ ദൈവം ഒരുമിച്ചുകൂട്ടുന്നു. നമ്മൾ പങ്കുപറ്റുന്ന കൂട്ടായ്മ അതിന്റെ ആഴത്തിലുള്ള വേരുകൾ കണ്ടെത്തുന്നത് പരിശുദ്ധ ത്രിത്വത്തിന്റെ സ്നേഹത്തിലും കൂട്ടായ്മയിലുമാണ്. പിതാവിനോട് നമ്മെ അനുരഞ്ജനപ്പെടുത്തുന്നതും പരിശുദ്ധാത്മാവിൽ നമ്മെ പരസ്പരം യോജിപ്പിക്കുന്നതും ക്രിസ്തുവാണ്. നമ്മൾ പങ്കുപറ്റുന്ന വിശ്വാസബോധത്തിൽ (*sensus fidei*) അടിസ്ഥാനമുറപ്പിച്ച്, സഭയുടെ സജീവമായ പാരമ്പര്യത്തിലൂടെ, ദൈവവചനത്തിനു കാതോർത്തുകൊണ്ട് നമ്മളൊരുമിച്ച് പ്രചോദിതരായിത്തീരുന്നു. തന്റെ ജനത്തിനുവേണ്ടിയുള്ള ദൈവത്തിന്റെ വിളി വിവേചിച്ചറിയുന്നതിലും ജീവിക്കുന്നതിലും നമുക്കോരോരുത്തർക്കും താന്താങ്ങളുടേതായ പങ്കുവഹിക്കാനുണ്ട്.

**പങ്കാളിത്തം :** തീവ്രമായും ബഹുമാനപൂർവവും മറ്റുള്ളവരെ ശ്രവിക്കാനുള്ള പരിശ്രമങ്ങളിൽ ഏർപ്പെടാൻ ദൈവജനം മുഴുവനുമുള്ള അത്മായർ, സന്യസ്തർ, പുരോഹിതർ എന്നിവർക്കുള്ള ഒരു ക്ഷണമാണിത്. ഈ ശ്രവണം നാം ഒരുമിച്ച് പരിശുദ്ധാത്മാവിനു കാതോർക്കാൻ ഇടമൊരുക്കുകയും മൂന്നാം സഹസ്രാബ്ദത്തിലെ സഭയ്ക്കുവേണ്ടിയുള്ള നമ്മുടെ താത്പര്യങ്ങളെ നിയന്ത്രിക്കുകയും ചെയ്യുന്നു. പരിശുദ്ധാത്മാവിൽനിന്നു തങ്ങളോരോരുത്തരും സ്വീകരിച്ച ദാനങ്ങളിലൂടെ പരസ്പരം ശുശ്രൂഷിക്കാൻ എല്ലാ വിശ്വാസികളും യോഗ്യരാക്കപ്പെടുകയും വിളിക്കപ്പെട്ടിരിക്കുകയും ചെയ്തിരിക്കുന്നു എന്ന വസ്തുതയിലാണ് പങ്കാളിത്തം അടിസ്ഥാനപ്പെട്ടിരിക്കുന്നത്. അജപാലന തീരുമാനങ്ങൾ എടുക്കുന്നതിൽ ദൈവത്തിന്റെ ഇഷ്ടത്തോട് സാധിക്കാവുന്നത്ര അനുരൂപപ്പെടുന്നതിനുവേണ്ടി പ്രാർത്ഥിക്കാനും ശ്രവിക്കാനും വിശകലനം ചെയ്യാനും സംവദിക്കാനും വിവേചിക്കാനും ഉപദേശം നല്കാനും ഒരു സിനഡാത്മക സഭയിൽ സമൂഹം മുഴുവനും ഒരുമിച്ച്, അതിന്റെ അംഗങ്ങളുടെ സ്വാതന്ത്ര്യവും സമ്പന്നവുമായ വൈവിധ്യത്തോടുകൂടിത്തന്നെ, വിളിക്കപ്പെട്ടിരിക്കുന്നു (ICT, *Syn*., 67-68). പാർശ്വവത്കരിക്കപ്പെട്ടവരുടെയും ഒഴിവാക്കപ്പെട്ടിരിക്കുന്നു എന്ന് ചിന്തിക്കുന്നവരുടെയും സാന്നിധ്യം ഉറപ്പാക്കാൻ സത്യസന്ധമായ പരിശ്രമങ്ങൾ നടത്തണം.

**പ്രേഷിതദൗത്യം :** സുവിശേഷവത്കരണത്തിനു വേണ്ടിയാണ് സഭ നിലകൊള്ളുന്നത്. നമുക്കൊരിക്കലും നമ്മിൽ മാത്രം കേന്ദ്രീകരിച്ച് നില്ക്കാനാവില്ല. മനുഷ്യകുടുംബത്തിന്റെ മുഴുവൻ മധ്യത്തിൽ ദൈവത്തിന്റെ സ്നേഹത്തിനു സാക്ഷ്യം വഹിക്കുകയെന്നതാണ് നമ്മുടെ പ്രേഷിതദൗത്യം. ഈ സിനഡാത്മക പ്രക്രിയയ്ക്ക് പ്രേഷിതദൗത്യത്തിന്റെ ഗഹനമായ ഒരു

വശമുണ്ട്. സുവിശേഷത്തിനു മെച്ചപ്പെട്ട സാക്ഷ്യം നല്കാൻ, പ്രത്യേകിച്ച് നമ്മുടെ ലോകത്തിന്റെ ആത്മീയ, സാമൂഹിക, സാമ്പത്തിക, രാഷ്ട്രീയ, ഭൗമിക, അസ്തിത്വതല മേഖലകളിൽ പ്രാന്തസ്ഥിതരായി ജീവിക്കുന്നവരുടെയിടയിൽ, സഭയെ സംപ്രാപ്തയാക്കുകയെന്നതാണ് ഇത് ലക്ഷ്യം വയ്ക്കുന്നത്. ഇത്തരത്തിൽ, ദൈവരാജ്യത്തിന്റെ വരവിനായുള്ള ശുശ്രൂഷയിലെ പുളിമാവ് എന്ന നിലയിൽ സഭയ്ക്ക് കൂടുതൽ ഫലപ്രദമായി ഈ ലോകത്തിലുള്ള അവളുടെ സുവിശേഷവത്കരണജോലി പൂർത്തിയാക്കാനുള്ള ഒരു വഴിയാണ് സിനഡാത്മകത.

## 1.5 പ്രാദേശിക തലത്തിലുള്ള അനുഭവം

സിനഡാത്മക പ്രക്രിയയുടെ ആദ്യഘട്ടം പ്രാദേശിക സഭകളിലെ ശ്രവണമാണ്. 2021 ഒക്ടോബർ 9 ശനിയാഴ്ച റോമിൽവച്ച് നടക്കുന്ന ആരംഭത്തെ തുടർന്ന് 2021 ഒക്ടോബർ 17 ഞായറാഴ്ച രൂപതാ തലത്തിലുള്ള സിനഡിന്റെ ഘട്ടം ആരംഭിക്കും. മെത്രാന്മാരുടെ സിനഡിന്റെ ജനറൽ സെക്രട്ടറിയായ കർദിനാൾ മാരിയോ ഗ്രെച് 2021 മെയ് മാസത്തിൽ, സിനഡാത്മക സഞ്ചാരത്തിന്റെ പ്രാരംഭദിശയിൽ സഹായിക്കാനും പ്രാദേശിക ശ്രവണ ഘട്ടത്തെ നയിക്കാനുമായി ബന്ധപ്പെടാനുള്ള ഒരു വ്യക്തിയെയോ (വ്യക്തികളെയോ) അല്ലെങ്കിൽ ഒരു ടീമിനെയോ (a contact person/s or team) നിയോഗിക്കണമെന്നാഹ്വാനം ചെയ്തുകൊണ്ട് ഓരോ മെത്രാനും കത്തെഴുതിയിരുന്നു. ഈ വ്യക്തിയോ (വ്യക്തികളോ) ടീമോ ഇടവകകൾക്കും രൂപതക്കും ഇടയിലും അതുപോലെതന്നെ രൂപതക്കും മെത്രാൻസമിതിക്കും ഇടയിലും മധ്യസ്ഥത വഹിക്കുന്നവരായിരിക്കും. സമയപരിധിയായ 2022 ഏപ്രിലിന് മുൻപുതന്നെ ആശയസമാഹരണം നടത്തേണ്ടതിനായി പ്രാദേശിക സഭകളോട് അവരുടെ പ്രതികരണങ്ങൾ ഓരോരുത്തരുടെയും മെത്രാൻസമിതിക്കു നൽകാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. ഇപ്രകാരം മെത്രാൻസമിതികൾക്കും പൗരസ്ത്യസഭകളിലെ സിനഡുകൾക്കും മെത്രാന്മാരുടെ സിനഡിന് ആശയസമന്വയം നല്കാൻ സാധിക്കും. രണ്ടു പ്രവർത്തന രേഖകൾ (*Instrumentum Laboris*) തയ്യാറാക്കുന്നതിനുവേണ്ടി ഈ വിവരങ്ങൾ സമന്വയിക്കപ്പെടും. ഒടുവിൽ, മെത്രാന്മാരുടെ സിനഡിന്റെ സമ്മേളനം 2023 ഒക്ടോബറിൽ റോമിൽവച്ച് നടക്കും.

ഒരുക്ക രേഖയിൽ (ഖ. 31) പ്രസ്താവിച്ചിട്ടുള്ളതുപോലെ:

> സിനഡാത്മക സഞ്ചാരത്തിന്റെ ഒന്നാമത്തെ ഘട്ടത്തിന്റെ ലക്ഷ്യം വിശാലമായ ഒരു ആലോചനാ പ്രക്രിയ സാധ്യമാക്കുക എന്നതാണ്.

സിനഡാത്മകത ജീവിച്ചതിന്റെ അനുഭവത്തിന്റെ സമ്പന്നത ശേഖരിക്കപ്പെടുന്നതിനാണത്. അത് അതിന്റെ നിർദ്ദിഷ്ട പ്രാദേശിക തലത്തിൽ ഏറ്റവും യുക്തമായ ഉപാധികൾവഴി, അതിന്റെ വ്യത്യസ്ത ആശയ സമന്വയങ്ങളിലും ഭാവങ്ങളിലും, പ്രാദേശികസഭകളിലെ (രൂപതകളിലെ) അജപാലകരെയും വിശ്വാസികളെയും വിവിധങ്ങളായ എല്ലാ ഭാഗങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ്. മെത്രാനാൽ ഏകോപിക്കപ്പെടുന്ന ഈ കൂടിയാലോചനാ പ്രക്രിയ എല്ലാവരെയും അഭിസംബോധന ചെയ്തിട്ടുള്ളതാണ്: “വൈദികരെയും, ഡിക്കൻമാരെയും, അവരുടെ സഭകളിലെ അത്മായ വിശ്വാസികളെയും - സമർപ്പിതരായ സ്ത്രീ പുരുഷൻമാർ നൽകുന്ന വിലയേറിയ സംഭാവന അവഗണിക്കാതെതന്നെ” (*EC*, ഖ. 7). പ്രാദേശികസഭകളുടെ (രൂപതകളുടെ) പങ്കാളിത്ത സ്ഥാപനങ്ങളുടെ, പ്രത്യേകിച്ച് വൈദികസമിതിയുടെയും (presbyteral council) അജപാലനസമിതിയുടെയും (pastoral council) സംഭാവന അഭ്യർത്ഥിക്കുന്നു. ഈ രണ്ടു സ്ഥാപനങ്ങളിൽ നിന്നാണല്ലേ ഒരു സിനഡാത്മക സഭ യഥാർത്ഥമായും രൂപം കൊള്ളാൻ തുടങ്ങുന്നത്.(4) ഇതര സഭാത്മക സ്ഥാപനങ്ങളുടെയും (ecclesial entities) സംഭാവന തുല്യമാംവിധം പ്രധാനപ്പെട്ടതാണ്; അവയ്ക്ക് **ഒരുക്കരേഖയും** ഈ കൈപ്പുസ്തകവും അയയ്ക്കപ്പെടും. നേരിട്ട് തങ്ങളുടെ പ്രത്യുത്തരങ്ങൾ അയയ്ക്കുന്നവരുടെയും സംഭാവന വിലമതിക്കപ്പെടും. അവസാനമായി, പ്രാദേശിക സഭകൾക്കുള്ളിൽ (രൂപതകൾക്കുള്ളിൽ) ചില ദൗത്യങ്ങളും ഉത്തരവാദിത്യങ്ങളും ഉള്ളവർക്കു ഉപരിയായി ദരിദ്രരുടെയും ഒഴിവാക്കപ്പെട്ടവരുടെയും സ്വരം കേൾക്കുക എന്നത് അടിസ്ഥാനപരമായി പ്രാധാന്യമുള്ളതാണ്.

പ്രാദേശിക സഭകളുടെ സാഹചര്യത്തിൽ സിനഡാത്മക പ്രക്രിയയിൽ പങ്കുചേരാൻ സന്ന്യാസസമൂഹങ്ങൾ, അത്മായ പ്രസ്ഥാനങ്ങൾ, വിശ്വാസികളുടെ സംഘടനകൾ ഇതര സഭാസംഘങ്ങൾ എന്നിവരോട് ആഹ്വാനം ചെയ്യുന്നു. എന്നിരുന്നാലും, പ്രാദേശിക തലത്തിൽ അവസരം ലഭിക്കാത്ത ഏതു വ്യക്തിക്കും, ഗ്രൂപ്പിനും *Episcopalis Communio*-ൽ (ഖ. 6. of the Consultation of the people of God) *(ദൈവജനവുമായുള്ള ആലോചന)* പ്രസ്താവിച്ചിരിക്കുന്നതുപോലെ, ജനറൽ സെക്രട്ടറിയേറ്റിലേക്കു നേരിട്ട് അഭിപ്രായങ്ങൾ അറിയിക്കാൻ സാധിക്കും. അത് ഇപ്രകാരമാണ്:

§ 1. പാത്രിയർക്കൽ, ശ്രേഷ്ഠ മെത്രാപ്പോലിത്തൻ സഭകളുടെ മെത്രാന്മാരുടെ സിനഡുകൾ, വ്യക്തിഗത സഭകളുടെ ഹയരാർക്കുകളുടെ കൗൺ

സിലുകൾ, ഹയരാർക്കുകളുടെ അസംബ്ലികൾ, മെത്രാൻസമിതികൾ എന്നിവയിലൂടെയാണ് പ്രാദേശിക സഭകളിൽ ദൈവജനവുമായുള്ള കൂടിയാലോചന നടക്കേണ്ടത്. പങ്കാളിത്ത സമിതികൾക്ക് നിയമാനുസൃതമായി നൽകിയിരിക്കുന്ന ഉപാധികൾ അനുസരിച്ചും, ഉചിതമെന്നു തോന്നുന്ന ഇതര വഴികൾ ഒഴിവാക്കാതെയുമാണ് ഓരോ പ്രത്യേക സഭയിലും ദൈവജനവുമായുള്ള ആലോചന മെത്രാന്മാർ നടത്തേണ്ടത്. § 2. സമർപ്പിത ജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിലും അപ്പസ്തോലിക ജീവിതത്തിന്റെ സൊസൈറ്റികളിലും ആയിരിക്കുന്ന സ്ത്രീപുരുഷന്മാരുടെ യൂണിയനുകളും ഫെഡറേഷനുകളും  കോൺഫറൻസുകളും അവരവരുടെ മേജർ സുപ്പീരിയറുകളുമായി ആലോചിക്കണം.  അവരാകട്ടെ, അവരുടെ കൗൺസിലുകളുടെയും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടുകളിലെയും സൊസൈറ്റികളിലെയും ഇതര അംഗങ്ങളുടെയും അഭിപ്രായമാരായണം. § 3. അപ്രകാരംതന്നെ, പരിശുദ്ധ സിംഹാസനം അംഗീകരിച്ചിട്ടുള്ള അത്മായസംഘങ്ങൾ തങ്ങളുടെ അംഗങ്ങളുമായി ആലോചന നടത്തണം. § 4. തങ്ങൾക്കു പ്രാവീണ്യമുള്ള മേഖലകളനുസരിച്ച് റോമൻ കൂരിയയിലെ തിരുസംഘങ്ങൾ അവരുടെ സംഭാവനകൾ നല്കണം. § 5. സിനഡിന്റെ ജനറൽ സെക്രട്ടറിയേറ്റിന് ദൈവജനവുമായുള്ള ആലോചനയ്ക്ക് ഇതര വഴികളും കണ്ടെത്താവുന്നതാണ്.

ശ്രവണത്തിന്റെ ഓരോ ഘട്ടവും പ്രാദേശിക സാഹചര്യങ്ങൾക്ക് അനുയുക്തമായിരിക്കണം. പരിമിതമായ ഇന്റർനെറ്റ് സൗകര്യങ്ങളുള്ള ഉൾനാടൻ പ്രദേശങ്ങളിലെ ആളുകൾക്ക് നഗരപ്രദേശങ്ങളിൽ നിന്നുള്ളവരിൽനിന്ന് വ്യത്യസ്തമായ പങ്കാളിത്തരീതി സ്വീകരിക്കാവുന്നതാണ്. കോവിഡ്-19 മഹാമാരിയിൽപ്പെട്ടിരിക്കുന്ന സമൂഹങ്ങൾക്ക് അസുഖം കുറവുള്ള മേഖലകളിലേതിൽനിന്ന് വ്യത്യസ്തമായ സംവാദ, ശ്രവണ സാധ്യതകൾ സംഘടിപ്പിക്കാവുന്നതാണ്. പ്രാദേശിക സാഹചര്യങ്ങൾ എന്തുതന്നെയായാലും, ഓരോ രൂപതയിൽനിന്നും ബന്ധപ്പെടാനായി നിയോഗിക്കപ്പെട്ടിരിക്കുന്ന വ്യക്തി (വ്യക്തികൾ (contact person/s ) പരമാവധി ആളുകളെ ഉൾക്കൊള്ളിക്കാനും പങ്കെടുപ്പിക്കാനും പ്രത്യേകിച്ച് സമൂഹത്തിന്റെ പ്രാന്തപ്രദേശങ്ങളിൽ ജീവിക്കുന്നവരെയും സമൂഹം മറന്നുപോയവരെയും കണക്കിലെടുക്കാനും ശ്രദ്ധിക്കണം. രൂപതാതലത്തിലും മെത്രാൻസമിതികളിലും ആഗോള സഭയിലും നടത്തുന്ന ആശയസമാഹരണം ദൈവജനത്തിന്റെ ജീവിതയാഥാർഥ്യങ്ങളും അനുഭവങ്ങളും ഉൾക്കൊള്ളുന്നതാവാൻ പരമാവധി ഭാഗഭാഗിത്വം ഉറപ്പാക്കുന്നതിലൂടെ സാധിക്കും. കാരണം, ദൈവജനത്തിന്റെ ഈ ഇടപെടൽ നിർണായകമാണ്. കുറെപേർക്ക് അത് സിനഡാത്മകതയുടെ

ആദ്യ അനുഭവമായിരിക്കും. ശ്രവണത്തിന്റെ പ്രാദേശികമായ ഓരോ നടപടിയും സിനഡിന്റെ മാർഗദർശകതത്ത്വങ്ങളായ കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം എന്നിവയെ അടിസ്ഥാനപ്പെടുത്തിയുള്ളതാകണം എന്നത് അനുപേക്ഷണീയമാണ്. സിനഡാത്മക പ്രക്രിയ പ്രാദേശിക തലത്തിൽ ഉരുത്തിരിയുമ്പോൾ താഴെ പറയുന്ന കാര്യങ്ങൾ ഉറപ്പാക്കണം:

- പരിശുദ്ധാത്മാവിന്റെ മാർഗനിർദേശങ്ങൾക്കു ഇടമൊരുക്കാൻ ശ്രവണത്തിലൂടെയുള്ള വിവേചിച്ചറിയൽ;
- ഭൗതിക സമ്പാദ്യങ്ങൾ, കഴിവും കഴിവുകേടും, സാമൂഹിക സാമ്പത്തിക നിലവാരം, വിദ്യാഭ്യാസം, ഭാഷ, ദേശം എന്നീ പരിഗണനകൾക്കുപരി സാധിക്കുന്നിടത്തോളം ആളുകൾക്ക് പങ്കെടുക്കാനുള്ള സാധ്യത ഒരുക്കൽ;
- പ്രാദേശിക സമൂഹങ്ങളിലെ വൈവിധ്യങ്ങളെ ആശ്ലേഷിക്കാനും ആഘോഷിക്കാനുമുള്ള സാംസ്കാരികബോധം;
- പാർശ്വവത്കരിക്കപ്പെട്ടവരെയും ഒഴിവാക്കപ്പെട്ടു എന്നു തോന്നുന്നവരെയും ഉൾക്കൊള്ളിക്കാൻ പരമാവധി പരിശ്രമിക്കുന്നത്തിനുതകുന്ന തുറവ്;
- കൂട്ടുത്തരവാദിത്വ സഭ എന്ന മാതൃകയിൽ അടിസ്ഥാനമാക്കിയ കൂട്ടായ്മ;
- ഓരോ അംഗത്തിന്റെയും അഭിപ്രായം, മാഹാത്മ്യം, അവകാശം എന്നിവയോടുള്ള ബഹുമാനം;
- അംഗങ്ങളിലെ ന്യൂനപക്ഷംപോലും ഉന്നയിക്കുന്ന അഭിപ്രായങ്ങളെ കണക്കിലെടുത്തുകൊണ്ട് എല്ലാ പ്രതികരണങ്ങളുടെയും വിമർശനാത്മകവും അഭിനന്ദനാർഹവുമായ വശങ്ങളെ ഉൾക്കൊള്ളുന്ന വിധത്തിലുള്ള കൃത്യമായ ആശയസമാഹരണം;
- ക്ഷണിക്കുക, പങ്കെടുപ്പിക്കുക, ഉൾച്ചേർക്കുക, ആശയസമാഹരണം നടത്തുക തുടങ്ങിയ കാര്യങ്ങൾ കൃത്യമായി അറിയിക്കുന്നതിലെ സുതാര്യത;
- എല്ലാവരുടെയും ശബ്ദം ഉചിതമായി കേൾക്കപ്പെടുന്നരീതിയിൽ ശ്രവണത്തിലെ പങ്കാളിത്തം എല്ലാവർക്കും ഒരുപോലെ ഉറപ്പുവരുത്താനുള്ള നീതിബോധം.

ഓരോ പ്രാദേശിക സാഹചര്യത്തിലുമുള്ള സഭയുടെ ജീവിതാനുഭവങ്ങളുടെ സമ്പന്നത കണ്ടെത്താൻ പരിശ്രമിക്കണമെന്ന് രൂപതാതലത്തിൽ ബന്ധപ്പെടാനായി നിയോഗിച്ചിട്ടുള്ള വ്യക്തിയോട് (വ്യക്തികളോട്) ആഹ്വാനം ചെയ്യുന്നു. രൂപതാഘട്ടത്തിലുടനീളം സിനഡാത്മക പ്രക്രിയയുടെ തത്ത്വ

ങ്ങളും സംഭാഷണത്തിനുണ്ടാകേണ്ട ചില മാതൃകകളും മനസ്സിൽ സൂക്ഷിക്കുന്നത് ആശയങ്ങൾ സമാഹരിക്കുന്നതിനും അവ കൃത്യമായി പ്രവർത്തന രേഖയുടെ (*Instrumentum Laboris*) രചനക്കുവേണ്ടി അറിയിക്കുന്നതിനും സഹായകമാകും. ദൈവജനത്തിലൂടെ പരിശുദ്ധാത്മാവ് എങ്ങനെയാണ് സംസാരിക്കുന്നത് എന്നറിയാൻ നമ്മൾ ബദ്ധശ്രദ്ധരായിരിക്കണം.

## 2. സിനഡാത്മക പ്രക്രിയയുടെ തത്ത്വങ്ങൾ

### 2.1 ആർക്കാണ് പങ്കെടുക്കാവുന്നത്?

യേശു എപ്രകാരമാണ് എല്ലാവർക്കും സമീപസ്ഥനാകുന്നതെന്ന് സുവിശേഷങ്ങളിലുടനീളം നാം കാണുന്നുണ്ട്. അവിടന്ന് ആളുകളെ വ്യക്തികളെന്ന നിലയിൽ രക്ഷിക്കുക മാത്രമല്ല, ഒരിടയൻ തന്റെ ആട്ടിൻകൂട്ടത്തെ മുഴുവനും ഒരുമിച്ചുകൂട്ടുന്നതുപോലെ, ഒരു ജനതയെന്ന നിലയിൽ അവരെ ഒരുമിപ്പിക്കുകയും ചെയ്യുന്നു (യോഹ 10:16 കാണുക). ദൈവത്തിന്റെ രക്ഷാപദ്ധതിയിൽനിന്ന് ആരും ഒഴിവാക്കപ്പെട്ടിട്ടില്ലെന്ന് യേശുവിന്റെ ശുശ്രൂഷ നമുക്ക് കാണിച്ചുതരുന്നു.

കഴിയുന്നിടത്തോളം വിശാലമായ പ്രേക്ഷകവൃന്ദത്തോട് നിരന്തരം തുറന്ന മനസ്സോടെ സംവദിച്ച യേശുവിന്റെ നിലപാടറിയാതെ സുവിശേഷവൽക്കരണ പ്രവർത്തനവും രക്ഷയുടെ സന്ദേശവും മനസ്സിലാക്കുക സാധ്യമല്ല. യേശുവിന്റെ പിന്നാലേ പോയവരും തന്നെ അനുഗമിക്കാനായി യേശു വിളിച്ചവരുമായ സകലരും ഉൾപ്പെടുന്ന പ്രേക്ഷകവൃന്ദത്തെ സുവിശേഷങ്ങൾ "ജനക്കൂട്ടം" എന്നാണ് വിശേഷിപ്പിക്കുന്നത്. നവദൈവജനത്തിന്റെ ഭാഗമാകാൻ സകല മനുഷ്യരും വിളിക്കപ്പെട്ടിരിക്കുന്നു (*LG*, 13) എന്ന കാര്യം രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നൽകൊടുത്ത് പഠിപ്പിച്ചിട്ടുണ്ട്. താൻ ഒരുമിച്ചുകൂട്ടിയ സമസ്തജനതയിലും ദൈവം സത്യമായും പ്രവർത്തനനിരതനാണ്. ഇക്കാരണത്താൽ, "പരിശുദ്ധനായവനാൽ അഭിഷേകം ചെയ്യപ്പെട്ടിരിക്കുന്നതുകൊണ്ട് വിശ്വാസികളുടെ സമൂഹത്തിന് ഒന്നാകെ വിശ്വാസത്തിൽ തെറ്റുപറ്റുകയില്ല. മെത്രാൻമുതൽ അല്മായവിശ്വാസികളിൽ അവസാനത്തെ ആൾവരെ വിശ്വാസവും സന്മാർഗവും സംബന്ധിച്ച കാര്യങ്ങളിൽ പൊതുവായ അഭിപ്രായൈക്യം പ്രകടിപ്പിക്കുമ്പോഴാണ് ദൈവജനമെന്ന നിലയ്ക്ക്, വിശ്വാസത്തിന്റെ അതിസ്വാഭാവികമായ അർത്ഥത്തിൽ തങ്ങളുടെ പ്രത്യേകവരം അവർ പ്രകാശിപ്പിക്കുന്നത്"(*LG*, 12). പ്രസ്തുത വിവേചനവരം പരിശുദ്ധാത്മാവിനാൽ സജീവമാക്കപ്പെടുന്നതും ജനതകളുടെ ഇടയിലുള്ള സംവാദത്തിലൂടെ നിർഗമിക്കുന്നതും സഭയുടെ പ്രബോധ

നങ്ങളോട് വിശ്വസ്തമായിരുന്നുകൊണ്ട് കാലത്തിന്റെ അടയാളങ്ങളെ വായിക്കുന്നതുമാണെന്ന് കൗൺസിൽ തുടർന്ന് ചൂണ്ടിക്കാണിക്കുന്നു.

ഈ വെളിച്ചത്തിൽ, ജ്ഞാനസ്നാനം സ്വീകരിച്ച മുഴുവൻ ദൈവജനത്തെയും ശ്രവിച്ചുകൊണ്ടുള്ള കൂടിയാലോചന നടത്തുകയെന്നതാണ് സിനഡാത്മക പ്രക്രിയയുടെ രൂപതാതലത്തിന്റെ ഉദ്ദേശ്യം. ഈ സിനഡ് വിളിച്ചുകൂട്ടുകവഴി, രൂപതാതലത്തിൽ നാന്ദികുറിക്കുന്ന സിനഡാത്മക പ്രക്രിയയിൽ പങ്കുകാരാകാൻ ജ്ഞാനസ്നാനം സ്വീകരിച്ച സകലരെയും ഫ്രാൻസിസ് പാപ്പാ ക്ഷണിക്കുന്നു. പ്രസ്തുത സിനഡാന്മക അനുഭവത്തിന്റെ മുഖ്യസ്വീകർത്താക്കൾ ജ്ഞാനസ്നാനം സ്വീകരിച്ച സകലരുമാണെന്ന കാര്യം മനസ്സിൽ സൂക്ഷിക്കണമെന്ന് രൂപതകളെ ഓർമ്മപ്പെടുത്തുന്നു. പുറംതള്ളപ്പെടാൻ സാധ്യതയുള്ളവരായവരെ- സ്ത്രീകൾ, ഭിന്നശേഷിക്കാർ, അഭയാർത്ഥികൾ, കുടിയേറ്റക്കാർ, പ്രായമേറിയവർ, ദാരിദ്ര്യത്തിൽ ജീവിക്കുന്നവർ, അപൂർവമായി മാത്രമോ അശേഷമായോ വിശ്വാസജീവിതമുള്ള കത്തോലിക്കർ, തുടങ്ങിയവർ - പങ്കെടുപ്പിക്കുന്നതിനുള്ള പ്രത്യേകശ്രദ്ധ പുലർത്തണം. കുട്ടികളെയും യുവജനങ്ങളെയും പങ്കെടുപ്പിക്കുന്നതിന് സർഗാത്മകമായ വഴികൾ കണ്ടെത്തുകയും വേണം.

ജ്ഞാനസ്നാനം സ്വീകരിച്ച എല്ലാവരും അവരുടെ സാകല്യതയിൽ വിശ്വാസികളുടെ വിശ്വാസബോധത്തിന്റെ (*sensus fidelium*) അഥവാ ദൈവജനത്തിന്റെ സജീവമായ സ്വരത്തിന്റെ ഉടമകളാണ്. അതേസമയം, ജ്ഞാനസ്നാനം സ്വീകരിച്ചവർ വിവേചിച്ചറിയുക എന്ന പ്രവൃത്തിയിൽ പരിപൂർണമായി ഭാഗഭാക്കാകുന്നതിന്റെ ഭാഗമായി തങ്ങളുടെ പ്രാദേശിക സാഹചര്യത്തിലുള്ള മറ്റുള്ളവരുടെയും ശബ്ദം, അതായത് വിശ്വാസജീവിതം ഉപേക്ഷിച്ചവരുടെയും, മറ്റു വിശ്വാസധാരകൾ പിൻപറ്റുന്നവരുടെയും, ഒരു വിശ്വാസം ഇല്ലാത്തവരുടെയും ശബ്ദം കേൾക്കാൻ തയ്യാറാകുക എന്നത് പരമപ്രധാനമാണ്. കാരണം രണ്ടാംവത്തിക്കാൻ കൗൺസിൽ പ്രസ്താവിക്കുന്നതുപോലെ, "ഇക്കാലത്തെ മനുഷ്യരുടെ വിശിഷ്യ, പാവങ്ങളുടെയും പീഡിതരുടെയും സന്തോഷവും പ്രതീക്ഷകളും സങ്കടങ്ങളും ഉൽകണ്ഠയുമെല്ലാം ക്രിസ്തുവിന്റെ അനുയായികളുടെയും കൂടിയാണ്. കലർപറ്റ മനുഷ്യത്വത്തോടുകൂടിയ യാതൊന്നും അവരുടെ ഹൃദയമണ്ഡലങ്ങളിൽ പ്രതിധ്വനിക്കാതിരിക്കരുത്" (*GS*, 1).

ഇക്കാരണത്താൽ, ജ്ഞാനസ്നാം സ്വീകരിച്ച സകലരും സിനഡാത്മക പ്രക്രിയയുടെ ഭാഗമാകാൻ സവിശേഷമായി വിളിക്കപ്പെട്ടിരിക്കുമ്പോൾത്തന്നെ, അവരോടൊപ്പം മറ്റാരും - അവരുടെ മതാഗത്വം എന്തു

തന്നെയായാലും - അവരുടെ വീക്ഷണങ്ങളും അനുഭവങ്ങളും പങ്കുവയ്ക്കുന്നതിൽനിന്നും, സഭയെ അവളുടെ നന്മയും സത്യവും ആരാഞ്ഞുകൊണ്ടുള്ള സിനഡാത്മക സഞ്ചാരത്തിൽ സഹായമേകാനുള്ള സന്നദ്ധതയുള്ളിടത്തോളം, ഒഴിവാക്കപ്പെടരുത്. എളുപ്പത്തിൽ പരിക്കേൽക്കാവുന്ന അവസ്ഥയിലുള്ളവരുടെയും, പാർശ്വവൽക്കരിക്കപ്പെടുന്നവരുടെയും കാര്യത്തിൽ ഇത് സവിശേഷമായി സത്യവുമാണ്.

## 2.2 യഥാർത്ഥമായും സിനഡാത്മകമായ ഒരു പ്രക്രിയ: ശ്രവണം, വിവേചിച്ചറിയൽ, പങ്കുപറ്റൽ

സിനഡാത്മക പ്രക്രിയ പ്രഥമവും പ്രധാനവുമായി ഒരു ആദ്ധ്യാത്മികമായ പ്രക്രിയയാണ്. ഇത് യാന്ത്രികമായ വിവരശേഖരണ ഉദ്യമമോ, സമ്മേളനങ്ങളുടെയും ചർച്ചകളുടെയും ഒരു പരമ്പരയോ അല്ല. സിനഡാത്മക ശ്രവിക്കൽ എന്നത് വിവേചിച്ചറിയലിലേക്ക് നയിക്കുന്നു. വ്യക്തിപരവും, സാമൂഹ്യവുമായ രീതിയിൽ വിവേചിച്ചറിയുക എന്നത് മനസ്സിലാക്കുകയും, അഭ്യസിക്കുകയും ചെയ്യുന്നത് ഇതിന് ആവശ്യമാണ്. ദൈവം നാമോരോരുത്തരോടും പറയുന്നതെന്തെന്ന് വിവേചിച്ചറിയാനായി നാം പരസ്പരവും, നമ്മുടെ വിശ്വാസപാരമ്പര്യങ്ങളെയും, കാലത്തിന്റെ അടയാളങ്ങളെയും ശ്രവിക്കുന്നു. ഈ ശ്രവണ പ്രക്രിയയുടെ പരസ്പരബന്ധിതമായ രണ്ടു ലക്ഷ്യങ്ങളെ ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നത് ഇപ്രകാരമാണ്: "ദൈവത്തെ ശ്രവിക്കുക; അങ്ങനെ അവിടത്തോടൊപ്പം അവിടത്തെ ജനത്തിന്റെ നിലവിളികൾക്കു നാം ചെവികൊടുക്കുക; അവിടത്തെ ജനത്തെ ശ്രവിക്കുക; അങ്ങനെ നമ്മെ വിളിച്ച ദൈവത്തിന്റെ ഹിതത്തോട് നാം ചേർന്നുപോകുന്നവിധം ആയിത്തീരുക".[5]

ഇപ്രകാരമുള്ള വിവേചിച്ചറിയൽ കേവലം ഒരുപ്രാവശ്യത്തേക്കുള്ള ഉദ്യമമല്ല, പകരം ക്രിസ്തുവിൽ നിദാനമായതും പരിശുദ്ധാത്മാവിന്റെ അനുരണനങ്ങൾ പിൻപറ്റുന്നതും ദൈവത്തിന്റെ ഉപരിമഹത്ത്വത്തിനായി നിലനിൽക്കുന്നതുമായ ഒരു ജീവിതരീതിയാണത്. സമകാലിക സഭയുടെ പ്രേഷിതത്വത്തിനായി ഉൽക്കർഷമുള്ളതും ഉല്പതിഷ്ണുതയുള്ളതുമായ കൂട്ടായ്മകളെ പടുത്തുയർത്താൻ സാമൂഹ്യപരമായ വിവേചിച്ചറിയൽ സഹായകമാകുന്നു. വിവേചിച്ചറിയൽ ദൈവദത്തമായ ഒരു കൃപയാണ്, എന്നാൽ, അതിനു സങ്കീർണമല്ലാത്ത മാനുഷിക ഇടപെടലുകൾ ആവശ്യമുണ്ട്: പ്രാർഥന, പര്യാലോചന, സഹജഗുണങ്ങളിലുള്ള ശ്രദ്ധ, അപരനെ സത്യസന്ധമായും അർത്ഥവത്തായും സ്വാഗതാർഹമായും ശ്രവിക്കൽ, സംവദിക്കൽ തുടങ്ങിയവ.

ആദ്ധ്യാത്മിക വിവേചിച്ചറിയലിനു അനവധി താക്കോലുകൾ സഭ നമുക്ക് പ്രദാനം ചെയ്യുന്നുണ്ട്. ആത്മീയമായ അർത്ഥത്തിൽ, വിവേചിച്ചറിയൽ എന്നത്, നാം ഒരിക്കലും പോകാൻ ആഗ്രഹിക്കാത്തിടത്തേക്ക് നമ്മെ നയിക്കുന്ന പ്രലോഭനങ്ങൾക്ക് വശംവദരാകാതെ, നമ്മുടെ ഹൃദയാഭിലാഷങ്ങൾ നമ്മെ എവിടേക്ക് നയിക്കുന്നുവെന്ന് വ്യാഖാനിക്കുന്ന ഒരു കലയാണ്. വിവേചിച്ചറിയൽ മനനം ഉൾകൊള്ളുന്നതോടൊപ്പം ജീവിത യാഥാർഥ്യങ്ങളിൽ ദൈവഹിതം അന്വേഷിക്കുന്നതിനും കണ്ടെത്തുന്നതിനുമുള്ള തീരുമാനങ്ങൾ എടുക്കുന്നതിൽ ഹൃദയവും ശിരസ്സും വ്യാപൃതമാക്കലുമാണ്.

സിനഡാത്മക പ്രക്രിയയുടെ രീതി ശ്രവണം ആകുമ്പോൾ അതിന്റെ ലക്ഷ്യം വിവേചിച്ചറിയലും, മാർഗം പങ്കുചേരലുമാണ്. പങ്കുചേരലിനെ പ്രോത്സാഹിപ്പിക്കുകയെന്നത് നാം ചെയ്യുന്നതിനെ സംബന്ധിച്ച് വ്യത്യസ്തമായ വീക്ഷണങ്ങൾ വച്ചുപുലർത്തുന്നവരെകൂടെ ഉൾപ്പെടുത്തുമാറ് നമ്മെ നമ്മിൽനിന്ന്തന്നെ പുറത്തേക്ക് നയിക്കുന്നു. നമ്മുടെ അതേ വീക്ഷണങ്ങൾ ഉള്ളവരെമാത്രം ശ്രവിക്കുന്നതുകൊണ്ട് ഫലമുണ്ടാകില്ല. സംവാദം വ്യത്യസ്ത അഭിപ്രായങ്ങളുടെ കൂടിച്ചേരലാണ്. സത്യത്തിൽ, ദൈവം പലപ്പോഴും സംസാരിക്കുന്നത് നാം എളുപ്പത്തിൽ അകറ്റിനിർത്തുകയോ, തള്ളിക്കളയുകയോ, വിലകുറഞ്ഞതായി കരുതുകയോ ചെയ്യുന്നവരിലൂടെയാണ്. നിസ്സാരരെന്ന് കാണാൻ നാം പ്രലോഭിതരാകുന്ന ആളുകളെയും നമ്മുടെ ചിന്താരീതികളെത്തന്നെ വ്യത്യാസപ്പെടുത്താൻ നിർബന്ധിക്കുന്ന പുതിയ വീക്ഷണങ്ങളുള്ളവരെയും കേൾക്കാൻ നാം പ്രത്യേകശ്രമം നടത്തേണ്ടതുണ്ട്.

## 2.3 സിനഡാത്മക പ്രക്രിയയിൽ ഭാഗഭാക്കാകാൻ വേണ്ട മനോഭാവങ്ങൾ

സിനഡാത്മകതയുടെ പ്രത്യക്ഷമായ പ്രായോഗികതയെ സംബന്ധിച്ചുള്ള തന്റെ ദർശനങ്ങൾ ഫ്രാൻസിസ് പാപ്പാ അനേകം അവസരങ്ങളിൽ പങ്കുവച്ചിട്ടുണ്ട്. സിനഡാത്മക പ്രക്രിയയിൽ നാം പങ്കുചേരുമ്പോൾ കളങ്കമറ്റ ശ്രവണത്തിനും സംവാദത്തിനും നമ്മെ പ്രാപ്തരാക്കാനുതകുന്ന സവിശേഷമായ മനോഭാവങ്ങൾ ചുവടെ പറയുന്നവയാണ്:

- **സിനഡിന്റെ ഉണ്മ, പങ്കുവയ്ക്കുന്നതിനുള്ള സമയം ആവശ്യപ്പെടുന്നു:** സ്വാതന്ത്ര്യം, സത്യം, ഉപവി എന്നിവയെ സമന്വയിപ്പിക്കുന്നതിനായി ഉത്തമധൈര്യത്തോടും സത്യസന്ധതയോടും (*parrhesia*) സംസാരിക്കുവാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. അങ്ങനെ സംവാദത്തിലൂടെ പരസ്പര ധാരണയിൽ വളരാൻ ഏവർക്കും സാധിക്കും.

□ **ശ്രവിക്കുന്നതിലുള്ള വിനയഭാവവും ആശയാവിഷ്കാരത്തിലുള്ള നിർഭയത്വവും അനുരൂപപ്പെട്ടിരിക്കണം:** സംസാരിക്കാനുള്ള അവകാശം ഏവർക്കും ഉള്ളതുപോലെതന്നെ, ശ്രവിക്കപ്പെടാനുള്ള അവകാശവും സകലർക്കുമുണ്ട്. സിനഡാത്മക സംവാദം സംസാരിക്കാനും ശ്രവിക്കാനുമുള്ള നിർഭയത്വത്തിൽ ആശ്രയിച്ചിരിക്കുന്നു. മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള വാദപ്രതിവാദങ്ങളിൽ ഏർപ്പെടുകയെന്നതല്ലിത്. അതിലധികമായി, പൊതുനന്മയ്ക്കായി പരിശുദ്ധാത്മാവ് സംസാരിക്കുന്നത് മറ്റുള്ളവരുടെ വാക്കുകളിലൂടെ വരുമ്പോൾ സ്വാഗതം ചെയ്യുന്നതാണ് (1 കോറി 12:7).

□ **സംവാദം നമ്മെ നവീനതയിലേക്ക് നയിക്കുന്നു:** മറ്റുള്ളവരിൽ നിന്നും കേൾക്കുന്നതിനെ അധികരിച്ച് നമ്മുടെ അഭിപ്രായങ്ങളിൽ മാറ്റം വരുത്താനുള്ള മനസ്സ് നമുക്കുണ്ടാവണം.

□ **മാനസാന്തരത്തിനും മാറ്റത്തിനുമുള്ള തുറവ്:** നാം ഏറ്റെടുക്കാൻ പരിശുദ്ധാത്മാവ് നമ്മെ പ്രചോദിപ്പിക്കുന്നവയോട് പലപ്പോഴും നാം പ്രതിരോധത്തിലായിരിക്കും. ഇന്നലെകളിൽ കാര്യങ്ങൾ എപ്രകാരമാണ് നടന്നതെന്നതിനെ മാത്രം അടിസ്ഥാനമാക്കി തീരുമാനങ്ങൾ എടുക്കുന്ന അമിതാത്മവിശ്വാസത്തിന്റെയും സ്വാസ്ഥ്യത്തിന്റെയും മനോഭാവങ്ങൾ സ്വീകരിക്കുന്ന രീതി ഉപേക്ഷിക്കുവാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു.

□ **വിവേചിച്ചറിയലിന്റെ സഭാത്മകമായ അഭ്യാസമാണ് സിനഡുകൾ**: ദൈവം ലോകത്തിൽ പ്രവർത്തന നിരതനാണ് എന്ന ബോധ്യത്തിൽനിന്നും ആത്മാവ് തോന്നിപ്പിക്കുന്നവയ്ക്ക് ചെവികൊടുക്കാൻ നാം വിളിക്കപ്പെട്ടിരിക്കുന്നു എന്നതിലുമാണ് വിവേചിച്ചറിയൽ അടിസ്ഥാനമായിരിക്കുന്നത്.

□ **ശ്രവിക്കുകയും സഞ്ചരിക്കുകയും ചെയ്യുന്ന ഒരു സഭയുടെ അടയാളങ്ങളാണ് നാം:** തന്റെ ജനത്തിന്റെ വിലാപങ്ങൾ കേൾക്കുന്ന ദൈവത്തിന്റെ തന്നെ മാതൃകയാണ് ശ്രവിക്കൽവഴി സഭയും പിൻപറ്റുന്നത്. തയ്യാറാക്കി വച്ചിരിക്കുന്ന ഉത്തരങ്ങളും മുൻകൂട്ടി രൂപീകരിച്ചിട്ടുള്ള വിധിനിർണയങ്ങളും ഒഴിവാക്കി ഉത്തമമായ രീതിയിൽ ശ്രവിക്കാൻതക്കവിധം നമ്മെത്തന്നെ തുറക്കാനുള്ള അവസരം സിനഡാത്മക പ്രക്രിയ നമുക്ക് നൽകുന്നു.

□ **മുൻവിധികളും വൈവിധ്യമില്ലാത്ത സ്ഥിരസങ്കല്പങ്ങളും പിറകിൽ ഉപേക്ഷിക്കുക:** നമ്മുടെതന്നെ ദൗർബല്യങ്ങളാലും പാപങ്ങളാലും നാം ക്ലേശമനുഭവിച്ചേക്കാം. അജ്ഞതയിലേക്കും അനൈക്യത്തിലേക്കുമുള്ള തെറ്റായ വഴിയിലേക്ക് നമ്മെ നയിക്കുന്ന മുൻവിധികളിൽനിന്നും വൈവിധ്യമില്ലാത്ത സ്ഥിരസങ്കല്പങ്ങളിൽനിന്നും നമ്മുടെ മനസ്സുകളെ മുക്തമാക്കുകയാണ് ശ്രവിക്കുന്നതിലേക്കുള്ള ആദ്യചുവടുവയ്പ്.

□ **വൈദികാധിപത്യം (clericalism) എന്ന വിപത്തിനെ കീഴടക്കുക:** ഓരോ അംഗവും അതുല്യമായ കടമകൾ നിർവഹിക്കേണ്ട, വ്യത്യസ്തമായ വരങ്ങൾ നിറഞ്ഞ, ക്രിസ്തുവിന്റെ ശരീരമാകുന്നു സഭ. നാമേവരും വിശുദ്ധ മായ ദൈവജനത്തിനിടയിൽ പരസ്പരബന്ധിതരും തുല്യമായ ശ്രേഷ്ഠത പങ്കുവയ്ക്കുന്നവരുമാണ്. ക്രിസ്തുവിന്റെ സാദൃശ്യത്തിൽ യഥാർത്ഥ അധികാരം എന്നത് ശുശ്രൂഷയാണ്. സിനഡാത്മകത, അല്മായരെ സ്വതന്ത്രമായും സത്യസന്ധമായും തങ്ങളുടെ കാഴ്ചപ്പാടുകൾ പ്രകടിപ്പിക്കാൻ ക്ഷണിക്കുന്നതോടൊപ്പം, തങ്ങളുടെ കരുതലിന് ഭരമേല് പിക്കപ്പെട്ടിരിക്കുന്ന അജഗണത്തെ ശ്രദ്ധയോടെ ശ്രവിക്കാൻ ഇടയന്മാരെ ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. സ്നേഹത്തെപ്രതിയും, കൂട്ടായ്മയു ടെയും നമ്മുടെ പൊതു ദൗത്യത്തിന്റെയും അടിസ്ഥാനത്തിലും ഓരോരു ത്തരും അപരനെ ശ്രവിക്കുന്നു. അപ്രകാരം പരിശുദ്ധാത്മാവിന്റെ ശക്തി നാനാമുഖമായ വഴികളിൽ ദൈവജനം മുഴുവനിലും സകല ദൈവജനത്തി ലൂടെയും പ്രകടമാകുന്നു.

□ **സ്വയംപര്യാപ്തതയെന്ന വൈറസ് ചികിത്സിക്കപ്പെടണം.** നാമെല്ലാ വരും ഒരേ വഞ്ചിയിലെ യാത്രക്കാരാണ്. ഒത്തൊരുമിച്ച് നാം ക്രിസ്തു ഗാത്രത്തിന് രൂപം നൽകുന്നു. സ്വയംപര്യാപ്തതയുടെ മരീചികയെ മാറ്റിനിർത്തിയാൽ അപരനിൽ നിന്നും പാഠങ്ങൾ ഉൾകൊള്ളാനും, സഹയാത്ര നടത്താനും, പരസ്പരം ശുശ്രൂഷചെയ്യാനും നമുക്ക് സാധ്യ മാകും. പ്രായം, ലിംഗംഭേദം, ധനസ്ഥിതി, പാടവം, വിദ്യാഭ്യാസം തുടങ്ങിയ വിഭാഗീയതയുടെ ഭീഷണിയുയർത്തുന്ന മതിൽകെട്ടുകൾക്ക് അതീതമായി പാലങ്ങൾ പണിയാൻ നമുക്ക് സാധിക്കും.

□ **പ്രത്യയശാസ്ത്രങ്ങളെ കീഴടക്കൽ:** ജനം പ്രായോഗികതലത്തിൽ നയിക്കുന്ന വിശ്വാസജീവിതത്തിന്റെ യാഥാർഥ്യങ്ങളെക്കാൾ ആശയസംഹി തകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന അപകടസാദ്ധ്യതയെ നാം ഒഴിവാക്കണം.

□ **പ്രത്യാശയ്ക്ക് മുൻഗണന നൽകുക**: സത്യസന്ധവും ന്യായപൂർണ വുമായ പ്രവർത്തനങ്ങൾ ശ്രദ്ധപിടിച്ചുപറ്റുകയോ വാർത്താപ്രാധാന്യം നേടുകയോ ചെയ്യില്ല. പക്ഷേ, ദൈവത്തോടുള്ള വിശ്വസ്തതയും ദൈവ ജനത്തിനുള്ള ശുശ്രൂഷയുമാണ് അവ ലക്ഷ്യം വയ്ക്കുന്നത്. ദുർവിധിയുടെ പ്രവാചകരാകാനല്ല പ്രത്യാശയുടെ ദീപസ്തംങ്ങളാകാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

□ **സ്വപ്നം കാണാനും "ഭാവിയോടൊപ്പം സമയം ചെലവഴിക്കാനു" മുള്ള സമയമാണ് സിനഡുകൾ:** സുവിശേഷത്തിന്റെ ആനന്ദത്താൽ നിറഞ്ഞ ഒരു ഭാവിയെക്കുറിച്ചുള്ള ദർശനങ്ങൾ രൂപപ്പെടുത്തുന്നതിൽ, ആരെയും മാറ്റിനിറുത്താതെ ജനങ്ങളെ പ്രചോദിപ്പിക്കുന്ന, ഒരു പ്രാദേശിക തല പ്രക്രിയ നടത്താൻ നാം പ്രോത്സാഹിപ്പിക്കപ്പെടുന്നു. സഹകാരികളാകുന്നവർക്ക് ചുവടെ ചേർക്കുന്ന മനോഭാവങ്ങൾ സഹായകമാകും (*Christus Vivit* കാണുക):

* **ഒരു നൂതനമായ വീക്ഷണഗതി:** സർഗവൈഭവത്തോടും ധീരതയോടും കൂടെ പുതിയ സമീപനങ്ങൾ വളർത്തുവാൻ;

* **എല്ലാവരെയും ഉൾക്കൊള്ളിക്കുന്ന രീതിയിൽ ആയിരിക്കുന്നത്:** നാം സാധാരണയായി മറന്നുപോവുകയോ അവഗണിക്കുകയോ ചെയ്യുന്ന സകലരെയും ആശ്ലേഷിക്കുകയും വിപുലമായ വൈവിധ്യങ്ങളെ വിലമതിക്കാൻ നമ്മെ പ്രാപ്തരാക്കുകയും ചെയ്യുന്ന പങ്കാളിത്തവും കൂട്ടുത്തരവാദിത്തവുമുള്ള സഭ;

* **തുറവുള്ള മനസ്സ്:** പ്രത്യയശാസ്ത്രങ്ങളുടെ മേൽവിലാസക്കുറികൾ ഒഴിവാക്കുകയും ഫലപ്രാപ്തിയുള്ള സകല രീതിശാസ്ത്രങ്ങളെയും ഉപയുക്തമാക്കുകയും ചെയ്യാം;

* **ഏവർക്കും, ഓരോരുത്തർക്കും ചെവികൊടുക്കൽ:** ക്രിസ്തുവിന്റെ സഭയുടെ വിവക്ഷിതമായ പൊരുളിന്റെ അദ്ഭുതകരമായ ബഹുമുഖ യാഥാർഥ്യങ്ങളെ കൂടുതൽ നന്നായി മനനം ചെയ്യുന്നതിന് അപരനിൽ നിന്നുമുൾക്കൊള്ളുന്ന പാഠങ്ങൾ സഹായകമാകും;

* **"ഒരുമിച്ചുള്ള സഞ്ചാരത്തെക്കുറിച്ചുള്ള" ധാരണ:** മൂന്നാം സഹസ്രാബ്ദത്തിൽ സഭ ഏറ്റെടക്കുവാൻ ദൈവം ക്ഷണിക്കുന്ന പാതയിൽ ചരിക്കുവാൻ;

* **കൂട്ടുത്തരവാദിത്തമുള്ള സഭ എന്ന ആശയം ഗ്രഹിക്കൽ:** സഭ മുഴുവന്റെയും നവീകരണത്തിനും പടുത്തുയർത്തലിനുംവേണ്ടി ക്രിസ്തുവിന്റെ ശരീരത്തിലെ ഓരോ അംഗത്തിന്റെയും അനന്യമായ കർത്തവ്യവും വിളിയും വിലമതിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുവാനാണിത്;

* **മതാന്തരവും എക്യുമെനിക്കലുമായ സംവാദങ്ങളിലൂടെ മറ്റുള്ളവരിലേക്ക് എത്തിച്ചേരൽ:** മുഴുവൻ മനുഷ്യകുലത്തിന്റെയും ഒരുമിച്ചുള്ള പ്രയാണവും സ്വപ്നംകാണലും;

## 2.4 അപകട സാധ്യതകൾ ഒഴിവാക്കുന്നത്

ഏതൊരു യാത്രയിലും എന്നപോലെ, സിനഡാത്മകതയെക്കുറിച്ചുള്ള ചിന്തകളും പഠനങ്ങളും പുരോഗമിക്കുന്ന ഈ സമയത്ത് ഈ പുരോഗതിയെ തകർക്കാൻ ഇടയാക്കാവുന്ന എല്ലാ അപകട സാധ്യതകളെകുറിച്ചും നാം അറിഞ്ഞിരിക്കണം. സഭയുടെ സിനഡാത്മകതയുടെ ചൈതന്യവും ഫല പ്രാപ്തിയും പ്രോത്സാഹിപ്പിക്കുന്നതിന് ഒഴിവാക്കേണ്ട അപകട സാധ്യത കൾ താഴെ പറയുന്നവയാണ്:

1) **ദൈവത്താൽ നയിക്കപ്പെടുന്നതിനു പകരം സ്വയം നയിക്കാൻ ആഗ്ര ഹിക്കുന്ന പ്രലോഭനം**

സിനഡാത്മകത ഒരു വ്യവസായ കമ്പനിയിൽ കാണുന്നതുപോലുള്ള തന്ത്രപരമായ സമീപനമല്ല. മറിച്ച്, അത് പരിശുദ്ധാത്മാവിനാൽ നയിക്കപ്പെ ടുന്ന ഒരു ആത്മീയ പ്രക്രിയയാണ്. നമുക്കായി ദൈവം നിർദ്ദേശിച്ചുതന്നി ട്ടുള്ള പാതയിലെ തീർത്ഥാടകരും ശുശ്രൂഷകരുമാണ് നാം എന്ന കാര്യം മറക്കാനുള്ള പ്രലോഭനത്തിനു വഴങ്ങാനുള്ള സാധ്യത നമുക്കുണ്ട്. നമ്മുടെ എല്ലാ ക്രമവൽക്കരണത്തിന്റെയും ഏകോപനത്തിന്റെയും എളിയ യത്ന ങ്ങൾ നമ്മുടെ പാതയിൽ നമ്മെ നയിക്കുന്ന ദൈവത്തിന്റെ ശുശ്രൂഷയുടെ ഭാഗമാണ്. ദിവ്യകുശവന്റെ കൈകളിലെ കളിമണ്ണാണ് നമ്മൾ (ഏശ 64:8).

2) **നമ്മളിലും നമ്മുടെ തൽക്ഷണ താല്പര്യങ്ങളിലും ശ്രദ്ധകേന്ദ്രീകരി ക്കാനുള്ള പ്രലോഭനം**

സ്വയം തുറക്കാനും നമ്മുടെ ചുറ്റുംനോക്കാനും, കാര്യങ്ങളെ വ്യത്യസ്ത വീക്ഷണകോണുകളിലൂടെ നോക്കികാണാനും, നമ്മുടെ പ്രേഷിതഎത്തി നില്ക്കൽ പ്രാന്തപ്രദേശങ്ങളിലേക്കു നീട്ടാനും ഉള്ള അവസരം ഒരുക്കുന്ന ഒന്നാണ് നിനഡാത്മക പ്രക്രിയ. ഇതിനായി നമ്മൾ ദീർഘകാലത്തേക്കെ ന്നവിധം ചിന്തിക്കേണ്ടതുണ്ട്. ഇതിനു നമ്മുടെ കാഴ്ചപ്പാടുകൾ സഭ മുഴു വന്റെയും ആഗോളവശങ്ങളെ ഉൾകൊള്ളുന്നതാവണം. ഇതിന് ചില ചോദ്യ ങ്ങൾ നമ്മൾ ചോദിക്കണം: സഭയെകുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി ഇപ്പോൾ ഇവിടെ എന്താണ്? പ്രാദേശിക തലത്തിൽ സഭയെകുറിച്ചുള്ള ദൈവത്തിന്റെ സ്വപ്നം എങ്ങനെ നമുക്ക് നടപ്പിലാക്കാൻ സാധിക്കും?

3) **പ്രശ്നങ്ങൾ മാത്രം കാണാനുള്ള പ്രലോഭനം**

നമ്മുടെ സഭയും ലോകവും അഭിമുഖീകരിക്കുന്ന വെല്ലുവിളികളും, ബുദ്ധി മുട്ടുകളും, ഞെരുക്കങ്ങളും നിരവധിയാണ്. എന്നിരുന്നാലും, പ്രശ്നങ്ങളി

ൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുന്നത് നമ്മെ സംഭ്രമിപ്പിക്കുകയും നിരുത്സാഹപ്പെടുത്തുകയും, ദോഷൈകദൃക്കുകളാക്കുകയും ചെയ്യും. ഇരുണ്ട വശങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിച്ചാൽ വെളിച്ചത്തിന്റെ വശം കൈവിട്ടുപോകും. ആയതിനാൽ ശരിയായി നടക്കാത്തതിൽ മാത്രം ശ്രദ്ധപതിപ്പിക്കാതെ പരിശുദ്ധാത്മാവ് ജീവൻ ഉജ്ജ്വലിപ്പിക്കുന്ന വശങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കുകയും ദൈവത്തിനു എങ്ങനെ കൂടുതലായി പ്രവർത്തിക്കാൻ ഇടം കൊടുക്കാമെന്നു ആലോചിക്കുകയും ചെയ്യാം.

**4) സഭാ സംവിധാനങ്ങളിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കാനുള്ള പ്രലോഭനം**

സിനഡാത്മക പ്രക്രിയ സഭയുടെ വിവിധതലങ്ങളിലുള്ള സംവിധാനങ്ങളുടെ നവീകരണം ആവശ്യപ്പെടുന്നു. അത് സഭയിൽ ആഴത്തിലുള്ള കൂട്ടായ്മയും, വർദ്ധിത പങ്കാളിത്തവും ഫലദായകമായ പ്രേഷിതദൗത്യവും രൂപപ്പെടുത്താൻവേണ്ടി ആയിരിക്കും. അതേസമയം, സിനഡാത്മകതയുടെ അനുഭവം പ്രഥമവും പ്രധാനവുമായി നമ്മെ സഭയുടെ സംവിധാനങ്ങളിൽ മാത്രം ശ്രദ്ധകേന്ദ്രീകരിക്കാതെ പരിശുദ്ധാത്മാവിനാൽ പ്രചോദിതരായി ഒരുമിച്ചു സഞ്ചരിക്കുന്ന അനുഭവങ്ങളിലൂടെ മുന്നോട്ടുപോകാനുള്ള പാത വിവേചിച്ചറിയുന്നതിലായിരിക്കണം. ക്രിസ്തുവിന്റെ ശരീരത്തിലെ എല്ലാ അംഗങ്ങളുടെയും നിരന്തരമായ മാനസാന്തരത്തിലൂടെയും നവീകരണത്തിലൂടെയും മാത്രമേ സഭാസംവിധാനങ്ങളുടെ പരിവർത്തനവും നവീകരണവും സാധ്യമാകൂ.

**5) സഭയുടെ ദൃശ്യമായ പ്രവർത്തന പരിധികൾക്കപ്പുറത്തേക്ക് നോക്കാതിരിക്കാനുള്ള പ്രലോഭനം**

സുവിശേഷം നമ്മുടെ ജീവിതങ്ങളിൽ പ്രകാശിപ്പിക്കുന്ന പ്രക്രിയയിൽ അൽമായരായ സ്ത്രീപുരുഷന്മാർ നമ്മൾ ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ലോകത്തിൽ പുളിമാവ് എന്നപോലെ പ്രവർത്തിക്കുന്നു. സാമ്പത്തിക, ശാസ്ത്രീയ, രാഷ്ട്രീയ, സാംസ്ക്കാരിക, കലാ, കായിക, മാധ്യമ, സാമൂഹ്യ പ്രവർത്തന മേഖലകളിൽ പ്രവർത്തിക്കുന്നവരുമായി സംവദിക്കാനായുള്ള  അവസരമാണ് സിനഡനാത്മക പ്രക്രിയ ഒരുക്കുന്നത്. പരിസ്ഥിതിയെകുറിച്ചും സമാധാനത്തെകുറിച്ചും, ജീവിതപ്രശ്നങ്ങളെകുറിച്ചും കുടിയേറ്റത്തെകുറിച്ചും വിചിന്തനം നടത്താനുള്ള സമയമാണിത്. മറ്റു ക്രൈസ്തവവിഭാഗങ്ങളുമായുള്ള സഭൈക്യപരമായ സഞ്ചാരം ആഴപ്പെടുത്താനും ഇതര വിശ്വാസപാരമ്പര്യങ്ങളിലുള്ളവരുമായുള്ള ധാരണ വർദ്ധിപ്പിക്കാനുമുള്ള അവസരമാണിത്.

6) **സിനഡാത്മക പ്രക്രിയയുടെ ലക്ഷ്യങ്ങൾ വിസ്മരിക്കാനുള്ള പ്രലോഭനം**


സിനഡാത്മക പ്രക്രിയയിൽ നാം മുന്നേറുമ്പോൾ, നമ്മുടെ ചർച്ചകൾ വളരെ വിശാലമായിട്ടുള്ളതാകയാൽ എങ്ങനെയാണ് നാം ഒരുമിച്ച് മുന്നോട്ട് സഞ്ചരിക്കേണ്ടത് എന്നതിനെകുറിച്ച് വിവേചിച്ചറിയുക എന്ന കാര്യത്തിനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നതെന്ന സിനഡാത്മക പ്രക്രിയയുടെ ലക്ഷ്യത്തെ നിലനിറുത്തേണ്ടത് ശ്രദ്ധിക്കേണ്ടതായുണ്ട്. നമ്മുടെ എല്ലാ ആശങ്കകളും പ്രശ്നങ്ങളും ഒരു സിനഡാത്മക പ്രക്രിയ പരിഹരിക്കാൻ പോകുന്നില്ല. സിനഡാത്മകതയെന്നത് കൂട്ടുത്തരവാദിത്വത്തോടെ ദൈവത്തിന്റെ അനുഗ്രഹങ്ങൾ സ്വീകരിച്ചുകൊണ്ട് കാലഗതിയിൽ മുന്നോട്ടു പോകാനുള്ള ഒരു മനോഭാവവും സമീപനവുമാണ്.

7) **സംഘർഷത്തിന്റെയും വിഭജനത്തിന്റെയും പ്രലോഭനങ്ങൾ.** അവരെല്ലാം ഒന്നായിരിക്കണം (യോഹ 17:21). തന്റെ ശിഷ്യരുടെ ഐക്യത്തിനായി പിതാവിനോടുള്ള യേശുവിന്റെ തീവ്രമായ പ്രാർത്ഥനയാണിത്. പരിശുദ്ധാത്മാവ് നമ്മെ ദൈവത്തോടും സഹോദരങ്ങളോടും കൂടുതൽ ആഴത്തിൽ ഐക്യപ്പെടുത്തുന്നു. വിഭജനത്തിന്റെ  വിത്തുകൾ ഫലരഹിതമാണ്. ഒരാളുടെ ആശയങ്ങൾ എല്ലാവരുടെയുംമേൽ സമ്മർദ്ദം ചെലുത്തി അടിച്ചേൽപ്പിക്കുന്നതും വ്യത്യസ്തമായി ചിന്തിക്കുന്നവരെ താഴ്ത്തിക്കെട്ടുന്നതും വ്യർഥമായ പ്രവൃത്തിയാണ്.

8) **സിനഡിനെ ഒരുതരം പാർലമെന്റായി കാണാനുള്ള പ്രലോഭനം.** ഇത് സിനഡാത്മകതയെ ഒരു രാഷ്ട്രീയ യുദ്ധം നടത്താനുള്ള വേദി പോലെയാക്കി ചിന്താക്കുഴപ്പം ഉണ്ടാക്കുന്നു. അപ്രകാരമുള്ളത് അപരനെ പരാജയപ്പെടുത്തി ഭരിക്കാൻ ശ്രമിക്കുന്നതാണ്. സഭയുടെ ഐക്യത്തിനും കൂട്ടായ്മയ്ക്കും ഭീഷണിയായിത്തീരുന്ന, മറ്റുള്ളവരെ വിരുദ്ധചേരിയിൽ നിറുത്തുന്ന, വിഭാഗിയതയെ പ്രോത്സാഹിപ്പിക്കുന്ന, അപ്രകാരമുള്ള പ്രവൃത്തി സിനഡാത്മകതയുടെ ചൈതന്യത്തിനു വിരുദ്ധമാണ്.

9) **സഭാ പ്രവർത്തനങ്ങളിൽ ഉൾപ്പെട്ടിരിക്കുന്നവരെമാത്രം കേൾക്കാനുള്ള പ്രലോഭനം.** നടപ്പിലാക്കാൻ എളുപ്പമുള്ള സമീപന രീതിയാണിത്. എന്നാൽ ആത്യന്തികമായി വലിയൊരു വിഭാഗം ദൈവജനം ഇതുവഴി അവഗണിക്കപ്പെടും.

## 3. സിനഡിന്റെ പ്രക്രിയ




* 1. Dicasteries Consecrated Life (UISG-USG, Unions & Federations), Associations of the Faithful, Institutions of Higher Education

* 2. Africa (SECAM), Oceania (FCBCO), Asia (FABC), Middle East (CPCO), Europa (CCEE), Latin America (CELAM), North America (USCCB+CCCB).

## വിവരണം

ഈ വിവരണഗ്രാഫ് സിനഡാത്മക പ്രക്രിയ എങ്ങനെ നടക്കുന്നു എന്ന് പൊതുവായി ചിത്രീകരിക്കുന്നു. ജനറൽ സെക്രട്ടറിയേറ്റ് **ഒരുക്കരേഖയും കൈപ്പുസ്തകവും** പ്രസിദ്ധീകരിക്കുന്നു. പ്രാദേശിക സഭകളിൽ നടത്തേണ്ട സിനഡിന്റെ രൂപതാതല നടത്തിപ്പിനുള്ള ഉപകരണങ്ങളാണിവ. രൂപതാതലത്തിൽ നടക്കുന്നതിന്റെ ഫലങ്ങൾ പ്രാദേശിക സഭയുടെ ഒരു ആശയസമന്വയരേഖയായി രൂപപ്പെടുത്തും. പ്രാദേശിക സഭകളിൽ നിന്നും ലഭിക്കുന്ന ആശയസമന്വയങ്ങൾ ചേർത്ത് മെത്രാൻസമിതികളും പൗരസ്ത്യസഭകളുടെ സിനഡുകളും അവയുടെതായ ആശയസമന്വയരേഖകൾ ഉണ്ടാക്കും. മറ്റു സഭാപരമായ പ്രസ്ഥാനങ്ങൾക്കും ഈ കൈപ്പുസ്തകവും ചോദ്യാവലിയും (5-ാം ഭാഗം കാണുക) ലഭിക്കും; അവരും കൂടിയാലോചന നടത്തി അവരുടെ ആശയസമന്വയരേഖ രൂപീകരിക്കും. റോമൻ കൂരിയായിലെ ഡിക്കസ്റ്ററികൾ, സുപ്പീരിയർ ജനറൽമാരുടെ യൂണിയൻ, സുപ്പിരിയർ ജനറൽമാരുടെ രാജ്യാന്തര യൂണിയൻ (USG, UISG), സമർപ്പിത ജീവിതത്തിലുള്ളവരുടെ ഇതര യൂണിയനുകളും ഫെഡറേഷനുകളും, അന്താരാഷ്ട്ര അത്മായ സംഘടനകൾ, സർവകലാശാലകൾ, ദൈവശാസ്ത്ര ഫാക്കൽറ്റികൾ എന്നിവയാണ് സഭാപരമായ പ്രസ്ഥാനങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത്. മെത്രാൻസമിതികളിലും പൗരസ്ത്യ സഭകളുടെ സിനഡുകളിലും *Episcopalis Communio* എന്ന രേഖയിൽ സൂചിപ്പിച്ചിട്ടുള്ള ഇതര സഭാപരമായ പ്രസ്ഥാനങ്ങളിലുംനിന്ന് ലഭിക്കുന്ന ആശയസമന്വയരേഖകളുടെ അടിസ്ഥാനത്തിൽ ജനറൽ സെക്രട്ടറിയേറ്റ് ആദ്യ പ്രവർത്തനരേഖ (*Instrumentum Laboris*) തയ്യാറാക്കും. ഈ പ്രവർത്തനരേഖ ഭൂഖണ്ഡതല യോഗങ്ങളിൽ ചർച്ച ചെയ്യപ്പെടും (താഴെ ഭാഗം 3.3 കാണുക). ഭൂഖണ്ഡതല ചർച്ചകളിൽ ഉരുത്തിരിയുന്ന രേഖകളുടെ അടിസ്ഥാനത്തിൽ രണ്ടാമത്തെ പ്രവർത്തനരേഖ രൂപീകൃതമാകും. അതായിരിക്കും 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡിന്റെ പൊതുസമ്മേളനത്തിൽ ഉപയോഗിക്കപ്പെടുന്നത്.

## 3.1 രൂപതാതലം

രൂപതാതലത്തിലുള്ള കൂടിയാലോചനകളുടെ ഫലസമൃദ്ധി ഇടവകകൾ, അൽമായ പ്രസ്ഥാനങ്ങൾ, സ്കൂളുകളും സർവ്വകലാശാലകളും, സന്യാസസമൂഹങ്ങൾ, ക്രൈസ്തവ അയൽക്കൂട്ടങ്ങൾ, സാമൂഹിക പ്രവർത്തക സംഘങ്ങൾ, സഭൈക്യ മതാന്തര മുന്നേറ്റങ്ങൾ, മറ്റു ഗ്രൂപ്പുകൾ എന്നിവയിലെ ചർച്ചകളെ ആശ്രയിച്ചിരിക്കുന്നു. മെത്രാന്മാരാണ് ഈ പ്രക്രിയയ്ക്ക് തുടക്കം കുറിക്കുന്നത്. അതിനാൽ മെത്രാന്മാർ സാധാരണയായി ഉപയോഗിക്കുന്ന സമ്പർക്കമാധ്യമങ്ങളിലൂടെയാവാം രൂപതാതല പരിപാടികളെല്ലാം ഏകോപിപ്പിക്കുന്നത്. നിലവിൽ അജപാലനസമിതിയുള്ള ഇടവകകൾക്കും അജപാലനസമിതിയുള്ള രൂപതകൾക്കും ഇത്തരം സിനഡാത്മക സംവിധാനങ്ങൾ പ്രാദേശികമായ സിനഡാത്മക പ്രക്രിയ സംഘടിപ്പിക്കാനും ത്വരിതപ്പെടുത്താനും ഉജ്ജീവിപ്പിക്കാനും ഉപയോഗപ്പെടുത്താവുന്നതുമാണ്. എന്നാൽ ഈ പരിശ്രമങ്ങൾ നടത്തേണ്ടത് സമൂഹത്തിന്റെ അതിരുകളിലേക്കും വിരളമായി മാത്രം കേൾക്കപ്പെടുന്ന ശബ്ദങ്ങളിലേക്കും എത്തിച്ചേരുന്നവിധമായിരിക്കണം. ആഴമുള്ള ഐക്യവും കൂടുതൽ പൂർണമായ പങ്കാളിത്തവും കൂടുതൽ ഫലപ്രദമായ പ്രേഷിതദൗത്യനിർവഹണവും വളർത്താനായി സിനഡാത്മക പ്രക്രിയ പ്രാദേശികസഭയുടെ ജീവിതത്തിലേക്ക് ഉൾച്ചേർക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം; അല്ലാതെ, ഇടവകകളെയോ രൂപതകളെയോ സംഭ്രമിപ്പിക്കുക എന്നതല്ല.

പരസ്പരം കേൾക്കുന്ന ഈ ഘട്ടത്തിൽ ഒരുമിച്ചുവരാനും, ചിന്തകളുണർത്താനുമായി നൽകിയിട്ടുള്ള ചോദ്യങ്ങളോടും ചിത്രങ്ങളോടും സാഹചര്യങ്ങളോടും പ്രതികരിക്കാനും, വ്യക്തികളെന്നനിലയിലും ഗ്രൂപ്പെന്നനിലയിലും ആശയങ്ങളും പ്രതികരണങ്ങളും നിർദേശങ്ങളും നൽകാനും ജനങ്ങളെ നാം പ്രോത്സാഹിപ്പിക്കേണ്ടിയിരിക്കുന്നു. മഹാമാരിമൂലമുള്ള നിയന്ത്രണങ്ങൾ, സാമൂഹ്യ അകലം എന്നിവവഴി ഉണ്ടാകുന്ന സാഹചര്യങ്ങൾ കൊണ്ട് മുഖാമുഖമുള്ള ഇടപെടലുകൾ ബുദ്ധിമുട്ടായാൽ, നിയന്ത്രിതമായ ഓൺലൈൻ ചർച്ചകൾ, ചാറ്റുഗ്രൂപ്പുകൾ, ഫോൺവിളികൾ, വിവിധ തലത്തിലുള്ള സാമൂഹ്യസമ്പർക്കരീതികൾ, അച്ചടിച്ചതോ ഓൺലൈൻ രൂപത്തിലോ ഉള്ള ചോദ്യാവലികൾ എന്നിവ ഉപയോഗിക്കാവുന്നതാണ്. ചിന്തകളെയും സംഭാഷണത്തെയും പ്രചോദിപ്പിക്കാൻ കഴിയുന്ന പ്രാർത്ഥനകൾ, വിശുദ്ധഗ്രന്ഥഭാഗവിചിന്തനങ്ങൾ, വിശുദ്ധസംഗീതം, അതുപോലെതന്നെ കല, കവിത, തുടങ്ങിയവയും ഉപയോഗിക്കുന്നവുന്നതാണ്.

ഈ രൂപതാതല സിൻഡാത്മക പ്രക്രിയ ഇടവകകൾക്കും രൂപതകൾക്കും ഒരുമിച്ചുള്ള സിനഡാത്മക സഞ്ചാരം നേരിൽകാണാനും അനുഭവിക്കാനും ജീവിക്കാനുമുള്ള അവസരമാണ്. അങ്ങനെ, പ്രാദേശിക സാഹചര്യങ്ങൾക്കിണങ്ങിയ സിനഡാത്മക വഴികളും ഉപാധികളും കണ്ടുപിടിക്കപ്പെടുകയും വികസിപ്പിക്കപ്പെടുകയും ചെയ്യും. അത് ആത്യന്തികമായി സിനഡാത്മകതയുടെ പാതയിലൂടെനീങ്ങുന്ന പ്രാദേശികസഭകളുടെ പുത്തൻ ശൈലിയായിത്തീരുകയും ചെയ്യും.

ഇപ്രകാരം 2023 ഒക്ടോബറിൽ റോമിൽ നടക്കാനിരിക്കുന്ന മെത്രാന്മാരുടെ സിനഡു സമ്മേളനത്തിന് ഉപകരിക്കുന്ന പ്രതികരണങ്ങൾ പ്രതീക്ഷിക്കുക മാത്രമല്ല, സിനഡാത്മക നടപടികൾ പുരോഗമിക്കുമ്പോൾത്തന്നെ, ഭാവിയിലും സഭ സിനഡാത്മകം  ആയിരിക്കും എന്ന ചര്യയും അനുഭവവും പ്രോത്സാഹിപ്പിക്കാനും വളർത്താനുംകൂടിയാണ് ഈ സിനഡ് ആഗ്രഹിക്കുന്നത്.  Methodological Guide for the Ecclesial Assembly of the Latin American Episcopal Conference and the Plenary Council of Australia and its Key Documents തുടങ്ങിയ പഠനങ്ങൾ സിനഡാത്മക പാതയിലേക്ക് പ്രവേശിച്ചുകഴിഞ്ഞ പ്രാദേശിക സഭകളിൽ നിന്നു ലഭിക്കുന്ന  അത്യുഷ്കൃഷ്ടമായ സഹായങ്ങൾ ആണ്. നിങ്ങളുടെ പ്രാദേശിക സഭയിലെ പ്രവർത്തനത്തെ സഹായിക്കാനും പ്രചോദിപ്പിക്കാനും ഇത്തരം രേഖകൾ ഉപയോഗപ്പെടുത്താൻ ഉപദേശിക്കുന്നു.

## 3.2 മെത്രാൻസമിതികളുടെയും പൗരസ്ത്യ സഭകളിലെ സിനഡുകളുടെയും കർത്തവ്യം

രൂപതാതലത്തിലുള്ള സിനഡിനുമുമ്പുള്ള യോഗത്തോടെയും (Diocesan Pre-Synodal Meeting) - ആശയസംയോജനത്തോടെയും രൂപതാതല കൂടിക്കാഴ്ചകൾ പരിപൂർത്തിയിലെത്തിക്കഴിയുമ്പോൾ, പ്രാദേശികതല ചർച്ചകളിൽ പങ്കെടുത്തവരുടെ സംഭാവനകൾ ശരിയായ വിധത്തിൽ ചിത്രീകരിക്കുന്നതിനുവേണ്ടി, മെത്രാൻസമിതികളും പൗരസ്ത്യസഭകളുടെ സിനഡുകളും രൂപതകളിൽനിന്ന് അവർക്കു ലഭിച്ച വിവരങ്ങളും പ്രതികരണങ്ങളും ക്രോഡീകരിക്കണം.

മെത്രാൻസമിതികളിൽനിന്നും പൗരസ്ത്യസഭകളുടെ സിനഡുകളിൽനിന്നും ലഭിക്കുന്ന ആശയസമന്വയരേഖകളായിരിക്കും മെത്രാന്മാരുടെ സിനഡിന്റെ പൊതുസെക്രട്ടറിയേറ്റ് പ്രസിദ്ധീകരിക്കുന്ന പ്രവർത്തനരേഖയുടെ ആദ്യപതിപ്പിന്റെ അടിസ്ഥാനം.

## 3.3 ഭൂഖണ്ഡതലം

ഈ പ്രാരംഭ പ്രവർത്തനരേഖയായിരിക്കും ആഫ്രിക്ക (SECAN), ഓഷ്യാന (FCBCO), ഏഷ്യ (FABC), മിഡിൽ ഈസ്റ്റ് (CPCO), ലാറ്റിൻ അമേരിക്ക (CELAM), യൂറോപ്പ് (CCEE), നോർത്ത് അമേരിക്ക (USCCB and CCCB) എന്നീ ഏഴ് ഭൂഖണ്ഡതല മീറ്റിങ്ങുകളിൽ ചർച്ചാവിഷയമാകുന്നത്. ഈ ഏഴു അന്തർദേശീയ മീറ്റിങ്ങുകളും തയ്യാറാക്കുന്ന അവയുടേതായ ഏഴു അന്തിമ രേഖകളായിരിക്കും 2023 ഒക്ടോബറിലെ മെത്രാന്മാരുടെ സിനഡു സമ്മേളനത്തിന്റെ ഉപയോഗത്തിനുള്ള രണ്ടാമത്തെ പ്രവർത്തനരേഖയുടെ അടിസ്ഥാനം.

## 3.4 മെത്രാന്മാരുടെ സിനഡു സമ്മേളനം

റോമിലെ 2023 ഒക്ടോബറിലെ സിനഡു സമ്മേളനത്തിൽ പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായോടൊപ്പം മെത്രാന്മാരും, ശ്രോതാക്കളായി പങ്കെടുക്കുന്നവരും പ്രാദേശികതലത്തിലാരംഭിച്ച സിനഡാത്മക പ്രക്രിയയുടെ വെളിച്ചത്തിൽ പരസ്പരം സംസാരിക്കുകയും ശ്രവിക്കുകയും ചെയ്യും. മെത്രാന്മാരുടെ ആഗോളസിനഡിന്റെ ലക്ഷ്യം രൂപതാതലം, മെത്രാൻസമിതിതലം, പൗരസ്ത്യ സഭകളുടെ സിനഡ്തലം, ഭൂഖണ്ഡതലം എന്നിവയിൽ നടന്നതിന്റെമേൽ നിഴൽവീഴ്ത്തി അവയെ മറച്ചുകളയുകയെന്നല്ല, മറിച്ച് മുഴുവൻ സഭകളിലൂടെയും സംസാരിച്ചുകൊണ്ടിരിക്കുന്ന പരിശുദ്ധാത്മാവിന്റെ സ്വരം സാർവത്രിക തലത്തിൽ വിവേചിച്ചറിയുകയെന്നതാണ്.

## 3.5 നടപ്പിലാക്കൽതലം

സഭയുടെ കൂട്ടായ്മയും പങ്കാളിത്തവും പ്രേഷിതദൗത്യവും പ്രവൃത്തിപഥത്തിൽ കൊണ്ടുവരാനുള്ള ഒരു പുതിയ ശൈലി വളർത്തിയെടുക്കുകയെന്നതാണ് ഈ സിനഡ് ലക്ഷ്യം വയ്ക്കുന്നത് എന്നതിനാൽ, സിനഡാത്മക പാതയിൽ ഒരുമിച്ചു മുന്നോട്ടുള്ള പ്രയാണത്തിന്റെ നടപ്പിലാക്കൽതലം വളരെ നിർണ്ണായകമാണ്. ഈ നടപ്പിലാക്കൽ എല്ലാ പ്രാദേശിക സഭകളിലും എത്തിച്ചേരാൻ ഉദ്ദേശിച്ചുള്ളതാണ്. അങ്ങനെയാണ്, സിനഡാത്മക പ്രക്രിയയുടെ തുടക്കവും ഒടുവിലെത്തിച്ചേരുന്നിടവും ദൈവജനം മുഴുവനുമാകുന്നത്. ഇക്കാര്യത്തിൽ രൂപതയിൽനിന്ന് ബന്ധപ്പെടാനുള്ള വ്യക്തിയും (വ്യക്തികളും) (*EC*, 7), രൂപതാതല സിനഡാത്മക പ്രക്രിയകളിൽ ഇടപെട്ടിട്ടുള്ള മറ്റു വ്യക്തികളും വിവിധ സമിതികളും രൂപതയുടെ അജപാലനസമിതിയും (Diocesan Pastoral Council), വൈദികസമിതിയും

(Presbyteral Council), ഇടവകകളിലെ അജപാലനസമിതികളും (Parish Pastoral Councils) വലിയ സഹായമായിരിക്കും.

പരിശുദ്ധാത്മാവിന്റെ മാർഗോപദേശത്തിനുകീഴിൽ, മുഴുവൻ ദൈവജനത്തിനും മനുഷ്യകുലം മുഴുവനോടൊപ്പം പരസ്പരം ഒത്തുചേർന്ന് കൂടുതൽ നന്നായി സഞ്ചരിക്കാൻ സാധിക്കുന്ന വിധത്തിൽ കേൾവിയുടെയും വിവേചനത്തിന്റെയും സംഭാഷണത്തിന്റെയും തീരുമാനമെടുക്കലിന്റെയും ഒരു പുതിയ വസന്തകാലം സിനഡാത്മക പ്രക്രിയയുടെ അനുഭവം കൊണ്ടുവരുമെന്നാണ് പ്രത്യാശ.

# 4. സിഡനാത്മക പാതയിലൂടെയുള്ള രൂപതകളിലെ സഞ്ചാരം

## 4.1 രൂപതാഘട്ടത്തിൽ വിഭാവനം ചെയ്യുന്നതിന്റെ സംഗ്രഹം

സിനഡാത്മക പ്രക്രിയയുടെ ആദ്യഘട്ടം, തുടർന്നുള്ള മറ്റെല്ലാ ഘട്ടങ്ങൾക്കുമുള്ള അടിസ്ഥാനം നൽകുന്നു. ആയതിനാൽ, കേവലം ഒരു ചോദ്യാവലിയോട് പ്രതികരിക്കുക എന്നതിനേക്കാൾ പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, പരസ്പരം ശ്രവിച്ച്, ഒരുമിച്ച് മുന്നോട്ട് പോകാനുമുള്ള ഒരു യഥാർഥ സിനഡാത്മക അനുഭവം കഴിയുന്നത്ര വ്യക്തികൾക്ക് പ്രദാനം ചെയ്യുക എന്നതാണ് രൂപതാഘട്ടംകൊണ്ട് ലക്ഷ്യമാക്കുന്നത്.

യേശു തന്റെ അപ്പസ്തോലന്മാരെ ഭരമേല്പിച്ച ദൗത്യത്തിൽ പ്രവർത്തിക്കുന്ന ദൈവത്തിന്റെ അതേ അരൂപിതന്നെയാണ് ഈ ഒരുമിച്ചുള്ള സഞ്ചാരത്തെ പ്രകാശിപ്പിക്കുന്നതും ജീവസുറ്റതാക്കുന്നതും. ദൈവവചനം കേൾക്കുകയും അതിനെ പ്രാവർത്തികമാക്കുകയും ചെയ്യുന്ന ഏക്കാലത്തേയും ശിഷ്യരിലുടെ പരിശുദ്ധാത്മാവ് പ്രവർത്തിക്കുന്നു. ക്രിസ്തു അയച്ച ആത്മാവ് യേശുവിന്റെ സുവിശേഷത്തിന്റെ തുടർച്ചാഭാവം സ്ഥിരീകരിക്കുക മാത്രമല്ല, എന്നും ദൈവവചനത്തിന്റെ നവമായ ആഴങ്ങളെ പ്രകാശിപ്പിക്കുകയും സഭയുടെ പ്രയാണത്തെ നിലനിറുത്താൻ ആവശ്യമായ തീരുമാനങ്ങൾ എടുക്കാൻ പ്രേരണ നല്കുകയും സഭയുടെ ദൗത്യത്തെ ഉത്തേജിപ്പിക്കുകയും ചെയ്യുന്നു (യോഹ 14:25-26; 15:26-27; 16:12-15 കാണുക) (PD, 16).

ഒരു സിനഡാത്മക സഭയെ പടുത്തുയർത്തുവാനുള്ള നമ്മുടെ സഞ്ചാരത്തെ പ്രചോദിപ്പിക്കാൻ സഹായകമായ വിശുദ്ധഗ്രന്ഥത്തിൽ നിന്നുള്ള രണ്ട് പ്രതീകങ്ങളെ സിനഡിന്റെ ഒരുക്കരേഖ ചിത്രീകരിക്കുന്നു. അതിൽ ആദ്യത്തെ പ്രതീകം ഉയർന്നുവരുന്നത് യേശുവിന്റെ സുവിശേഷപ്രഘോഷണ

കാലംമുതൽ സുവിശേഷവൽക്കരണ സഞ്ചാരത്തിൽ നിരന്തരം സ്ഥാനം പിടിച്ചിട്ടുള്ള സമൂഹരംഗം ആണ്: ഇവിടെ ഓരോരുത്തരും തങ്ങളുടെ സ്ഥാനം കണ്ടെത്തുന്നു: ജനക്കൂട്ടം, അപ്പസ്തോലന്മാർ, കർത്താവ് (PD 17-27). രണ്ടാമത്തെ പ്രതീകം, പത്രോസിനും ആദിമസമൂഹത്തിനും ഉണ്ടായ പരിശുദ്ധാത്മാവനുഭവത്തെയാണ് സൂചിപ്പിക്കുന്നത്. അതിൽ വിശ്വാസം പങ്കുവയ്ക്കുന്നതിൽ അവർക്കുണ്ടായ ന്യായമല്ലാത്ത പരിമിതിയും വെല്ലുവിളിയും അവർ തിരിച്ചറിഞ്ഞു (PD 22-28). ഈ രണ്ട് പ്രതീകങ്ങളെയും സിനഡാത്മക പ്രക്രിയയുടെ പരിപോഷണത്തിന്റെയും പ്രചോദനത്തിന്റെയും ഉറവിടമായി പര്യാലോചിക്കുവാൻ ഞങ്ങൾ നിങ്ങളോട് അഭ്യർത്ഥിക്കുന്നു.

സമൂഹത്തിൽനിന്ന് മാറ്റിനിറുത്തപ്പെട്ടവരും, പാർശ്വവൽക്കരിക്കപ്പെട്ടവരും വിസ്മരിക്കപ്പെട്ടവരുമായ ആളുകളിലേക്ക് എത്തിനില്ക്കാനുള്ള യേശുവിന്റെ നിരന്തരമായ സമീപനത്തിന് സുവിശേഷം സാക്ഷ്യം വഹിക്കുന്നുണ്ടല്ലോ. യേശുവിന്റെ ശുശ്രൂഷയിലുള്ള ഒരു പൊതുസ്വഭാവം വ്യക്തികൾ വിലമതിക്കപ്പെടുമ്പോൾ വിശ്വാസം എപ്പോഴും രൂപപ്പെടുന്നു എന്നതാണ്. അതോടൊപ്പം, അവരുടെ അപേക്ഷ കേൾക്കപ്പെടുന്നു; അവരുടെ പ്രയാസങ്ങളിൽ സഹായിക്കപ്പെടുന്നു; അവരുടെ ലഭ്യത വിലമതിക്കപ്പെടുന്നു; അവരുടെ അന്തസ്സ് ദൈവത്തിന്റെ കടാക്ഷത്താൽ സ്ഥിരീകരിക്കപ്പെടുകയും അവർ സമൂഹത്തിൽ പുനഃസ്ഥാപിക്കപ്പെടുകയും ചെയ്യുന്നു. കൊർണേലിയൂസുമായുള്ള അനുഭവം പത്രോസിനെ മാറ്റിമറിച്ചതുപോലെ, ദൈവം നമ്മോട് ചെയ്യാൻ ആവശ്യപ്പെടുന്ന കാര്യങ്ങളിലൂടെ രൂപാന്തരപ്പെടാൻ നാമും നമ്മെ അനുവദിക്കണം. സിനഡാത്മക പ്രക്രിയയിലൂടെ, നാം പരസ്പരം അനുഭവിച്ചറിയുന്നതിലൂടെ ദൈവം നമ്മെ പരിവർത്തനത്തിന്റെ പൊതുവായ പാതയിലേക്ക് നയിക്കുന്നു. ദൈവം മറ്റുള്ളവരിലൂടെ നമ്മിലേക്ക് എത്തുന്നു; നമ്മിലൂടെ മറ്റുള്ളവരിലേക്ക് എത്തിനില്ക്കുന്നു. പലപ്പോഴും ആശ്ചര്യപ്പെടുത്തുന്ന വഴികളിലൂടെയാണത് സംഭവിക്കുന്നത്.

ഇത് സംഭവിക്കുന്നതിന്, കഴിവതും ഏറ്റവും കൂടുതൽ ആളുകളെ അർത്ഥവത്തായ രീതിയിൽ ഉൾപ്പെടുത്തുന്നതിന് കാര്യമായ പരിശ്രമങ്ങൾ നടത്തേണ്ടത് ആവശ്യമാണ്. സിനഡാത്മക പ്രക്രിയയിലൂടെ രൂപതാഘട്ടത്തെ നയിക്കാനും സജീവമാക്കാനും നിയോഗിക്കപ്പെട്ട രൂപതാ ബന്ധപ്പെടാനുള്ള വ്യക്തിയുടെ (വ്യക്തികളുടെ) (Diocesan Contact Person/s) ആദ്യ ഉത്തരവാദിത്വമാണിത്. ജനത്തിന്റെ അനുഭവത്തെ കൃത്യമായും, വിപുലമായും പ്രതിനിധീകരിക്കാത്ത ഉപരിപ്ലവമായതോ മുൻകൂട്ടി എഴുതി തയ്യാറാക്കിയ കാര്യങ്ങളോ (scripted input) ഇതിന് സഹായകരമാകില്ല; അനുഭവങ്ങളുടെ

മുഴുവൻ ശ്രേണിയും വൈവിധ്യവും പ്രകടിപ്പിക്കാത്തതും സഹായകമാവില്ല.

ഈ അർത്ഥത്തിൽ കഴിവതും ഏറ്റവും കൂടുതലായ പങ്കാളിത്തം നേടുന്നതിനു അങ്ങേയറ്റം ഫലപ്രദമായ മാർഗങ്ങൾ കണ്ടെത്തി രൂപതാഘട്ടം ആരംഭിക്കണം. സഭ വിട്ടുപോയവർ, അപൂർവമായി അല്ലെങ്കിൽ ഒരിക്കലും വിശ്വാസം പാലിക്കാത്തവർ, ദാരിദ്ര്യമോ പാർശ്വവൽക്കരണമോ അനുഭവിക്കുന്നവർ, അഭയാർത്ഥികൾ, ഒഴിവാക്കപ്പെട്ടവർ, ശബ്ദമില്ലാത്തവർ തുടങ്ങിയവരെ കണ്ടുമുട്ടാനായി നാം വ്യക്തിപരമായി  അവരുടെ മേഖലകളിലേക്കിറങ്ങിച്ചെല്ലണം.

ദൈവവചനത്തിൽനിന്നും പ്രചോദനം ഉൾക്കൊണ്ടുകൊണ്ട് പരസ്പരം കേൾക്കുന്നതിലൂടെ ദൈവത്തെ ശ്രവിക്കുന്നതാണ് സിനഡാത്മക അനുഭവത്തിന്റെ കാതൽ. ഇന്ന് നമ്മുടെ ലോകത്ത് സംസാരിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം നന്നായി കേൾക്കാൻ നമ്മൾ പരസ്പരം ശ്രദ്ധിക്കുന്നു. ഇത് ഒരു ഒത്തുചേരലിലൂടെ സംഭവിച്ചേക്കാം. എന്നാൽ കൂടുതൽ സംവേദനാത്മക അന്തരീക്ഷം ഉണ്ടാക്കുന്ന, ആളുകൾ പരസ്പരം അറിയുകയും വിശ്വസിക്കുകയും അവർക്ക് കൂടുതൽ സ്വതന്ത്ര്യമായി സംസാരിക്കാൻ സാധിക്കുമെന്ന് കരുതുകയും ചെയ്യുന്ന, അങ്ങനെ ഒരുമിച്ച്  സഞ്ചരിക്കുന്ന ഒരു യഥാർത്ഥ സിനഡാത്മക അനുഭവമായി മാറുന്ന, കൂടുതൽ ഒത്തുചേരലുകൾ ഉണ്ടാകട്ടെ. പരസ്പരം സംസാരിക്കുന്നതിനും കേൾക്കുന്നതിനുമുള്ള ഔപചാരികവശങ്ങൾക്കു പുറമേ, ഒത്തുചേരലിന് അനൗപചാരിക വേളകളും ഉണ്ടായിരിക്കേണ്ടത് പ്രധാനമാണ്. തീർത്ഥാടനങ്ങൾ, കൂട്ടായ പ്രവർത്തനങ്ങൾ, ചായ സൽക്കാരവേളകൾ എന്നിവപോലും പരസ്പരം ജീവിതം പങ്കിടുന്ന അനുഭവത്തിലൂടെ സമൂഹബോധം വളർത്തിയെടുക്കാൻ സഹായിക്കും.

ഈ മീറ്റിംങ്ങുകൾ എങ്ങനെ നടക്കും എന്നത് നിങ്ങളുടെ പ്രദേശിക സാഹചര്യങ്ങളെ ആശ്രയിച്ചിരിക്കും. വിവിധ ഇടവകകൾക്ക് ഒരുമിച്ച് കൂടാൻ കഴിയുന്നതുപോലെ, പാസ്റ്ററൽ ഹെൽത്ത് കെയർ, കത്തോലിക്കാ വിദ്യഭ്യാസം, സന്യാസസമൂഹങ്ങൾ, അല്മായ പ്രസ്ഥാനങ്ങൾ, എക്യുമിനിക്കൽ ഗ്രൂപ്പുകൾ തുടങ്ങിയ ശുശ്രൂഷകളിലായിരിക്കുന്നവർക്ക് ഒരുമിച്ചു കൂടാം.

പങ്കുവയ്ക്കുന്നതിന്റെയും കേൾക്കുന്നതിന്റെയും അനുഭവം ആരംഭിക്കുന്നതിനും സുഗമമാക്കുന്നതിനുമായി താഴെ (5-ാം ഭാഗത്ത്) ഒരു മാതൃകാ ചോദ്യാവലി കൊടുത്തിരിക്കുന്നു. ഇതിലെ എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നൽകുകയല്ല, മറിച്ച് നിങ്ങളുടെ പ്രാദേശിക സാഹചര്യത്തിൽ

ഏറ്റവും പ്രസക്തമായവ തിരഞ്ഞെടുക്കുക എന്നതാണ് ലക്ഷ്യം. അതോടൊപ്പം, നിങ്ങൾക്ക് മറ്റു ചോദ്യങ്ങളും ചോദിക്കാം. അങ്ങനെ ചെയ്യുവാൻ ഞങ്ങൾ നിങ്ങളെ പ്രോൽസാഹിപ്പിക്കുന്നു. വിശ്വാസസംഹിതാപരമായ പ്രസ്താവനകളേക്കാൾ വ്യക്തിപരമായ കഥങ്ങളും യഥാർഥ ജീവിതാനുഭവങ്ങളും ഉണർത്തുന്ന വിവിധ ചോദ്യങ്ങൾക്ക് കൂടുതൽ ഊന്നൽ നല്കണമെന്നു ഒരു പൊതുനിർദ്ദേശം നല്കുന്നു. ചില ഉദാഹരണങ്ങൾക്കായി 5-ാം ഭാഗം കാണുക.

ഈ ശ്രവണപ്രക്രിയയിലൂടെ ലഭിക്കുന്ന പ്രതികരണങ്ങൾ സമാഹരിച്ച് ഒരു ആശയസമന്വയരേഖ (synthesis) ഉണ്ടാക്കണം. താഴെ കാണുന്ന റോഡ് മാപ്പിൽ (ദിശപാത) (ഭാഗം 4,4) വിശദീകരിച്ചിട്ടുള്ളതുപോലെ കൈപ്പുസ്തകം (ഭാഗം 5) സൂചിപ്പിച്ചിട്ടുള്ള ചോദ്യങ്ങൾക്ക് മറുപടി നല്കാൻ രൂപതയിൽ ഒരുമിച്ചുകൂടുമ്പോഴൊക്കെയും ഒരു ആശയസമന്വയരേഖ എഴുതി തയ്യാറാക്കേണ്ടതാണ്. അതോടൊപ്പം, ഇത്തരത്തിൽ ഓരോ രൂപതയും മെത്രാന്മാരുടെസമിതിയും ആശയസമന്വയരേഖ തയ്യാറാക്കണം. ഇങ്ങനെ ഒരു സംഗ്രഹം തയ്യാറാക്കുന്നതിന്റെ ലക്ഷ്യം പങ്കുവച്ച എല്ലാ കാര്യങ്ങളുടേയും പൊതുവായ ഒരുസംഗ്രഹം ഉണ്ടാക്കുകയോ ഒരു ബൗദ്ധിക വ്യായാമം നടത്തുകയോ എന്നതല്ല; പകരം അതിലൂടെ സിനഡാത്മക പ്രക്രിയുടെ അടുത്ത ഘട്ടത്തിലേക്ക് എന്തു സംഭാവന നല്കാനാകുമെന്നു തിരഞ്ഞെടുക്കുന്നതിനും, എഴുതുന്നതിനും, രൂപതയിലേക്കും (രൂപതയ്ക്കുള്ളിലെ കൂടിയാലോചനകളുടെ കാര്യത്തിൽ) തുടർന്ന് മെത്രാൻസമിതിയിലേക്കും (ഈ ആശയസമന്വയരേഖ രൂപതയിൽ എഴുതപ്പെട്ടതാണെങ്കിൽ) അത് അയക്കുന്നതിനും വേണ്ടിയുള്ള വിവേചിച്ചറിയലിന്റെ പ്രവൃത്തിയാണ്.

ഈ അർത്ഥത്തിൽ, ആശയസമന്വയരേഖ എന്നത് പൊതുവായ പ്രവണതകളും പൊതുസമ്മതമുള്ള ആശയങ്ങളും പ്രതിപാദിക്കുക മാത്രമല്ല, ഒരു പുതിയ വീക്ഷണകോണിനെ ഉത്തേജിപ്പിക്കുന്ന അഥവാ പുതിയ ചക്രവാളം തുറക്കുന്ന ആശയങ്ങൾ എടുത്തുകാണിക്കുകയും ചെയ്യുന്നു. ഇപ്രകാരമുള്ള ഒരു സംഗ്രഹം തയ്യാറാക്കുമ്പോൾ സമൂഹത്തിൽ പലപ്പോഴും കേൾക്കപ്പെടാതെ പോകുന്നവരുടെ ശബ്ദങ്ങൾക്ക് പ്രത്യേക ശ്രദ്ധനൽകുകയും, ന്യൂനപക്ഷറിപ്പോർട്ട് എന്ന് നാം വിളിക്കുന്നതിനെ സമന്വയിപ്പിക്കുകയും ചെയ്യണം. ഈ പ്രതികരണം (feedback), ഭാവാത്മകമായ (positive) അനുഭവങ്ങൾക്ക് അടിവരയിടുക മാത്രമല്ല, ശ്രവിച്ച യാഥാർത്ഥ്യത്തെ പ്രതിഫലിക്കുന്നതിന് വെല്ലുവിളി നിറഞ്ഞതും പ്രതികൂലവുമായ (negative) അനുഭ

വങ്ങൾ വെളിച്ചത്തു കൊണ്ടുവരികയും വേണം. പ്രാദേശിക ഒത്തുചേരലിന്റെ അനുഭവത്തിന്റെ ചിത്രം പ്രതികരണത്തിൽ ഉണ്ടായിരിക്കണം, അതായത്, പങ്കെടുത്തവരുടെ മനോഭാവം, വിവേചിച്ചറിയുന്നതിൽ ഒരുമിച്ച് ഇടപെട്ടതിന്റെ സന്തോഷങ്ങൾ, വെല്ലുവിളികൾ എന്നിവ.

ഈ പ്രാദേശിക ഒത്തുചേരലിൽനിന്നും ലഭിക്കുന്ന പ്രതികരണങ്ങൾ രൂപതാതലത്തിൽ സമന്വയിപ്പിച്ച് സമാഹരിക്കേണ്ടതുണ്ട്. അവസാനം ഓരോ രൂപതയും രൂപപ്പെടുത്തുന്ന ഈ ആശയസമന്വയരേഖ ശ്രവണത്തിന്റേയും വിവേചനത്തിന്റേയും ഈ പ്രക്രിയയിലൂടെ മുഴുവൻ ദൈവജനത്തിന്റെ തുടർയാത്രയുടെ സംഭാവനയായി മാറും. സിനഡാത്മക പാതയിലൂടെ പ്രാദേശിക സഭ നടത്തേണ്ട അടുത്ത ഘട്ടങ്ങൾ തിരിച്ചറിയുന്നതിനുള്ള സഹായരേഖയായി ഇത് വർത്തിക്കും. സിനഡാത്മക പ്രക്രിയയുടെ തുടർന്നുള്ള ഘട്ടങ്ങളുടെ സുഗമമായ പ്രവർത്തനത്തിന് സഹായകമാംവിധം പ്രാർത്ഥനയുടെയും പരിചിന്തനത്തിന്റെയും ഫലങ്ങളെ ഒത്തുചേർത്ത് പരമാവധി പത്ത് പേജിൽ ഒതുങ്ങുന്ന ഒരു സമന്വയം തയ്യാറാക്കേണ്ടത് ആവശ്യമാണ്. ഇതിന്റെ ഉള്ളടക്കത്തെ അനുകൂലിക്കാനും അല്ലെങ്കിൽ അനുഗമിക്കാനും വേണ്ടി മറ്റ് അനുബന്ധങ്ങളും രൂപതാസംഗ്രഹത്തോട് ചേർക്കാവുന്നതാണ്.

ഓരോ രൂപതയുടേയും അല്ലെങ്കിൽ എപ്പാർക്കിയുടേയും സംഗ്രഹം (ആശയസമന്വയരേഖ), പിന്നീട് മെത്രാൻസമിതികളിലേക്കും പൗരസ്ത്യസഭകളുടെ സിനഡുകളിലേക്കും കൈമാറ്റപ്പെടും. ഈ സമിതികൾ ഈ സംഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ മുകളിൽ വിവരിച്ച അതേ വിവേചിച്ചറിയൽ മനോഭാവത്തോടെ ഒരു ആശയസമന്വയരേഖ തയ്യാറാക്കും. മെത്രാൻ സമിതികളും പൗരസ്ത്യ സഭകളുടെ സിനഡും ഈ ആശയസമന്വയരേഖ മെത്രാന്മാരുടെ സിനഡിന്റെ ജനറൽ സെക്രട്ടേറിയറ്റിന് സമർപ്പിക്കും. അങ്ങനെ പ്രാദേശിക തലത്തിൽ പങ്കുവയ്ക്കപ്പെടുകയും അനുഭവിക്കുകയും ചെയ്യുന്നതിന്റെ സംഗ്രഹമാണ് പിന്നീട് പ്രവർത്തനരേഖയുടെ (*Instrumentum Laboris*) ഒന്നാം പതിപ്പായി രൂപപ്പെടുക.

## 4.2 സിനഡാത്മക പ്രക്രിയയിൽ മെത്രാന്റെ പങ്ക്

പത്രോസിന്റെ പിൻഗാമിയുടെ പ്രഥമസ്ഥാനത്തിനു വിധേയമായിരിക്കുന്ന മെത്രാൻസംഘത്തിന്റെ അജപാലനാധികാരം കൂടാതെ സിനാഡാത്മകത നിലനിൽക്കുന്നില്ല എന്നതുപോലെ, തന്റെ അജപാലനാധികാരത്തിനു ഭരമേല്പിച്ചിരിക്കുന്ന രൂപതയുടെ മെത്രാന്റെ അധികാരം കൂടാതെ ആ രൂപ

തയിൽ സിനഡാത്മകത നിലനില്ക്കുന്നില്ല. മെത്രാന്മാരുടെ ധർമ്മമെന്നത് അജപാലകരും പ്രബോധകരും ദൈവാരാധനയുടെ പുരോഹിതരുമായിരിക്കുക എന്നതാണ്. സഭാവിശ്വാസത്തിന്റെ സാക്ഷികളും വ്യാഖ്യാതാക്കളും ആധികാരിക സംരക്ഷകരുമായിരിക്കാൻ അവർക്കു ലഭിച്ച വിവേചനകൃപ അവരെ ക്ഷണിക്കുന്നു. പ്രാദേശികസഭകളിലും പ്രാദേശിക സഭകളിൽനിന്നുമാണ് ഏകവും ഏകീയവുമായ കാത്തോലിക്കാസഭ രൂപം പ്രാപിക്കുന്നത് (*LG*, 23). രൂപതാ മെത്രാന്റെ വൈയക്തികമായ സാന്നിധ്യം അവശ്യംവേണ്ട പ്രാദേശികസഭകളുടെ കൂട്ടായ പ്രവർത്തനത്തിൽ മാത്രമേ സിനഡാത്മകതയുടെ പൂർണഭാവം നിലനില്ക്കുകയുള്ളൂ. ഈ സാർവത്രിക സ്വഭാവത്താൽ സഭയുടെ ഓരോ ഭാഗവും അതതിന്റെ പ്രത്യേക വരങ്ങൾ മറ്റുള്ളവരുടെയും സഭമുഴുവന്റെയും നന്മയ്ക്കായി അർപ്പിക്കുന്നു. അങ്ങനെ പരിപൂർണതയ്ക്കായി ഒത്തൊരുമിച്ചുള്ള ശ്രമവും പരസ്പരം സഹകരിച്ചുള്ള പ്രവർത്തനവുംവഴി ഓരോ ഭാഗവും സഭയിലാകമാനം വളർച്ചപ്രാപിക്കുന്നു (*LG*, 13). പ്രാദേശികസഭകളുടെ വ്യതിരിക്തതയും പശ്ചാത്തലവും സംസ്കാരവും ക്രിസ്തുശരീരത്തെ സമ്പന്നമാക്കികൊണ്ട് സഭ മുഴുവനിലേയ്ക്ക് വ്യത്യസ്തദാനങ്ങൾ കൊണ്ടുവരുന്നു. സഭയുടെ സിനഡാത്മക വീഥി മനസ്സിലാക്കാനുള്ള താക്കോലാണിത്.

അതിനാൽ കൂടതൽ സിനഡാത്മകമായ സഭയിലേക്കുള്ള സഞ്ചാരത്തിൽ ദൈവജനത്തിനു മുഴുവൻ സിനഡാത്മകാനുഭവം സാധ്യമാക്കുന്ന സാഹചര്യം ഒരുക്കുക എന്നതാണ് സിനഡാത്മക പ്രക്രിയയിൽ രൂപതാമെത്രാന്റെ പ്രഥമ കർത്തവ്യം. തന്റെ രൂപതയിൽ ദൈവജനത്തെ കേൾക്കുന്നതിൽ രൂപതാമെത്രാൻ മുഖ്യ പങ്കുവഹിക്കുന്നു. സാർവ്വത്രിക സഭ കൈക്കൊണ്ടിരിക്കുന്ന സിനഡാത്മക വഴിയിൽ പരിശുദ്ധാത്മാവിന്റെ പ്രചോദനത്താൽ തന്റെ രൂപതയിലെ ദൈവജനത്തെ കേൾക്കാൻ ഏറ്റം ഫലപ്രദമായ പ്രക്രിയകൾ വിവേചിച്ചറിയാൻ മെത്രാനു കഴിയണം. ഈ ചുമതലയിൽ തന്നെ സഹായിക്കാൻ രൂപതാമെത്രാൻ രൂപതാതലത്തിൽ ബന്ധപ്പെടേണ്ട ഒരു വ്യക്തിയെയോ (contact person) ടീമിനെയോ നിയമിക്കണം. അവർ ഒരുമിച്ച് പ്രാർത്ഥനയിൽ വിവേചിച്ചറിയട്ടെ. ഈ സിനഡാത്മക പ്രക്രിയയുടെ രൂപതാതലഘട്ടത്തിൽ മെത്രാൻ സജീവമായ പങ്കുവഹിക്കേണ്ടതായുണ്ട്. അദ്ദേഹത്തിന്റെ ഇടപെടൽ ദൈവജനത്തിന്റെ ബഹുസ്വരപശ്ചാത്തലത്തിൽ തുറന്ന സംഭാഷണത്തിനു കാരണമാകണം.

ക്രമീകരണ പ്രക്രിയയിൽ സഹായം ആവശ്യമുള്ളിടത്തെല്ലാം മെത്രാന് പ്രതികരണവും പങ്കാളിത്തവും തേടാം. സിനഡാത്മക പ്രക്രിയയിൽ

വിവിധ രൂപതാകമ്മീഷനുകളുടെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും അനുയുക്തമായ രീതിയിൽ അവയുടെ സഹായം തേടാനും രൂപതാതല ത്തിലുള്ള വിവിധ സമിതികളോടും സംഘടനകളോടും, അജപാലനസമി തി, വൈദികസമിതി, ഇടവകകൾ, സന്ന്യാസസമൂഹങ്ങൾ, അത്മായ സം ഘടനകൾ, വിവിധ അജപാലന ശുശ്രൂഷാ മേഖലകൾ (സ്കൂൾ, ആശു പത്രി മുതലായവ) എന്നിവ ഉൾപ്പെടെയുള്ള രൂപതയിലെ ഘടനാപരമായ സംവിധാനങ്ങളുമായി ആശയവിനിമയം ചെയ്യാനും മെത്രാൻ ക്ഷണിക്കപ്പെ ടുന്നു. മെത്രാന്റെ അധികാരത്തിനു കീഴിൽ രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിക്കോ (വ്യക്തികൾക്കോ) (contact person/s) കൂടിയാലോചനാ പ്രക്രി യയ്ക്കായി ഒരുങ്ങാനും അത് സാധ്യമാക്കാനും ഇടവകതലത്തിലെയും പ്രാദേശിക സമൂഹത്തിന്റെയും പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നവരു മായി നേരിട്ട് ആശയവിനിമയം നടത്താവുന്നതാണ്.

അതേസമയം, ഇതിനാവശ്യമായ സാമ്പത്തികവും യാത്രാപരവും സാങ്കേതികവും ഉദ്യോഗസ്ഥപരവുമായ വിഭവങ്ങൾ മാറ്റിവയ്ക്കപ്പെട്ടിരി ക്കുന്നുവെന്ന് മെത്രാൻ ഉറപ്പുവരുത്തണം. വൈദികർ, ഡീക്കന്മാർ, സമർപ്പി തർ, അല്മായർ എന്നിങ്ങനെ ദൈവജനത്തിന്റെ പൂർണമായ ബഹുസ്വരത കണക്കിലെടുക്കാനും വിശ്വാസികളുടെ പങ്കാളിത്തം വിശാലമായി സാധ്യ മാക്കാനും സിനഡാത്മക പ്രക്രിയ യഥാർത്ഥത്തിൽ സഹപ്രവർത്തനപര മാക്കാനുംവേണ്ടി വ്യത്യസ്ത സമൂഹങ്ങളുടെയും വ്യക്തികളുടെയും സജീ വപങ്കാളിത്തം ഉറപ്പുവരുത്താനുള്ള ശ്രമങ്ങളിലും മെത്രാന് പങ്ക് വഹിക്കാ നുണ്ട്. സിനഡാത്മകത സാധ്യമാക്കാൻ ഉദ്ദേശിച്ചുകൊണ്ട് നിലവി ലുള്ള രൂപതാ സംവിധാനങ്ങൾ, സവിശേഷമായി രൂപതാ അജപാലന സമിതി, വൈദികസമിതി, ഇടവക അജപാലനസമിതി മുതലായവ, വലിയ സഹായമാകാം.

വ്യക്തിപരമായ കത്തുവഴിയോ രൂപതയിലെ ഓരോരുത്തരെയും മെത്രാൻ ക്ഷണിക്കുന്നതും പ്രോത്സാഹിപ്പിക്കുന്നതുമായ വീഡിയോവഴിയോ സംഭാ ഷണത്തിന്റെയും ശ്രവണത്തിന്റെയും കൂടിയാലോചനയുടെയും പ്രക്രിയ യിൽ പങ്കുചേരാൻ ക്ഷണിക്കാവുന്നതാണ്. സിനഡാത്മക പ്രക്രിയയുടെ ആരംഭവും അവസാനവും മെത്രാൻ അദ്ധ്യക്ഷം വഹിക്കുന്ന ആരാധനക്രമ ആഘോഷത്തോടുകൂടിയായിരിക്കുന്നതും അഭികാമ്യമായിരിക്കും.

കൂടിയാലോചനാ പ്രക്രിയയിൽ മെത്രാന്റെ പ്രധാന പങ്ക് ശ്രവിക്കുക എന്ന താണ്. ശ്രവിക്കുക എന്ന പ്രക്രിയയിൽ മെത്രാന്റെ വൈയക്തികമായ സാന്നിധ്യം വ്യത്യസ്ത ഭാവങ്ങൾ കൈകൊള്ളുന്ന വിധത്തിലാകാമെങ്കിലും

മെത്രാൻ വിശ്വാസികളുടെ ശബ്ദത്തിന് ചെവികൊടുക്കുകയും ഭാഗഭാക്കാവുകയുംവേണം എന്നതാണ് പ്രധാനം. രൂപത മുഴുവനിലും നടത്തപ്പെടുന്ന പ്രാദേശിക ശ്രവണ ശിബിരങ്ങളിൽ പങ്കെടുക്കുന്നതുകൂടാതെ മെത്രാൻ ആഗ്രഹിക്കുന്നുവെങ്കിൽ അദ്ദേഹത്തിന് തന്റെ രൂപതയുടെ ഓരോവിഭാഗങ്ങളെയും പ്രതിനിധീകരിക്കുന്ന ചെറിയ താല്കാലിക സമൂഹകൂട്ടായ്മകൾ വിളിച്ചുചേർക്കാവുന്നതാണ്; സവിശേഷമായി പാർശ്വവൽക്കരിക്കപ്പെട്ടിരിക്കുന്നവരെ ഉൾപ്പെടുത്തി ഇക്കാര്യം കാര്യക്ഷമമാക്കാം. കൂടാതെ, തന്നെ ഭരമേല്പിച്ചിരിക്കുന്ന ജനങ്ങളിലൂടെ പരിശുദ്ധാത്മാവ് പറയുന്നതെന്താണെന്ന് വിവേചിച്ചറിയുംവിധം കൂടിയാലോചനകളിൽ നിന്ന് സമാഹരിച്ച വിലയിരുത്തലുകൾ അവലോകനം ചെയ്തുകൊണ്ടും മെത്രാന് "ശ്രവിക്കുക" എന്ന തന്റെ ധർമ്മം നിവർത്തിക്കാം. കൂടിയാലോചനാപ്രക്രിയയുടെ പുരോഗതിയും അത് അഭിമുഖീകരിച്ച വെല്ലുവിളികളും അവലോകനംചെയ്യാൻ നിശ്ചിത ഇടവേളകളിൽ മെത്രാൻ രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയെയോ (വ്യക്തികളെയോ) കാണേണ്ടതാണ്. വിശ്വാസികൾക്ക് അവരുടെ അഭിപ്രായങ്ങൾ സ്വതന്ത്രമായ രീതിയിൽ പങ്കുവയ്ക്കാൻ, മെത്രാന്റെയും വൈദികരുടെയും സാന്നിദ്ധ്യം തടസ്സം വരുത്തുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്, പ്രത്യേകിച്ച് ഉതപ്പിനു കാരണമായവ ഉണ്ടായ സാഹചര്യത്തിലോ, അല്ലെങ്കിൽ സാംസ്കാരികമായി ആദരവിന്റെ പ്രശ്നം നിലനില്കുന്ന ഇടങ്ങളിലോ ഇക്കാര്യം പ്രത്യേക ശ്രദ്ധാവിഷയമാകണം.

അവസാനമായി, രൂപതാതല ഘട്ടം പൂർത്തിയാക്കാൻ മെത്രാൻ രൂപതാതല സിനഡാത്മക യോഗം വിളിക്കുകയും അത് നടപ്പിലാക്കാൻ രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയുമായോ (വ്യക്തികളുമായോ) ഒന്നിച്ചു പ്രവർത്തിക്കുകയും വേണം. ഈ ഒത്തുചേരൽ രൂപതയെ ദൈവത്തിന്റെ ആത്മാവ് നയിക്കുന്നു എന്ന രീതിയിൽ ഒരുമിച്ചു പ്രാർത്ഥിക്കാനും ശ്രവിക്കാനും വിചിന്തനം ചെയ്യാനും സിനഡാത്മകവഴി വിവേചിച്ചറിയാനും ലക്ഷ്യംവച്ച് രൂപതമുഴുവൻ വിശാലമായ അർത്ഥത്തിൽ പ്രതിനിധീകരിക്കുന്നതാവണം. അതിനെതുടർന്ന് രൂപതാതലത്തിലുള്ള ആശയസമന്വയരേഖ (diocesan synthesis), മെത്രാൻസമിതിക്കു സമർപ്പിക്കുന്നതിനു മുമ്പായി, രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയോടോ (വ്യക്തികളോടോ) ഒപ്പം മെത്രാൻ അത് അവലോകനം ചെയ്യണം. രൂപതാതല ആശയസമന്വയരേഖ രൂപതാ മെത്രാനെക്കുറിച്ച് ഭാവാത്മകമായോ നിഷേധാത്മകമായോ വിചിന്തനം നടത്താനുള്ള ഒന്നല്ല എന്നു മനസ്സിലാക്കേണ്ടത് വളരെ പ്രധാനപ്പെട്ടതാണ്. മറിച്ച്, രൂപതാതല ആശയസമന്വയരേഖ എന്നത് സിനഡാത്മക

പ്രക്രിയയുടെ രൂപതാതല ഘട്ടത്തിൽ പങ്കുവയ്ക്കപ്പെട്ട ദൈവജനത്തിന്റെ വിവിധ കാഴ്ചപ്പാടുകളും വീക്ഷണകോണുകളും പ്രതിനിധീകരിക്കുന്ന എല്ലാ കാര്യങ്ങളുടെയും സത്യസന്ധമായ (honest) അവതരണമായിരിക്കണം.

ഇപ്രകാരമുള്ള കൂടിയാലോചനാ പ്രക്രിയ ന്യായമായും അജപാലന ശുശ്രൂഷയിൽ നേതൃത്വം കൊടുക്കുന്നവരിൽ ആവേശത്തിന്റെയും സന്തോഷത്തിന്റെയും വികാരവിചാരങ്ങൾമുതൽ ഉത്കണ്ഠയുടെയും ഭയത്തിന്റെയും അനിശ്ചിതത്വത്തിന്റെയും സംശയത്തിന്റെയുംപോലും വിചാരവികാരങ്ങൾ ഉണർത്തും. അത്തരത്തിലുള്ള സൂക്ഷ്മ പ്രതികരണങ്ങൾ പലപ്പോഴും സിനഡാത്മകതയുടെ ഭാഗം തന്നെയാണ്. പലപ്പോഴും അദ്ഭുതകരവും ഉണർവേകുന്നവിധവും പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിനോടുള്ള തുറവ് പ്രോത്സാഹിപ്പിച്ചുകൊണ്ട് രൂപതയിൽ ഉയിർകൊള്ളുന്ന പ്രതികരണങ്ങളുടെ സമ്മിശ്രിതം അംഗീകരിക്കാൻ മെത്രാന്മാർക്ക് കഴിയണം. തന്റെ അജഗണത്തിന്റെ നല്ല ഇടയനെന്ന നിലയിൽ ആരും ഒഴിവാക്കപ്പെടുന്നില്ലെന്നും ആരും നഷ്ടപ്പെടുന്നില്ലെന്നും ഉറപ്പാക്കിക്കൊണ്ട് ദൈവജനത്തിന് മുമ്പേ പോകാനും അവരുടെ മധ്യേ നിൽക്കാനും അവരുടെ പിന്നാലെയായിരിക്കാനും മെത്രാൻ വിളിക്കപ്പെട്ടിരിക്കുന്നു.

## 4.3. സിനഡാത്മക പ്രക്രിയയിൽ വൈദികരുടെയും ഡീക്കന്മാരുടെയും പങ്ക്

വൈദികരുടെയും ഡീക്കന്മാരുടെയും ശുശ്രൂഷ രണ്ടു സുപ്രധാന കോണുകളുമായി ബന്ധപ്പെട്ടിരിക്കുന്നു: ഒരുവശത്ത് രൂപതാ മെത്രാൻ, മറുവശത്ത് അവരുടെ അജപാലനത്തിന് ഭരമേല്പിക്കപ്പെട്ടിരിക്കുന്ന ജനം. അങ്ങനെ പുരോഹിതഗണം പ്രാദേശികസഭയിൽ മെത്രാന്മാരെയും അവർ ശുശ്രൂഷിക്കുന്നവരെയും ബന്ധിപ്പിക്കുന്ന സഹായകരമായ കണ്ണിയെ അവതരിപ്പിക്കുന്നു. ഇക്കാര്യം വൈദികർക്കും ഡീക്കന്മാർക്കും മെത്രാനൊടൊപ്പം വിശ്വാസികളുടെ സേവനത്തിൽ ജനങ്ങളുടെ മധ്യേയുള്ള ഒരുമിച്ചുള്ള യാത്രയിൽ പ്രധാന പങ്ക് നൽകുന്നു. അവർ മെത്രാനുവേണ്ടി ജനങ്ങളുമായി ആശയവിനിമയം നടത്തുകയും (communicate) അതുപോലെ ജനങ്ങളോടൊപ്പംനിന്ന് മെത്രാനോട് ആശയവിനിമയം നടത്തുകയും ചെയ്യുന്നു. സഭാമധ്യത്തിൽ ഒരുമിച്ചു നടന്നുകൊണ്ടും വിശ്വാസികളെ ഒരുമിച്ചു യാത്ര ചെയ്യാൻ സഹായിച്ചുകൊണ്ടും അവർ ക്രിസ്തുവിന്റെ ശരീരത്തിന്റെ കൂട്ടായ്മയും ഐക്യവും പണിതുയർത്താൻ കാരണഭൂതരാകുന്നു. അതുപോലെതന്നെ, തങ്ങളുടെ അജഗണത്തിൽ രൂപപ്പെട്ടുകൊണ്ടിരിക്കുന്ന ആവശ്യ

ങ്ങളിൽ ശ്രദ്ധയർപ്പിച്ചുകൊണ്ടും പരിശുദ്ധാത്മാവ് എങ്ങനെയാണ് പുതിയ പന്ഥാവുകൾ തുറക്കുന്നത് എന്ന് ചൂണ്ടികാണിച്ചുകൊണ്ടും പുരോഹിത ഗണം നവീകരണത്തിന്റെ മുന്നോടികളുമാകുന്നു. ഒടുവിൽ, ദൈവജനത്തെ പരിശുദ്ധാത്മാവിനോട് കൂടതൽ ശ്രദ്ധയുള്ളവരായിരിക്കാനും ഒരുമിച്ച് ദൈവ തിരുമനസ്സ് ശ്രവിക്കാനുംവേണ്ടി സിനഡാത്മകതയുടെ ആത്മീയാനുഭവ ത്തിലേക്ക് നയിക്കുന്ന പ്രാർത്ഥനയുടെ മനുഷ്യരുമാണവർ.

ഈ അർത്ഥത്തിൽ വൈദികർക്കും ഡീക്കന്മാർക്കും സിനഡാത്മകതയുടെ പാതയിൽ ദൈവജനത്തെ മുഴുവൻ അനുഗമനം ചെയ്യുന്നതിൽ നിർണ്ണായ കമായ പങ്കാണ് വഹിക്കാനുള്ളത്. സിനഡാത്മകതയുടെ വഴിയിൽ ആയി രിക്കുക എന്നത് കൂടുതൽ പ്രാവർത്തികമാക്കുന്നതിലും പ്രോത്സാഹിപ്പിക്കു ന്നതിലും അവരുടെ ശ്രമങ്ങൾ സുപ്രധാനമാണ്. തങ്ങൾ സേവനം ചെയ്യുന്ന ഇടവകകളിലും ശുശ്രൂഷകളിലും പ്രസ്ഥാനങ്ങളിലും സഭയുടെ സിനഡാത്മക സ്വഭാവത്തെയും സിനഡാത്മകതയുടെ അർഥത്തെയും കുറിച്ച് അവബോധമുണ്ടാക്കാൻ വൈദികർക്കും ഡീക്കന്മാർക്കും കഴിയും. പ്രാദേശിക സഭയിൽ സിനഡാത്മക പ്രക്രിയയുടെ രൂപതാതല ഘട്ടത്തി ന്റെ വികസനം സാധ്യമാക്കാനും സഹായിക്കാനും ശക്തിപ്പെടുത്താനും പ്രോത്സാഹിപ്പിക്കാനും വൈദികരും ഡീക്കന്മാരും വിളിക്കപ്പെട്ടിരിക്കുന്നു. രൂപത മുഴുവനുമായി രൂപീകരിക്കപ്പെട്ടിരിക്കുന്ന രൂപതാ അജപാലന സമിതി, വൈദികസമിതി, ഇടവക അജപാലനസമിതി എന്നിങ്ങനെയുള്ള പങ്കാളിത്ത സ്വഭാവമുള്ള സംവിധാനങ്ങളിലൂടെയാണ് അവർ അത് ചെയ്യു ന്നത്. പ്രാദേശിക സഭകളുടെ സിനഡാത്മക സംവിധാനങ്ങളുടെ, പ്രത്യേ കിച്ച് വൈദികസമിതിയുടെയും അജപാലനസമിതിയുടെയും (PD, 31), ഇട പെടൽ ഇത് ആവശ്യപ്പെടുന്നു. സഭയുടെ സിനഡാത്മക പാതയിൽ ഈ രൂപതാതല പങ്കാളിത്ത സ്വഭാവമുള്ള സംവിധാനങ്ങൾ അടിസ്ഥാനപര മാണ്; ഇവിടെ നിന്നുതന്നെയാണ് ഒരു സിനഡാത്മക സഭയ്ക്ക് ഉയിർകൊ ള്ളാൻ കഴിയുന്നതും (*EC*, 7).

അതേസമയം, രൂപതാ മെത്രാനും ഈ സിനഡാത്മക പ്രക്രിയയ്ക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള രൂപതാ ബന്ധപ്പെടേണ്ട വ്യക്തിയും (വ്യക്തികളും) മുൻകൈ എടുത്തിട്ടുള്ളതുമായ കാര്യങ്ങളുമായി ബന്ധപ്പെട്ടു നിന്നുകൊണ്ട് വൈദികർക്കും ഡീക്കന്മാർക്കും അത്മായവിശ്വാസികൾക്കിടയിൽ യഥാർത്ഥ സിനഡാത്മക അനുഭവം വളർത്താനുപകരിക്കുന്ന പുതിയതും സർഗാത്മ കവുമായ വഴികൾ കണ്ടെത്താനാവും. സിനഡാത്മക പ്രക്രിയയുടെ രൂപ താതലഘട്ടം ഏറ്റെടുക്കുന്ന ആലോചന പ്രക്രിയ അഭിസംബോധന ചെയ്യ

പ്പെട്ടിരിക്കുന്നത് സമർപ്പിതരായ പുരുഷന്മാർക്കും സ്ത്രീകൾക്കും നല്കാൻ കഴിയുന്ന വിലപ്പെട്ട സംഭാവനകളെ ഒട്ടും അവഗണിക്കാതെതന്നെ, വ്യക്തിപരമായും കൂട്ടമായും വൈദികരെയും ഡീക്കന്മാരെയും പ്രാദേശിക സഭയിലെ അത്മായ വിശ്വാസികളെയും ആണെന്നുള്ളതും (*EC*, 7) അത് സമന്വയിപ്പിക്കേണ്ടത് രൂപതാ മെത്രാനുമാണെന്നുള്ളതും ശ്രദ്ധിക്കേണ്ട കാര്യമാണ്.

ഒരുക്കരേഖ നമ്മോട് പറയുന്നു: യേശുവിന്റെ ശുശ്രൂഷയിൽ "അപ്പസ്തോല ന്മാരുടെ തെരഞ്ഞെടുപ്പ് അനന്യമായ സ്ഥാനത്തിന്റെ അധികാരമോ പ്രത്യേ കാനുകൂല്യമോ അല്ല സൂചിപ്പിക്കുന്നത്; അത് എല്ലാവരെയും ഉൾക്കൊള്ളുന്ന അനുഗ്രഹത്തിന്റെയും കൂട്ടായ്മയുടെയും കൃപാവരമാണ്. ഉത്ഥിതനായ നാഥന്റെ സമ്മാനമായ ആത്മാവുവഴി തങ്ങൾതന്നെ യേശുവിന്റെ സ്ഥാനത്ത് സ്വയം പ്രതിഷ്ഠിക്കുന്നതിനെതിരേ അവർ നിലകൊള്ളണം; യേശുവിനെ കണ്ടെത്തുന്നതിൽ അവിടത്തെ സാന്നിദ്ധ്യത്തിന്റെ മുമ്പിൽ തടസ്സങ്ങൾ സൃഷ്ടിക്കുന്നവരാകരുത് അവർ; അവർ യേശുവിനെ കണ്ടുമുട്ടുന്നത് എളുപ്പമുള്ളതാക്കണം"(PD, 19).

അങ്ങനെ സിനഡാത്മകത പ്രാർത്ഥനയിൽ അധിഷ്ഠിതവും ദിവ്യബലിയുടെ ആഘോഷത്താൽ പരിപോഷിതവും ദൈവവചനശ്രവണത്തിലൂടെ പ്രചോ ദിതവുമായി ഉത്ഥിതനായ ക്രിസ്തുവുമായുള്ള യഥാർത്ഥ കണ്ടുമുട്ടലായി മാറുന്നു. ഈ സിനഡാത്മക അനുഭവം എന്നു ഉറപ്പുവരുത്തുന്നതിൽ പൗരോഹിത്യസ്വീകരണത്തിലൂടെ പരിശുദ്ധദാനങ്ങളും കൃപകളും നല്കപ്പെട്ടിരിക്കുന്ന പുരോഹിതഗണത്തിന് നിർണ്ണായകമായ പങ്കുവഹിക്കാ നുണ്ട്.

## 4.4 ദിശാപാത (Roadmap) (സിനഡിന്റെ രൂപതാതല നടപടികളുടെ മാതൃക)

ജനങ്ങളെ ശ്രവിക്കലും സംവാദവും അടങ്ങുന്ന ഘട്ടം നടപ്പിലാക്കുക എന്ന ചുമതല ഓരോ രൂപതയിലും പ്രാദേശിക ഘടകങ്ങളെ ആശ്രയിച്ച് വ്യത്യസ്ഥമായിരിക്കും. എങ്കിലും പൊതുവായ സമീപനം താഴെപ്പറയുന്ന നടപടികൾ ഉൾപ്പെടുന്നതാണ്:

### 1. രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയെ/വ്യക്തികളെ (contact person/s) നിയമിക്കുക

ഓരോ രൂപതയും ഒന്നോ രണ്ടോ വ്യക്തികളെ നിശ്ചയിച്ച് രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയായി (വ്യക്തികളായി) (contact person/s)

പ്രവർത്തിക്കാൻ നിയോഗിക്കണം. അവരുടെ ഉത്തരവാദിത്വങ്ങളും അവർക്ക് അവശ്യം ഉണ്ടാകേണ്ട സ്വഭാവഗുണങ്ങളും അനുബന്ധം A യിൽ നൽകിയിരിക്കുന്നു. കൂട്ടുത്തരവാദിത്വത്തിന് മാതൃകയെന്നോണം രണ്ടുപേർ തുല്യനേതൃസ്ഥാനത്തേക്ക് നിയമിക്കപ്പെടുന്നത് അഭികാമ്യമാണ്. രണ്ടുപേരെ രൂപതാതല ബന്ധപ്പെടാനുള്ളവരാക്കുന്നെങ്കിൽ ഒരു പുരുഷനും ഒരു സ്ത്രീയും ആയിരിക്കുന്നത് ഗുണകരമാണ്. ഈ ചുമതല സേവനമായൊ വേതനവ്യവസ്ഥയിലൊ രൂപതയിൽതന്നെ പ്രവർത്തിക്കുന്ന വ്യക്തിക്ക് (വ്യക്തികൾക്ക്) നിർവഹിക്കാവുന്നതാണ്. വൈദികർ, സന്യസ്തർ, അത്മായർ എന്നിവർക്ക് രൂപതാതല ചുമതലക്കാരാകാവുന്നതാണ്. 2023 ഒക്ടോബർവരെയും തുടർന്നും സിനഡിന്റെ അരൂപിയിൽ രൂപതയെ സേവിക്കുന്നതിൽ ഈ ബന്ധപ്പെടാനുള്ളവരുടെ കർത്തവ്യം എന്തായിരിക്കണമെന്ന് രൂപതകൾക്ക് പര്യാലോചിക്കാവുന്നതാണ്.

## 2. രൂപതാതല സിനഡാത്മക ടീമിനെ സജ്ജീകരിക്കൽ

രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തി (വ്യക്തികൾ) രൂപതയിലെ ഒരു കേന്ദ്രീകൃത ടീമുമായി സഹകരിച്ച് പ്രവർത്തിക്കേണ്ടതായിവരും. ജനം പൊതുവേദിയിൽ പ്രകടിപ്പിക്കുന്ന താത്പര്യങ്ങൾ അനുസരിച്ച് രൂപതാംഗങ്ങളിൽ നിന്നു തെരഞ്ഞെടുത്തോ അല്ലെങ്കിൽ രൂപതാദ്ധ്യക്ഷൻ നിയമിക്കുന്നതുവഴിയൊ പ്രസ്തുത കേന്ദ്രീകൃത ടീമിനെ രൂപവത്കരിക്കാവുന്നതാണ്. ഇടവക പ്രതിനിധികൾ, വിവിധ പ്രസ്ഥാനങ്ങൾ, രൂപതാ ശുശ്രൂഷാസമിതികൾ, സന്ന്യാസസമൂഹങ്ങൾ എന്നിവയുടെ പ്രതിനിധികൾ ഉൾപ്പെടുന്നതായിരിക്കും രൂപതാ സിനഡാത്മക ടീം. പ്രസ്തുത ടീമിന് രൂപതയിലെ ബന്ധപ്പെടാനുള്ള വ്യക്തിയുടെ (വ്യക്തികളുടെ) ഒരു ഉപദേശക സമിതിയായും പ്രവർത്ത്യോന്മുഖ സമിതിയായും സമ്മേളിക്കാവുന്നതാണ്. നിലവിലെ സിനഡിന്റെ രൂപതാതല പ്രവർത്തനത്തിനുശേഷം ഈ രൂപതാതല സിനഡാത്മക ടീമിനു തുടർന്നും പ്രവർത്തിക്കാവുന്നതാണ്, പ്രത്യേകിച്ച്, രൂപതാ മെത്രാനോടൊപ്പം സിനഡാത്മക പാത വരുംകാലങ്ങളിൽ പിന്തുടരുന്നതിനും അതിന്റെ ആഭിമുഖ്യങ്ങൾ പ്രയോഗത്തിലാകുന്നതിനുംവേണ്ടി.

## 3. നിങ്ങളുടെ രൂപതയ്ക്കുവേണ്ടിയുള്ള പാത വിവേചിച്ചറിയുന്നത്

*ഒരുക്കരേഖയും കൈപ്പുസ്തകവും* ഇപ്പോഴത്തെ സിനഡിനെ സംബന്ധിച്ച പൊതുവിവരവും കൂടിയാലോചനാ പ്രക്രിയ സജ്ജമാക്കുന്നതിനുള്ള മാർഗനിർദേശങ്ങളും പ്രദാനംചെയ്യുന്നു. ഈ രേഖകൾ

വൈവിധ്യമാർന്ന സാഹചര്യങ്ങളിൽ വ്യത്യസ്തമാംവിധം പ്രയോജനപ്പെടുത്തേണ്ടതാണ്. ഇക്കാര്യത്തിൽ പ്രാദേശിക സഭയുടെയും സമൂഹത്തിന്റെയും നിലവിലുള്ള സാഹചര്യങ്ങളും വെല്ലുവിളികളും പരിഗണിക്കേണ്ടതാണ്; ഒപ്പം രൂപതയിൽ ഈയടുത്തു നടന്ന സിനഡൽ പ്രക്രിയകളൊ ഇതര കൂടിയാലോചനകളൊ പരിഗണനയ്ക്കെടുക്കണം. രൂപത ശ്രദ്ധയൂന്നേണ്ട മേഖലകളെ വിവേചിച്ചറിയാൻ ഈ രേഖകളെ ആസ്പദമാക്കി പ്രാർത്ഥനാപൂർവമായ വിചിന്തനം നടത്താവുന്നതാണ്.

## 4. പങ്കാളിത്തപരമായ പ്രക്രിയയുടെ ആസൂത്രണം

വ്യത്യസ്ത മേഖലകൾ ഉൾക്കൊള്ളുംവിധം വിശാലമായ പങ്കാളിത്തം സാധ്യമാക്കാൻ ഒരോ രൂപതയും ലക്ഷ്യംവയ്ക്കണം. ഇടവകതല യോഗങ്ങൾ, ഇടവകാന്തര ഒത്തുചേരൽ, സ്കൂൾ അടിസ്ഥാനത്തിലുള്ള സമിതികൾ, പ്രാദേശിക സംഘടനകൾ, ഓൺലൈൻ സംവിധാനങ്ങൾ, പ്രത്യേക ഭാഷാതലത്തിലുള്ള സമിതികൾ, സഭയിൽനിന്നും അകന്നുകഴിയുന്നവരിലേക്ക് എത്താനുള്ള മാർഗങ്ങൾ എന്നിവ ഇതിൽ ഉൾപ്പെടും. വ്യത്യസ്ത ഗ്രൂപ്പുകൾക്ക് പരസ്പരം കേൾക്കാൻ അവസരങ്ങളുണ്ടാകണം. ആകമാന ബജറ്റ്, ഭൗതിക സൗകര്യങ്ങൾ, ഓൺലൈൻ സംവിധാനങ്ങൾ എന്നിവയുൾപ്പെടെ കൂടിയാലോചനാ പ്രക്രിയയ്ക്ക് ആവശ്യമായ സൗകര്യങ്ങളും വസ്തുതകളും വ്യക്തമായി മനസ്സിലാക്കി അവ സംലഭ്യമാക്കാൻ സാധിക്കണം. സാമ്പത്തിക സഹായവും മനുഷ്യവിഭവും ഒരുക്കിനൽകി രൂപതകൾ തമ്മിൽ ഐക്യദാർഢ്യം സംജാതമാക്കാവുന്നതാണ്.

## 5. സിനഡിന്റെ കൂടിയാലോചനാ യോഗങ്ങളിലേക്ക് ഗ്രൂപ്പ് ഏകോപന പ്രവർത്തകരെ തയ്യാറാക്കുന്നത്

രൂപതാ സിനഡ് ടീമിന് ഏകോപന പ്രവർത്തകരിലൂടെ സിനഡിന്റെ കൂടിയാലോചനാ യോഗങ്ങൾ രൂപതയിലാകമാനം നടപ്പിലാക്കാൻ സാധിക്കും. ഉദാഹരണത്തിന്, ഒരു ഇടവകയിലെ സിനഡാത്മക കൂടിയാലോചനയ്ക്ക് അവിടത്തെ ഏകോപന ചുമതലക്കാരന് ഇടവകാ ടീമിനോട് ചേർന്ന് മേൽനോട്ടം വഹിക്കാനാകും. ഏകോപന ചുമതലയുള്ള എല്ലാവർക്കും സിനഡാത്മക സമ്മേളന പ്രക്രിയയുടെ അന്തസത്ത, ഉദ്ദേശ്യങ്ങൾ, നയസമീപനങ്ങൾ എന്നിവ വിവരിച്ചുകൊടുക്കേണ്ടതാണ്. ഒപ്പം അവർക്ക് ഈ കൈപ്പുസ്തകം ഉൾക്കൊള്ളുന്ന സിനഡിനെ സംബന്ധിച്ച പ്രസക്തമായ വിവരവും ആധുനിക വിവരസാങ്കേതിക സൗകര്യവും (Synod website) ലഭ്യമാകണം. അങ്ങനെ ഏകോപന ചുമതലക്കാർ തങ്ങളുടെ

തനതായ ഗ്രൂപ്പുകൾക്ക് ഏറ്റം അനുഗുണമായ ആലോചനാ പ്രക്രീയ വേർതിരിച്ചറിയുകയും ആസുത്രണം ചെയ്യുകയും വേണം. ഇത് രൂപതാ സിനഡ് ടീമുമായുള്ള ആശയവിനിമയത്തിലൂടെ വേണം നിർവഹിക്കേണ്ടത്.

## 6. രൂപതാ സിനഡ് ടീമിനും പ്രാദേശിക ഏകോപന ചുമതലക്കാർക്കും മാർഗനിർദേശക പരിശീലനം

സിനഡിനെക്കുറിച്ചുള്ള അവബോധ-അനുഭവ നിലവാരം രൂപതയിലാകമാനം വ്യത്യസ്തമായിരിക്കാം എന്നതിനാൽ, സിനഡാത്മകമായ ആഭിമുഖ്യവും സിനഡാത്മക പ്രക്രിയയ്ക്ക് അനുഗുണമായ അടിസ്ഥാന നിപുണതയും കൈവരിക്കാൻ ജനങ്ങൾക്ക് രൂപവത്കരണ ശില്പശാലകൾ ഒരുക്കി നൽകേണ്ടതാണ്. സിനഡാത്മക കൂടിയാലോചനായോഗങ്ങൾ നടത്തുന്നതിലുള്ള വൈദഗ്ധ്യവും നിപുണതയും ഇതിൽ ഉൾപ്പെടുന്നു. ഇപ്രകാരമുള്ള അടിസ്ഥാന രൂപവത്കരണംതന്നെ സിനഡാത്മക പ്രക്രിയയുടെ വിലപ്പെട്ട അനന്തര ഫലമാണ്. ഏതുവിധമാണ് ഒരു മാതൃകാ സിനഡാത്മക കൂടിയാലോചനാ യോഗം നടത്തേണ്ടതെന്നതിന് ഒരു രൂപരേഖ, അനുബന്ധം B നൽകുന്നു. ശ്രദ്ധാപൂർവമായ ശ്രവണം, ആത്മാർത്ഥമായ പങ്കുവയ്ക്കൽ, കൂട്ടായ്മാരൂപിയിലുള്ള ആന്തരീക തിരിച്ചറിവ് എന്നിവ സുഗമമാക്കുന്നതിന് അനുയുക്തമായ സമ്പ്രദായം കൈക്കൊള്ളുകയെന്നതാണ് നിർണ്ണായക കാര്യം. ഇക്കാര്യത്തിൽ ഇനിയും കൂടുതലായുള്ള വിഭവസമൃദ്ധി സിനഡിന്റെ വെബ്സൈറ്റിൽ കാണാനാകും.

## 7. എല്ലാവരുമായും ആശയവിനിമയം നടത്തുന്നത്

സിനഡിന്റെ ഗൗരവവും അതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്നും, ജനങ്ങൾക്ക് അതിൽ എങ്ങനെ പങ്കെടുക്കാം എന്നിവയെ ക്കുറിച്ചും വിപുലമായ പരസ്യംനൽകൽ സിനഡിനെക്കുറിച്ച് അവബോധവും അതിൽ പങ്കെടുക്കാനുള്ള പ്രചോദനവും നൽകും. പരസ്യ രീതികളുടെ മാതൃകകൾ വെബ്സൈറ്റിൽ നൽകിയിരിക്കുന്നു.

## 8. നടപ്പിലാക്കൽ, നിരീക്ഷിക്കൽ, സിനഡാത്മക കൂടിയാലോചനാ പ്രക്രിയ നയിക്കൽ

ഒരുക്കങ്ങൾ പൂർത്തിയാകുന്നതോടെ സിനഡ് സംബന്ധമായ കൂടിയാലോചനാപ്രക്രിയ ആരംഭിക്കുന്നു. ഈ തലത്തിന്റെ ഹൃദയഭാഗം രൂപതയാകമാനം നടക്കുന്ന സിനഡ് സംബന്ധമായ കൂടിയാലോചന മീറ്റിംഗുകളാണ്. രൂപതാതല പ്രവർത്തനങ്ങളുടെ ആരംഭം കുറിക്കുന്നതിനും

പരിശുദ്ധാത്മാവ് മുഴുവൻ പ്രക്രിയയെയും നയിക്കുന്നതിനുംവേണ്ടി ആരാധനക്രമപരമായ ഒരു ആചരണം രൂപതാതലത്തിൽ നടത്താവുന്നതാണ്. രൂപതാതല പ്രവർത്തനങ്ങളിൽ ഉടനീളം രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തി (വ്യക്തികൾ) (contact person/s) രൂപതയിലാകമാനമുള്ള സിനഡിന്റെ ആലോചനാ ഏകോപന ഗ്രൂപ്പിന്റെ പ്രവർത്തകരുമായി നിരന്തരബന്ധം പുലർത്തേണ്ടതാണ്. പുരോഗതിവിലയിരുത്തൽ, ആവശ്യമുള്ള ഇടങ്ങളിൽ പിന്തുണനൽകൽ, അനായാസം ആശയങ്ങളുടെയും മികച്ച പ്രവർത്തനങ്ങളുടെയും നിരന്തരമുണ്ടാകുന്ന പ്രതികരണങ്ങളുടെയും കൈമാറ്റംചെയ്യൽ എന്നിവ സാധ്യമാക്കുന്നതിനാണ് ഇത്. കൂടിയാലോചനയുടെ പ്രതികരണം ബോധിപ്പിക്കുന്നതിന് ഒരു തീയതി നിശ്ചയിക്കേണ്ടതുണ്ട്. അപ്രകാരം ചെയ്യുന്നതിനു താഴെ വിവരിക്കുന്നവിധം രൂപതാതല ആശയസമന്വയത്തിനു ഉപയോഗിക്കാനുദ്ദേശിക്കുന്ന മാർഗനിർദ്ദേശങ്ങൾ അനുവർത്തിക്കാവുന്നതാണ്.

## 9. സിനഡിനുമുമ്പേയുള്ള രൂപതാതല യോഗം (Diocesan Pre-Synodal Meeting)

രൂപതയിൽ നടത്തുന്ന കൂടിയാലോചന പൂർണതയിലെത്തുന്നതിന്റെ ഭാഗമായി സിനഡിനുമുമ്പേയുള്ള ഒരു രുപതാതലയോഗം ആരാധനക്രമപരമായ ഒരു ശുശ്രൂഷയോടെവേണം ആരംഭിക്കാൻ. യോഗത്തിലേക്ക് രൂപതയുടെ സമസ്ത മേഖലകളിൽനിന്നും പ്രതിനിധികൾ ക്ഷണിക്കപ്പെടണം. അത് ലക്ഷ്യംവയ്ക്കുന്നത് ഒന്നിച്ചുകൂടി പ്രാർത്ഥിക്കുക, പരസ്പരം കേൾക്കുക, പര്യാലോചിക്കുക, രൂപത മുഴുവൻ ആശ്ലേഷിക്കാനായി ക്ഷണിക്കുന്ന സിനഡാത്മക പാതയെ വിവേചിച്ചറിയുക എന്നിവയാണ്. ഈ യോഗം സംഘടിപ്പിക്കുന്നതിനെക്കുറിച്ച് അനുബന്ധം C നിർദേശങ്ങൾ നൽകുന്നുണ്ട്.

## 10. രൂപതാതലത്തിലുള്ള ആശയസമന്വയരേഖ തയ്യാറാക്കലും സമർപ്പിക്കലും

രൂപതയുടെ സമസ്ത തലങ്ങളിൽനിന്നും ലഭിച്ച പ്രതികരണങ്ങൾ ക്രോഡീകരിച്ചും സിനഡിന് മുമ്പേയുള്ള രൂപതാതലയോഗത്തിൽ ഉരുത്തിരിഞ്ഞ വിവരങ്ങളും സമാഹരിച്ച് അവയെ ആസ്പദമാക്കി ഒരു രൂപതാതല ആശയസമന്വയരേഖ തയ്യാറാക്കണം. ഇത് തയ്യാറാക്കുന്നതിനെ സംബന്ധിച്ച് ഒരു രൂപരേഖ അനുബന്ധം D നല്കുന്നു. ഈ രേഖ തയ്യാറായിക്കഴിഞ്ഞാൽ

അത് മെത്രാൻസമിതിയുടെ യോഗത്തിൽ നിശ്ചിത തീയതിക്കുള്ളിൽ സമർപ്പിക്കണം. അന്തിമ രൂപത്തിലായിക്കഴിഞ്ഞാൽ ഈ ആശയസമന്വയ രേഖ രൂപതയിലെ പൊതുസമൂഹത്തിന് നൽകേണ്ടതാണ്. സിനഡിന്റെ രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയുടെ (വ്യക്തികളുടെ) (contact person/s) നിയമനം സിനഡ് സമ്മേളിക്കുന്ന 2023 ഒക്ടോബർ കാലയളവ് ഉടനീളവും തുടരേണ്ടതാണ്; ആ ദൗത്യം അവർക്കു തുടർന്നും ആകാവുന്ന താണ്. ഇപ്പോഴത്തെ സിനഡിന്റെ തുടർന്നുള്ള ഘട്ടങ്ങളിലും മെത്രാൻസമി തികളുടെ സമ്മേളനങ്ങൾക്കും ഭൂഖണ്ഡാന്തര സമ്മേളനങ്ങൾക്കും അവർ സമ്പർക്കകണ്ണിയായി നിലകൊള്ളും. മാത്രമല്ല, സിനഡാത്മക പ്രക്രിയയിൽ നിലനിൽക്കാൻ അവർക്കു സഹായിക്കുകയും ചെയ്യാം. ആവശ്യമെങ്കിൽ രൂപതയിൽ നടന്ന കൂടിയാലോചനകളിൽ ഉയർന്നുവന്ന നിർദേശങ്ങൾ സുഗമമായി നടപ്പിലാകുന്നത് ഉറപ്പാക്കാക്കുന്നതിൽ അവർക്ക് പങ്കാളി കളാകാനാകും. എന്തെന്നാൽ, സിനഡാത്മക പ്രക്രിയ എന്നത് എത്തി ച്ചേർന്ന ഒരു ലക്ഷ്യമല്ല, പ്രത്യുത ഒരു പുതിയ തുടക്കമാണ്.

## 4.5 സിനഡാത്മക അനുഭവത്തിന്റെ അടിസ്ഥാന ഉൾഘടകങ്ങൾ

മുകളിൽ 4.4 എന്ന ഭാഗത്ത് നൽകിയിട്ടുള്ള നടപടികൾ മാർഗനിർദ്ദേശ ങ്ങളായി ഉപയോഗിക്കേണ്ടതാണ്. 2023 ഒക്ടോബറിൽ റോമിൽ നടക്കുന്ന മെത്രാന്മാരുടെ സിനഡിന്റെ ഘടകങ്ങൾ സമാനമാംവിധം ആത്യന്തികമായി രൂപതാതലത്തിലും നടക്കുന്നു. അവ ഇപ്രകാരമാണ്: ആരാധനക്രമപരമായ ആചരണത്തോടുള്ള ആരംഭം, പൊതുവായ വിശാല സമ്മേളനം, ചെറുഗണ ങ്ങളിലായുള്ള യോഗങ്ങൾ, നിശ്ശബ്ദ നിമിഷങ്ങളും പ്രാർത്ഥനയും, അനൗപ ചാരികമായ സംഭാഷണങ്ങൾ, ഒരുമിച്ചുള്ള അനുഭവങ്ങൾ (ഉദാ., തീർത്ഥാ ടനങ്ങൾ, കലാപരമായ ആവിഷ്കാരങ്ങൾ, ദുർബലരും ഭിന്നശേഷിക്കാരും വയോവൃദ്ധരുമായുള്ള അനുഭവങ്ങൾ), ആരാധനക്രമപരമായ ഉപസംഹാരാ ചരണം എന്നിവ. ഫലപ്രദമായ ഒരു സിനഡാത്മക അനുഭവം പ്രാദേശിക സഭയിൽ സംജാതമാക്കാൻ സിനഡാത്മകതയുടെ അടിസ്ഥാനപരമായ ഈ ഘടകങ്ങൾ പ്രദേശികമായ സാഹചര്യങ്ങൾക്ക് അനുസൃതമായി രൂപപ്പെടുത്താവുന്നതാണ്. എന്നാൽ അത് നിർവഹിക്കേണ്ടത് ഭാഗം 2-ൽ സൂചിപ്പിച്ച തത്ത്വങ്ങളും മനോഭാവങ്ങളും പരിഗണിച്ചുകൊണ്ടുവേണം.

# സിനഡാത്മക പ്രക്രിയ സംഘടിപ്പിക്കുന്നതിനുള്ള വിഭവങ്ങൾ (resources)

## 5. 1 രൂപതാ സിനഡാത്മക പ്രക്രിയയുടെ രീതിശാസ്ത്രം

ഓരോ രൂപതയ്ക്കും അതിലെ ജനങ്ങൾക്ക് ആത്മാവിനാൽ നയിക്കപ്പെടുന്ന ഒരു സിനഡാത്മക അനുഭവം സാധ്യമാകുന്നതിനുള്ള ഏറ്റവും അനുകൂലമായ വഴികൾ തിരിച്ചറിയാൻ സാധിക്കും. മുൻകാലങ്ങളിൽ അഭിപ്രായം പറയാത്തവരെ പ്രത്യേകം ശ്രദ്ധിക്കണം. ഇക്കാര്യം എങ്ങനെ ചെയ്യാമെന്നതിനെക്കുറിച്ചുള്ള ഉപദേശവും നിർദ്ദേശങ്ങളും സിനഡിന്റെ വെബ്സൈറ്റിൽ ഉണ്ട്.

മേൽപറഞ്ഞതുപോലെ വ്യക്തികളെയും, കൂട്ടായ്മകളെയും അവരുടെ പ്രാദേശിക സഭയിലൂടെ സിനഡാത്മക പ്രക്രിയയിൽ പങ്കെടുക്കാൻ പ്രോത്സാഹിപ്പിക്കപ്പെടണം. അതോടൊപ്പം, മെത്രാന്മാരുടെ സിനഡിന്റെ ജനറൽ സെക്രട്ടേറിയേറ്റിലേക്ക് വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും നേരിട്ട് അഭിപ്രായം അറിയിക്കാനും സാധിക്കും (*EC*, 6).

ഓരോ പ്രാദേശിക സഭയിലും, പ്രാദേശിക സാഹചര്യത്തിൽ ഏറ്റവും ഫലപ്രദമായ സിനഡാത്മക അനുഭവം ഉണ്ടാക്കുന്നവിധത്തിൽ കൂടിച്ചേരലുകൾ സജ്ജീകരിക്കണം. ഈ സിനഡാത്മക ആലോചനായോഗങ്ങൾ ഒന്നിൽ കൂടുതൽ പ്രാവശ്യം ഒരേ ആളിന് പങ്കെടുക്കാൻ സാധിക്കുംവിധം സംഘടിപ്പിക്കുകവഴി, അയാൾക്ക് കൂടതൽ ആഴത്തിൽ പോകാനും, ഫലവത്തായ സംവാദം നടത്താനും സാധിക്കും. തന്നെ മറ്റൊരു സംഘം ആളുകൾക്കുവേണ്ടിയും അതുപോലെതന്നെ യോഗങ്ങൾ സംഘടിപ്പിക്കാവുന്നതാണ്. അതുവഴി കൂടുതൽ ആളുകൾക്ക് പരസ്പരം കേൾക്കാനും വിശാലമായ കാഴ്ചപ്പാടുകളും അനുഭവങ്ങളും സിദ്ധിക്കാനും സാധിക്കും.

വ്യക്തികൾക്ക് അവരുടെ കൂടിയാലോചനാ പ്രതികരണം (consultation feedback) നേരിട്ട് രൂപതയിലേക്ക് അയക്കാം. വ്യക്തികൾക്ക് ആലോചനകൾക്കുതകുന്ന കാര്യങ്ങൾ സമർപ്പിക്കാൻ കഴിയുന്നവിധം അവർക്കു മതിയായ വിവരങ്ങളും ആവശ്യമായ കാര്യങ്ങളും സമയബന്ധിതമായി വിതരണം ചെയ്യണം; അതുവഴി ഉരുത്തിരിയുന്ന കാഴ്ചപ്പാടുകൾ രൂപതാ ആശയസമന്വയരേഖയിൽ ഉൾപ്പെടുത്താനാകും. സിനഡാത്മക പ്രക്രിയയുടെ വ്യക്തിഗത അനുഭവങ്ങളേക്കാൾ സാമൂഹ്യഅനുഭവങ്ങളുടെ സംഭവനകളെയാണ് കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടത്. കാരണം, അവ

ഒരുമിച്ച് നടക്കാനുള്ള സിനഡാത്മക മനോഭാവം കൂടുതൽ നന്നായി പ്രകടമാക്കും. ഈ അർത്ഥത്തിൽ, വീഡിയോകളും വീഡിയോ കോൺഫറൻസുകളും വചനവ്യഖ്യാനങ്ങളും പ്രാർത്ഥനകളും വ്യക്തിപരമായി സംഭാവന ചെയ്യുന്നവരോട് നിർദ്ദേശിക്കാവുന്നതാണ്. ഇത് അവരെ സിനഡാത്മകതയുടെ അനുഭവത്തിലേക്ക് കൂടുതൽ അടുപ്പിക്കുന്നതിന് സഹായകമാകും.

ഒന്നിലധികം ഇടവകകൾ ഒരുമിച്ച് സിനഡാത്മക ചർച്ചാസമ്മേളനങ്ങൾ നടത്തുന്നത്, വ്യത്യസ്ത സാമൂഹിക സാമ്പത്തിക പശ്ചാത്തലങ്ങൾ, വംശങ്ങൾ, പ്രായവിഭാഗങ്ങൾ, മുതലായവയിൽ നിന്നുള്ള ആളുകളെ ഒരുമിപ്പിക്കുന്നതിനുള്ള ഒരു നല്ല മാർഗമാണ്. രണ്ടോ, അതിലധികമോ ഇടവകകൾക്ക് ഒരുമിച്ച് സംയുക്ത സിനഡാത്മക ചർച്ചാസമ്മേളനങ്ങൾ നടത്താൻ കഴിയും. ക്രിസ്ത്യാനികൾ എന്ന നിലയിൽ അവർ നേരിടുന്ന വെല്ലുവിളികൾ, കോവിഡ്-19 പകർച്ചവ്യാധിക്കാലത്തെ സഭ, അല്ലെങ്കിൽ അവരുടെ സാഹചര്യങ്ങളിലെ ഏതെങ്കിലും പൊതുവായ പ്രസക്തമായ അനുഭവങ്ങൾ എന്നിവയിലൂടെ അവരുടെ അനുഭവം പങ്കിടൽ കേന്ദ്രീകരിക്കാനാകും. കൂടാതെ ഒരു ഇടവകാന്തര സംയുക്ത സംഘടനാ ടീമിനെയും രൂപികരിക്കാം.

സാധ്യമാകുന്നിടത്തെല്ലാം ഇതിനകം ആസൂത്രണം ചെയ്തിട്ടുള്ള പ്രാദേശിക അല്ലെങ്കിൽ രൂപതാ സമ്മേളനങ്ങളിലേക്കും കൂട്ടായ്മകളിലേക്കും സിനഡാത്മകതയുടെ വിഷയവും ഈ സിനഡാത്മക ചർച്ചാ പ്രക്രിയയുടെ ആലോചനാരീതിയും സമന്വയിപ്പിക്കാനും ഞങ്ങൾ നിങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. ഈ അർത്ഥത്തിൽ, സിനഡാത്മക പ്രക്രിയയുടെ രൂപതാഘട്ടത്തിന് 2021-2022 വർഷത്തേക്കുള്ള നിലവിലുള്ള പാസ്റ്ററൽ അജണ്ടയെ സമ്പന്നമാക്കാനും ചില പുതിയ ഘടകങ്ങൾക്ക് പ്രചോദനം നൽകാനും കഴിയും.

## 5.2 സിനഡാത്മക പ്രക്രിയയുടെ അനൗപചാരികതലം

അന്യോന്യം അറിയുമ്പോഴും ഒരുമിച്ചിരുന്ന് ജീവിതം പങ്കുവയ്ക്കുമ്പോഴുമാണ് മറ്റൊരാളെ കേൾക്കാനുള്ള ഒരുവന്റെ കഴിവ് പരിപോഷിപ്പിക്കപ്പെടുന്നത്. സംവാദങ്ങൾക്കും ഒത്തുചേരലുകൾക്കുംമുമ്പ് ഒരു പൊതുപ്രവർത്തനം നടത്തുന്നത് വളരെ ഗുണകരമായിരിക്കും.

ഒരു തീർത്ഥാടനം, സാമൂഹ്യ ഉപവിപ്രവർത്തനം, സ്നേഹവിരുന്ന് ഇവയൊക്കെ ഒത്തൊരുമിച്ച് നടത്താവുന്ന പ്രവർത്തനങ്ങൾക്ക് ഉദാഹരണങ്ങളാണ്. ഇവ പങ്കെടുക്കുന്നവരുടെ പരസ്പരവിശ്വാസം വളർത്തുന്നതോടൊപ്പം, ബൗദ്ധിക ചർച്ചകളേക്കാൾ പ്രായോഗിക പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുന്നവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും ഉപകരിക്കും.

ഈ സമീപനം, ഒരുമിച്ച് ഭക്ഷിക്കാനും, ഒപ്പം നടക്കാനും ഒന്നിച്ച് സമയം ചിലവഴിക്കാനും ശിഷ്യന്മാരെ വിളിച്ചുചേർത്ത യേശുവിന്റെ മാതൃകതന്നെയാണ് പിന്തുടരുന്നത്. പങ്കെടുക്കുന്ന വ്യക്തികൾക്ക് ഇടവേളകളിലുംമറ്റും ഒരുമിച്ച് ഭക്ഷണപാനീയങ്ങൾ പങ്കുവയ്ക്കുവാനുള്ള സമയവും സൗകര്യവും അനുവദിക്കുകയെന്നത്, ഔപചാരികതയില്ലാതെയും സ്വയം പ്രേരിതരായും മറ്റുള്ളവരെ ശ്രവിക്കുന്നതിനുള്ള അധികസമയമായി മാറുമെന്നതിനാൽ പ്രധാനപ്പെട്ടതാണ്. ഇത് ഔപചാരിക ഒത്തുചേരലുകൾ സുഖകരമായി തോന്നാത്തവർക്കും ചില ആശയങ്ങൾക്ക് വ്യക്തത വരുത്തേണ്ടവർക്കും ഫലപ്രദമായ ഒരു മാർഗമായിരിക്കും.

ഭൗതീക, സാംസ്കാരിക, സാമൂഹ്യ, കാരുണ്യപ്രവർത്തനങ്ങളിലുള്ള പങ്കാളിത്തത്തിന് അംഗങ്ങളുടെ കൂട്ടായ്മ വർദ്ധിപ്പിക്കുന്നതിലും പരസ്പര സാഹോദര്യത്തിന്റെ അനുഭവങ്ങളിലൂടെ സഭയെ നവീകരിക്കുന്നതിലും വലിയ പങ്കുവഹിക്കാൻ കഴിയും.

## 5.3 ചർച്ചയ്ക്കുവേണ്ടിയുള്ള പ്രധാന ചോദ്യം

ഈ സിനഡ് താഴെപ്പറയുന്ന അടിസ്ഥാനപരമായ ചോദ്യം ഉന്നയിക്കുന്നു: ഒരു സിനഡാത്മക സഭ, സുവിശേഷ പ്രഘോഷണത്തിൽ ഒരുമിച്ചു സഞ്ചരിക്കുന്നു. ഇന്ന് നിങ്ങളുടെ പ്രാദേശികസഭയിൽ എങ്ങനെയാണ് ഈ ഒരുമിച്ചുള്ള സഞ്ചാരം നടക്കുന്നത്? നമ്മുടെ ഒരുമിച്ചുള്ള സഞ്ചാരത്തിൽ മുന്നേറാൻ ഏത് കാൽവയ്പ്പുകൾ നടത്താനാണ് ആത്മാവ് നമ്മെ ക്ഷണിക്കുന്നത്? (PD, 26)

ഈ ചോദ്യത്തോട് പ്രതികരിക്കാൻ താഴെപറയുന്ന വിധം ചെയ്യുക:

നമ്മുടെ അനുഭവങ്ങൾ ഓർക്കുവിൻ: നമ്മുടെ പ്രാദേശിക സഭയുടെ ഏതെല്ലാം അനുഭവങ്ങളാണ് ഈ ചോദ്യം നമ്മെ ഓർമ്മിപ്പിക്കുന്നത്?

പ്രസ്തുത അനുഭവങ്ങൾ കൂടതൽ ആഴത്തിൽ പുനർവായ്ക്കുവിൻ: എത്രമാത്രം സന്തോഷമാണ് അവ കൊണ്ടുവന്നത്? ഏതുതരം പ്രതിബന്ധങ്ങളും പ്രതിസന്ധികളുമാണ് അവ നേരിട്ടത്? ഏതൊക്കെ മുറിവുക

ളാണ് അവ വെളിച്ചത്തുകൊണ്ടുവന്നത്? ഏതൊക്കെ ഉൾകാഴ്ചകളാണ് അവ പുറത്തുകൊണ്ടുവന്നത്?

പങ്കുവയ്ക്കാനുള്ള ഫലങ്ങൾ ശേഖരിക്കുവിൻ: ഈ അനുഭവങ്ങളിൽ എവിടെയാണ് ആത്മാവിന്റെ സ്വരം പ്രതിധ്വനിക്കുന്നത്? ആത്മാവ് എന്താണ് നമ്മോട് ആവശ്യപ്പെടുന്നത്? സ്ഥിരീകരിക്കേണ്ട ഘടകങ്ങൾ ഏതെല്ലാം? വ്യത്യാസപ്പെടുത്താനുള്ള ഘടകങ്ങൾ, എടുക്കേണ്ട നടപടികൾ? എവിടെയൊക്കെയാണ് പൊതുസമ്മതം ഉള്ളത്? നമ്മുടെ പ്രാദേശികസഭയ്ക്ക് ഏതൊക്കെ പാതകളാണ് തുറന്നു വരുന്നത്?

ഈ അടിസ്ഥാനപരമായ ചോദ്യം കൂടുതൽ വ്യക്തമായി മനസ്സിലാക്കാൻ ജനങ്ങളെ സഹായിക്കുന്നതിന്, ജീവിക്കപ്പെട്ട സിനഡാത്മകതയുടെ (lived synodality) (PD, 30) സുപ്രധാന ഭാഗങ്ങളായ താഴെപറയുന്ന വിഷയങ്ങൾ എടുത്തുപറയാവുന്നതാണ്. ഈ ചോദ്യങ്ങൾക്ക് ഉത്തരം നൽകുമ്പോൾ ഒരുമിച്ചുള്ള സഞ്ചാരം എന്നത് പരസ്പരം ആഴത്തിൽ ബന്ധപ്പെട്ടിരിക്കുന്ന രണ്ട് വഴികളിലൂടെയാണെന്നു ഓർക്കേണ്ടതായുണ്ട്. ഒന്നാമതായി, ദൈവത്തിന്റെ ജനമെന്ന നിലയിൽ നമ്മൾ പരസ്പരം ഒരുമിച്ചു സഞ്ചരിക്കുന്നു. രണ്ടാമതായി, ദൈവജനമെന്ന നിലയിൽ സർവമനുഷ്യകുടുംബങ്ങളോടൊപ്പമാണ് നാം ഒരുമിച്ചു സഞ്ചരിക്കുന്നത്. ഈ രണ്ടു വീക്ഷണങ്ങളും പരസ്പരം സമ്പന്നമാക്കുകയും ആഴത്തിലുള്ള കൂട്ടായ്മയ്ക്കും കൂടുതൽ ഫലപ്രദമായ ദൗത്യത്തിലേയ്ക്കും നമ്മെ നയിക്കുന്ന വിവേചിച്ചറിയലിനായി സഹായകമാകുകയും ചെയ്യുന്നു.

താഴെപറയുന്ന പത്തുവിഷയങ്ങളോടനുബന്ധിച്ച് വരുന്ന ചോദ്യങ്ങൾ പ്രാരംഭ സഹായിയായി ഉപയോഗിക്കാവുന്നതാണ്. എങ്കിലും നിങ്ങളുടെ സംഭാഷണങ്ങളും സംവാദങ്ങളും താഴെപറയുന്ന ചോദ്യങ്ങളിൽ ഒതുങ്ങണമെന്നില്ല:

## 1. സഞ്ചാരത്തിലെ സഹകാരികൾ

*സഭയിലും സമൂഹത്തിലും നമ്മൾ തോളോടു തോളു ചേർന്ന് ഒരേ പാതയിലാണ്.* നമ്മുടെ പ്രാദേശിക സഭയിൽ ആരൊക്കെയാണ് ഒരുമിച്ചു സഞ്ചരിക്കുന്നവർ ? ആരൊക്കെയാണ് ഇനിയും അകന്ന് നിൽക്കുന്നെന്നു തോന്നുന്നവർ? സൗഹാർദ്ദതയിൽ വളരാൻ നമ്മൾ എങ്ങനെയാണ് വിളിക്കപ്പെട്ടിരിക്കുന്നത്? ഏതൊക്കെ ഗ്രൂപ്പുകളും വ്യക്തികളും ആണ് പാർശ്വവത്കരിക്കപ്പെട്ടിരിക്കുന്നത്?

## 2. ശ്രവണം

*ശ്രവിക്കുക എന്നതാണ് ആദ്യപടി, പക്ഷേ അത് മുൻവിധികളില്ലാത്ത, ഒരു തുറന്ന മനസ്സും ഹൃദയവും ആവശ്യപ്പെടുന്നു.* നമ്മൾ അവഗണിക്കുന്ന ശബ്ദങ്ങളിലൂടെ ദൈവം നമ്മോട് സംസാരിക്കുന്നത് എങ്ങനെയൊക്കെയാണ്? അൽമായർ, പ്രത്യേകിച്ച് സ്ത്രീകളും യുവതീയുവാക്കളും, എങ്ങനെയാണ് ശ്രവിക്കപ്പെടുന്നത്? എന്താണ് നമ്മുടെ ശ്രവണത്തെ സുഗമമാക്കുന്നതും, എന്താണ് അതിനെ തടയുന്നതും? എത്രമാത്രം നമ്മൾ സമൂഹത്തിലെ പ്രാന്തസ്ഥിതരെ ശ്രവിക്കുന്നു? സമർപ്പിതരായ സ്ത്രീപുരുഷന്മാരുടെ സംഭാവനകൾ എങ്ങനെയാണ് സമന്വയിപ്പിക്കപ്പെടുന്നത്? പ്രത്യേകിച്ച്, നമ്മുടേതിൽ നിന്ന് വ്യത്യസ്തമായ കാഴ്ചപ്പാടുള്ളവരെ ശ്രവിക്കാനുള്ള നമ്മുടെ കഴിവിലെ ചില പരിമിതികൾ ഏതൊക്കെയാണ്? ദാരിദ്ര്യം അനുഭവിക്കുന്നവർ, പാർശ്വവൽക്കരണം അഥവാ സാമൂഹിക അവഗണന നേരിടുന്നവർ, തുടങ്ങിയ ന്യൂനപക്ഷങ്ങളുടെ ശബ്ദത്തിന് എന്ത് സ്ഥാനമാണുള്ളത്?

## 3. തുറന്നു സംസാരിക്കുന്നത്

*എല്ലാവരും ധൈര്യത്തോടും തുറവോടും സംസാരിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അതായത്, സ്വാതന്ത്ര്യത്തിലും, സത്യത്തിലും, ഉപവിയിലും, സംസാരിക്കാൻ.*

നമ്മുടെ പ്രാദേശിക സഭയിലും സമൂഹത്തിലും, ധൈര്യത്തോടും, സത്യസന്ധമായും, ഉത്തരവാദിത്വത്തോടുംകൂടെ സംസാരിക്കാൻ എന്താണ് പ്രതിബന്ധമാവുന്നത്? നമുക്ക് പ്രധാനപ്പെട്ടത് ഏതാണ് എന്ന് പറയാൻ എങ്ങനെ, എപ്പോൾ നമുക്കു സാധ്യമാകും? പ്രാദേശിക മാധ്യമങ്ങളുമായുള്ള ബന്ധം എങ്ങനെപോകുന്നു (കത്തോലിക്കാ മാധ്യമം മാത്രമല്ല)? ക്രൈസ്തവസമൂഹത്തെ പ്രതിനിധീകരിച്ച് ആരാണ് സംസാരിക്കുന്നത്? അവരെ എങ്ങനെയാണ് തിരഞ്ഞെടുക്കുന്നത്?

## 4. ആചരണം

*സാമൂഹ്യമായി ദൈവവചനം കേൾക്കുകയും ദിവ്യബലി അർപ്പിക്കുകയും ചെയ്തെങ്കിൽ മാത്രമേ, ഒരുമിച്ചുള്ള സഞ്ചാരം സാധ്യമാകൂ.* നമ്മുടെ പൊതുജീവിതത്തെയും സമൂഹത്തിലെ ദൗത്യത്തെയും പ്രാർത്ഥനയും ആരാധനക്രമപരമായ ആചരണവും യഥാർത്ഥത്തിൽ പ്രചോദിപ്പിക്കുന്നതും നയിക്കുന്നതും എങ്ങനെയാണ്? പരമപ്രധാനമായ തീരുമാനങ്ങൾ എടുക്കു

ന്നതിൽ അവ എങ്ങനെയാണ് നമുക്ക് പ്രചോദനങ്ങളാകുന്നത്? ആരാധന ക്രമത്തിൽ എല്ലാ വിശ്വാസികളുടെയും സജീവ പങ്കാളിത്തം നമ്മൾ എപ്രകാരമാണ് പ്രോത്സാഹിപ്പിക്കുന്നത്? വായനക്കാരന്റെയും (lector) അൾത്താര ശുശ്രൂഷയുടെയും (acolyte) ശുശ്രൂഷകൾ നിർവഹിക്കുന്നതിനുള്ള ഇടം എങ്ങനെയാണ് നാം ഒരുക്കുന്നത്?

## 5. നമ്മുടെ പ്രേഷിത ദൗത്യത്തിലുള്ള കൂട്ടുത്തരവാദിത്വം

*സഭയിലെ എല്ലാ അംഗങ്ങളും പങ്കാളികളാകാൻ വിളിക്കപ്പെട്ടിരിക്കുന്ന സഭയുടെ പ്രേഷിതദൗത്യത്തിന് ഉപകരിക്കുന്നതാണ് സിനഡാത്മകത.* നമ്മൾ എല്ലാവരും പ്രേഷിത ഭാവമുള്ള ശിഷ്യരായിരിക്കയാൽ (missionary disciples), എങ്ങനെയാണ് ജ്ഞാനസ്നാനം സ്വീകരിച്ച ഓരോ വ്യക്തിയും സഭയുടെ പ്രേഷിതദൗത്യത്തിൽ പങ്കുചേരാൻ വിളിക്കപ്പെടുന്നത്? പ്രേഷിത ദൗത്യത്തിൽ സജീവമാകുന്നതിന് ജ്ഞാനസ്നാനം സ്വീകരിച്ചവരെ തടസ്സപ്പെടുത്തുന്നത് എന്താണ്? പ്രേഷിതദൗത്യത്തിന്റെ ഏതെല്ലാം മേഖലകളാണ് നമ്മൾ അവഗണിക്കുന്നത്? സമൂഹത്തിൽ പലവിധത്തിൽ സേവനംചെയ്യുന്ന അതിന്റെ അംഗങ്ങളെ (സാമൂഹികം, രാഷ്ട്രീയം, ശാസ്ത്രീയ ഗവേഷണം, വിദ്യാഭ്യാസം, സാമൂഹ്യനീതി നടപ്പാക്കൽ, മനുഷ്യാവകാശങ്ങൾ സംരക്ഷണം, പരിസ്ഥിതി പരിപാലനം, തുടങ്ങിയ രംഗങ്ങളിൽ) സഭാസമൂഹം എപ്രകാരമാണ് പിന്തുണയ്ക്കുന്നത്? സമൂഹത്തിനുള്ള തങ്ങളുടെ സേവനങ്ങളെ പ്രേഷിതദൗത്യം എന്ന രീതിയിൽ ചെയ്യാൻ ഈ അംഗങ്ങളെ സഭ എങ്ങനെ സഹായിക്കുന്നു? പ്രേഷിതദൗത്യസംബന്ധമായ വിവേചിച്ചറിയൽ എങ്ങനെയാണ് നടത്തപ്പെടുന്നത്? ആരാണത് നിർവഹിക്കുന്നത്?

## 6. സഭയിലും സമൂഹത്തിലുമുള്ള സംവാദം

*സംവാദത്തിന് സ്ഥിരോത്സാഹവും ക്ഷമയും ആവശ്യമാണ്. അത് പരസ്പരധാരണ സാധ്യമാക്കുന്നു.* നമ്മുടെ സമൂഹത്തിൽ വൈവിധ്യമാർന്ന സമൂഹങ്ങൾ എത്രത്തോളം സംവാദത്തിനായി ഒത്തുചേരുന്നുണ്ട്? നമ്മുടെ പ്രാദേശിക സഭയ്ക്കുള്ളിൽ സംവാദത്തിനുള്ള സ്ഥലങ്ങളും മാർഗങ്ങളും ഏതൊക്കെയാണ്? അയൽരൂപതകൾ, പ്രദേശത്തുള്ള വിവിധ സന്യാസസമൂഹങ്ങൾ, അൽമായ സംഘടനകൾ, പ്രസ്ഥാനങ്ങൾ എന്നിവയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിന് എങ്ങനെയൊക്കെയാണ് പ്രോത്സാഹനം നൽകപ്പെടുന്നത്? എങ്ങനെയാണ് കാഴ്ചപ്പാടുകളിലെ വ്യത്യാസങ്ങളും, അഭിപ്രായ വ്യത്യാസങ്ങളും, ബുദ്ധിമുട്ടുകളും പരിഹരിക്കപ്പെടുന്നത്? സഭയിലും

സമൂഹത്തിലും ഉള്ള ഏതെല്ലാം പ്രത്യേക വിഷയങ്ങളിൽ നാം കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതുണ്ട്? ഇതര മതവിശ്വാസികളും ഒരു മതവിശ്വാസവുമായി ബന്ധമില്ലാത്തവരുമായി നാം നടത്തിയ സംവാദത്തിന്റെയും സഹകരണത്തിന്റെയും ഏതുതരം അനുഭവങ്ങളാണ് നമുക്കുള്ളത്? സമൂഹത്തിലെ ഇതര വിഭാഗങ്ങളുമായി, മറ്റ് മേഖലകളുമായി പ്രത്യേകിച്ച്, രാഷ്ട്രീയം, സാമ്പത്തികം, സംസ്കാരികം എന്നീ മേഖലകളുമായും, പൗരസമൂഹം, ദാരിദ്ര്യത്തിൽ കഴിയുന്ന ആളുകൾ എന്നിവരുമായും, സഭ എങ്ങനെയാണ് സംവദിക്കുകയും അവരിൽനിന്നു പഠിക്കുകയും ചെയ്യുന്നത്?

## 7. ഇതര ക്രൈസ്തവ സമൂഹങ്ങളുമായുള്ള സംവാദം (Ecumenism)

*ഏക ജ്ഞാനസ്നാനം വഴി ഒന്നായിരിക്കുന്ന, വ്യത്യസ്ത ക്രൈസ്തവ സമൂഹങ്ങളുമായുള്ള സംവാദത്തിനു സിനഡാത്മക സഞ്ചാരത്തിൽ സവിശേഷ സ്ഥാനമാണുള്ളത്.* നമ്മുടെ സഭാ സമൂഹത്തിന് മറ്റ് ക്രിസ്തീയ പാരമ്പര്യങ്ങളിലെയും സഭകളിലെയും അംഗങ്ങളുമായി എന്ത് ബന്ധമാണുള്ളത്? നമ്മൾ എന്താണ് പങ്കുവയ്ക്കുന്നതും എങ്ങനെയാണ് ഒരുമിച്ചു സഞ്ചരിക്കുന്നതും? ഒരുമിച്ചുനടന്നതിൽ നിന്ന് എന്ത് ഫലങ്ങളാണ് നാം നേടിയെടുത്തത്? എന്തൊക്കെയാണ് പ്രതിബന്ധങ്ങൾ? പരസ്പരം മുന്നോട്ട് നടക്കുന്നതിനുള്ള അടുത്ത നടപടികൾ എങ്ങനെയാണ് നമ്മൾ എടുക്കേണ്ടത്?

## 8. അധികാരവും പങ്കാളിത്തവും

*പങ്കാളിത്തവും കൂട്ടുത്തരവാദിത്തവുമുള്ളതാണ് ഒരു സിനഡാത്മക സഭ.* നമ്മുടെ സഭാസമൂഹം പിന്തുടരേണ്ട ലക്ഷ്യങ്ങളെ, അതിൽ എത്തിചേരാനുള്ള വഴികളെ, അതിനായി സ്വീകരിക്കേണ്ട ക്രമങ്ങളെ, എങ്ങനെയാണ് നാം തിരിച്ചറിയുന്നത്? നമ്മുടെ പ്രാദേശിക സഭയിൽ അധികാരമോ ഭരണമോ എങ്ങനെയാണ് വിനിയോഗിക്കപ്പെടുന്നത്? എങ്ങനെയാണ് സംഘടിതപ്രവർത്തനവും (team work), കൂട്ടുത്തരവാദിത്വവും പ്രായോഗികമാക്കപ്പെടുന്നത്? ആരാലും എങ്ങനെയുമാണ് വിലയിരുത്തലുകൾ നടത്തപ്പെടുന്നത്? എങ്ങനെയാണ് അല്മായ ശുശ്രൂഷകളും, അവരുടെ ഉത്തരവാദിത്വവും പ്രോത്സാഹിപ്പിക്കപ്പെടുന്നത്? പ്രാദേശികതലത്തിൽ സിനഡാത്മകതയുടെ ഫലവത്തായ അനുഭവങ്ങൾ നമുക്കുണ്ടായിട്ടുണ്ടോ? പ്രാദേശികസഭയുടെ തലത്തിൽ (ഇടവകകളിലും രൂപതകളിലും ഉള്ള അജപാലനസമിതികളിൽ, വൈദികസമിതികളിൽ) സിനഡാത്മക സംവിധാനങ്ങൾ എങ്ങനെയാണ് പ്രവർത്തിക്കുന്നത്? നമ്മുടെ പങ്കാളിത്തത്തിലും നേതൃത്വത്തിലും കൂടുതൽ സിനഡാത്മക സമീപനം എങ്ങനെ വളർത്തിയെടുക്കാം?

## 9. വിവേചിച്ചറിയുന്നതും തീരുമാനിക്കുന്നതും

*നമ്മുടെ സമൂഹത്തിലുടനീളം പരിശുദ്ധാത്മാവ് എന്താണ് പറയുന്നത് എന്ന് വിവേചിച്ചറിഞ്ഞാണ് സിനഡാത്മക ശൈലിയിൽ നമ്മൾ തീരുമാനങ്ങൾ എടുക്കുന്നത്.* തീരുമാനങ്ങൾ എടുക്കുന്നതിൽ ഏതൊക്കെ രീതികളും ക്രമങ്ങളുമാണ് നമ്മൾ ഉപയോഗപ്പെടുത്തുന്നത്? അവ എങ്ങനെ മെച്ചപ്പെടുത്താം? ഹയരാർക്കിപരമായി രൂപീകൃതമായിരിക്കുന്ന സമൂഹങ്ങളിൽ തീരുമാനം എടുക്കുന്നതിൽ എങ്ങനെ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനാകും? തീരുമാനങ്ങൾ എടുക്കുന്നതിനുള്ള നമ്മുടെ രീതികൾ സകല ദൈവജനത്തെയും ശ്രവിക്കാൻ നമ്മെ സഹായിക്കുന്നതാണോ? കൂടിയാലോചനയും തീരുമാനം എടുക്കലും തമ്മിലുള്ള ബന്ധം എന്താണ്? അവ എങ്ങനെയാണ് നാം പ്രാവർത്തികമാക്കുന്നത്? സുതാര്യതയും കണക്കുകാണിക്കലും പ്രോത്സാഹിപ്പിക്കുന്നതിനായി ഏതൊക്കെ മാർഗങ്ങളും നടപടിക്രമങ്ങളുമാണ് നാം സ്വീകരിക്കുന്നത്? സാമൂഹിക ആത്മീയവിവേചനത്തിൽ നമുക്ക് എങ്ങനെ വളരാനാകും?

## 10. സിനഡാത്മകതയിൽ നമ്മെതന്നെ രൂപീകരിക്കുന്നത്

*മാറ്റത്തിനും, രൂപീകരണത്തിനും തുടർപഠനത്തിനുമുള്ള താത്പര്യം സിനഡാത്മകത ഉൾകൊള്ളുന്നു.* "ഒരുമിച്ച് നടക്കാനും" പരസ്പരം ശ്രവിക്കാനും, പ്രേഷിതദൗത്യത്തിൽ പങ്കുചേരാനും സംവാദത്തിൽ ഏർപ്പെടാനും കൂടുതൽ കഴിവുള്ളവരാക്കാൻ നമ്മുടെ സഭാസമൂഹം ജനങ്ങളെ എങ്ങനെ രൂപീകരിക്കുന്നു? സിനഡാത്മക ശൈലിയിൽ വിവേചിച്ചറിയലും അധികാരവിനിയോഗവും പ്രോത്സാഹിപ്പിക്കുന്നതിന് എന്ത് രൂപീകരണമാണ് നൽകപ്പെടുന്നത്?

സിനഡിന്റെ വെബ്സൈറ്റ് ഈ ചോദ്യങ്ങൾ എങ്ങനെ വിവിധ ഗ്രൂപ്പുകളിൽപ്പെട്ട ജനങ്ങളോട് ലളിതവും ആകർഷകവുമായ രീതിയിൽ ഉന്നയിക്കാം എന്നതിനെക്കുറിച്ചുള്ള നിർദ്ദേശങ്ങൾ നൽകുന്നു. ഓരോ രൂപതയും ഇടവകയും സഭാഗ്രൂപ്പും എല്ലാ ചോദ്യങ്ങൾക്കും ഉത്തരം നല്കാം എന്ന ലക്ഷ്യം വയ്ക്കരുത്; സിനഡാത്മകതയുടെ വശങ്ങളെ വിവിധഗ്രൂപ്പുകളുടെ പശ്ചാത്തലത്തിനു ഏറ്റവും അനുയുക്തമായ രീതിയിൽ വിവേചിച്ചറിയുകയും അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുകയും വേണം. പങ്കെടുക്കുന്ന എല്ലാവരെയും തങ്ങളുടെ യഥാർത്ഥ ജീവിതാനുഭവങ്ങൾ സത്യസന്ധതയോടും തുറവോടും കൂടി പങ്കുവയ്ക്കാനും അവർ പരസ്പരം പങ്കിടുന്ന കാര്യങ്ങളിലൂടെ പരിശുദ്ധാത്മാവ് എന്ത് വെളിപ്പെടുത്തുന്നു എന്ന് ഒരുമിച്ചു ചിന്തിക്കാനും പ്രോത്സാഹിപ്പിക്കണം.

# നന്ദിയുടെ ഒരുവാക്ക്

ഈ സിനഡാത്മക പ്രക്രിയ സംഘടിപ്പിക്കുകയും ഏകോപിപ്പിക്കുകയും, അതിൽ പങ്കെടുക്കുകയും ചെയ്യുന്ന എല്ലാവർക്കും ആത്മാർത്ഥമായ നന്ദി. പരിശുദ്ധാത്മാവിനാൽ നയിക്കപ്പെട്ട്, മൂന്നാം സഹസ്രാബ്ദത്തിൽ, ദൈവം ആഗ്രഹിക്കുന്ന സഭയെ പണിതുയർത്തുന്ന ജീവനുള്ള ശിലയാണ് നാം (1 പത്രോ 2 : 25). ദൈവം നമ്മുടെ മുന്നിൽ വയ്ക്കുന്ന പാതയിൽ നാം ഒരുമിച്ചു സഞ്ചരിക്കുമ്പോൾ അപ്പസ്തോലന്മാരുടെ രാജ്ഞിയും സഭയുടെ മാതാവുമായ പരിശുദ്ധ കന്യകമറിയം നമുക്കുവേണ്ടി മധ്യസ്ഥ്യം വഹിക്കട്ടെ. പെന്തക്കോസ്തായിലെ, മുകളിലെ മുറിയിൽ എന്നപ്പോലെ നാം പരസ്പരം നമ്മുടെ കൂട്ടായ്മ കെട്ടിപ്പടുക്കുകയും ലോകത്തിൽ നമ്മുടെ പ്രേഷിതദൗത്യം നിർവഹിക്കുകയും ചെയ്യുമ്പോൾ അവളുടെ മാതൃപരിചരണവും മധ്യസ്ഥതയും നമ്മെ അനുഗമിക്കട്ടെ. അവളോടൊന്നിച്ച് ദൈവജനമെന്ന നിലയിൽ, നമുക്ക് ഒരുമിച്ച് പറയാം, "നിന്റെ വാക്കുപോലെ എനിക്കു സംഭവിക്കട്ടെ" (ലൂക്കാ 1:38).

## അനുബന്ധം - A

## രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തി (വ്യക്തികൾ) (contact person/s)/ ടീം

സിനഡിന്റെ രൂപതാതല കൂടിയാലോചനയ്ക്കായി ഓരോ രൂപതയും ഒന്നോ രണ്ടോ പേരെ രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തി (വ്യക്തികൾ) (contact person/s) ആയോ സഹനേതാക്കൾ ആയോ തിരഞ്ഞെടുക്കണം. സാധ്യമെങ്കിൽ അവരോടൊപ്പം സഹകരിക്കാനായി ഒരു രൂപതാ സിനഡാത്മക ടീമിനെ സജ്ജമാക്കണം.

ഒരു വ്യക്തിയെ നിയമിക്കുന്നതിനേക്കാൾ ഒരു കൂട്ടായ നേതൃത്വമാണ് കൂടുതൽ അഭികാമ്യം. കാരണം അത് സിനഡിന്റെ സ്വഭാവം പ്രതിഫലിപ്പിക്കുന്നതായിരിക്കും. ഒരു സഹനേതാവുമായി ചേർന്ന് പ്രവർത്തിക്കാനും, ഒരു ടീമുമായി സഹകരിക്കാനും അതുവഴി നിങ്ങളുടെ രൂപതയിലെ സിനഡാത്മക പ്രക്രിയയുടെ ക്രിയാത്മകതയും ഊർജ്ജസ്വലതയും പരിപോഷിപ്പിക്കാനും പരസ്പരം മറ്റുള്ളവരിൽനിന്ന് പഠിക്കാനും ഞങ്ങൾ നിങ്ങളെ ആഹ്വാനം ചെയ്യുന്നു. രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയുടെ (വ്യക്തികളുടെ) അഥവാ ടീമിന്റെ പൊതുവായ ഉത്തരവാദിത്വങ്ങൾ അഥവാ ദൗത്യങ്ങൾ താഴെ പറയുന്നവയാണ്:

* രൂപതയ്ക്കും മെത്രാൻ സമിതിക്കും മധ്യേയുള്ള കണ്ണിയായി പ്രവർത്തിക്കുക (ഒപ്പം മെത്രാൻസമിതിയുടെതന്നെ ബന്ധപ്പെടാനുള്ള വ്യക്തിക്കും/ ടീമിനും മധ്യേ)

* രൂപതയിലെ ഇടവകകൾക്കും മറ്റ് സഭാപരമായ കൂട്ടായ്മകൾക്കും ഇടയിൽ സിനഡാത്മക കൂടിയാലോചനയ്ക്കുള്ള സഹായിയായി പ്രവർത്തിക്കുക.

* സിനഡാത്മക പ്രക്രിയകൾ സംബന്ധിച്ച് രൂപതാ മെത്രാനുവേണ്ടി പ്രധാന ഉത്തരവാദിത്വം വഹിക്കുന്നവരെ സഹായിക്കുക.

* സിനഡാത്മക രീതിയിൽ ഒരു ടീമുമായി പ്രവർത്തിച്ച് രൂപതാതല പ്രക്രിയയിൽ എങ്ങനെ സിനഡാത്മക വിഷയങ്ങളും പ്രശ്നങ്ങളും ഉരുത്തിരിയുമെന്നും എപ്രകാരം ചർച്ച ചെയ്യാമെന്നും കണ്ടെത്തുക; അതോടൊപ്പം രൂപത മുഴുവനിൽനിന്നും ലഭിക്കുന്ന ആശയങ്ങൾ ശേഖരിക്കാനും അപഗ്രഥിക്കാനും ക്രോഡീകരിച്ചെടുക്കാനുമുള്ള മാർഗങ്ങൾ വികസിപ്പിച്ചെടുക്കുക (മെത്രാന്മാരുടെ സിനഡിനുവേണ്ടിയുള്ള ജനറൽ സെക്രട്ടറിയേറ്റും മെത്രാൻസമിതിയും നല്കിയിട്ടുള്ള മാർഗരേഖയനുസരിച്ച്).

* എല്ലാ ഇടവകകളെയും കൂടിയാലോചനയ്ക്കായി ക്ഷണിക്കുക, പ്രാദേശിക തലത്തിൽ സിനഡാത്മക പ്രക്രിയയിൽ പങ്കെടുക്കാൻ ഒത്തുചേരലുകൾ സംഘടിപ്പിക്കുക. ഏറിയ കൂട്ടായ്മാബോധം വളർത്താനും ഒരുമിച്ചുള്ള സഞ്ചാരാനുഭവം സാധ്യമാക്കാനും ഇടവകകൾക്ക് മറ്റ് ഇടവകകളുമായി ഒരുമിച്ചുചേരാവുന്നതാണ്. സാഹോദര്യ ചൈതന്യവും കൂട്ടുത്തരവാദിത്വവും വളർത്താനും പുരോഹിതർ, സമർപ്പിതർ, സമൂഹത്തിലെ അത്മായ സ്ത്രീപുരുഷന്മാർ, കുട്ടികൾ, യുവജനങ്ങൾ, ഏകസ്ഥർ, വിവാഹിത ദമ്പതികൾ, കുടുംബങ്ങൾ, മുതിർന്നവർ എന്നിവരുടെ പൂർണവും സജീവവുമായ പങ്കാളിത്തം ഉറപ്പാക്കാനും രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയോ ടീമോ ശ്രദ്ധിക്കേണ്ടതാണ്. ഈ രീതിയിൽ പ്രദേശത്ത് വ്യത്യസ്തമായ സാമൂഹിക-സാമ്പത്തിക, സാംസ്കാരിക, വംശീയ പശ്ചാത്തലത്തിലും കഴിവുകളിലും ഉള്ളവരുമായുള്ള കൂടിയാലോചന നടക്കും. അതോടൊപ്പംതന്നെ കത്തോലിക്കാ വിശ്വാസത്തിൽ സജീവമല്ലാത്തവർ, ഇതര ക്രൈസ്തവ വിഭാഗങ്ങളിൽപ്പെട്ടവർ, ഇതര വിശ്വാസപാരമ്പര്യങ്ങളിൽപെട്ടവർ, ഇടവകയുമായി ഒരു ബന്ധവുമില്ലാത്തവരും എന്നാൽ പ്രദേശത്ത് വസിക്കുന്നവരുമായ പൗരന്മാർ എന്നിവരുടെ അഭിപ്രായം ആരായുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. ഇങ്ങനെ

കൂടിയാലോചനാ പ്രക്രിയ വ്യത്യസ്ത സാമൂഹിക, സാമ്പത്തിക, സാംസ്കാരിക, വംശീയ പശ്ചാത്തലങ്ങളെയും പ്രാദേശികശേഷികളെയും പ്രതിനിധീകരിക്കുന്നതാകും.

* സിനഡിനെ സംബന്ധിച്ച കൈപ്പുസ്തകത്തിലും അനുബന്ധ രേഖകളിലും ഉൾപ്പെടുത്തിയിരിക്കുന്ന ചോദ്യങ്ങൾക്ക് മറുപടി നൽകാൻ സഹായകമാംവിധം രൂപതയിൽ പ്രവർത്തിക്കുന്ന ഓരോ ശുശ്രൂഷാസമിതിയും പ്രസ്ഥാനവും, ഡിപ്പാർട്ട്മെന്റും/ ഓഫീസും അവരവരുടെ ശുശ്രൂഷാമേഖലയനുസരിച്ച് ചോദ്യാവലി തയ്യാറാക്കാൻ ക്ഷണിക്കുക. ഇത്തരത്തിൽ ഓരോ ഗ്രൂപ്പിനും അതിന്റേതായ രീതിയിൽ ഒറ്റയ്ക്കോ കൂട്ടായോ രൂപതയിലെ ഇടവകകളുമായി ബന്ധപ്പെട്ടോ കൂടിയാലോചന നടത്താനാകും. രൂപതയ്ക്കുള്ളിലെ എല്ലാ വ്യത്യസ്ത ശുശ്രൂഷകളെയും, സംസ്കാരങ്ങളെയും, കൂട്ടായ്മകളെയും ഗ്രൂപ്പുകളെയും സംരംഭങ്ങളെയും സഭാക്യൈ-മതാന്തരസംവാദ ശ്രമങ്ങളെയും കൂടിയാലോചനാ പ്രക്രിയയിൽ ഉൾപ്പെടുത്തണം. അപ്രകാരം, പ്രാദേശിക സഭയിൽ യഥാർത്ഥ സിനഡാത്മകതയുടെ അനുഭവം സാധ്യമാക്കാനാകും.

* പ്രാദേശിക തലത്തിൽ (ഇടവകകൾ, ചെറു സമൂഹങ്ങൾ തുടങ്ങിയവയുടെ തലത്തിൽ) കൂടിയാലോചനാ പ്രക്രിയ സുഗമമാക്കാൻ ഉത്തരവാദിത്വപ്പെട്ടവർക്ക് സിനഡാത്മകതയുടെ അർത്ഥം മനസിലാക്കിക്കൊടുക്കുന്നതിനും, ഈ സിനഡാത്മക പ്രക്രിയയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും, അവർ പുലർത്താൻ പരിശ്രമിക്കുന്ന സിനഡാത്മക അനുഭവത്തിന്റെ സവിശേഷതകളും മനസിലാക്കിക്കൊടുക്കുന്നതിനും, സഹായകരമായ പരിശീലനങ്ങളും അനുബന്ധ സഹായങ്ങളും പിന്തുണയും നൽകുക (ശില്പശാല, വെബിനാർ, വീഡിയോകൾ, മാധ്യമസാധനസാമഗ്രികൾ എന്നിവ, അതോടൊപ്പം വ്യക്തികൾ വഴിയുള്ള പിന്തുണ. (കൂടുതൽ വിവരങ്ങൾക്കായി കൈപ്പുസ്തകവും സിനഡിന്റെ വെബ്സൈറ്റും കാണുക).

* സാധിക്കുന്നത്ര വിശാലമായ പങ്കാളിത്തം ഉറപ്പാക്കാൻ രൂപതയിലാകമാനമുള്ള കൂടിയാലോചനാ പ്രക്രിയയിലൂടെ ആശയങ്ങൾ ലഭിക്കാനുള്ള സംവിധാനങ്ങൾ വികസിപ്പിക്കുക. ഇടവകകൾക്കും, രൂപതയിലെ വ്യത്യസ്ത ഗ്രൂപ്പുകൾക്കും, സന്യാസസമൂഹങ്ങൾക്കും, പ്രസ്ഥാനങ്ങൾക്കും ഇതിനെക്കുറിച്ചുള്ള അറിവ് പകരുക. ഇതിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്താവുന്നതാണ്:

- ഇടവകകൾക്ക്/കൂട്ടായ്മകൾക്ക് അവരുടെതന്നെ ബന്ധപ്പെടാനുള്ള വ്യക്തിയെ(കളെ) അല്ലെങ്കിൽ ടീമിനെ കൂടിയാലോചനയ്ക്കായി നിയമിക്കാവുന്നതാണ്.

- ഇടവകകൾക്ക്/കൂട്ടായ്മകൾക്ക് പ്രാദേശികതലത്തിൽ ഒന്നോ, രണ്ടോ അതിലധികമോ കൂടിയാലോചനാ യോഗങ്ങൾ നടത്താവുന്നതാണ്. ഇടവകകൾക്ക്/ഗ്രൂപ്പുകൾക്ക് ചില പ്രത്യേക വിഭാഗങ്ങൾക്കായി സവിശേഷമായി കൂടിയാലോചന നടത്താൻ നിർദ്ദേശിക്കാം (ഉദാഹരണത്തിനു, കൗമാരക്കാർ, യുവജനങ്ങൾ, വിവാഹിതരായ ദമ്പതികൾ, കുടിയേറ്റക്കാരും അഭയാർത്ഥികളും, വിശ്വാസജീവിതത്തിൽനിന്ന് അകന്നുനിൽക്കുന്നവർ, ദാരിദ്ര്യവും പാർശ്വവത്കരണവും അനുഭവിക്കുന്നവർ).

- ഇടവകകൾ നടത്തുന്ന ഓരോ കൂടിയാലോചനയുടെയും/സംഭാഷണത്തിന്റെയും ആശയസമന്വയം നടത്താനുള്ള വഴികൾ കണ്ടെത്താൻ നിർദ്ദേശിക്കാം (ഒന്നുകിൽ ഒരു സെക്രട്ടറി അല്ലെങ്കിൽ കുറിപ്പെടുക്കുന്ന ആൾ മുഖേന, മീറ്റിംഗ് ശബ്ദലേഖനം ചെയ്യുന്നതിലൂടെ, പങ്കെടുക്കുന്നവരോ അവരുടെ സഹായികളോ അവരുടെ കുറിപ്പുകൾ ഓൺലൈനിൽ അപ്ലോഡ് ചെയ്യുന്നതിലൂടെ അല്ലെങ്കിൽ മറ്റേതെങ്കിലും മാർഗം ഉപയോഗിച്ച്).

- കൃത്യമായ സമയപരിധിയും മാർഗക്രമവും നിശ്ചയിച്ചതിനുശേഷം ലഭ്യമായ എല്ലാ ആശയങ്ങളും രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിക്കു (വ്യക്തികൾക്കു) ടീമിന് അയച്ചു കൊടുക്കുക.

- കൂടിയാലോചന പ്രക്രിയയ്ക്കുശേഷം, അതിൽ പങ്കെടുത്തവരും അല്ലാത്തവരുമായി ഒത്തുചേരലുകൾ പ്രോത്സാഹിപ്പിക്കുക. ലഭിച്ച ആശയങ്ങളുടെ അടിസ്ഥാനത്തിൽ അവയെ എങ്ങനെ പിൻതുടർന്നു എന്ന് അറിയാനും പങ്കുവെയ്ക്കാനും, അതോടൊപ്പം പ്രാദേശികതലത്തിൽ എങ്ങനെ സിനഡാത്മകതയുടെ ചൈതന്യവും ശൈലിയും അടുത്തഘട്ടങ്ങളിൽ സമന്വയിപ്പിക്കാമെന്നും മനസിലാക്കുക.

- കൂടിയാലോചനാസമയംമുഴുവൻ ഓരോ ഇടവകയെയും ചെറുസമൂഹങ്ങളെയും നിരന്തരം അനുധാവനം ചെയ്യുക. അവർക്ക് ആവശ്യമായ പിന്തുണ, പ്രോത്സാഹനം, അനുഗമനം തുടങ്ങിയവ നല്കുക; അതോടൊപ്പം ആവർത്തിച്ചു നന്ദി പ്രകാശിപ്പിക്കുക.

- സമയബന്ധിതമായി പ്രാദേശിക കൂടിയാലോചനയുടെ ആശയസമന്വയം, ചിന്തകൾ, ഉൾക്കാഴ്ചകൾ, എന്നിവ ശേഖരിക്കുക.
- രൂപതയുടെ സിനഡിനുമുൻപുള്ള സമ്മേളനത്തിന്റെ (അനുബന്ധം C കാണുക) ക്രമീകരണത്തിന് മേൽനോട്ടം വഹിക്കുക.
- ശേഖരിച്ച വിവരങ്ങൾ അപഗ്രഥിക്കുകയും, ക്രോഡീകരിക്കുകയും ചെയ്ത് രൂപതയുടെ ആശയസമന്വയരേഖ പത്ത് പേജിൽ കവിയാതെ തയ്യാറാക്കുക. അവ പിന്നീട് മെത്രാൻസമിതി നിശ്ചയിക്കുന്ന സമയത്തിനുള്ളിൽ കൈമാറുക. ഈ ആശയസമന്വയരേഖ രൂപതാ മെത്രാനോടും, അദ്ദേഹത്തിന്റെ പ്രതിനിധിയോടുമൊപ്പം രൂപതാ ബന്ധപ്പെടാനുള്ള വ്യക്തിയോട് (വ്യക്തികളോട്) ചേർന്ന് പ്രവർത്തിക്കുന്ന ടീം ആണ് വികസിപ്പിക്കേണ്ടത് (അനുബന്ധം D കാണുക).
- രൂപതാതല ആശയസമന്വയരേഖ മെത്രാൻസമിതിക്ക് സമയബന്ധിതമായി അയച്ചുകൊടുക്കുക.

  രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിക്ക് (വ്യക്തികൾക്ക്) ടീമിനു താഴെ പറയുന്ന ഗുണങ്ങൾ ഉണ്ടായിരിക്കണം:

- സജീവ വിശ്വാസത്തിലുറച്ച ആത്മീയ പക്വതയുള്ള ഒരു വ്യക്തി.
- സ്വാഭാവികമായി സഹകരണ മനോഭാവമുള്ളയാൾ.
- ഫലപ്രദമായി ആശയവിനിമയം നടത്താൻ കഴിവുള്ളയാൾ.
- വൈവിധ്യമാർന്ന വിവരങ്ങൾ സമന്വയിപ്പിക്കാനുള്ള കഴിവ്.
- വ്യത്യസ്ത സാംസ്കാരികവും, തലമുറപരവും, സഭാപരവുമായ പശ്ചാത്തലമുള്ളവരുമായി ഇടപെടാനുള്ള കഴിവ്.
- രൂപതാ സംവിധാനങ്ങളും നടപടികളുമായും ഉള്ള പരിചയം.
- സഹകരണ സംരംഭങ്ങളിലോ സിനഡാത്മക പ്രക്രിയകളിലോ പ്രവർത്തിച്ചിട്ടുള്ള മുൻപരിചയം.
- ഒരു സഹനേതാവിനോടോ അഥവാ ടീമിനോടോ ഒപ്പം പ്രവർത്തിക്കാനുള്ള വിനയം. മറ്റുള്ളവരുടെ ഉൾക്കാഴ്ചകളും കഴിവുകളും ആദരവോടെ ഉൾക്കൊള്ളാനുള്ള കഴിവും, നൂതനമാർഗങ്ങൾ പരീക്ഷിക്കാനുള്ള തുറവും ഉള്ളയാൾ.

രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തി (വ്യക്തികൾ) പുരോഹിത ഗണത്തിൽ നിന്നായിരിക്കണമെന്നു നിർബന്ധമില്ല. ഒരു സഹനേതൃത്വ ശൈലിയാണ് അവലംബിക്കുന്നതെങ്കിൽ സഹനേതാക്കളിൽ ഒരാൾ പുരുഷനും ഒരാൾ സ്ത്രീയും ആയിരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. അവരിൽ ഒരാളെങ്കിലും അൽമായ പ്രതിനിധിയായിരിക്കണം.

രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയുമായി (വ്യക്തികളുമായി) സഹകരിച്ചു പ്രവർത്തിക്കുന്ന ടീം രൂപതയുടെ വൈവിധ്യം പ്രതിഫലിപ്പിക്കുന്നതും രൂപതയിലെ പ്രധാന നേതൃത്വവിഭാഗത്തെ ഉൾപ്പെടുത്തുന്നതുമായിരിക്കണം. വ്യത്യസ്ത സംസ്കാരങ്ങളിലും തലമുറകളിലും പശ്ചാത്തലത്തിലുമുള്ള അൽമായരായ പുരുഷൻമാരും സ്ത്രീകളും, വൈദികർ, സമർപ്പിതർ, സഭയുടെ വ്യത്യസ്ത ശുശ്രൂഷകളെയും സേവനമേഖലകളെയും പ്രതിനിധീകരിക്കുന്നവർ, പ്രത്യേകിച്ച് രൂപതയുടെ യുവജനങ്ങളുടെയും കുടുംബാംഗങ്ങളുടെയും ശുശ്രൂഷയിലുള്ളവർ, അഭയാർത്ഥികളുടെയും കുടിയേറ്റക്കാരുടെയും പാവപ്പെട്ടവരുടെയും ശുശ്രൂഷകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർ ആകാം അവർ. മുൻപോ, ഈ അടുത്തകാലത്തോ, പ്രാദേശിക, രൂപതാതല, ദേശീയ സിനഡാത്മക പ്രക്രിയകളുമായോ സമാനമായ മറ്റെന്തെങ്കിലുമായോ ചേർന്ന് പ്രവർത്തിച്ചു പരിചയമുള്ളവർ ടീമിലുണ്ടെങ്കിൽ സഹായകരമായിരിക്കും.

* **കുറിപ്പ്:** സിനഡിനെ സംബന്ധിച്ച കൈപ്പുസ്തകത്തിലും മറ്റെല്ലാ അനുബന്ധരേഖകളിലും, സഹായകകുറിപ്പുകളിലും രൂപത എന്നത് പൊതുവായി പ്രാദേശിക സഭകളെ സൂചിപ്പിക്കുന്നു. എപ്പാർക്കി, ഓർഡിനറിയേറ്റ് അല്ലെങ്കിൽ സമാനമായ സഭാ സംവിധാനം എന്നിവ അതിനുപകരമായി ഉപയോഗിക്കാവുന്നതാണ്.

## അനുബന്ധം B

## ഒരു സിനഡാത്മക ചർച്ചായോഗം നടത്തുന്നതിന് സഹായകമായി നിർദ്ദേശിക്കപ്പെടുന്ന മാർഗരേഖ

ഒരു ഇടവകയിലെ വിവിധ ഗ്രൂപ്പുകളെ ചേർത്തോ, വിവിധ ഇടവകളിലെ വ്യത്യസ്ത ഗ്രൂപ്പുകളെ ഒരുമിച്ചുചേർത്തോ, സിനഡാത്മക ചർച്ചായോഗം നടത്താവുന്നതാണ്. രൂപതാതലത്തിലുള്ള സമർപ്പിതരുടെയോ അല്മായരുടെയോ ആയ സംഘടനകൾക്ക് സിനഡാത്മക ചർച്ചായോഗം നടത്താൻ സഹകരിക്കാവുന്നതാണ്. ഒരു സിനഡാത്മക ചർച്ചായോഗം നടത്തുമ്പോൾ പാലിക്കേണ്ട പൊതുവായ നടപടിക്രമങ്ങൾ താഴെ പറയുന്നവയാണ്:

1. പ്രാദേശികതലത്തിൽ കൂടിവരവുകൾ സംഘടിപ്പിക്കാനും ചർച്ചാപ്രക്രിയ നടപ്പിൽവരുത്താനുമായി ഒരു സംഘാടക ടീം ആദ്യം രൂപീകരിക്കാവുന്നതാണ്. ജനങ്ങളിലേക്ക് എങ്ങനെ എത്തിച്ചേരാമെന്നും എങ്ങനെ ഒരു യഥാർത്ഥ സിനഡാത്മക അനുഭവം സാധ്യമാകുംവിധം പങ്കുചേരലും ചർച്ചയും നടത്താമെന്നതും ഈ ടീം വിവേചിച്ചറിയണം.

2. ഇടവകയിലുള്ള അറിയിപ്പുകൾ, സാമൂഹ്യമാധ്യമങ്ങൾ, കത്തുകൾ, തുടങ്ങിയ മാർഗങ്ങളിലൂടെ പങ്കാളിത്തം ഉറപ്പാക്കാവുന്നതാണ്. ഇടവകയുമായി കുറെ കാലമായി പതിവായ ബന്ധത്തിലല്ലാത്ത വ്യക്തികളെ, അയൽബന്ധങ്ങൾ, സഭാസ്ഥാപനങ്ങളായ സ്കൂളുകൾ, സാമൂഹ്യകേന്ദ്രങ്ങൾ, തുടങ്ങിയവവഴി കണ്ടെത്തുകയും, അവരെ സമീപിക്കാൻ പ്രത്യേകം പ്രയത്നിക്കുകയും ചെയ്യണം. മാറ്റിനിർത്തപ്പെട്ടവരെയും, തങ്ങളുടെ ശബ്ദം ആരാലും ഗൗനിക്കപ്പെടാത്തവരെയും ഈ സിനഡാത്മക ചർച്ചയിൽ ഉൾപെടുത്താൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

3. വ്യത്യസ്ത സമൂഹങ്ങൾ, ജീവിതാനുഭവങ്ങൾ, സംസ്കാരങ്ങൾ, പ്രായം, ജീവിതമേഖലകൾ, എന്നിവ കണക്കിലെടുത്തുള്ള വ്യക്തികളുടെ പങ്കാളിത്തവും ഉറപ്പുവരുത്തേണ്ടതാണ്. ചർച്ചാഗ്രൂപ്പിന്റെ വലിപ്പം ലഭ്യമായ സ്ഥലത്തിന്റെയും സഹായികളുടെ എണ്ണത്തിന്റെയും അടിസ്ഥാനത്തിലാകാം.

4. ചർച്ചായോഗത്തിന്റെ ഏകദേശം 2 മുതൽ 3 ആഴ്ചകൾക്കുമുമ്പേതന്നെ പ്രാർത്ഥനയ്ക്കും പര്യാലോചനയ്ക്കും സഹായകമായ ഒരുക്ക സാമഗ്രികൾ പങ്കെടുക്കാനുദ്ദേശിക്കുന്ന എല്ലാ അംഗങ്ങൾക്കും എത്തിച്ചുകൊടുക്കേണ്ടതാണ്. സിനഡാത്മകതയുടെ പശ്ചാത്തലത്തെക്കുറിച്ചുള്ള ചുരുക്കം, പ്രധാനപ്പെട്ട ആലോചനാചോദ്യങ്ങൾ, അവയെകുറിച്ച് എങ്ങനെ പ്രാർത്ഥിക്കാമെന്നും വിചിന്തനം നടത്താമെന്നുമുള്ള നിർദ്ദേശങ്ങൾ, അതിനു സഹായകമായ തിരുവചനഭാഗങ്ങൾ എന്നിവ ഈ സഹായസാമഗ്രികളിൽ ഉൾപ്പെടുത്താം. സിനഡാത്മക യോഗത്തിൽ അവലംബിക്കുന്ന രീതിയെക്കുറിച്ച് പങ്കെടുക്കുന്ന വ്യക്തികളെ പ്രത്യേകം നിർണായകമായതിനാൽ പങ്കെടുക്കുന്ന വ്യക്തികൾ തങ്ങൾക്കു ലഭിച്ചിട്ടുള്ള സഹായസാമഗ്രികൾ ഉപയോഗിച്ച് വ്യക്തിപരമായ തയ്യാറെടുപ്പിന് സമയം നീക്കിവയ്ക്കേണ്ടതാണ്.

5. പ്രധാനപ്പെട്ട ആലോചനാചോദ്യങ്ങൾ പ്രസക്തവും ചുരുങ്ങിയതും ആയിരിക്കണം. ഉപരിപ്ലവമായുള്ള അനേകം ചോദ്യങ്ങളേക്കാൾ ആഴത്തിലുള്ള വിചിന്തനത്തിനുതകുന്ന കുറച്ചു ചോദ്യങ്ങളാണ് കൂടുതൽ അഭികാമ്യം. ഈ സിനഡ് താഴെപറയുന്ന അടിസ്ഥാനചോദ്യം മുന്നോട്ടു

വയ്ക്കുന്നു: സുവിശേഷപ്രഘോഷണത്തിൽ ഒരു സിനഡാത്മക സഭ ഒരുമിച്ചു സഞ്ചരിക്കുന്നു. ഇന്ന് നിങ്ങളുടെ പ്രാദേശികസഭയിൽ എങ്ങനെയാണ് ഈ ഒരുമിച്ചുള്ള സഞ്ചാരം നടക്കുന്നത്? നമ്മുടെ ഒരുമിച്ചുള്ള സഞ്ചാരത്തിൽ മുന്നേറാൻ ഏതു കാൽവയ്പുകൾ നടത്താനാണ് ആത്മാവ് നമ്മെ ക്ഷണിക്കുന്നത്? (PD, 26)

ഈ ചോദ്യത്തോട് പ്രതികരിക്കാൻ താഴെപ്പറയുന്നവിധം ചെയ്യുക:

നമ്മുടെ അനുഭവങ്ങൾ ഓർത്തെടുക്കുക: നമ്മുടെ പ്രാദേശികസഭയിൽ ഉണ്ടായിട്ടുള്ള ഏതൊക്കെ അനുഭവങ്ങളാണ് ഈ ചോദ്യം നിങ്ങളുടെ മനസ്സിലേക്ക് കൊണ്ടുവരുന്നത്?

ഈ അനുഭവങ്ങൾ കൂടുതൽ ആഴത്തിൽ പുനർവായിക്കുവിൻ: എത്രമാത്രം സന്തോഷമാണ് അവ കൊണ്ടുവന്നത്? അവ ഏതുതരം പ്രതിബന്ധങ്ങളും പ്രതിസന്ധികളുമാണ് നേരിട്ടത്? ഏതൊക്കെ മുറിവുകളാണ് അവ വെളിച്ചത്തുകൊണ്ടുവന്നത്? ഏതൊക്കെ ഉൾക്കാഴ്ചകളാണ് അവ പുറത്തുകൊണ്ടുവന്നത്?

പങ്കുവയ്ക്കാനുള്ള ഫലങ്ങൾ ശേഖരിക്കുവിൻ: ഈ അനുഭവങ്ങളിൽ എവിടെയാണ് ആത്മാവിന്റെ സ്വരം പ്രതിധ്വനിക്കുന്നത്? ആത്മാവ് നമ്മോട് എന്താണ് ആവശ്യപ്പെടുന്നത്? സ്ഥിരീകരിക്കേണ്ട ഘടകങ്ങൾ ഏതെല്ലാം? വ്യത്യാസപ്പെടുത്താനുള്ള ഘടകങ്ങൾ, എടുക്കേണ്ട നടപടികൾ? എവിടെയൊക്കെയാണ് പൊതുസമ്മതം ഉള്ളത്? നമ്മുടെ പ്രാദേശിക സഭയ്ക്ക് ഏതൊക്കെ പാതകളാണ് തുറന്നുവരുന്നത്?

പ്രാദേശിക സമൂഹത്തിന്റെ നാളിതുവരെയുള്ള യാത്രയെക്കുറിച്ച് ഒരു വിചിന്തനം അംഗങ്ങൾ നടത്തുന്നത് ഏറെ ഫലദായകമായിരിക്കും. എന്തായിരുന്നു അവരുടെ സമൂഹത്തിന്റെ വിശ്വാസജീവിതത്തിന്റെ ചരിത്രം? ഇന്ന് അവർ എത്തിച്ചേർന്ന ഇടംവരെ ഈ സമൂഹം എങ്ങനെയാണ് യാത്ര ചെയ്തത്? ദൈവം അവരുടെ ഇടയിൽ എങ്ങനെയൊക്കെയാണ് സന്നിഹിതനായിരുന്നത്? ഭൂതകാലത്തെ ഒരുമിച്ച് ഓർമിച്ചെടുക്കുന്നത് സമൂഹനിർമിതിക്ക് ഉപകരിക്കുന്നതും ഭാവിവഴികളെ മുന്നോട്ട് നയിക്കുന്നതുമാണ്.

ഈ അടിസ്ഥാന ചോദ്യത്തെ കൂടുതൽ പൂർണമായി പരിശോധിക്കാൻ ജീവിക്കപ്പെട്ട സിനഡാത്മകതയുടെ പ്രധാനപ്പെട്ട വശങ്ങളെ ഉയർത്തിക്കാട്ടുന്ന പത്തു വിഷയങ്ങളെ വികസിപ്പിച്ചെടുത്തിട്ടുണ്ട് (PD, 30). ഈ പത്തു വിഷയങ്ങളിൽ ഓരോ വിഷയത്തെയും സംബന്ധിച്ചുള്ള ചോദ്യങ്ങളെ കൂടിയാലോചന പരിപോഷിപ്പിക്കാനുതകുന്ന തുടക്കമായോ മാർഗരേഖയായോ

ഉപയോഗിക്കാവുന്നതാണ്. ഈ ചോദ്യങ്ങൾ കൈപ്പുസ്തകത്തിന്റെ അഞ്ചാം ഭാഗത്തിലും അതിന്റെ കൂടുതൽ വിശദമായ പതിപ്പ് അതിനോടനുബന്ധിച്ചുള്ള സിനഡ് വെബ്സൈറ്റിലും ലഭ്യമാണ്.

6. നിർദ്ദേശിക്കപ്പെട്ട രൂപത്തിലും പ്രകാരത്തിലും ആലോചനായോഗം നടത്താൻ ആവശ്യമായ സഹായികൾ ഉണ്ട് എന്നും അവർക്ക് സിനഡാത്മക ചർച്ചാപ്രക്രിയ നടത്താനുള്ള ആവശ്യമായ പരിശീലനം ലഭിച്ചിട്ടുണ്ട് എന്നും ഉറപ്പുവരുത്തേണ്ടതാണ്. ചർച്ചകളുടെ ആശയസമന്വയം തയ്യാറാക്കേണ്ട ടീമിനെയും നേരത്തെ കണ്ടെത്തേണ്ടതാണ്.

7. ചർച്ചയിൽ സമൂഹപ്രാർത്ഥനയ്ക്കും ആരാധനാക്രമത്തിനും പ്രധാനപ്പെട്ട ഭാഗം നിർവഹിക്കാനുണ്ട്. പരസ്പരം ശ്രവിക്കാനുള്ള താത്പര്യം അടിസ്ഥാനപ്പെടുത്തിയിരിക്കുന്നത് ദൈവവചനത്തെയും പരിശുദ്ധാത്മാവിനെയും ശ്രവിക്കുന്നതിലാണ്. ദൈവികമായ പ്രചോദനത്തിനും നയിക്കലിനുമായി അർഥവത്തായ പ്രാർത്ഥന ഉപയോഗിക്കുകയും, അതുവഴി ദൈവം നമ്മുടെ പരസ്പരമുള്ള കൂട്ടായ്മ ആഴപ്പെടുത്തുകയും ചെയ്യും. ഇതിന് ആരാധനാക്രമവും ദൈവവചന ധ്യാനവും വളരെ സഹായകമായ വഴിയാണ്.

8. സിനഡാത്മകതയുടെ ദർശനത്തോട് ചേർന്നുപോകുന്ന രീതികൾ ഗ്രൂപ്പ് ചർച്ചയ്ക്ക് ഉപയോഗിക്കാവുന്നതാണ്. ഉദാഹരണമായി, ആദ്ധ്യാത്മിക സംഭാഷണരീതി. സജീവപങ്കാളിത്തം, ശ്രദ്ധയോടെയുള്ള ശ്രവണം, പര്യാലോചനകൂടെയുള്ള സംഭാഷണം, ആത്മീയ വിവേചിച്ചറിയൽ തുടങ്ങിയവയെ ഈ രീതി പ്രോത്സാഹിപ്പിക്കുന്നു. വ്യത്യസ്ത ജീവിതപശ്ചാത്തലത്തിലുള്ളവരായ ആറോ ഏഴോ വ്യക്തികൾ ഉൾക്കൊള്ളുന്ന ചെറിയ ഗ്രൂപ്പുകളായി പങ്കെടുക്കുന്നവർ തിരിയുന്നു. മൂന്ന് റൗണ്ടുകൾ ഉള്ള ഈ രീതി കുറഞ്ഞത് ഒരു മണിക്കൂർ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയ ആണ്. ആദ്യ റൗണ്ടിൽ എല്ലാവരും തുല്യപങ്കാളിത്തത്തോടെ താന്താങ്ങളുടെ ഊഴമനുസരിച്ച് നേരത്തെ നൽകിയ ചോദ്യാവലികളുടെ (ഈ അനുബന്ധത്തിലെ 5 കാണുക) വെളിച്ചത്തിൽ നടത്തിയ പ്രാർത്ഥനാപൂർവമായ വിചിന്തനത്തിന്റെ ഫലം പങ്കുവയ്ക്കുന്നു. ഈ റൗണ്ടിൽ ചർച്ചകളില്ല. പകരം എല്ലാവരും താത്പര്യപൂർവം മറ്റുള്ളവരെ ശ്രവിക്കുകയും, പരിശുദ്ധാത്മാവ് എപ്രകാരമാണ് തന്നിലും, സംഭാഷണം നടത്തുന്നയാളിലും, ഗ്രൂപ്പിൽ പൊതുവിലും ചരിക്കുന്നത് എന്ന് ശ്രദ്ധിക്കുകയും ചെയ്യുന്നു. ആദ്യ റൗണ്ടിനുശേഷം ആന്തരികമായ ചലനം ശ്രദ്ധിക്കാൻ എല്ലാവരും അല്പസമയം നിശബ്ദത പാലിക്കുന്നു. രണ്ടാമത്തെ റൗണ്ടിൽ, എല്ലാവരും

ആദ്യ റൗണ്ടിൽ തങ്ങളെ ഏറ്റവും കൂടുതൽ സ്പർശിച്ച കാര്യങ്ങളെയും, നിശബ്ദതയുടെ നേരത്തുണ്ടായ ആന്തരികചലനത്തെയുംകുറിച്ചും പങ്കുവയ്ക്കുന്നു. ഈ സമയത്ത് ചെറുതായി ചർച്ചകൾ നടക്കാനുള്ള സാധ്യതയുണ്ട്, എന്നാൽ ആത്മീയമായ തുറവും ക്ഷമയും എല്ലാവരും കാത്ത്സൂക്ഷിക്കണം. ഒരിക്കൽക്കൂടി എല്ലാവരും നിശബ്ദത പാലിക്കുന്നു. അവസാനമായി, മൂന്നാമത്തെ റൗണ്ടിൽ ചർച്ചകൾക്കിടയിൽ മുഴങ്ങിക്കേട്ട കാര്യങ്ങളെക്കുറിച്ചും, തങ്ങളെ വ്യക്തിപരമായി ആഴത്തിൽ സ്പർശിച്ചവയെപറ്റിയും എല്ലാവരും വിചിന്തനം നടത്തുന്നു. പുതിയ ഉൾകാഴ്ചകളെയും ഉത്തരം കിട്ടാത്ത ചോദ്യങ്ങളെയും പ്രത്യേകം ശ്രദ്ധിക്കുന്നു. സ്വയം പ്രേരിതമായ നന്ദിപ്രകാശനപ്രാർത്ഥനയോടെ ചർച്ചകൾ അവസാനിപ്പിക്കാവുന്നതാണ്. സാധാരണഗതിയിൽ ഓരോ ചെറുഗ്രൂപ്പിനും ഒരുസഹായിയും നോട്ടുകുറിക്കുന്ന ആളും ഉണ്ടാകണം (ഈ പ്രക്രിയയെക്കുറിച്ചുള്ള സവിസ്തര വിശദീകരണം സിനഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്).

9. ഇപ്രകാരം സംവാദം പൂർത്തിയായതിനുശേഷം തങ്ങളുടെ ചെറുഗ്രൂപ്പിൽ അംഗങ്ങൾ സിനഡാത്മക നടപടിക്രമങ്ങളെകുറിച്ച് ഒരു അവലോകനം നടത്തുകയും സ്വന്തം അനുഭവങ്ങൾ പങ്കുവയ്ക്കുകയും ചെയ്യണം. എന്തായിരുന്നു അവരുടെ അനുഭവം? എന്തൊക്കെയായിരുന്നു വളർച്ചയും തളർച്ചയും? പുതിയതും ഉന്മേഷദായകവുമായ ഏതെല്ലാം ഉൾകാഴ്ചകളാണ് കണ്ടെത്തിയത്? സിനഡാത്മക നടപടിക്രമങ്ങളിൽനിന്ന് എന്തെല്ലാം അവർ പഠിച്ചു? എങ്ങനെയാണ് ദൈവം സന്നിഹിതനായിരുന്നതും അവർ ഒരുമിച്ചായിരുന്നപ്പോൾ പ്രവർത്തിച്ചുകൊണ്ടിരുന്നതും?

10. തുടർന്ന് ഓരോ ഗ്രൂപ്പും ഏതൊക്കെ കാര്യങ്ങളാണ് തങ്ങളുടെ പ്രതികരണമായി (feedback) സംഘാടക സമിതിയെ അറിയിക്കേണ്ടതെന്ന് തീരുമാനിക്കുന്നു. കൈപ്പുസ്തകത്തിന്റെ നാലാം ഭാഗത്ത് വിശദമാക്കിയിട്ടുള്ള രൂപതാതലത്തിലുള്ള മാർഗനിർദേശക ചോദ്യാവലികൾ അടിസ്ഥാനപ്പെടുത്തി പ്രാദേശികതലത്തിലെ പ്രതികരണം (feedback) തയ്യാറാക്കാവുന്നതാണ്. (അനുബന്ധം D കാണുക).

11. ഇതിനുശേഷം യോഗം അവസാനിപ്പിക്കാനായി എല്ലാ ഗ്രൂപ്പുകൾക്കും ഒരുമിച്ചുവരാം. ഓരോ ഗ്രൂപ്പിന്റെയും പ്രതിനിധി ഗ്രൂപ്പിന്റെ അനുഭവം ചുരുക്കി പങ്കുവയ്ക്കുന്നു. അടുത്ത ഘട്ടത്തിലെ സിനഡാത്മക നടപടിക്രമങ്ങളെകുറിച്ചുള്ള വ്യക്തമായ അറിവ് അംഗങ്ങൾക്കു നൽക്കേണ്ടതാണ്. അങ്ങനെ തങ്ങളുടെ അഭിപ്രായങ്ങൾ എങ്ങനെ മുഴുവൻ സഭയ്ക്കും സഹായകമായിത്തീരും എന്ന് അവർ മനസ്സിലാക്കും. യോഗം പ്രാർത്ഥനാഗാ

നത്തോടെയോ നന്ദിപ്രകാശനപ്രാർത്ഥനയോടെയോ അവസാനിപ്പിക്കുന്നതാണ് ഉചിതം.

12. യോഗത്തിനുശേഷം സംഘാടക സമിതി ഒരുമിച്ചുചേർന്ന് എല്ലാ അനുഭവങ്ങളെയും വിലയിരുത്തി, ഓരോ ചെറുഗ്രൂപ്പും സമർപ്പിച്ച പ്രതികരണത്തിന്റെ (feedback ന്റെ) അടിസ്ഥാനത്തിൽ സമഗ്രമായ ഒരു ആശയസമന്വയരേഖ തയ്യാറാക്കുന്നു. അത് രൂപതാതലത്തിൽ ബന്ധപ്പെടാനുള്ള വ്യക്തിക്ക് (വ്യക്തികൾക്ക്) എത്തിച്ചുകൊടുക്കേണ്ടതാണ്.

13. ശാരീരിക സാന്നിധ്യംകൊണ്ടോ ഓൺലൈൻ ആയോ ജനങ്ങൾക്ക് സിനഡാത്മക ചർച്ചായോഗത്തിൽ പങ്കെടുക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ടെക്സ്റ്റ് സന്ദേശങ്ങൾ, ഫോൺകോൾ, റേഡിയോ, തുടങ്ങിയ ഉചിതമായ മാർഗങ്ങളിലൂടെ അവരെ സമീപിക്കാവുന്നതാണ്. എല്ലാവരുടെയും സ്വരം, പ്രത്യേകിച്ച് പാർശ്വവത്കരിക്കപ്പെട്ടവരുടെ സ്വരം, ശ്രവിക്കുക എന്നത് പരമപ്രധാനമാണെന്ന് കരുതുന്നു.

കൂടുതൽ കാര്യങ്ങൾക്ക് ദയവായി സിനഡ് വെബ്സൈറ്റ് സന്ദർശിക്കുക.

## അനുബന്ധം C

## സിനഡിനു മുമ്പായുള്ള രൂപതാതല യോഗം (Diocesan Pre-Synodal Meeting)

ഓരോ പ്രാദേശികസഭയും സിനഡാത്മക പ്രക്രിയയുടെ രൂപതാതല പ്രവർത്തനത്തിന്റെ പരിപൂർത്തിയിലെത്തുന്നത് സിനഡിനു മുമ്പുള്ള യോഗത്തോടെയാണ്. രൂപതയിലെ വ്യത്യസ്ത അംഗങ്ങളുടെ ഒത്തുചേരൽ ഇതിലൂടെ സാധ്യമാകുന്നു. ആരാധന നടത്താനും പ്രാർത്ഥിക്കാനും രൂപതയിലെ സിനഡാത്മക പ്രകിയയിലൂടെ സംജാതമായ അനുഭവങ്ങൾ പങ്കുവയ്ക്കാനും രൂപത മുഴുവൻ നടന്ന ചർച്ചകളിൽ ഉരുതിരിഞ്ഞ പ്രതികരണങ്ങൾ കേൾക്കാനും നിലവിലെ പ്രാദേശിക അവസ്ഥയെക്കുറിച്ചും കാലത്തിന്റെ അടയാളങ്ങളെകുറിച്ചും സംവദിക്കാനും സിനഡാത്മക പാതയിലായിരിക്കുന്ന രൂപതയ്ക്ക് പരിശുദ്ധാത്മാവ് നൽകുന്ന പ്രചോദനം വിവേചിച്ചറിയാനും വേണ്ടി ഒന്നിച്ചുകൂടാനുള്ള അവസരമാണിത്. പ്രാദേശികസഭയിലെ ഇടവകകൾ, ശുശ്രൂഷാസമിതികൾ, സഭാസംഘടനകൾ തുടങ്ങി വിവിധ സമൂഹങ്ങളുമായി ഇതിനകം രൂപതാതല സിനഡാത്മക പ്രവർത്തനദിശയിൽ ചർച്ചകൾ നടന്നിട്ടുണ്ടാവാമെങ്കിലും സിൻഡിനു മുമ്പായുള്ള രൂപതാതല ഒത്തുചേരൽകൊണ്ട് ലക്ഷ്യംവയ്ക്കുന്നത് രൂപത മുഴുവന്റെയും പ്രതിനിധി

കളുടെ ഒരു പരിഛേദം ഒരുമിച്ചു കൊണ്ടുവരുകയെന്നതാണ്. ഈ ഒത്തുചേരലിൽ രൂപതയിലെ ന്യൂനപക്ഷ സമൂഹങ്ങളും പാർശ്വവത്കരിക്കപ്പെട്ടവരും ഉൾപ്പെടണം. മാത്രമല്ല, പങ്കെടുക്കുന്നവർക്ക് പ്രാർത്ഥിക്കാനും പരസ്പരം ശ്രവിക്കാനും വിചിന്തനം നടത്താനും ഒരുമിച്ച് വിവേചിച്ചറിയാനും ഇടയാകണം. ഇങ്ങനെയൊരു കൂടിവരവിനുശേഷം ഈ സിനഡിനു മുമ്പുള്ള രൂപതാതല യോഗത്തിലെ തീരുമാനങ്ങൾ രൂപതാതല ആശയസമന്വയരേഖയുടെ ഭാഗമാകണം; അതായത്, അവ രൂപത മുഴുവനും നടന്ന ചർച്ചകളുമായി കൂട്ടിച്ചേർത്തുവയ്ക്കേണ്ടതാണ്. (രൂപതാതല ആശയസമന്വയരേഖയെ സംബന്ധിച്ച കാര്യങ്ങൾക്ക് അനുബന്ധം D കാണുക).

## ലക്ഷ്യങ്ങൾ :

a) സിനഡാത്മക കൂടിയാലോചനകളുടെ രൂപതാതല ഘട്ടത്തിന്റെ പരിസമാപ്തിയെന്നോണം അത് ദൈവജനത്തോട് ഒന്നുചേർത്തു നടത്തുക.

b) ഒരുമിച്ചുള്ള രൂപതാതല സിനഡാത്മക സഞ്ചാരത്തിൽ ഉരുത്തിരിഞ്ഞുവന്ന സത്യങ്ങളും അനുഭവങ്ങളും ആഘോഷിക്കുകയും വിചിന്തനത്തിന് വിധേയമാക്കുകയും ചെയ്യുക.

c) രൂപതാതല ചർച്ചകളിൽ ഉരുത്തിരിഞ്ഞ പ്രധാന പ്രമേയങ്ങൾ രൂപതയിലെ വിവിധ സമൂഹങ്ങളിൽനിന്നു തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ മുമ്പിൽ എടുത്തുകാട്ടുക.

d) രൂപത മുഴുവനിൽ നിന്നും ലഭിച്ച പ്രതികരണങ്ങളുടെ അടിസ്ഥാനത്തിൽ രൂപതയുടെ ആശയസമന്വയരേഖ ഉണ്ടാക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ട് ഇതുവരെ ഉണ്ടായ കൂടിയാലോചനാ പ്രക്രിയയുടെ അനുഭവത്തെയും ആശയത്തെയും അധികരിച്ച് വിചിന്തനം നടത്തുന്നതിന് രൂപതയിലെ വ്യത്യസ്ത സമൂഹങ്ങളിലെ അംഗങ്ങളെ ഉൾപ്പെടുത്തുക (ഇടവകകൾ, ശുശ്രുഷാ സമിതികൾ, സംഘടനകൾ, വിദ്യാലയങ്ങൾ, വൈദികർ, സന്യാസസമൂഹങ്ങൾ, പാർശ്വവത്കരിക്കപ്പെട്ടവർ, യുവജനങ്ങൾ, സാംസ്കാരിക സംഘടനകൾ തുടങ്ങിയവരെ).

e) രൂപതാംഗങ്ങളിലൂടെ ദൈവം സംസാരിച്ചുകൊണ്ടിരിക്കുന്നവയ്ക്കു ചെവികൊടുക്കുക; പ്രാദേശികസഭയ്ക്കുവേണ്ടിയുള്ള ദൈവേഷ്ടം വിവേചിച്ചറിയുക; ആഴമായ കൂട്ടായ്മയിലേക്കു സഭയെ ദൈവം നയിക്കുന്ന വഴികൾ തിരിച്ചറിഞ്ഞ് പൂർണ പങ്കാളിത്തവും ഫലപ്രദമായ പ്രേഷിതത്വവും ഉറപ്പാക്കുക.

f) നിലവിലെ നല്ല പതിവുകൾ വെളിച്ചത്ത് കൊണ്ടുവരുക. അതായത്, സിനഡാത്മക വഴികളും പുത്തൻ ഉണർവും, ഒന്നിച്ചു നീങ്ങുന്ന, പരസ്പരം ശ്രവിക്കുന്ന, കൂട്ടുത്തരവാദിത്വമുള്ള, ജീവസുറ്റ ഒരു സിനഡാത്മക സഭയായി മാറുക.

g) രൂപതാതല ചർച്ചകളിലൂടെ ദൈവജനം പങ്കുവച്ച ചിന്തകളെ രൂപതാതല ആശയ സമന്വയരേഖയാക്കിമാറ്റി അതുവഴി ഇപ്പോൾ നടക്കുന്ന ആഗോള സഭയുടെ സിനഡാത്മക പ്രവർത്തനങ്ങൾക്ക് സംഭാവന നല്കുക.

## പങ്കാളികൾ :

രൂപതയുടെ പ്രാദേശിക സാഹചര്യമനുസരിച്ചു പങ്കാളികളെ നിശ്ചയിക്കാം. രൂപതയുടെ ജനസംഖ്യ, വിസ്തീർണം, ലഭ്യമായ വിഭവങ്ങൾ, ജനത്തിന്റെ സാംസ്കാരിക പശ്ചാത്തലം തുടങ്ങിയവ കണക്കിലെടുത്ത് താഴെ പറയുന്ന മാർഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്:

## സാധാരണയായി അംഗങ്ങൾ താഴെപ്പറയുന്നവരായിരിക്കണം:

- രൂപതാമെത്രാൻ, സഹായമെത്രാൻ, രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തി (വ്യക്തികൾ) അല്ലെങ്കിൽ ടീം (contact person/s /team).
- തങ്ങളുടെ സ്വരം പലപ്പോഴും മതിയായവിധം ശ്രദ്ധിക്കപ്പെടാതെ പോകുന്നവർ (ഉദാ: പാവപ്പെട്ടവർ, മുതിർന്നവർ, ന്യൂനപക്ഷങ്ങൾ, ഒറ്റപ്പെട്ടവർ, ഭിന്നശേഷിക്കാർ, കുടിയേറ്റക്കാർ, അഭയാർത്ഥികൾ, മണ്ണിന്റെ മക്കൾ തുടങ്ങിയവർ).
- അൽമായ നേതാക്കൾ (വിവിധ ശുശ്രുഷകളിലും രൂപതാസംവിധാനങ്ങളിലും ഏർപ്പെട്ടിരിക്കുന്ന സ്ത്രീപുരുഷന്മാർ, യുവജനങ്ങൾ).
- മറ്റ് അല്മായർ (ഇടവകകളിൽ നിന്നും മറ്റു സഭാസംഘടനകളിൽ നിന്നും ക്ഷണിക്കപ്പെട്ട സ്ത്രീപുരുഷന്മാർ, യുവജനങ്ങൾ).
- വൈദികർ (രൂപതാവൈദികർ, സന്യാസവൈദികർ, ഡീക്കന്മാർ, തുടങ്ങിയവർ)
- സമർപ്പിത ജീവിത സമൂഹങ്ങളിൽപ്പെട്ടവരും, അപ്പസ്തോലിക ജീവിത സമൂഹങ്ങളിൽപ്പെട്ടവരും (വ്യത്യസ്ഥ സിദ്ധികൾ ഉള്ളവർ അനുസരിച്ച്), അപ്പസ്തോലികവും ഉപവിപരവുമായ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ നേതൃനിരയിലുള്ളവർ, താല്പര്യമുള്ള എക്യുമെനി

ക്കൽ-ഇതരമത പ്രതിനിധികൾ (കത്തോലിക്കരല്ലെങ്കിലും സഹായക മായ കാഴ്ചപാടുകൾ നല്കാൻ കഴിയുന്നവരെയും ഉൾപ്പെടുത്താം).

- മീറ്റിംഗ് സംഘടിപ്പിക്കാൻ ആവശ്യമായ സംഘടനാപാടവമുള്ളവർ, ക ഴിവുറ്റ മോഡറേറ്റർമാർ, സഭാവിജ്ഞാനീയത്തിൽ അജപാലന ദൈവ ശാസ്ത്ര പ്രാവിണ്യം ഉള്ളവർ.

## സിനഡിനു മുമ്പായുള്ള രൂപതാതല യോഗത്തിന്റെ അജണ്ടയും സ്വഭാവവും

ഈ ഒത്തുകൂടലിന്റെ അജണ്ട പ്രഥമമായും രൂപതയിൽ ഇതുവരെ നട ത്തിയ സിനഡാത്മക സഞ്ചാരം ആഘോഷിക്കുക എന്നതാണ്. രൂപതയിൽ മുഴുവനുമായി നടന്ന ചർച്ചകളിൽനിന്നും ലഭിച്ച പ്രതികരണങ്ങൾ (feedback) പരിചിന്തനത്തിന് പാത്രമാക്കുക, രൂപതാമക്കൾ പരസ്പരം കേൾക്കുക യും തിരിച്ചറിയുകയും ചെയ്തവയുടെ വെളിച്ചത്തിൽ, രൂപതാ ആശയസമ ന്വയം വികസിപ്പിക്കുക എന്നതാണ്. ഇങ്ങനെ രൂപതയിൽ ഉരുത്തിരിഞ്ഞ രൂപതാ ആശയസമന്വയരേഖയായിരിക്കും മെത്രാൻസമിതിയിലേക്ക് അയ യ്ക്കുക.

ഈ ഒത്തുകൂടലിന്റെ രൂപഭാവം നിർണയിക്കുന്നത് മെത്രാനും രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയും (വ്യക്തികളും) അല്ലെങ്കിൽ ടീമും ചേർന്നാ യിരിക്കും; മേൽപ്പറഞ്ഞ ലക്ഷ്യങ്ങളുടെ അടിസ്ഥാനത്തിൽ രൂപതാ പശ്ചാ ത്തലത്തിലായിരിക്കും അത് രൂപീകരിക്കുന്നത് (കൂടുതൽ വ്യക്തതയ്ക്ക് സിനഡ് വെബ്സൈറ്റ് നോക്കുക). രൂപതാതല പ്രവർത്തനങ്ങൾ സമാ പിക്കേണ്ടത് ആരാധനക്രമപരമായ ആഘോഷത്തോടെ ആയിരിക്കണമെന്ന് ഏറെ താത്പര്യപ്പെടുന്നു. ലഭിച്ച അനുഭവങ്ങൾക്ക് നന്ദിയർപ്പിക്കാനും മുന്നോട്ടുള്ള യാത്രയിൽ പരിശുദ്ധാത്മാവിന്റെ സഹായം തേടാനുംവേണ്ടി യാണ് ഇത്. കൂടിച്ചേരലിന് ആവശ്യമായ ഇതര ഘടകങ്ങൾ ഓരോ രൂപത യ്ക്കും സ്വയം തീരുമാനിക്കാവുന്നതാണ്. രൂപതാതല ബന്ധപ്പെടാനുള്ള വ്യക്തിയുടെ (വ്യക്തികളുടെ) ഉത്തരവാദിത്വമാണ് രൂപത മുഴുവൻ നടന്ന കൂടിയാലോചനകളിൽ നിന്നും ഉരുത്തിരിഞ്ഞ എല്ലാ ആശയങ്ങളും ക്രോഡീ കരിക്കുക എന്നത്. ക്രോഡീകരിച്ച പ്രതികരണങ്ങൾ ഈ സമാപനയോഗ തലത്തിൽ പ്രതിനിധികളുടെ മുമ്പിൽ അവതരിപ്പിക്കുന്നത് അഭികാമ്യമാണ്.

## ഓൺലൈൻ ആയി അല്ലെങ്കിൽ രണ്ടും ചേർന്നുള്ളവിധം സിനഡാത്മക മീറ്റിംഗ് നടത്താനുള്ള സാധ്യത (E -സിനഡ് മീറ്റിംഗുകൾ)

ഒരുപക്ഷേ ഓൺലൈൻ, അതായത്, ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെയുള്ള യോഗങ്ങൾ അല്ലെങ്കിൽ രണ്ടും ചേർന്നുള്ള മിശ്രിത (ഓൺലൈനും അല്ലാത്തതും) മീറ്റിംഗുകൾ പ്രാദേശിക ചർച്ചകൾക്കോ രൂപതാതല സമാപന ആഘോഷങ്ങൾക്കോ അത്യന്താപേക്ഷിതമോ സഹായകമോ ആയേക്കാം. കോവിഡ്-19 ന്റെ പശ്ചാത്തലത്തിൽ ഭാഗികമായി ഓൺലൈനോ/ നേരിട്ടോ ഉള്ള യോഗങ്ങളോ ആവശ്യമായി വന്നേക്കാം. അങ്ങനെയുള്ള അവസരങ്ങളിൽ പ്രസ്തുത ഓൺലൈനോ മിശ്രിത യോഗങ്ങളോ ആയവ പ്രാർത്ഥനാചൈതന്യവും, കൂട്ടായ്മയും, പരസ്പരം ശ്രദ്ധാപൂർവം ശ്രവിക്കലും, പരിശുദ്ധാത്മാവിനോട് കാതോർക്കലും നടത്തുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. മാത്രമല്ല അങ്ങനെയുള്ള അവസരങ്ങളിൽ പങ്കെടുക്കുന്ന എല്ലാവർക്കും, പ്രത്യേകിച്ച് സാങ്കേതിക പരിജ്ഞാനം കുറവായവർക്കും പരിചയകുറവുള്ളവർക്കും, അവരുടെ ചിന്തകൾ അവതരിപ്പിക്കാൻ അവസരം ലഭിക്കുന്നുവെന്ന് നേതൃത്വം നൽകുന്നവർ (facilitators or moderators) ഉറപ്പാക്കേണ്ടതാണ്.

## ഓൺലൈൻ/മിശ്രിത യോഗങ്ങളിൽ യുവജനങ്ങളുടെ പങ്ക് (E-സിനഡ് മീറ്റിംഗുകൾ)

ഇലക്ട്രോണിക് മീറ്റിംഗുകളുടെ പദ്ധതിയിടുന്നതിലും അവ സംഘടിപ്പിക്കുന്നതിലും യുവജനങ്ങളെ ഉൾപ്പെടുത്തണമെന്നു രൂപതകളോട് ഞങ്ങൾ ആവശ്യപ്പെടുന്നു. അങ്ങനെ നൂതന പദ്ധതികൾവഴി അവ എല്ലാവർക്കും പ്രാപ്യമാകുന്നതിനും ഭാഗഭാക്കാകുന്ന എല്ലാവർക്കും ഉപഭോക്തൃ സൗഹൃദപരമാകുന്നതിനും വ്യത്യസ്ത പ്രായപരിധികളിൽ ഉള്ളവരുടെ ആവശ്യങ്ങൾ പരിഗണനാ വിധേയമാകുന്നതിനും കാരണമാകും. സാമൂഹ്യമാധ്യമങ്ങളും സാങ്കേതികവിദ്യാ സാധ്യതകളും ഇടപഴകാനുള്ള വിവിധ രീതികളും അവലംബിക്കുന്നതുംവഴി കൂടുതൽ ആളുകളിലേക്ക് എത്തിച്ചേരാനും കൂടുതൽ അഭിപ്രായങ്ങൾ സ്വരൂപിച്ച് രൂപതാതലബന്ധപ്പെടാനുള്ള വ്യക്തിയെ (വ്യക്തികളെ) ടീമിനെ ഏല്പിക്കാനും കഴിയുന്നതാണ്. യുവജനങ്ങൾക്ക് പ്രസ്തുത പ്രവർത്തനങ്ങളിൽ ക്രിയാത്മകവും ഗുണകരവുമായ വിലപ്പെട്ട സംഭാവനകൾ നൽകാനാകും.

# അനുബന്ധം D

## രൂപതാ ആശയസമന്വയരേഖയുടെ തയ്യാറാക്കൽ

രൂപതയിലെ മുഴുവൻ ദൈവജനത്തിന്റെയും വിവേചിച്ചറിയലിന്റെ പ്രധാന ഫലങ്ങളാണ് രൂപത അവതരിപ്പിക്കുന്ന ആശയസമന്വയരേഖ (synthesis). പരമാവധി 10 പേജിലൊതുങ്ങുന്ന ഒരു രേഖയായി ഇത് തയ്യാറാക്കുന്നതാണ് അഭികാമ്യം. പങ്കെടുത്തവരുടെ അനുഭവജ്ഞാനവും, അഭിപ്രായങ്ങളും വ്യക്തമാക്കാൻ സഹായകമാകുമെങ്കിൽ ചിത്രങ്ങൾ, വീഡിയോകൾ, കഥകൾ, കലാപരമായ ആവിഷ്കാരങ്ങൾ, വ്യക്തിപരമായ സാക്ഷ്യങ്ങൾ മുതലായവയും ഇതിന് അനുബന്ധമായി സമർപ്പിക്കാവുന്നതാണ്.

പങ്കെടുത്തവരുടെ ഭാവാത്മകവും (positive) നിഷേധാത്മകവുമായ (negative) ആയ ജീവിതാനുഭവങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതും പ്രകാശിതമായ കാഴ്ചപ്പാടുകളുടെയും അഭിപ്രായങ്ങളുടെയും വൈവിധ്യം പ്രതിഫലിപ്പിക്കുന്നതുമാകണം രൂപതാ ആശയസമന്വയരേഖ. സാമാന്യവത്കരിക്കപ്പെട്ടതോ, സൈദ്ധാന്തികമായി ശരിയായതോ ആയ പ്രസ്താവനകളുടെ ഒരു സമാഹാരം എന്നതിനേക്കാൾ ദൈവജനത്തിന്റെ അഭിപ്രായങ്ങളോടും സംവാദങ്ങളിൽനിന്നും വിവേചിച്ചറിയലിൽനിന്നും ഉരുത്തിരിഞ്ഞവയോടും വിശ്വസ്തതപുലർത്തുന്ന ഒന്നാകണം ഈ ആശയസമന്വയരേഖ. പരസ്പരവിരുദ്ധങ്ങളായ കാഴ്ചപ്പാടുകൾ ഒഴിവാക്കേണ്ടതില്ല; മറിച്ച് അവ ആ രീതിയിൽതന്നെ അംഗീകരിച്ച് പ്രതിപാദിക്കാവുന്നതാണ്. പങ്കെടുത്തവരിൽ ഒരു ചെറിയ ന്യൂനപക്ഷം മാത്രം പ്രകടിപ്പിച്ച അഭിപ്രായങ്ങൾ എന്നതിന്റെ പേരിൽ ഒരഭിപ്രായവും ഉൾപ്പെടുത്താതിരിക്കരുത്. ന്യൂനപക്ഷ റിപ്പോർട്ട് എന്ന് നാം പരാമർശിക്കുന്നതിന്റെ ദർശനം ഒരുപക്ഷേ ദൈവം സഭയോട് പറയാൻ ആഗ്രഹിക്കുന്നതിന്റെ ഒരു പ്രവാചക സാക്ഷ്യമായിരിക്കാം.

താഴെ നിർദ്ദേശിച്ചിട്ടുള്ള ചോദ്യങ്ങൾക്കനുസൃതമായി ആശയസമന്വയരേഖയുടെ ഉള്ളടക്കം ക്രമപ്പെടുത്താവുന്നതാണ്. വിവേചിച്ചറിയലിന്റെ സംവാദങ്ങളിൽ നിന്നും, സഭാത്മക അനുഭവത്തിൽനിന്നും രൂപതാംഗങ്ങൾക്കുണ്ടായ വൈവിധ്യമാർന്ന ഫലങ്ങളും, ഉൾകാഴ്ചകളും, സന്തോഷങ്ങളും, വെല്ലുവിളികളും അനുയുക്തമായി അറിയിക്കുക എന്നതാണ് ഇതിന്റെ ലക്ഷ്യം.

കൂടിയാലോചന പ്രക്രിയയിൽ, രൂപതയിൽ എടുത്ത പ്രധാനനടപടികൾ എന്തെല്ലാമായിരുന്നു? ഉന്നയിക്കപ്പെട്ട പ്രധാന ചോദ്യങ്ങൾ ഏവ? പരമാവധി ആളുകളെ പങ്കെടുപ്പിക്കുന്നതിനും, പ്രാന്തസ്ഥിതർവരെ എത്തിനില്ക്കുന്നതിനും എന്തെല്ലാമാണ് ചെയ്തത്? രൂപതയിലെ എത്ര ശതമാനം

പേരാണ് ഏതെങ്കിലും തരത്തിൽ പങ്കെടുത്തത്? ഏതെങ്കിലും പ്രത്യേകവിഭാഗം ആളുകളിൽനിന്ന് ശ്രദ്ധേയമായ പങ്കാളിത്തം ഉണ്ടായോ? എന്തെങ്കിലും കാരണത്താൽ പങ്കെടുക്കാതിരുന്ന പ്രത്യേകവിഭാഗങ്ങൾ ഉണ്ടായിരുന്നോ?

കൂടിയാലോചനാ പ്രക്രിയയിൽ അനുഭവവേദ്യമായ ഏറ്റവും പ്രധാനപ്പെട്ട കാര്യം എന്തായിരുന്നു? അതിന്റെ ശക്തിയുള്ള ഭാവവും ദുർബലമായ ഭാവവും ഏതൊക്കെയായിരുന്നു? സമാശ്വാസപരവും പക്ഷേ ദുരിതപൂർണവും ആയവ ഏവയായിരുന്നു? ഏതെല്ലാം നിലപാടുകളും മനോഭാവങ്ങളും വികാരങ്ങളുമാണ് പ്രകടമായിരുന്നത്? ശ്രവണ പ്രക്രിയയിൽ വെളിപ്പെട്ട പിരിമുറുക്കങ്ങളും വിയോജിപ്പുകളും ഏതെല്ലാമാണ്? ഭിന്നാഭിപ്രായങ്ങൾക്ക് കാരണമായ വിഷയങ്ങളും, വസ്തുതകളും ഏവ? ഈ അനുഭവത്തിലൂടെ, പരിശുദ്ധാത്മാവുവഴി മൊത്തത്തിൽ ലഭ്യമായ ഫലങ്ങൾ എന്തൊക്കെയായിരുന്നു?

പ്രാദേശികയോഗങ്ങളിൽ നിന്നുള്ള പ്രതികരണങ്ങളിൽ വിശേഷിച്ച് പ്രധാനപ്പെട്ടതോ, ആശ്ചര്യപ്പെടുത്തന്നതോ അപ്രതീക്ഷിതമോ ആയവ ഏതെല്ലാം? ഏതെല്ലാം പുതിയ ദർശനങ്ങളും, പുതിയ വിജ്ഞാനമണ്ഡലങ്ങളുമാണ് തുറക്കപ്പെട്ടത്? ഹൃദയസ്പർശിയായ സംഭവങ്ങളും ജീവിതാനുഭവങ്ങളും ഏവ? എന്തുകൊണ്ട്? ആഴത്തിൽ സ്വാധീനിച്ചതായി കാണപ്പെട്ട കാഴ്ചപ്പാടുകൾ ഏവ? താരതമ്യേന ലഘുവായി മാത്രമേ പരാമർശിക്കപ്പെട്ടുവെങ്കിലും, ഹൃദയഹാരിയും ശ്രദ്ധേയവുമായിത്തീർന്ന കാഴ്ചപ്പാടുകൾ ഏവ?

പ്രാദേശികസഭയിൽ നിലവിൽ ഒരു യാഥാർത്ഥ്യമായിരിക്കുന്ന സിനഡാത്മകതയെ സംബന്ധിച്ച്, അതിന് ഇപ്പോഴുള്ള നന്മകളും കുറവുകളും പരിഗണിച്ചുകൊണ്ടുതന്നെ, എന്ത് ദർശനമാണ് സഭാസമൂഹത്തിന് പരിശുദ്ധാത്മാവിന്റെ പ്രചോദനം വഴി ലഭിച്ചിട്ടുള്ളത്? സഭയ്ക്ക് സൗഖ്യവും മാനസാന്തരവും ആവശ്യമായ മേഖലകളെകുറിച്ച്, പ്രത്യേകിച്ച് സഭയുടെ ആത്മീയജീവിതം, സംസ്കാരം, നിലപാടുകൾ, ഘടനകൾ, അജപാലനരീതികൾ, ബന്ധങ്ങൾ, പ്രേഷിതപ്രവർത്തനം എന്നിവയെകുറിച്ച് പങ്കെടുത്തവർക്ക് എന്താണ് പറയാനുണ്ടായിരുന്നത്?

സിനഡാത്മകതയിൽ വളരാൻ പ്രാദേശികസഭയെ ഏതെല്ലാം രീതികളിലാണ് പരിശുദ്ധാത്മാവ് ക്ഷണിക്കുന്നത്? സഭയെ സംബന്ധിച്ച് പങ്കെടുത്തവർ പ്രകടിപ്പിച്ച സ്വപ്നങ്ങളും ആഗ്രഹങ്ങളും അഭിലാഷങ്ങളും ഏവ? അവരുടെ പ്രതികരണങ്ങളുടെ വെളിച്ചത്തിൽ കൂടുതൽ സിനഡാത്മകമായി

മുന്നേറാൻ ഏതെല്ലാം നടപടികളാണ് രൂപത എടുക്കേണ്ടതായിട്ടുള്ളത്? ആഗോളസഭയോട് ചേർന്ന്, സിനഡാത്മകപാതയിൽ മുന്നേറാൻ നമ്മുടെ രൂപതയ്ക്ക് മുൻപിലുള്ള തുടർനടപടികൾ ഏവ?

സിനഡാത്മകതയെ സംബന്ധിച്ച് നമുക്കുണ്ടായ അനുഭവത്തെ സ്പഷ്ടമാക്കുന്ന സാംസ്കാരിക മാതൃക (മാതൃകകൾ) ഏവ?

ആശയസമന്വയരേഖ ഒരു വലിയ സംഘം ആളുകൾക്കുപരി ഒരു ചെറിയ ടീം തയ്യാറാക്കുന്നതാണ് നല്ലത്. രൂപതാമെത്രാനോടും, രൂപതാ ബന്ധപ്പെടാനുള്ള വ്യക്തിയോടും (വ്യക്തികളോടും) സഹകരിച്ചാണ് ഈ ടീം തങ്ങളുടെ ചുമതല നിർവഹിക്കേണ്ടത്. സമർപ്പിക്കപ്പെട്ടിട്ടുള്ള എല്ലാ നിർദ്ദേശങ്ങളും അവർ പ്രാർത്ഥനാരൂപിയോടെ പഠിക്കണം. പരിശുദ്ധാത്മാവിന്റെ സഹായത്താൽ, രൂപതയിലെ എല്ലാ ദൈവജനത്തിന്റെയും ശബ്ദത്തിന് കാതോർക്കുന്ന ടീമിന്റെ യോഗങ്ങൾതന്നെ സിനഡാത്മകവും, ആത്മീയ വിവേചിച്ചറിയലിൽ ഊന്നിയുമായിരിക്കണം.

സിനഡിനുമുമ്പുള്ള രൂപതാതല യോഗത്തിനു (Diocesan Pre-Synodal Meeting) മുൻപായോ ശേഷമോ രൂപതയുടെ ആശയസമന്വയരേഖ തയ്യാറാക്കണമോയെന്ന കാര്യം ഓരോ രൂപതയ്ക്കും തീരുമാനിക്കാവുന്നതാണ്. അതേസമയം, പ്രസ്തുത രേഖയിൽ ഈ യോഗത്തിന്റെ ഫലങ്ങളും ചേർക്കേണ്ടതാണ്. തന്റെ ആശയങ്ങളും അഭിപ്രായങ്ങളും ആശയസമന്വയരേഖയിൽ ഉൾപ്പെട്ടിട്ടുണ്ട് എന്ന് ഓരോ വ്യക്തിക്കും ബോധ്യമാകുന്ന രീതിയിലായിരിക്കണം, സാധിക്കുന്നതും ഈ രേഖ തയ്യാറാക്കേണ്ടത്. സുതാര്യത നിലനിർത്താൻ, കരടുരേഖ തയ്യാറാക്കുന്നവരുടെ പേരുവിവരങ്ങളും, പ്രതികരണങ്ങൾ സമന്വയിക്കുന്ന രീതിയും, എല്ലാവരുടെയും അറിവിലേക്കായി പ്രസിദ്ധീകരിക്കേണ്ടതാണ്.

സിനഡാത്മകതയുടെ പാതയിലൂടെ രൂപതയുടെ മുന്നേറ്റത്തിന്റെ ഉരകല്ലായിത്തീരുംവിധം, ആശയസമന്വയരേഖ തയ്യാറാക്കിക്കഴിഞ്ഞാൽ അത് പ്രസിദ്ധീകരിക്കണം. മെത്രാൻസമിതിയിലേക്ക് ഔദ്യോഗികമായി അയയ്ക്കുന്നതിന് മുൻപ്, രൂപത ആശയസമന്വയരേഖയുടെ ഉള്ളടക്കം അവലോകനം ചെയ്യാനും, അതിനെക്കുറിച്ചുള്ള പ്രതികരണങ്ങൾ അറിയിക്കാനും, സാധിക്കുന്നത്ര അവസരങ്ങൾ ദൈവജനത്തിന് നൽകേണ്ടതാണ്.

കുറിപ്പുകൾ

[1] *Adsumus Sancte Spiritus* എന്ന ഈ പ്രാർത്ഥനയുടെ പൂർണമായ ലത്തീൻ രൂപം സിനഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്.

[2] FRANCIS, Letter to the People of God (20 August 2018).

[3] FRANCIS, Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops (17 October 2015).

[4] FRANCIS, Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops (17 October 2015).

[5] FRANCIS, Address at the Ceremony Commemorating the 50th Anniversary of the Institution of the Synod of Bishops (17 October 2015).

# സിനഡ് 2021 – 2023

## ഒരു സിനഡാത്മക സഭയ്ക്കുവേണ്ടി:

## കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം



“സ്വപ്നങ്ങൾ നട്ടുപിടിപ്പിക്കാനും പ്രവചനങ്ങളും ദർശനങ്ങളും പുറത്തെടുക്കാനും പ്രത്യാശ തഴച്ചുവളരാൻ അനുവദിക്കാനും വിശ്വാസമർപ്പിക്കുന്നത് പ്രചോദിപ്പിക്കാനും മുറിവുകൾ വച്ചുകെട്ടാനും ബന്ധങ്ങൾ ഒരുമിച്ച് തുന്നിചേർക്കാനും പ്രതീക്ഷയുടെ ഒരു പുലരി ഉണർത്താനും മറ്റൊരുവനിൽ നിന്നും പരസ്പരവും പഠിക്കാനും മനസ്സുകളെ ഉദ്ദീപ്തമാക്കുന്ന, ഹൃദയങ്ങളെ ഊഷ്മളമാക്കുന്ന, നമ്മുടെ കരങ്ങൾക്ക് ശക്തി പകരുന്ന, പ്രദീപ്തമായ ഒരു വിഭവ സമ്പന്നത സൃഷ്ടിക്കാനും വേണ്ടിയാണിത്.”

Pastoral Orientation Centre,
Secretariat, Kerala Catholic Bishops’ Council,
Palarivattom, Kochi 682 025, Kerala, India
Ph: +91484 2805722, 2805815
E-mail: pocpublications@gmail.com

9 789383 423590

₹100